# കരയോഗ സൗഹൃദം

സത്യം പരം ധീമഹി

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages 68

വാല്യം - 13 ലക്കം - 12 വൃശ്ചികം - 1197 ഡിസംബർ 2021



എറണാകുളം കരയോഗത്തിന്റെ ആഭിമുഖ്യത്തിൽ വിവിധ ഹൈന്ദവ സംഘടനകളുടെ സഹകരണത്തോടെ ഗുരുവായൂർ ക്ഷേത്രം തന്ത്രിമുഖ്യൻ ബ്രഹ്മശ്രീ ഡോ. ചേന്നാസ് ദിനേശൻ നമ്പൂതിരിപ്പാടിന് നല്കിയ സ്വീകരണ ചടങ്ങിൽ നിന്ന്















ശബരിമല മണ്ഡലകാലത്തോടനുബന്ധിച്ച് എറണാകുളം കരയോഗം മൂന്ന് ദിവസമായി നടത്തിയ ശ്രീ അയ്യപ്പഭാഗവത പാരായണ സമാപന ചടങ്ങിൽ നിന്ന്



തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡണ്ട് അഡ്വ. കെ. അനന്തഗോപന് എറണാകുളം കരയോഗത്തിൽ നൽകിയ സ്വീകരണത്തിൽ കരയോഗം ജനറൽ സെക്രട്ടറി പി. രാമചന്ദ്രൻ (വേണു) ബോർഡ് സ്റ്റാന്റിങ് കൗൺസിൽ അഡ്വ. ജി. ബിജു, ബോർഡ് (OSC) കെ റജികുമാർ, ശിവക്ഷേത്രം പ്രസിഡണ്ട് പി. രാജേന്ദ്ര പ്രസാദ് എന്നിവർ സന്നിഹിതരായിരുന്നു.



# ഉള്ളടക്കം

വാല്യം 13 | ലക്കം 12 | ഡിസംബർ 2021


എഡിറ്റോറിയൽ.......... 3
സെക്രട്ടറിയുടെ പംക്തി.......... 6
ബാലലോകം.......... 8
വാസ്തു.......... 11
ക്ഷേത്രങ്ങളിലൂടെ.......... 13
ശ്രീമഹാഭാഗവതം .......... 16
ഭാരതത്തിന്റെ ശാസ്ത്ര പൈതൃകം-3..........23
ശരീരത്രയങ്ങൾ .......... 25
അംബ..........28
മതനിരപേക്ഷത എന്ന കാപട്യം..........36
പശ്ചിമഘട്ട നിരകളും പരിസ്ഥിതി പ്രശ്നങ്ങളും..........40
കൃഷ്ണ തസ്മൈ നമസ്തേ..........44
കേൾവിക്കുറവും ഇയർഫോണും ..........48
പാതഞ്ജലയോഗദർശനം..........49
അധികാരത്തിന്റെ മുൾക്കിരീടം..........51
പുരുഷാർത്ഥങ്ങൾ..........57
ശബരിമല ശ്രീ ധർമ്മശാസ്താവ്..........59
മാസഫലം.......... 62
മാട്രിമോണിയൽ.......... 63


## എഡിറ്റോറിയൽ

## ജീവിതത്തിന്റെ താളം തെറ്റിക്കുന്ന വിലക്കയറ്റം

**ക**ഴിഞ്ഞ രണ്ടു വർഷങ്ങളിലായി ജനം അനുഭവിച്ച ദുരിതം എത്രയാണ് എന്ന് പറഞ്ഞറിയിക്കാൻ സാധിക്കില്ല. സാധാരണക്കാരുടേയും ഇടത്തരക്കാരുടെയും സാമ്പത്തിക നില ആകെ തകർന്നടിഞ്ഞു കഴിഞ്ഞിരിക്കുകയാണല്ലോ ഇന്ന്. ഇങ്ങനെ ഓരോ ദിവസവും തള്ളിനീക്കുവാൻ പാടുപെട്ടുകൊണ്ടിരിക്കുന്ന സാധാരണക്കരന്റെ മേൽ, കൂനിന്മേൽ കുരുവെന്നപോലെയാണ് അവശ്യ സാധനങ്ങളുടെ വിലക്കയറ്റം വന്ന് ഇടിത്തീ പോലെ പതിച്ചിരിക്കുന്നത്. നിത്യോപയോഗസാധനങ്ങൾക്ക് മുമ്പെങ്ങുമില്ലാത്ത വിധം വില വർദ്ധിച്ചുകൊണ്ടേയിരിക്കുന്നു. നിത്യേനയെന്നോണം അരിയുടെയും പലവ്യഞ്ജനങ്ങളുടേയും വില വർദ്ധിക്കുന്നു. ജോലിയും കൂലിയുമില്ലാതെ നട്ടം തിരിയുന്ന ജനങ്ങൾ എങ്ങനെ ജീവിതം മുമ്പോട്ട് കൊണ്ടുപോകും.? എങ്ങനെ ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കും? ഇക്കാര്യത്തിൽ ഇതുവരെ സംസ്ഥാനസർക്കാരോ, കേന്ദ്രസർക്കാരോ വേണ്ട നടപടികൾ വേണ്ട വിധത്തിൽ എടുത്തിട്ടില്ല എന്നുള്ളത് ഏറെ അത്ഭുതം തന്നെ.

പെട്രോളിയം ഉൽപന്നങ്ങളുടെ വില വർദ്ധനവിനും ഒരു കടിഞ്ഞാൺ ഇടാനോ, ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണങ്ങൾ കൊണ്ടുവരാനോ ആരും തുനിയുന്നുമില്ല. കേന്ദ്രസർക്കാർ പെട്രോളിയം ഉൽപന്നങ്ങളുടെ നികുതിയിൽ ചെറിയ കുറവ് വരുത്തിയെന്നുള്ളത് സത്യമാണ്. തുടർന്ന് മിക്ക സംസ്ഥാനങ്ങളും പെട്രോളിയം ഉൽപന്നങ്ങളിന്മേലുള്ള സംസ്ഥാനനികു

## പത്രാധിപസമിതി


ആലപ്പാട്ട് മുരളീധരൻ (മാനേജിംഗ് എഡിറ്റർ)
എം. ശ്രീവല്ലഭൻ നായർ (എഡിറ്റർ)
പി. രാമചന്ദ്രൻ (വേണു)
കെ.ടി. മോഹനൻ

തിക്ക് കുറവ് വരുത്തിയിട്ടുണ്ടെങ്കിലും പ്രബുദ്ധ കേരളത്തിൽ മാത്രം ഒരു കുറവും വരുത്തിയിട്ടില്ല.

പലവ്യഞ്ജനങ്ങളൊഴികെ ബാക്കി നമ്മുടെ ജീവിതാവശ്യങ്ങൾക്കുള്ള അരിയും പച്ചക്കറിയും എല്ലാം നാം ഇവിടെത്തന്നെ ഉൽപാദിപ്പിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു നമ്മുടെ ഈ കൊച്ചു കേരളത്തിന്. നോക്കെത്താദൂരത്ത് നിറഞ്ഞ് കിടന്നിരുന്ന നെല്പാടങ്ങളും കരപ്രദേശങ്ങളിലാകെ പച്ചക്കറിയും മററ് കാർഷികോല്പന്നങ്ങളും കൊണ്ട് സമ്പന്നമായിരുന്ന ഈ നാട് ഇന്ന് ഒരു പരിപൂർണ്ണ ഉപഭോക്ത സംസ്ഥാനമായി മാറിയെങ്കിൽ, അതിന്റെ പ്രധാന ഉത്തരവാദിത്വം ഇവിടം മാറി മാറി ഭരിച്ചവർക്കാണ്. 1980കളിൽ നമുക്ക് ഏതാണ്ട 9 ലക്ഷം ഹെക്ടറിനടുത്ത് നെൽകൃഷി ഉണ്ടായിരുന്നു. ഇന്നത് കുഷ്ച്ച് 2 ലക്ഷം ഹെക്ടറായി ചുരുങ്ങി. അതുപോലെ കരഭൂമിയുടെ കാര്യം എടുത്താലോ, ഏറിയ പങ്കും നാണ്യവിളകൾ കൃഷിചെയ്യാനാണ് ഇന്ന് ഉപയോഗിക്കുന്നത്. പണ്ട് കരനെല്ലും പാവലും, പടവലവും വെണ്ടയും വഴുതനയും ഒക്കെ നട്ടു നനച്ച് വളർത്തിയിരുന്ന സ്ഥലങ്ങളിൽ നാണ്യവിളകളാണ് ഇന്ന് കാണപ്പെടുന്നത്. പച്ചക്കറികളുടെയും പഴവർഗ്ഗങ്ങളുടെയും ഒക്കെ ഉൽപാദനം പണ്ടുണ്ടായിരുന്നതിന്റെ നാലിലൊന്നിലും താഴെയായി കുറഞ്ഞു. എന്തേ നമ്മുടെ കാർഷികോല്പാദനവളർച്ചയുടെ ഗ്രാഫ് ഇത്ര താഴോട്ടാകാൻ കാരണം. ഇനിയെങ്കിലും നാം ഉണർന്ന് ചിന്തിക്കണം. നമ്മുടെ അവശ്യസാധനങ്ങളുടെ ആവശ്യത്തിന് മററുള്ളവരെ ആശ്രയിക്കുന്ന ഈ ദയനീയാവസ്ഥ മാറ്റി എടുക്കണം. തമിഴ് നാട്ടിൽ നിന്ന് പച്ചക്കറി വന്നില്ലെങ്കിൽ നമുക്ക് കറികൾ ഉണ്ടാക്കാൻ കഴിയാത്ത സാഹചര്യം മാററപ്പെടേണ്ടതല്ലേ? നമുക്ക് പൂജക്ക് പൂവ് വേണമെങ്കിൽ അതിനും അന്യസംസ്ഥാനങ്ങളെ ആശ്രയിക്കണം. മഴ പെയ്യുന്നത് കാത്ത് മുകളിലേയ്ക്ക് നോക്കി കാത്തിരിക്കുന്ന വേഴാമ്പലിനെപോലെ നമ്മുടെ ജീവസന്ധാരണത്തിന് അന്യസംസ്ഥാനങ്ങളെ ആശ്രയിച്ചുള്ള ഈ കാത്തിരിപ്പ് ലജ്ജാകരമാണ്; അഭിമാനിയായ മലയാളിക്ക് അപമാനമാണ്. ഇപ്പോൾ കൃഷിഭൂമി വളരെ കുറവാണെന്നുള്ള വസ്തുത മനസ്സിലാക്കിക്കൊണ്ട് നമ്മുടെ സർക്കാർ മുമ്പ് ആദിവാസി കുടുംബങ്ങൾക്ക് കൃഷി ചെയ്യാനായി മൂന്ന് ഏക്കർ സ്ഥലം വിതരണം ചെയ്യുന്നതിന് വേണ്ടി നിയമനിർമ്മാണം നടത്തിയിരുന്നല്ലോ.? അത് വളരെ ശുഭോദർക്കമായ ഒരു നീക്കമാണ്. നമ്മുടെ ആദിവാസികൾക്ക് കൃഷി ചെയ്യാൻ ഭൂമിയും നല്കി അവരെ അതിലെക്ക് നിയോഗിച്ചാൽ, ഒരു സംശയവുമില്ല നമ്മുടെ സംസ്ഥാനത്തിന് ആവശ്യമുള്ളത്ര അവശ്യസാധനങ്ങൾ ഉൽപാദിപ്പിക്കാൻ സാധിക്കും. പക്ഷെ അതിന് മുൻ കൈയെടുക്കാൻ ആർജ്ജവമുള്ള ആരെങ്കിലും മുന്നോട്ട് വരണം. നമ്മുടെ അയൽ സംസ്ഥാനങ്ങളെക്കാളൊക്കെ എത്രയോ നല്ല മണ്ണും കാലാവസ്ഥയുമാണ് നമ്മുടേത്. എന്നിട്ടും നമ്മൾ അത് പ്രയോജനപ്പെടുത്തുന്നില്ല എന്ന് പറഞ്ഞാൽ അതിന്റെ കുറ്റം നമ്മുടേതല്ലാതെ മറ്റാരുടേതുമല്ല. ഇതിന്റെയെല്ലാം മേൽനോട്ടം വഹിക്കാൻ നമുക്ക് വളരെ വലിയ ഒരു കൃഷി വകുപ്പും അതിന് ഏതാണ്ട് പത്തെഴുപത്തഞ്ചു ഉപവകുപ്പുകളുമുണ്ട്. കർഷകർക്ക് വേണ്ട ഉപദേശങ്ങൾ നല്കാനും വേണ്ട എല്ലാവിധ സഹായങ്ങളും നല്കുവാനും അതുവഴി കൃഷിയെ വികസിപ്പിക്കുക എന്ന ഉദ്ദേശത്തോടെയും കൂടിയാണ് ഇത്ര ഭാരിച്ച ചിലവ് സഹിച്ച് ഇത്രയ്ക്ക വിപുലമായ സംവിധാനങ്ങൾ ഒരുക്കിയിരിക്കുന്നത്. ഉദാഹരണത്തിന് മണ്ണ് ഗവേഷണകേന്ദ്രങ്ങൾ, കൃഷിവിജ്ഞാനകേന്ദ്രങ്ങൾ, മണ്ണ് പരിശോധനാ കേന്ദ്രങ്ങൾ, കീട നിയന്ത്രണ കേന്ദ്രം, കേരള മൃഗസംരക്ഷണ കേന്ദ്രങ്ങൾ അങ്ങനെ-അങ്ങനെ - എത്രയെത്ര. കാർഷികോല്പന്നങ്ങൾ വില്പന നടത്തുന്നതിനു വരെ സർക്കാർ സംവിധാനങ്ങളുണ്ട്. ഇത്രയൊക്കെ ഉണ്ടായിട്ടും എന്തെ നമ്മുടെ കൃഷി മുരടിച്ചു പോയത്? തീർച്ചയായും മറ്റൊന്നുമല്ല, മറ്റ് പല വകുപ്പുകളിലേയും പോലെ ഈ വകുപ്പുകൾക്കും താഴെ തട്ടിലേക്കിറങ്ങി ജനങ്ങളോടൊപ്പം ചേരാൻ കഴിയുന്നില്ല എന്നുള്ളതാണ്. അവർ പഠിച്ചതും നമ്മുടെ നാടൻ കൃഷി രീതിയുമായും പലപ്പോഴും പലതിലും ഒത്തു പോകാൻ കഴിയുന്നില്ല. ഈ വകുപ്പുകളിൽ പ്രവർത്തിക്കുന്നവർ ജനമധ്യത്തിലേക്കിറങ്ങി അവരുടെ ആവശ്യങ്ങൾ മനസ്സിലാക്കി അതാതവസരങ്ങളിൽ കൃഷിയിൽ പറ്റിയിരിക്കുന്ന പിഴവുകൾ കണ്ടുപിടിച്ച്, പരിഹരിച്ച്, കൃഷിക്കാരന്റെ കൂടെ നില്ക്കണം. എങ്കിലെ ഈ വകുപ്പുകൾ കൊണ്ടൊക്കെ നാടിന് പ്രയോജനം ഉണ്ടാവുകയുള്ളൂ.

വിലക്കയറ്റത്തിന്റെ കാര്യത്തിലേയ്ക്ക് വീണ്ടും വരാം. സാധാരണയായി വിലക്കയറ്റം ഉണ്ടാകുമ്പോൾ അത് പിടിച്ച് നിർത്തുന്നതിനായി, അതിന് തടയിടുന്നതിനായി സർക്കാർ സംവിധാനങ്ങൾ വിപണിയിൽ ഇടപെടാറുണ്ട്. ഇപ്പോൾ, ഈ ദുരിതകാലത്ത് ഇത്ര കടുത്ത

വിലക്കയറ്റം ഉണ്ടായിട്ടും കേന്ദ്രമോ, സംസ്ഥാനമോ ഇക്കാര്യത്തിൽ ക്രിയാത്മകമായ ഇടപെടലുകൾ ഒന്നും തന്നെ നടത്തിയതായി കാണുന്നില്ല. സാധാരണക്കാരന് അവശ്യം വേണ്ട നിത്യോപയോഗസാധനങ്ങളുടെ ഇപ്പോഴത്തെ വില നിലവാരം ഒന്ന് പരിശോധിച്ചാൽ ഇതു മനസ്സിലാകും ഇപ്പോഴുണ്ടായിരിക്കുന്ന വർദ്ധന പലതിനും 100% നും 200% മേലേയാണെന്ന്. മറ്റ് സംസ്ഥാനങ്ങളിൽ നിന്നാണ് നമുക്ക് ഈ സാധനങ്ങളെല്ലാം ഇവിടെ എത്തുന്നത്. തമിഴ്നാട്ടിലും ആന്ധ്രയിലും ഒക്കെ ഉണ്ടായ പ്രളയമാണ് വിലവർദ്ധനവിന്റെ കാരണമായി പറയപ്പെടുന്നത്. അതു ശരിയാണെങ്കിൽ തന്നെ കേന്ദ്രവും കേരളവും ഒന്നിച്ചൊന്ന് ശ്രമിച്ചാൽ മറ്റ് ഏതെങ്കിലും സംസ്ഥാനങ്ങളിൽ നിന്നും അവശ്യവസ്തുക്കൾ ന്യായമായ വിലയ്ക്ക് ഇവിടെ എത്തിക്കാൻ സാധിക്കില്ലേ? എന്തേ രണ്ടു സർക്കാരുകളും ഈ അത്യാവശ്യവേളയിൽ ഉണർന്ന് പ്രവർത്തിക്കാത്തത്? ഇക്കാര്യത്തിൽ കൂടുതൽ ചെയ്യുവാൻ കഴിയുന്നത് കേന്ദ്ര സർക്കാരിനാണല്ലോ? കൃഷി നിയമങ്ങൾ കേന്ദ്ര സർക്കാർ പിൻവലിച്ചെങ്കിലും ഒരു വിഭാഗം സമരക്കാർ സമരം തുടരുകയാണ്. വിലവർദ്ധനവും ഇവരുടെ സമരവുമായി എന്തെങ്കിലും ബന്ധമുണ്ടോ? ഇതിൽ ഏതെങ്കിലും വിഭാഗക്കാരുടെ കുതന്ത്രങ്ങളുണ്ടോ? ഇടനിലക്കാരുടെ കൊള്ളയാണോ ഇത്ര കടുത്ത വിലക്കയററം ഉണ്ടാവാൻ കാരണം? എല്ലാം പരിശോധിക്കപ്പെടേണ്ടതാണ്. അതുകൊണ്ടു തന്നെയാണ് കേന്ദ്രസർക്കാർ അടിയന്തിരമായി ഇക്കാര്യത്തിൽ ഇടപെടണമെന്ന് നാം ആവശ്യപ്പെടുന്നത്. അതുപോലെ തന്നെ കേരളവും ജനങ്ങൾ അനുഭവിക്കുന്ന ദാരിദ്ര്യവും കഷ്ടപ്പാടും കണ്ടുകൊണ്ട് കൈയ്യും കെട്ടി നോക്കിയിരിക്കാൻ ഒരു സർക്കാരിനും കഴിയില്ലല്ലൊ.

ബഹു.മുഖ്യമന്ത്രിയോടും ഞങ്ങൾ വിനയപുരസ്സരം അഭ്യർത്ഥിക്കുകയാണ്. ക്രമാതീതമായ ഈ വിലവർദ്ധനവിന് തടയിടുവാനും നിയന്ത്രിക്കുവാനും അങ്ങയുടെ ഇടപെടൽ അനിവാര്യമായി വന്നിരിക്കുകയാണ്. വിപണിയിൽ വേണ്ട ഇടപെടലുകൾ അങ്ങ് നടത്തുമെന്നും, ജനങ്ങൾക്ക് ആശ്വാസം പകരുമെന്നും പ്രതീക്ഷിക്കുന്നു.

****


ഓം നമോ നാരായണായ

മഴമുകിലൊളിവർണ്ണന്റെ പൊന്നോടക്കുഴൽവിളി പ്രതിധ്വനിക്കുന്ന,
ദ്വാപരയുഗസന്ധ്യകൾ തിരികെയെത്തുന്ന പുണ്യപൂങ്കാവനമായ വൃന്ദാവനം...
ഗോപീജനവല്ലഭനായ ഗോശാലകൃഷ്ണന്റെ വേണുനാദത്തിന് കാതോർത്തുനിൽക്കുന്ന ഗോക്കളുടെ വൃന്ദാവനം. വെണ്ണകട്ടുണ്ണുന്ന, ഗോപികമാരുടെ മനംകവർന്ന ഗോവിന്ദന്റെ വൃന്ദാവനം...
ഇന്ദ്രതേജസ്സിനെതിരെ ഗോവർദ്ധനഗിരി പെരുവിരലിലുയർത്തിയ കണ്ണനാമുണ്ണിയുടെ വൃന്ദാവനം...




വൃന്ദാവനയാത്ര

2022 മാർച്ച് 23ന് പുറപ്പെട്ട് ഏപ്രിൽ 6ന് തിരിച്ചെത്തുന്ന

സോമശേഖരൻ ഭാരതി സ്വാമികൾ

നയിക്കുന്ന പുണ്യയാത്ര



ഹരിമുരളീരവസാന്ദ്രമായ വൃന്ദാവനം. അഷ്ടമിരോഹിണിനാളിൽ അവതാരം ചെയ്ത ഭഗവാന്റെ ജന്മസ്ഥലമായ മഥുര, ആഗ്ര, ഡൽഹി, മഹാഭാരത യുദ്ധത്തിന്റെ രംഗഭൂമിയായ കുരുക്ഷേത്രം, ബർസാന, ഗോവർദ്ധനഗിരി പരിക്രമണം – കൂടാതെ, വൃന്ദാവനഭൂമിയിലൂടെ.. കാളിയമർദ്ദനതീരം, ശ്രീരാധാമന്ദിർ, ശ്രീമീരാഭായിമന്ദിർ, വംശീവടം, ദാണ്ഡീരവനം, അക്രൂരഘട്ട്, ചരൺപഹാഡി, കാമ്യവനം, യശോധാകുണ്ഡ് തുടങ്ങി ശ്രീകൃഷ്ണഭഗവാൻ ബാല്യ – കൗമാരങ്ങൾ പിന്നിട്ട വൃന്ദാവനത്തിലും പരിസരത്തുമുള്ള 59ഓളം പുണ്യസ്ഥലങ്ങൾ സന്ദർശിക്കുന്നു. (രാസലീല, അന്നദാനം, വസ്ത്രദാനം എന്നിവ ഉണ്ടായിരിക്കുന്നതാണ്. ഭാഗവതപാരായണത്തിനുള്ള അവസരവും ലഭിക്കുന്നതാണ്)

3rd AC ട്രെയിൻയാത്ര, ബസ്യാത്ര, താമസം, വെജിറ്റേറിയൻ ഭക്ഷണം ഉൾപ്പെടെ ഒരാൾക്ക് ₹ 18,000/–
ട്രെയിൻ ടിക്കറ്റുകൾ അതിവേഗം തീർന്നുകൊണ്ടിരിക്കുന്നതിനാൽ താല്പര്യമുള്ളവർ ഉടൻ ബന്ധപ്പെടുക.

വിവരങ്ങൾക്ക്: സോമശേഖരൻ ഭാരതി, ഇല്ലത്ത്ഹൗസ്, നാട്ടിക പി.ഒ., തൃശൂർ – 680 566
ഫോൺ: 8129888033, 8075839714, 8281891700

Advt.



# ജനറൽ സെക്രട്ടറിയുടെ പംക്തി

പി. രാമചന്ദ്രൻ (വേണു)

പ്രിയ കരയോഗാംഗങ്ങളെ,

## എല്ലാവർക്കും നവവത്സരാശംസകൾ

**2021** ശുഭകരമല്ലാതെ കടന്നു പോകുകയാണ്. കഴിഞ്ഞ രണ്ടു വർഷങ്ങളിലായി മാനവരാശി അനുഭവിക്കുന്ന ദുരിതങ്ങൾക്കും കഷ്ടപ്പാടുകൾക്കും, രോഗപീഡകൾക്കും 2022 പുതുവർഷത്തിലെങ്കിലും ശമനം കിട്ടുമെന്ന് പ്രത്യാശിക്കുന്നു. കോവിഡ് -19 ന്റെ ദുരിതം ഒരു വിധം ഒഴിഞ്ഞ് ജനങ്ങൾ തങ്ങളുടെ സാധാരണ ജീവിതത്തിലേക്ക് വ്യാപരിച്ചുകൊണ്ടിരിക്കുമ്പോഴാണ് കഴിഞ്ഞ ദിവസങ്ങളിൽ ഒമിക്രോൺ എന്ന പുതിയ വൈറസിന്റെ ആവിർഭാവം ലോകത്ത് പല രാജ്യങ്ങളിലും കണ്ടു തുടങ്ങിയതിന്റെ സൂചനകൾ വരുന്നത്. ഇനിയും ഒരു അടച്ചിടലുകളും സാമൂഹികമായ ഒറ്റപ്പെടലുകളും ആലോചിക്കാൻ പോലും കഴിയാത്ത അവസ്ഥയിലാണ് സാധാരണ ജനങ്ങൾ. നിത്യേന ജോലിചെയ്ത് അന്നന്നത്തെ ദിവസങ്ങളിലെ അന്നത്തിനുവേണ്ടി കഷ്ടപ്പെടുന്ന സാധാരണ മനുഷ്യരുടെ ഗതി ചിന്തനീയമാണ്. ഇനി ഒന്നു മാത്രമേ നമുക്ക് ചെയ്യുവാനുള്ളൂ. ഈ കോവിഡിനൊപ്പം ജീവിക്കുക. അതിനെ വൈദ്യശാസ്ത്രവും, ശുചിത്വവും കൊണ്ട് നേരിട്ട് പരാജയപ്പെടുത്തി ജീവിക്കുക. കോവിഡിനൊപ്പം നമുക്ക് ജീവിച്ചേ മതിയാവൂ. അതുകൊണ്ട് നാം വളരെ സൂക്ഷ്മതയോടെ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ജീവിക്കണം. എല്ലാവരും ആയുരാരോഗ്യ സൗഖ്യത്തോടെ ഇരിക്കുവാൻ ശ്രീ എറണാകുളത്തപ്പൻ അനുഗ്രഹിക്കട്ടെ.

കരയോഗത്തെ സംബന്ധിച്ച് മേൽ ഖണ്ഡികയിൽ സൂചിപ്പിച്ച വിഷയം വളരെ പ്രസക്തമാണ്. സാമൂഹികമായ ഒത്തു ചേരലുകളും, കൂടിച്ചേരലുകളും ഒഴിവാക്കിക്കൊണ്ട് എറണാകുളം കരയോഗത്തിന്റെ പ്രവർത്തനങ്ങളെപ്പറ്റി ചിന്തിക്കുവാൻ പോലും കഴിയില്ല. എറണാകുളം കരയോഗം 2022 ൽ മുൻ വർഷങ്ങളിൽ തുടർന്നുപോന്ന എല്ലാ പ്രവർത്തനങ്ങളും സജീവമായി ടി.ഡി.എം ഹാളിൽ ആരംഭിക്കുകയാണ്. കോവിഡ് - 19 ന്റെ മാനദണ്ഡങ്ങൾ പാലിച്ച്, വാക്സിനേഷൻ സ്വീകരിച്ചവർ കരയോഗത്തിന്റെ ആഭിമുഖ്യത്തിൽ ടി.ഡി. എം ഹാളിൽ നടക്കുന്ന എല്ലാ പരിപാടികളിലും പങ്കെടുക്കണമെന്നും, വിജയിപ്പിക്കണമെന്നും ഒരിക്കൽ കൂടി അഭ്യർത്ഥിക്കുന്നു. 96-ാ മത് എറണാകുളം കരയോഗം സ്ഥാപകദിനവും, കുടുംബസംഗമവും ഡിസംബർ മാസം 25-ാം തീയതി ശനിയാഴ്ച നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. കരയോഗം അംഗങ്ങൾക്ക് അന്നേ ദിവസം ടി.ഡി. എം ഹാളിൽ വെച്ചു നടക്കുന്ന കലാപരിപാടികളിൽ പങ്കെടുക്കുന്നതിന് പ്രൊഫ. സുമംഗലാദേവിയെ, ഫോൺ : 9447785214 ആയി ബന്ധപ്പെടാവുന്നതാണ്. അതുപോലെ അന്നേ ദിവസം ഉച്ചയ്ക്ക് വിരുന്നിൽ പങ്കെടുക്കുന്നതിനുള്ള കൂപ്പണുകൾ ഡിസംബർ 15 മുതൽ 22 വരെ കരയോഗം ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. ഇതു സംബന്ധിച്ച വിവരങ്ങൾ കരയോഗ

ത്തിന്റെ ഈ ലക്കം സൗഹൃദം മാഗസിൻ പേജ് നമ്പർ 7-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ശ്രീമദ് നാരായണീയ ദിനത്തോടനുബന്ധിച്ച് 2021 ഡിസംബർ മാസം 13 -ാം തീയതി തിങ്കളാഴ്ച രാവിലെ 7 മണിക്ക് ടി.ഡി. എം ഹാളിൽ സമ്പൂർണ്ണ നാരായണീയ പാരായണം നടത്തുന്നു. എല്ലാ ഗുരുവായൂരപ്പൻ ഭക്തരുടെയും സാന്നിദ്ധ്യം ക്ഷണിച്ചു കൊള്ളുന്നു.

ഡിസംബർ മാസം 19-ാം തീയതി ധനുമാസത്തിലെ തിരുവാതിരയോടനുബന്ധിച്ച് മകയിരം നൊയ്മ്പും -ചടങ്ങുകളും വൈകുന്നേരം 6.30 ന് ടി.ഡി. എം ഹാളിൽ വെച്ച് നടത്തപ്പെടുന്നു. ഈ ആഘോഷത്തിലേക്ക് എല്ലാ സഹോദരിമാരുടെയും സാന്നിദ്ധ്യം ഉറപ്പാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കരയോഗത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും നിങ്ങളുടെ വിലയേറിയ നിർദ്ദേശങ്ങളും ഉപദേശങ്ങളും സഹകരണവും ഉണ്ടാവണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്,

ജനറൽ സെക്രട്ടറി

****

# 96-ാമത് സ്ഥാപകദിനവും, 2021-ലെ കുടുംബസംഗമവും

എറണാകുളം കരയോഗത്തിന്റെ 96-ാമത് സ്ഥാപകദിനവും, 2021ലെ കുടുംബസംഗമവും ഡിസംബർ 25 ശനിയാഴ്ച രാവിലെ 10 മണിക്ക് ടി. ഡി. എം ഹാളിൽ സമുചിതമായി ആഘോഷിക്കുന്നു.

അന്നേ ദിവസം രാവിലെ 5 മണിക്ക് അഷ്ടദ്രവ്യഗണപതിഹോമം, നവകം, പഞ്ചഗവ്യം, എന്നീ ചടങ്ങുകൾ ക്ഷേത്രതന്ത്രി പുലിയന്നൂർ ശശി നമ്പൂതിരിപ്പാടിന്റെ കാർമ്മികത്വത്തിൽ നടത്തുന്നു. അതോടൊപ്പം എറണാകുളം ശിവക്ഷേത്രം, വളഞ്ഞമ്പലം ദേവിക്ഷേത്രം, രവിപുരം ശ്രീകൃഷ്ണക്ഷേത്രം എന്നീ ക്ഷേത്രങ്ങളിൽ വഴിപാടുകളും നടത്തപ്പെടുന്നതാണ്.

കുടുംബസംഗമത്തോടനുബന്ധിച്ച് രാവിലെ മുതൽ നടത്തപ്പെടുന്ന വിവിധ കലാപരിപാടികളിൽ പങ്കെടുക്കുവാൻ താല്പര്യമുള്ള കരയോഗം അംഗങ്ങൾക്ക് പ്രൊഫ. സുമംഗലാദേവിയെ ഫോണിൽ ബന്ധപ്പെടാവുന്നതാണ്. നമ്പർ: 9447785214.

കുടുംബസംഗമത്തോടനുബന്ധിച്ച് കരയോഗം ഒരുക്കുന്ന സൽക്കാരത്തിൽ പങ്കെടുക്കുന്നതിനുള്ള കൂപ്പണുകൾ ഡിസംബർ 15 മുതൽ 22 വരെ കരയോഗം ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് കരയോഗം ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 0484-2361160 Extn: 111, 112

**10.00 മണി മുതൽ : വിവിധ കലാപരിപാടികൾ**

**ഉച്ചയ്ക്ക് 1 മണിക്ക് : ഉച്ചഭക്ഷണം**

**വൈകുന്നേരം 5.30 ന് : അയ്യപ്പൻ പാട്ട്**



# ബാലലോകം

പറവൂർ രാജഗോപാൽ (ഫോൺ: 9847291483)

## ലോകം മുഴുവൻ സുഖം പകരാൻ

പ്രിയപ്പെട്ട കൂട്ടുകാരേ,

മനുഷ്യനെ മുന്നോട്ടു നയിക്കുന്നത് അവന്റെ ആഗ്രഹങ്ങളാണ്. മനുഷ്യസ്വഭാവത്തിന്റെ അടിസ്ഥാനവും ആഗ്രഹങ്ങൾ തന്നെയാണ്. അർത്ഥബദ്ധമായ സമൂഹത്തിൽ ആഗ്രഹങ്ങൾ അതിരുകൾ ഭേദിക്കുന്നു. ഉയർന്ന ചിന്തകൾക്കും ഉന്നതമൂല്യങ്ങൾക്കും മാന്യതകൊടുക്കുന്ന പാരമ്പര്യ സമൂഹം പോലും ഇന്ന് ഉപഭോഗതൃഷ്ണയ്ക്കു വശംവദരാകുന്നു എന്നതാണ് വാസ്തവം. മടിശ്ശീലയുടെ കനം മാററുരയ്ക്കപ്പെടുന്ന മാർക്കറ്റിൽ മാനുഷിക മൂല്യങ്ങൾ പിൻതള്ളപ്പെടുന്നു. ഉപഭോഗസംസ്ക്കാരത്തിനു യോജിച്ച വസ്തുക്കൾ വർണ്ണപൊതികളിൽ കമ്പോളത്തിൽ ഇന്നു ലഭ്യമാണ്. വേണ്ടതും വേണ്ടാത്തതുമായ വസ്തുക്കൾ വിറ്റഴിക്കാനുള്ള വിപണനതന്ത്രമാണു കമ്പോളത്തിൽ കണ്ടുവരുന്നത്. വസ്തുക്കളുടെ മൂല്യവർദ്ധനവിൽ അവഗണിക്കപ്പെടുന്നതു മാനുഷിക മൂല്യങ്ങളാണെന്നു മാത്രം. പ്രകൃതിക്കും മനുഷ്യനും അപകടം വരുത്തുന്ന ധാരാളം വസ്തുക്കൾ പരിഷ്ക്കാരത്തിന്റെ പേരിൽ കമ്പോളത്തിൽ വിറ്റഴിക്കപ്പെടുന്നു. ഉപയോഗശൂന്യമായതും ഉത്തേജനങ്ങളുമായ വസ്തുക്കൾ ഇതിൽപെടുന്നു.

ഭൂമിയിലുള്ളതൊന്നും ആരുടേയും സ്വന്തമല്ല. സ്വന്തമാക്കിവെക്കുകയാണ് നാം ഓരോരുത്തരും. ഈ കാണുന്നതൊന്നും നാം സൃഷ്ടിച്ചവയുമല്ല. 'ഇദം ന മമ' എന്ന വേദവചനം ഇതത്രെ വ്യക്തമാക്കുന്നത്. എല്ലാം ഈശ്വരന്റേതാണ്. ഒന്നിന്റെയും ഉടമസ്ഥാവകാശവും നമുക്കില്ല. ഒരു പുരുഷായുസ്സു മുഴുവൻ ഇവിടെ ജീവിക്കാനുള്ള അനുവാദം എന്നാൽ നമുക്ക് അവകാശപ്പെട്ടതാണ്. ജീവിക്കാനാവശ്യമായ വസ്തുക്കൾ ഉപയോഗിക്കാനുള്ള അനുവാദവും നമുക്കു ലഭിച്ചിട്ടുണ്ട്. പഞ്ചഭൂതങ്ങളെല്ലാം സ്വന്തം പോലെ നമുക്ക് ഉപയോഗിക്കാവുന്നതാണ്. എടുക്കുന്നതിൽ കൂടുതൽ കൊടുക്കാനുള്ള ഒരു മനസ്സ് നമുക്കുണ്ടാവണം.

ധനത്തിൽ വെച്ച് ഏറ്റവും പ്രധാനം വിദ്യാധനമാണ് കൂട്ടുകാരേ. അതു നാം വർദ്ധിപ്പിക്കണം. കൊടുക്കുന്തോറും വർദ്ധിക്കുന്നതാണ് വിദ്യാധനം. കമ്പോളത്തിൽ വിനിമയം ചെയ്യാനുള്ളതല്ല, എന്നാൽ വിദ്യാധനം.

പണിയെടുക്കുന്നവന്റെ കൈയിൽ പണം വന്നു ചേരുന്നത് സ്വഭാവികം. കൈയ്യിൽ വന്നു ചേരുന്ന അധിക ധനം അന്യർക്കു കൊടുത്ത് അതിൽ നാം സന്തോഷം കണ്ടെത്തണം. തോണിയിലെ സുഷിരത്തിലൂടെ അകത്തേക്കു പ്രവേശിക്കുന്ന നദീജലം രണ്ടു കൈകൊണ്ടും കോരികളയേണ്ടതു യാത്രക്കാരുടെ സുരക്ഷിതത്വത്തിന് അനിവാര്യമാണ്. അതുപോലെ അധികമായി ഒഴുകിയെത്തുന്ന ധനം ഇരുകൈകൾകൊണ്ടും നാം ആവശ്യക്കാർക്കു നൽകണമെന്നു കബീർദാസ് പ്രസ്താവിക്കുന്നു.

സത്യം ധർമ്മത്തിന്റെ ഉറ്റ തോഴിയാണ്. ശകുന്തളയ്ക്കു പ്രിയംവദപോലെ, ദേവയാനിക്കു ശർമ്മിഷ്ഠപോലെ പ്രകൃതിയും മനുഷ്യനും പോലെ അത് ഒരു നാണയത്തിന്റെ ഇരുവശങ്ങളാണ്. 'സത്യമേവ ജയതേ' എന്നതാണു ഭാരതത്തിന്റെ മഹത്‌വാക്യം. സത്യത്തിനു മാ

ത്രമാണ് ശാശ്വതമായ വിജയം. സത്യത്തിന്റെ മാർഗ്ഗത്തിൽ സദാ ചരിക്കുക, സഞ്ചരിക്കുക എന്നതു ശ്രമകരമാണ്. ഭഗവാൻ ശ്രീകൃഷ്ണനും സാക്ഷാൽ ധർമ്മപുത്രർക്കും ചില നേരത്തെങ്കിലും സത്യം ഒരു പ്രശ്നമായി തീർന്നിട്ടുണ്ട്. എന്നാലും സത്യത്തിന് എക്കാലവും സ്വർണ്ണത്തിളക്കമാണ്. സ്വർണ്ണപാത്രം കൊണ്ടു മൂടിവെക്കാൻ പറ്റാത്ത സത്യം നമ്മുടെ ഓരോരുത്തരുടേയും സ്വഭാവവൈശിഷ്ട്യമാണ്. ജീവിതത്തിന്റെ തന്നെ ഭാഗമാണ്.

ഈശ്വരൻ സർവഭൂതങ്ങളിലും വസിക്കുന്നു. 'ഈശാവാസ്യമിദം സർവ്വം' എന്നാണ് അറിവുള്ളവരും മഹാത്മാക്കളും പറഞ്ഞുവെച്ചിട്ടുള്ളത്. ഈശ്വരന്റെ രണ്ടു പര്യായങ്ങളാണ്. സത്യവും ധർമ്മവും. സത്യധർമ്മാദികൾ വെടിഞ്ഞുകൊണ്ടുള്ളൊരു ജീവിതം ഈശ്വരസൃഷ്ടിയായ മനുഷ്യന് ഒട്ടും യോജിച്ചതല്ല.

വിനയവും വിവേകവും സ്നേഹവും സഹിഷ്ണുതയും ത്യാഗവും സമർപ്പണവുമെല്ലാം ധർമ്മനിഷ്ഠരിൽ നിക്ഷിപ്തമാണ്. അഹങ്കാരവും അർത്ഥബദ്ധവുമായ ജീവിതം നമ്മെ അപകടത്തിലേക്ക് നയിക്കുന്നതാണ്.

ആത്മസുഖവും ആനന്ദവും സത്യധർമ്മങ്ങളിലൂടെ നേടാനാവും. അങ്ങിനെ നേടിയിട്ടുള്ളവരാണ് പൂർവ്വകാലഋഷിവര്യന്മാരായവർ. സ്വന്തം സുഖവും സ്വാർത്ഥതയും ഉപേക്ഷിച്ചാൽ സാധാരണ ജീവിതത്തിൽ സുഖവും സമാധാനവും ലഭിക്കുന്നതാണ്. മറ്റുള്ളവർക്കു വേണ്ടി ജീവിക്കുമ്പോഴാണ് നമ്മുടെ ജീവിതത്തിന് അർത്ഥമുണ്ടാകുന്നത്. 'പരോപകാരാർത്ഥമിദം ശരീരം' എന്നു പറയാറില്ലേ നാം. ലോകകല്യാണമാണു നമ്മുടെ ലക്ഷ്യമെന്നു നാം ഉറപ്പിക്കേണ്ടത്. 'ലോകാ സമസ്താ സുഖിനോ ഭവന്തു' എന്നതാണ് ഭാരതീയരുടെ സ്വപ്നം.

വിദ്യാഭ്യാസകാലം മുഴുവൻ നമുക്കു നമ്മെക്കുറിച്ചു ചിന്തിക്കാം. പഠനത്തിൽ മാത്രം കേന്ദ്രീകരിക്കാം. നല്ല ശമ്പളവും ഉയർന്ന പദവിയും സ്ഥാനമാനങ്ങളുമുള്ള ജോലി ലക്ഷ്യം വെക്കാം. ജോലിയിൽ പ്രവേശിച്ചു കഴിഞ്ഞാൽ മാതാപിതാക്കളുടേയും കുടുംബത്തിന്റെയും സുരക്ഷയും സംരക്ഷണവും നിങ്ങളുടെ കൈകളിലാവണം. സൗഭാഗ്യങ്ങൾ കുടുംബവുമായി ചേർന്ന് പങ്കുവെയ്ക്കണം.

സാമൂഹ്യസേവനത്തിനുള്ള പാഠം നാം കുടുംബത്തിൽ നിന്നു വേണം അഭ്യസിക്കാൻ. കാലഗതിക്കനുസരിച്ച് ആരോഗ്യവും ആസ്തിയും നാം വർദ്ധിപ്പിക്കണം. ഇവ രണ്ടും സമൂഹത്തിനു വേണ്ടി പ്രയോജനപ്പെടുത്തണം. നമ്മുടെ ഉന്നതമായ അവസ്ഥയിൽ സ്വന്തം സമൂഹത്തെയും ജന്മനാടിനെയും നാം മറന്നുകൂടാ.

അത്താഴപഷ്ണിക്കാരന്റെ വിശപ്പുമാറ്റാൻ നമുക്കു സാധിക്കുക എന്നത് ഒരു ചെറിയ കാര്യമല്ല. ഒരു പുണ്യപ്രവൃത്തിയാണ്. നഗരങ്ങളിൽ ഭിക്ഷാടനം നിരോധിച്ചിട്ടുണ്ടെങ്കിലും നമ്മെ സംബന്ധിച്ചിടത്തോളം ഭിക്ഷക്കാർ വെറും പിച്ചക്കാരാവരുത്. ഭിക്ഷാംദേഹികളാണവർ. 'ധർമ്മം തരണേ' എന്നു പറഞ്ഞാണ് അവർ വീട്ടുമുററത്തെത്തുന്നത്. ധനവും ധാന്യവുമല്ല അവർ ആവശ്യപ്പെടുന്നത്. മറിച്ച്, ധർമ്മമാണ്. ധനം കൈയിലുള്ളവന്റെ ധർമ്മമാണ് അതില്ലാത്തവനു കൊടുക്കുക എന്നത്. ഭിക്ഷകൊടുക്കുന്നതു ഭാരതത്തിൽ പുണ്യമായിട്ടാണു കണക്കാക്കി പോരുന്നത്. പക്ഷേ, അതു പാത്രം അറിഞ്ഞു ചെയ്യണമെന്നു മാത്രം.

ലളിതമായ ജീവിതവും ഉന്നതമായ ചിന്തകളുമാണ് നമുക്ക് ഇന്ന് ആവശ്യം. പങ്കിട്ട് അനുഭവിക്കുക എന്നതാണ് പ്രകൃതി നിയമം. അനിയന്ത്രിതമായ ആർത്തിയാണ് ഇന്ന് എവിടെയും കാണാനാവുന്നത്. എല്ലാം വെട്ടിപിടിക്കാനുള്ള ചിലരുടെ വെറിയാണ് ആഗോളമായി ഇന്നുള്ള സാമ്പത്തിക പ്രതിസന്ധിക്കു കാരണം.

ആകാശത്തിലെ പറവകൾ വിതയ്ക്കുന്നില്ല. കൊയ്യുന്നില്ല. കളപ്പുരകൾ കൂട്ടുന്നില്ല. പ്രകൃതിക്കും മനുഷ്യനുമിടയിൽ മൂന്നാമതൊരാളിന്റെ ആവശ്യമില്ല. മൂന്നാമൻ പ്രശ്നക്കാരനാണ്.

ഭാഗ്യവാൻ എന്നതിന്റെ അർത്ഥം തന്നെ സന്തോഷത്തിന് അർഹനായവൻ എന്നാണ്. നമുക്ക് ദൈവം അറിഞ്ഞു നൽകുന്നത് അനുഭവിച്ച് ഭാഗ്യവാന്മാരായി സസന്തോഷം ഭൂമിയിൽ പാർക്കാം. ആരോടും ദ്വേഷമില്ലാതെ, ആർക്ക് എന്തുള്ളതിലും അസൂയയില്ലാതെ.

പരീക്ഷകൾ ക്ഷമയോടെ സഹിക്കുന്നവർ ഭാഗ്യവാന്മാർ. തന്നെ സ്നേഹിക്കുന്നവർക്ക് ദൈവം വാഗ്ദാനം ചെയ്തിരിക്കുന്ന ജീവന്റെ കിരീടം, പരീക്ഷകൾ അതിജീവിച്ചു കഴിയുമ്പോൾ അവനു ലഭിക്കും.

സത്യത്തിൽ മനസ്സമാധാനം ഉള്ളവർ തന്ന യാണ് ഭാഗ്യവാന്മാർ. പണക്കാരും വലിയ വീടുള്ളവരും മുന്തിയ ഇനം കാറുകൾ സ്വന്തമായുള്ളവരുമാണ് ഭാഗ്യവാന്മാരെന്ന് നാം ധരിച്ചു വെച്ചിരിക്കുന്നത് എങ്കിൽ തെറ്റി. ഈ അടുത്ത കാലത്ത് വമ്പൻ ധനികന്മാരായ പലരും ആത്മഹത്യ ചെയ്തത് നാം കണ്ടു. അപ്പോൾ ഇതൊന്നുമല്ല ഭാഗ്യത്തിന്റെ ലക്ഷണങ്ങൾ.

ഗാന്ധിജി പറഞ്ഞു-

'ഈ ഭൂമിയിൽ ഏതൊരാളിന്റെയും അത്യാവശ്യത്തിനുള്ള വിഭവങ്ങൾ ലഭ്യമാണ്. എന്നാൽ അത് ഒരാളുടെ പോലും അത്യാർത്തിക്കു തികഞ്ഞെന്നു വരില്ല'. അത്യാർത്തി അപകടകരമാണ്. അതാണ്. ലോകം ഇന്ന് അനുഭവിക്കുന്നത്.

നമുക്കു വേണ്ടത് ഗ്രോസ് ഡൊമസ്റ്റിക് പ്രൊഡക്ട് വർദ്ധനയല്ല. ഗ്രോസ് നാഷണൽ ഹാപ്പിനസ്സ് ആന്റ് ഗ്രോസ് നാഷണൽ സാറ്റിസ്ഫാക്ഷൻ ആണ്. എങ്കിലേ നമുക്കു സമാധാനം ലഭിക്കുകയുള്ളു. ലോകം മുഴുവൻ സുഖം പകർന്നു നൽകാൻ നമുക്ക് സാധിക്കുകയുള്ളൂ.

## മധുരഫലം

ഒരിക്കൽ ശ്രേയഗ്രാമത്തിലൂടെ രാജാസുസ്മേരൻ യാത്ര ചെയ്യുകയായിരുന്നു. സേവകന്മാരും മന്ത്രിമുഖ്യനും പരിചാരകരും ഒക്കെയായി ഒരു നീണ്ടനിര രാജാവിനെ അനുഗമിച്ചിരുന്നു. സദാ സുസ്മേരവദനനായ രാജാവ് ആനന്ദ സഞ്ചാരത്തിനായി ഇറങ്ങിയതായിരുന്നു ആ വഴി. പരിചാരകരുമൊത്ത് കളിതമാശകൾ പറഞ്ഞ് ആവോളം ചിരിച്ച് രസിച്ചായിരുന്നു രാജാ സുസ്മേരന്റെ യാത്ര.

പെട്ടെന്നാണ് എവിടെ നിന്നോ പാഞ്ഞുവന്ന ഒരു കല്ല് അദ്ദേഹത്തിന്റെ നെറ്റിയിൽ കൊണ്ടത്. നെറ്റി മുറിഞ്ഞ് രക്തമൊഴുകാൻ തുടങ്ങി. കൂടെയുണ്ടായിരുന്ന വൈദ്യൻ ഉടൻ മുറിവു പരിശോധിച്ച്, അതിൽ മരുന്നു വെച്ചു കെട്ടി. രാജസേവകന്മാർ കല്ലെറിഞ്ഞയാളെ തിരഞ്ഞു പോയി. രാജാവ് ഒരു വൃക്ഷത്തിന്റെ ചുവട്ടിൽ വിശ്രമിച്ചിരുന്നു.

അൽപം കഴിഞ്ഞപ്പോൾ രാജസേവകർ ഒരു വൃദ്ധസ്ത്രീയേയും കൂട്ടി വന്നു.

'രാജൻ, ഇവരാണ് അങ്ങയെ കല്ലെറിഞ്ഞ് പരിക്കേൽപ്പിച്ചത്. ഇവർക്ക് നല്ല ശിക്ഷ കൊടുക്കണം'.

രാജാവ് ആ സ്ത്രീയെ സൂക്ഷിച്ചു നോക്കി. മുറിവിന്റെ നീറ്റലിനിടയിലും അദ്ദേഹം പുഞ്ചിരിക്കാൻ ശ്രമിച്ചു. ചുണ്ടിൽ ചിരിച്ചുകൊണ്ട് രാജാവ് ചോദിച്ചു.

'എന്തു പറ്റിയതാണ് അമ്മേ?'

വൃദ്ധ വിനയാന്വിതയായി. തൊഴുതുകൊണ്ട് അവർ പറഞ്ഞു.

'അങ്ങു ക്ഷമിക്കണം. വിശന്നു വലഞ്ഞ എന്റെ കൊച്ചുമോനാണ് മാമ്പഴം വേണമെന്നു പറഞ്ഞ് കരഞ്ഞത്. ഇവിടെ അടുത്തൊരു മാവിൽ നിറയെ പഴുത്ത മൂവാണ്ടൻ മാങ്ങയുണ്ട്. അതിലൊരെണ്ണം അവനുവേണ്ടി എറിഞ്ഞു വീഴ്ത്താനാണ് കല്ലെടുത്തെറിഞ്ഞത്. കാലക്കേടുകൊണ്ട് കല്ല് അങ്ങയുടെ നെറ്റിയാലാണ് വന്നു കൊണ്ടത്. ഖേദവും പ്രയാസവുമുണ്ടെനിക്ക്. അങ്ങ് നൽകുന്ന ശിക്ഷയേറ്റുവാങ്ങാൻ ഞാൻ തയ്യാറാണ് പ്രഭോ'.

വൃദ്ധസ്ത്രീ വിങ്ങിപ്പൊട്ടി. രാജാവ് അവരുടെ ചുമലിൽ കൈ ചേർത്തു. അദ്ദേഹം സുസ്മേരവദനനായി.

'ഈ അമ്മയ്ക്കു വേണ്ട ഭക്ഷണവും പണവും പൊന്നുമൊക്കെ നൽകി, സന്തോഷത്തോടെ തിരിച്ചുകൊണ്ടു ചെന്നു വിടൂ'.

രാജഭൃത്യന്മാർക്ക് ആശ്ചര്യമായി. മന്ത്രി ചോദിച്ചു.

'എന്ത് രാജൻ ഇങ്ങനെ....? അങ്ങയെ കല്ലെറിഞ്ഞ് മുറിവേൽപ്പിച്ച ഇവർക്ക് ശിക്ഷയൊന്നുമില്ലാതെ ഇത്രയധികം പാരിതോഷികങ്ങളോ....?

രാജാവ് പറഞ്ഞു.

'കല്ലെറിയുന്നവർക്കു പോലും മരം പകരം നൽകുന്നത് മധുരഫലമാണ്. വിവേകബോധമില്ലാത്ത ഒരു വൃക്ഷം അതു ചെയ്യുന്നുവെങ്കിൽ വിവേകിയായ മനുഷ്യനെന്തുകൊണ്ട് അങ്ങനെ ആയിക്കൂടാ?'

രാജാവ് ആ സ്ത്രീയെ ആശ്വസിപ്പിച്ച്, സന്തോഷത്തോടെ തിരിച്ചയച്ചു.

*****

വാസ്തു

# വാസ്തു ശാസ്ത്രം



ശ്രീ. പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദ്ഗദ്ധൻ
(ഫോൺ: 9447032434)

## വാസ്തുവും അനാവശ്യചിന്തകളും

വാസ്തുവിനെപ്പറ്റി പലരും പലതും പറയുന്നതുകേട്ട് ഉറക്കം ഇല്ലാത്തവർ ധാരാളമുണ്ട്. ഒരു വീട്ടിൽ പ്രധാന പ്രശ്നം വീട്ടിൽ വന്ന ബന്ധുക്കൾ ആരോ ടോയ്‌ലറ്റ് കന്നിമൂലയിലാണെന്നും അതു പൊളിച്ചു കളയണമെന്നും പറഞ്ഞു. അന്നുമുതൽ അത് പൂട്ടിയിട്ടു. അന്നുമുതൽ വീട്ടിൽ എന്തെങ്കിലും ചെറിയ പ്രശ്നങ്ങൾ ഉണ്ടായാൽ ഇതാണ് കാരണമെന്നു വിചാരിച്ച് സ്വസ്തതയും, സമാധാനവും പോയി. പുതിയ വീടുകളിൽ ആരു വന്നാലും എന്തെങ്കിലും അഭിപ്രായം പറഞ്ഞുവെന്നിരിക്കും. ഇതിന്റെ ശാസ്ത്രീയവശം ആരും അന്വേഷിക്കാറില്ല. മകരം ഒന്നാം തീയതിമുതൽ ഉത്തരായനം തുടങ്ങി സൂര്യൻ വടക്കോട്ടു സഞ്ചരിക്കുന്ന കാലമാണ്. ആ സമയത്ത് ഉദയരശ്മികൾ വാതിലിലും, ജനലുകളും വഴി അകത്തു കടക്കുകയും മുറിയുടെ തെക്കുപടിഞ്ഞാറെ മൂലയിൽ എത്തി തിരിച്ചു വരുന്നതുമായിരിക്കും. വീടിന്റെ, മുറിയുടെ, പറമ്പിന്റെ തെക്കു പടിഞ്ഞാരെ മൂലയാണ് കന്നിമൂല എന്നു പറയുന്നത്. മുറിയുടെ തെക്കു പടിഞ്ഞാറ് എത്തുന്ന ഉദയരശ്മികൾ ടോയ്‌ലറ്റിലേക്കു കടന്നാൽ വെള്ളം വഴി പുറത്തു പോകുന്നു. ഇങ്ങനെ സംഭവിക്കണമെങ്കിൽ ടോയ്‌ലറ്റിലേക്കുള്ള വാതിൽ ബെഡ്റൂമിന്റെ തെക്കു പടിഞ്ഞാറെ മൂലയിലായിരിക്കണം. പലപ്പോഴും ബഡ്റൂമിൽ നിന്നും ടോയ്‌ലറ്റിലേക്കുള്ള വാതിൽ ബഡ്റൂമിന്റെ തെക്കുപടിഞ്ഞാറെ മൂലയിൽ വരാറില്ല. വാതിൽ തെക്കു പടിഞ്ഞാറാണെങ്കിൽ വാതിലിനടിയിൽ അടിപ്പടിവയ്ക്കുകയൊ, ടോയ്‌ലറ്റിന്റെ ഫ്ളോർ 6 സെ.മീ. ഉയർത്തുകയോ


വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10-ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻകൂർ പേര് രജിസ്റ്റർ ചെയ്തിരിക്കണം.

ചെയ്താൽ പ്രശ്നം തീരുന്നതാണ്. ഇതിനോടൊന്നിച്ചുള്ള sketch ൽ A എന്ന് അടയാളപ്പെടുത്തിയിട്ടുള്ള സ്ഥലമാണ് ആ മുറിയുടെ കന്നിമൂല. ടോയ്‌ലറ്റിലേയ്ക്കുള്ള വാതിൽ വടക്കോട്ടു വളരെ മാറിയാണ്. അതുകൊണ്ട് യാതൊരു വക പ്രശ്നങ്ങളുമില്ല. ആയതിനാൽ ഒന്നുകൂടി പറയുന്നു കന്നിമൂലയിൽ ടോയ്‌ലറ്റ് യാതൊരു പ്രശ്നവുമില്ല. പൊളിച്ചുമാറ്റേണ്ട ആവശ്യമില്ല. ടോയ്‌ലറ്റിലേക്കു കടക്കുന്ന വാതിലിന് അടിയിൽ പടി വയ്ക്കുകയൊ, ടോയ്‌ലറ്റിന്റെ Floor പൊക്കുകയൊ ചെയ്താൽ മതി.

മറ്റൊരു വീട്ടിൽ പ്രധാനപ്രശ്നം വീട്ടിലേക്കു കയറുന്ന മുൻവശത്തെ ചവുട്ടുപടിയാണ്. വീട്ടിലേക്കു കയറുമ്പോൾ ലാഭം, നഷ്ടം എന്നു പറഞ്ഞു വരാന്തയിൽ കയറുമ്പോൾ ലാഭം എന്നാകണമെന്ന് പറയപ്പെടുന്നു. ഇത് ആര് പറഞ്ഞതാണെന്നറിയില്ല. ശാസ്ത്രീയമായി ഇതിന് യാതൊരു തെളിവുമില്ല. അനായാസമായി കേറുന്നതിന് step കളുടെ എണ്ണം ഒറ്റയായാലും ഒരു കുഴപ്പവുമില്ല. തറയുടെ ഉയരമനുസരിച്ച് സൗകര്യം പോലെ ചെയ്യാം എന്നാൽ വീടിനകത്ത് ഒന്നാം നിലയിലേയ്ക്കു കയറുന്ന ചവിട്ടുപടികൾ ആദ്യത്തെ രണ്ടു പടിവടക്കു നിന്ന് തെക്കൊട്ടോ, കിഴക്കു നിന്നു പടിഞ്ഞാറോട്ട് കേറുന്നതാണ് നല്ലത്. രണ്ടു പടി കയറിക്കഴിഞ്ഞാൽ എവിടേക്കുവേണമെങ്കിലും തിരിയാം.

ഈ വക കാര്യങ്ങൾ പലപ്പോഴും പറഞ്ഞിട്ടുള്ളതാണ്. പിന്നെയും ആളുകൾ സംശയം ചോദിച്ചു കൊണ്ടിരിക്കുന്നു.

sketch താഴെ നോക്കുക.



ക്ഷേത്രങ്ങളിലൂടെ



# ഏമൂർ ശ്രീഭഗവതിക്ഷേത്രം

**ഇന്ദിരാഭായി ഫോൺ : 8078552892**



ഭക്തരെ സംബന്ധിച്ച് ഇരുകൈകളും ഉയർത്തിയുള്ള അനുഗ്രഹം ഏറ്റുവാങ്ങുക എന്നത് ഒരു പുണ്യമാണ്. അങ്ങനെ ഒരനുഗ്രഹം നൽകുന്നത് സാക്ഷാൽ ജഗദംബിക തന്നെയാകുമ്പോൾ അത് ഒരു ജന്മസാക്ഷാൽക്കാരം തന്നെയാണ്. ഇരുകൈകളും ഉയർത്തി ഭക്തരെയും നാടിനേയും അനുഗ്രഹിച്ചുകൊണ്ട് ആദിപരാശക്തിയായ ജഗദീശ്വരി കുടികൊള്ളുന്ന ഒരു അത്യപൂർവ്വക്ഷേത്രം നമ്മുടെ നാട്ടിലുണ്ട്. പരശുരാമപ്രതിഷ്ഠിതമായ ഒരു ഭഗവതി ക്ഷേത്രമാണിത്. ഭക്തജനങ്ങളുടെ പ്രാർത്ഥനാവേളയിൽ മനസ്സിൽ സാക്ഷാൽ ഭഗവതിയുടെ പല സ്ത്രീരൂപഭാവങ്ങളും തെളിഞ്ഞുവരും. എന്നാൽ ഇവിടുത്തെ ഭഗവതിയെ പ്രാർത്ഥിക്കുമ്പോൾ അങ്ങനെ ഒരു ചിത്രമല്ല മനസ്സിലെത്തുന്നത്. അത് ഒരു പ്രത്യേകതയാണ്. സാധാരണ ക്ഷേത്രവിഗ്രഹപ്രതിഷ്ഠകളിൽ നിന്നും വ്യത്യസ്തമായ ഒരു വിഗ്രഹമാണ് ഈ ഭഗവതിക്ഷേത്രത്തിലെ ആരാധനാവിഗ്രഹം. രണ്ട് കൈപ്പത്തികളാണ് ഈ ക്ഷേത്രത്തിലെ ശ്രീകോവിലിൽ ദേവതാസ്ഥാനത്ത് പ്രതിഷ്ഠിച്ചിരിക്കുന്നത്. അനുഗ്രഹവും അഭയവും നൽകി അനുഗ്രഹിച്ചുകൊണ്ട് സ്ഥിതിചെയ്യുന്ന രണ്ടു കൈപ്പത്തികൾ. കേരളത്തിലെന്നല്ല ഭാരതത്തിൽ തന്നെ ഒരു ക്ഷേത്രത്തിലും ഇങ്ങനെ ഒരു ആരാധനാവിഗ്രഹപ്രതിഷ്ഠയുള്ളതായി കേട്ടിട്ടില്ല.

കരിമ്പനകളുടെ നാടായ പാലക്കാടിന്റെ ഹൃദയഭാഗത്ത് കല്ലേക്കുളങ്ങരയിലാണ് ഏമൂർ ശ്രീഭഗവതി ക്ഷേത്രം സ്ഥിതിചെയ്യുന്നത്. പാലക്കാട്ട് രാജാക്കന്മാരുടെ അധികാരപരിധിയിൽ ഉൾപ്പെട്ടിരുന്ന അകത്തേത്തറ അംശത്തിൽപ്പെട്ട കല്ലേക്കുളങ്ങരയിലെ ഏമൂർ ശ്രീഭഗവതിക്ഷേത്രം അതിപുരാതനമായ ഒരു ഭഗവതി ക്ഷേത്രമാണ്. പാലക്കാട്ടുരാജാക്കന്മാരുടെ ഉപാസനാമൂർത്തിയാണ് ഏമൂർ ശ്രീഭഗവതി. ഹേമാംബികാക്ഷേത്രം എന്നും അറിയപ്പെടുന്ന ഈ ക്ഷേത്രം പരശുരാമപ്രതിഷ്ഠിതമായ

നാല് അംബികാ ക്ഷേത്രങ്ങളിൽ ഒന്നാണ്. കൊല്ലൂർ മൂകാംബികക്ഷേത്രം കന്യാകുമാരിയിലെ ബാലാംബികാക്ഷേത്രം വടകര ലോകനാർക്കാവിലെ ലോകാംബികാ ക്ഷേത്രം കല്ലേക്കുളങ്ങരയിലെ ഹേമാംബികാക്ഷേത്രം എന്നീ ക്ഷേത്രങ്ങളാണ്. പരശുരാമപ്രതിഷ്ഠിതമായ നാല് അംബികാക്ഷേത്രങ്ങൾ. പുരാണങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള ഏതെങ്കിലും ഒരു കഥാപാത്രവുമായി ബന്ധമില്ലാത്ത ക്ഷേത്രങ്ങൾ വിരളമാണ്. ദേശവാസികളുടെ ആത്മീയ ചിന്തകൾക്കും ദേശത്തിന്റെ ചരിത്രങ്ങൾക്കും അതാതുപ്രദേശങ്ങളിൽ കുടികൊള്ളുന്ന ദേവചൈതന്യങ്ങളുമായി അഭേദ്യമായ ബന്ധമുള്ളതായാണ് കാണാറുള്ളത്. കല്ലേക്കുളങ്ങരയിലെ ഹേമാംബികാക്ഷേത്രം എന്ന് അറിയപ്പെടുന്ന ഏമൂർ ശ്രീ ഭഗവതിക്ഷേത്രത്തിനും അങ്ങനെയുള്ള ചരിത്രങ്ങളുണ്ട്. കേരളത്തിന്റെ ഉത്ഭവകാലത്തോളം തന്നെ പഴക്കമുള്ള ക്ഷേത്രമാണ് ഏമൂർ ശ്രീ ഭഗവതി ക്ഷേത്രം. വാരിയെറിഞ്ഞതുപോലെ സഹ്യപർവ്വതത്തിലെ മലകൾ നിരനിരയായി കാണുന്നത് പാലക്കാടിന്റെ ഒരു മനോഹരമായ കാഴ്ചയാണ്. ആനമല, നീലഗിരിമല, കരിമല എന്നീ മലകളടങ്ങുന്ന സഹ്യാദ്രിസാനുക്കളിൽ പണ്ട് നീലാസുരൻ എന്ന ഒരസുരൻ വസിച്ചിരുന്നു. അതിപരാക്രമിയായിരുന്ന നീലാസുരൻ പല അതിക്രമങ്ങളും നടത്തിയിരുന്നു. നീലാസുരന്റെ അക്രമങ്ങളിൽ നിന്നും രക്ഷനേടുവാനായി ജനങ്ങൾ പരശുരാമനെ ആശ്രയിച്ചു. അക്കാലത്ത് പരശുരാമൻ സഹ്യാദ്രി സാനുക്കളിൽ തപസ്സനുഷ്ഠിച്ചിരുന്നു. പരശുരാമൻ നീലാസുരന്റെ ഉപദ്രവങ്ങളിൽ നിന്നും ജനങ്ങളെ രക്ഷിക്കുന്നതിനായി കൈലാസത്തിലെത്തി ശ്രീ പരമേശ്വരനെ പ്രാർത്ഥിച്ചു. എന്നാൽ പ്രാർത്ഥനാനിരതനായ പരശുരാമന്റെ ഭക്തിയിൽ പ്രസന്നയായി ദേവി അദ്ദേഹത്തിനു മുന്നിൽ പ്രത്യക്ഷപ്പെടുകയാണുണ്ടായത്. പരശുരാമൻ ദേവിയോട് സങ്കടമുണർത്തിച്ചു. പരാശക്തിയായ ജഗദീശ്വരി ഹേമാംബികയായി ദുർഗ്ഗാദേവിയോടൊപ്പം സഹ്യപർവ്വതത്തിലെത്തി. നീലാസുരനെ നിഗ്രഹിച്ചു. അസുരനിഗ്രഹണത്തിനു ശേഷം ദേവി കരിമലയിൽ തന്നെ കുടികൊള്ളുകയും ചെയ്തു. ദുർഗ്ഗാദേവി മണപ്പുള്ളിക്കാവിലും വിരാജിച്ചു. തെക്കെ അററത്ത് മണപ്പുള്ളിക്കാവിലമ്മയും വടക്കെ അററത്ത് ഹേമാംബിക അമ്മയും ദേശവാസികളുടെ രക്ഷകരായി കുടികൊള്ളുകയായിരുന്നു.

ഹേമാംബികാ ദേവി ആദ്യം കരിമലയിലും പിന്നീട് മുതിരാൻ കുന്നിലും വാണിരുന്നു എന്നും പിന്നീടാണ് കല്ലേക്കുളങ്ങരയിൽ കുടികൊണ്ടത് എന്നുമാണ് ഐതിഹ്യം. ദേവിയുടെ വാസസ്ഥാനമാറ്റങ്ങളെപ്പറ്റി ചില ഐതിഹ്യങ്ങളുമുണ്ട്. ഈ ഐതിഹ്യങ്ങളിലൂടെ കണ്ണോടിക്കുമ്പോൾ നിസ്വാർത്ഥ ഭക്തിക്കുമുന്നിൽ പരാശക്തിയായ അമ്മ ഭക്തരെ ഏതു വിധത്തിലും സഹായിക്കും എന്നു വ്യക്തമാകും. അറിഞ്ഞു ഭജിക്കുന്നവർക്ക് ആശ്രിത വത്സലയാണ് അമ്മ എന്ന പരമാർത്ഥം ഇവിടെ തെളിയുന്നു. കരിമലമുകളിൽ വാണിരുന്ന ഹേമാംബികദേവി കല്ലേക്കുളങ്ങരയിൽ കുടിയിരുന്നത് ആദി ശങ്കരാചാര്യസ്വാമികളുടെ കാലത്താണ് എന്നു വിശ്വസിക്കുന്നു. അക്കാലത്ത് കുറൂർ ഇല്ലത്തെ ദേവീഭക്തനായിരുന്ന ഒരു നമ്പൂതിരി കല്ലേക്കുളങ്ങരയിൽ വസിച്ചിരുന്നു. അദ്ദേഹം നിത്യവും രാവിലെ കുളി കഴിഞ്ഞ് കരിമലയിലെത്തി ദേവിക്കു വേണ്ട പൂജാദികൾ നടത്തിയിരുന്നു. കുറെക്കാലം കഴിഞ്ഞപ്പോൾ അദ്ദേഹത്തിനു പ്രായാധിക്യം മൂലം മല കയറാൻ പ്രയാസമാവുകയും മലകയറി ദേവിയുടെ പൂജകൾ നടത്താൻ സാധിക്കാതെ വരുമല്ലോ എന്നോർത്ത് അദ്ദേഹം സങ്കടപ്പെടുകയും ചെയ്തു. നമ്പൂതിരി ദേവിയുടെ തിരുനടയിൽ നിന്ന് തന്റെ സങ്കടം പറഞ്ഞു പ്രാർത്ഥിച്ചു. “ഇനി കരിമലയിലേക്കു വരണ്ട, മുതിരാൻ കുന്നിൽ വന്നാൽ മതി അവിടെ ഞാനുണ്ടാകും” എന്ന് ഒരു അശരീരി നമ്പൂതിരി കേട്ടു. ഈ കേട്ടത് ദേവിയുടെ അരുളപ്പാടു തന്നെ എന്നു അദ്ദേഹം വിശ്വസിച്ചു. അദ്ദേഹം മുതിരാൻ കുന്നിലെത്തി ദേവീ സാന്നിധ്യം മനസ്സിലാക്കി ദേവിയെ പ്രാർത്ഥിച്ചു. അന്നുമുതൽ നമ്പൂതിരി മുതിരാൻ കുന്നിലെത്തി നിത്യവും ദേവിയെ പൂജിച്ചുപോന്നു.

വീണ്ടും കാലം കടന്നുപോയി നമ്പൂതിരിക്ക് വാർദ്ധക്യത്തിന്റെ അവശതകൾ വർദ്ധിച്ചു. ഒരു ദിവസം പൂജകൾ കഴിഞ്ഞു മടങ്ങുമ്പോൾ അദ്ദേഹത്തിന് ക്ഷീണം അനുഭവപ്പെടുകയും അദ്ദേഹം ഒരു വൃക്ഷച്ചുവട്ടിൽ വിശ്രമിക്കുകയും ചെയ്തു. വിശ്രമത്തിനിടയിൽ തനിക്ക് ദേവിയെ കാണാനും പൂജിക്കാനും പറ്റാതാവുമല്ലോ, തീരെ നടക്കാൻ വയ്യാണ്ടാവുന്നല്ലോ അമ്മേ എന്നിങ്ങനെ ചിന്തിച്ചുകൊണ്ട് അവിടെത്തന്നെ കിടന്ന് ഉറങ്ങിപ്പോയി. ഉറക്കത്തിൽ അദ്ദേഹത്തിന്

ഒരു സ്വപ്നദർശനമുണ്ടായി. അങ്ങു നിത്യവും കുളിക്കുന്ന കുളക്കരയിൽ രാത്രിയിൽ വന്നോളു. അവിടെ എന്നെ കാണാം. എന്റെ രൂപം പൂർണ്ണമായി കാണുന്നതുവരെ സംസാരിക്കാൻ പാടില്ല. ഞാൻ പറഞ്ഞത് മറ്റാരോടും പറയാനും പാടില്ല എന്ന് ദേവി അദ്ദേഹത്തോട് പറയുന്നതായി സ്വപ്നത്തിൽ കണ്ടു. പെട്ടെന്ന് നമ്പൂതിരി ഉണർന്നു നോക്കിയിട്ട് അവിടെയെങ്ങും ആരെയും കണ്ടില്ല. ദേവിയുടെ അരുളപ്പാടു തന്നെയാണിത് എന്നദ്ദേഹം വിശ്വസിച്ചു. നമ്പൂതിരി ദേവിയെ പ്രാർത്ഥിച്ചുകൊണ്ട് രാത്രിയാകാൻ കാത്തിരുന്നു. അദ്ദേഹം നിത്യം കുളിച്ചിരുന്ന കുളക്കരയിൽ ദേവിയെ കാണാൻ ആകാംക്ഷാഭരിതനായി കാത്തിരുന്ന നമ്പൂതിരി പെട്ടന്ന് കുളത്തിനു നടുവിൽ സ്വർണ്ണനിറത്തിൽ രണ്ടു കൈകൾ ഉയർന്നു വരുന്നതു കണ്ടു. സന്തോഷാതിരേകത്താൽ നമ്പൂതിരി പെട്ടന്ന് കണ്ടു കണ്ടു എന്നു ഉറക്കെ വിളിച്ചു പറഞ്ഞു. ദേവിയുടെ പൂർണ്ണ രൂപം കാണുന്നതുവരെ ഉരിയാടരുത് എന്ന് പറഞ്ഞതൊന്നും നമ്പൂതിരി ഓർത്തില്ല. പെട്ടെന്നു ദേവി അന്തർദ്ധാനം ചെയ്യുകയും ചെയ്തു. നമ്പൂതിരി ദർശിച്ച് കൈപ്പത്തികൾ കല്ലായി മാറുകയും ചെയ്തു. പിന്നീട് കൈപ്പത്തികൾ കണ്ട കുളം നികത്തി അവിടെ ക്ഷേത്രം പണിയുകയും ചെയ്തു. കുളത്തിലുയർന്നു വന്ന് കല്ലായി തീർന്ന കൈപ്പത്തികളെ ദേവീ പ്രതിഷ്ഠാസ്ഥാനത്ത് ശിലാഹസ്തങ്ങളായി പ്രതിഷ്ഠിച്ച് ഇന്നും ആരാധിക്കപ്പെടുന്നു. കല്ലായി തീർന്ന കൈപ്പത്തികൾ കണ്ട കുളം എന്ന അർത്ഥത്തിൽ ഈ സ്ഥലം കല്ലായികുളങ്ങര എന്നറിയപ്പെട്ടു. പിന്നീട് ലോപിച്ചു കല്ലേക്കുളങ്ങര എന്നും അറിയപ്പെട്ടു. അങ്ങനെ ജലത്തിൽ സാന്നിദ്ധ്യമരുളിയ ദേവി ഹേമാംബിക എന്നും പ്രസിദ്ധി നേടി. ഏമൂർ ശ്രീഭഗവതി ക്ഷേത്രമെന്നും കൈപ്പത്തി അമ്പലം എന്നും ഹേമാംബികാക്ഷേത്രം എന്നും ഈ ഭഗവതിക്ഷേത്രം അറിയപ്പെടുന്നു. അതിവിശാലമായ ക്ഷേത്ര വളപ്പും അതിവിസ്തൃമായ ഒരു തീർത്ഥക്കുളവും ഇവിടെ കാണാം. ക്ഷേത്രത്തിന്റെ പ്രധാനവാതിലിന്റെ ഇരുവശങ്ങളിലും ക്ഷേത്ര പാലികമാരുടെ രൂപങ്ങൾ കാണാം. അകത്തേക്കു കടന്നാൽ പഴക്കം നിശ്ചയിക്കാൻ പറ്റാത്ത പഴമയുടെ ദൃശ്യങ്ങളാണ് കാണപ്പെടുന്നത്. ചതുരാകൃതിയിലുള്ള ശ്രീകോവിലിൽ ദേവിയുടെ കൈപ്പത്തി വിഗ്രഹങ്ങൾ കാണാം. ശ്രീകോവിൽ മരത്താൽ നിർമ്മിച്ചിട്ടുള്ള അഴികളാലാണ് തീർത്തിരിക്കുന്നത്. സാധാരണ ശ്രീകോവിലുകളുടെ ചുമരുകളിൽ നിന്നും വ്യത്യസ്ഥമാണിത്. നാലുവശങ്ങളിൽ നിന്നും അഴികൾക്കിടയിലൂടെ ദൈവീ വിഗ്രഹങ്ങൾ കാണാൻ സാധിക്കുന്നു. ദേവിയെ ഇവിടെ രാവിലെ സരസ്വതിയായും ഉച്ചക്ക് ലക്ഷ്മിയായും വൈകിട്ട് ദുർഗ്ഗയായും മൂന്നു ഭാവങ്ങളിൽ ആരാധിക്കുന്നു.

ഏമൂർ ശ്രീ ഭഗവതി ക്ഷേത്രത്തിന്റെ തെക്കുഭാഗത്തായി സാമാന്യം വലിയ ഒരു ശിവക്ഷേത്രമുണ്ട്. ശ്രീ ചേന്ദമംഗലം ശിവക്ഷേത്രം എന്നാണ് ഇതറിയപ്പെടുന്നത്. ഹേമാംബികാക്ഷേത്രത്തോളം തന്നെ പഴക്കമുള്ള ക്ഷേത്രമാണിത്. ബലിക്കല്ലും ക്ഷേത്രധ്വജവും ചുറ്റമ്പലവും ശ്രീകോവിലും വിളക്കുമാടവും എല്ലാമടങ്ങുന്ന ഈ ശിവക്ഷേത്രം ഏമൂർ ശ്രീ ഭഗവതിക്ഷേത്രത്തിന്റെ കിഴേടമാണ്. ശിവരാത്രി ഇവിടെ പ്രധാന വിശേഷമായി ആഘോഷിക്കുന്നു.

സാധാരണ ഭഗവതി ക്ഷേത്രങ്ങളിലെ എല്ലാ വഴിപാടുകളും ഏമൂർ ശ്രീ ഭഗവതിക്ഷേത്രത്തിലും നടത്തപ്പെടുന്നു. മൂന്നു ഭാവങ്ങളിൽ ദേവീ പൂജകളുള്ളതിനാൽ രോഗശാന്തി സന്താനഭാഗ്യം വിദ്യാലാഭം എന്നിവക്ക് പ്രത്യേകവഴിപാടുകളും നടത്താറുണ്ട്. കുട്ടിയും തൊട്ടിലും ഇവിടുത്തെ അതിപ്രധാന വഴിപാടാണ്. കുട്ടി ജനിച്ചാൽ 6 മാസമാകുമ്പോൾ ദേവിയുടെ തിരുനടയിൽ തൊട്ടിൽ സമർപ്പിച്ച് കുട്ടിയെ അടിമ കിടത്തുന്നു. മേടമാസത്തിലെ പൂരം നക്ഷത്രത്തിൽ ഇവിടെ പ്രതിഷ്ഠാദിനമായി ആചരിക്കുന്നു. കൂടാതെ നവരാത്രി ദിവസങ്ങളും ഇവിടുത്തെ പ്രധാന വിശേഷാവസരങ്ങളാണ്. ലക്ഷദീപം തെളിയിക്കുന്നത് ഹേമാംബികാക്ഷേത്രത്തിൽ അതിപ്രധാനമാണ്. പണ്ട് രാജാധികാരത്തിൻ കീഴിലായിരുന്ന ഈ ക്ഷേത്രം ഇന്ന് മലബാർ ദേവസ്വം ബോർഡിന്റെ കീഴിലാണ്.

അപൂർവ്വമായ വിഗ്രഹപ്രതിഷ്ഠയുള്ള ഏമൂർ ശ്രീ ഭഗവതി ക്ഷേത്രത്തിലെ നേർകാഴ്ചകൾ കണ്ട് ഭഗവതിയെ തൊഴുത് അമ്മയുടെ തൃക്കരങ്ങളാൽ അനുഗ്രഹമേറ്റുവാങ്ങുവാൻ ഒരിക്കലെങ്കിലും കല്ലേക്കുളങ്ങരയിലേക്ക് ഒന്നു പോകാം. അമ്മയുടെ ഭക്തരായ എല്ലാവർക്കും പുരാതനമായ ഈ ക്ഷേത്രത്തിലെത്തി കൈപ്പത്തി വിഗ്രഹം കണ്ടു തൊഴുതുവരാൻ ഹേമാംബികാദേവി അനുഗ്രഹിക്കുമാറാകട്ടെ.

*****



# ശ്രീമഹാഭാഗവതം

## ഭാഗവത ദർശനം.

ഡോ: രാജേശ്വരികുഞ്ഞമ്മ. ഫോൺ : 9388382009

### ചതുർ സ്കന്ധം

ശ്രീമദ് ഭാഗവതത്തിന്റെ ചതുർ സ്കന്ധം ധർമ്മാർത്ഥ കാമമോക്ഷങ്ങളുടെ വർണ്ണനയാണ്. ഒന്നു മുതൽ ഏഴു വരെ അർത്ഥപ്രകരണവും 13 മുതൽ 21 വരെ കാമപ്രകരണവും 24 മുതൽ 33 വരെ മോക്ഷ പ്രകരണവും എന്നിങ്ങനെയാണ് ചതുർ സ്കന്ധത്തിൽ വിവരിച്ചിരിക്കുന്നത്. ഈ സ്കന്ധത്തെക്കുറിച്ച് പറയുന്നത്:

കേട്ടുകൊൾകെങ്കിൽ വിസർഗ്ഗം പറവതി
ശ്രേഷ്ടമായീടും ചതുർത്ഥ ഭാഗത്തിനാൽ

എന്നാണ് നാം ഒരു കാര്യം ഇവിടെ ഓർക്കണ്ടത്. ആ കാലഘട്ടത്തിൽ ഭക്തി പ്രസ്ഥാനം വളർച്ച പ്രാപിച്ചിരുന്നുവെന്നാണ്. ചരിത്രത്തിന്റെ ഏടുകളിൽ ഇതു വ്യക്തമായി പ്രതിപാദിക്കുന്നുമുണ്ട്. അതു കൊണ്ടാണല്ലോ ഭാരതത്തിൽ ഭക്തിയുടെ പാരമ്യം കുറവായതുകൊണ്ട് ഭക്തിക്കു പ്രധാന്യം കൊടുത്ത് വ്യാസൻ ഭാഗവതകഥ പറയുന്നത്. ഈശ്വരനെ ഭജിക്കുന്നതെന്തും മോക്ഷം ലഭിക്കുന്നതിനാണ്. കാലഘട്ടത്തിനനുസരിച്ച്, അന്നത്തെ ജനങ്ങളുടെ താല്പര്യമനുസരിച്ച്, ധാർമ്മികവും യുക്തിപരവുമായ പ്രപഞ്ചസത്യത്തെ പറയുമ്പോൾ അത് ദൈവീക കഥകളിലൂടെയാണെങ്കിൽ മനുഷ്യഹൃദയങ്ങളിൽ സ്ഥിരപ്രതിഷ്ഠ നേടും. ഈ ഉദ്ദേശത്തോടുകൂടിയാണ് മനുവിന്റെ ചരിതം ഇവിടെ വർണ്ണിക്കുന്നത്. ഈ കഥകളിലൂടെ മാനസീകമായ ഒരു പരിവർത്തനം ശ്രോതാവിന് ഉണ്ടാകണമെന്നതാണ് ലക്ഷ്യം. ധർമ്മമാണ് ജീവിതപാന്ഥാവിൽ നമ്മേക്കൊണ്ട് പലതും ചെയ്യിക്കുന്നത്. നമ്മുടെ കടമ നിർവ്വഹിക്കേണ്ടി വരുമ്പോൾ മനുഷ്യൻ പല മാർഗ്ഗങ്ങളിലേക്കും തിരിയേണ്ടി വരും. പക്ഷെ അപ്പോഴെല്ലാം പരമമായ സത്യം എന്താണെന്നും അതു നേടേണ്ട മാർഗ്ഗങ്ങളെന്താണെന്നും വ്യക്തമായ ബോധമുണ്ടായിരിക്കണം. ജീവികളിൽ ഏറ്റവും മഹത്തായ ജന്മം മനുഷ്യന്റേതാണെന്നു പറയുന്നു.

പ്രാണികുലത്തെ സൃഷ്ടിച്ചു വളർന്നതി
പ്രാണികളിൽ പ്രധാനം മനുഷ്യർക്കല്ലോ.

അങ്ങനെയാണ് മനുവിന്റെ ജന്മവും പിന്നീട് ദക്ഷയാഗവും മറ്റും. മനുവിന് ശതരൂപിയിൽ ഉണ്ടായ മൂന്നാമത്തെ പുത്രിയെ ദക്ഷ പ്രജാപതിക്കു വിവാഹം ചെയ്തു കൊടുത്തു. അവരുടെ 16 പുത്രിമാരിൽ ഇളയ കുട്ടിയായ സതിയെ മഹാദേവനു വിവാഹം ചെയ്തു കൊടുത്തു. പക്ഷെ മഹാദേവനും ദക്ഷപ്രജാപതിയും ബദ്ധവൈരികളായിരുന്നു. ഈ വിവരം കേട്ടപ്പോൾ വിദുരർക്കു വൈരത്തിന്റെ കാരണം അറിയാൻ ജിജ്ഞാസ ഉണ്ടായി. പരമശിവൻ വൈരാഗ്യം പുലർത്തുന്നില്ല. ഇതിനൊക്കെ അതീതനാണ് അദ്ദേഹം. അക്കാലത്ത് പ്രജാപതികൾ നടത്തിയ സത്രത്തിൽ മഹർഷിമാരെല്ലാം പങ്കെടുത്തു. ആ സഭയിലേക്ക് ദക്ഷപ്രജാപതി വന്നപ്പോൾ ബ്രഹ്മാവും ശിവനും എഴുന്നേറ്റ് ആദരിച്ചില്ല. ദക്ഷന് മറ്റുള്ളവരേക്കുറിച്ചുള്ള ചിന്തയേക്കാൾ സ്വയം ഞാനെന്ന ഭാവത്തിൽ വർത്തിക്കുന്നയാളാണ്. ബുദ്ധിസാമർത്ഥ്യവും കഴിവും ഒക്കെയുള്ളയാളാണ് ദക്ഷൻ. അദ്ദേഹം പ്രവർത്തി മാർഗ്ഗത്തിലും ശിവൻ നിവർത്തി മാർഗ്ഗത്തിലും സഞ്ചരിക്കുന്നുവെന്നു പറയാം. ഇവിടെ ശാന്തനായി കണ്ണടച്ചിരുന്ന ശിവനെ കണ്ട് ദക്ഷനു കോപം വന്നു. ധ്യാനത്തിലിരുന്ന ശിവൻ ദക്ഷനെ ശ്രദ്ധിച്ചില്ല. ദക്ഷന്റെ ജാമാതാവാണ് ശിവൻ. ദക്ഷനു കോപം വന്നു. തനിക്കി

ഷ്ടമില്ലാതിരുന്നിട്ടും സതിയെ വിവാഹം ചെയ്തു കൊടുത്തു. ദക്ഷനും പുത്രീഭർത്താവായ ശിവനും അന്നു നടന്ന ദുരഭിമാന വഴക്കുകൾ ഇന്നും ഈ ലോകത്ത് തുടർന്നുകൊണ്ടേയിരിക്കുന്നു. ഇതറിയാമായിരുന്ന വ്യാസൻ മനുഷ്യരാശി ഇക്കാര്യം മനസ്സിലാക്കണമെന്നുള്ള ചിന്തയോടുകൂടി വിദുരർ എന്ന ജ്ഞാനിയിലൂടെ ഇതിന്റെ കാരണത്തേക്കുറിച്ചു ചോദിപ്പിക്കുകയാണ്. എത്ര സമുന്നതനായ, ആത്മസത്ത മനസ്സിലാക്കിയ വ്യക്തിയാണെങ്കിലും മനുഷ്യന്റെ ഇടുങ്ങിയ ചിന്താധാരയും മൃഗീയ വാസനയും പ്രകടമാക്കും എന്നുള്ള സത്യമാണിവിടെ വിവരിക്കുന്നത്. കോപം, ദുരഭിമാനം, മാത്സര്യം, അവിവേകം തുടങ്ങിയുള്ള വികാരവിക്ഷോഭങ്ങൾക്ക് അടിമപ്പെടുമ്പോൾ എത്ര വലിയ മഹാനായാലും വാക്കുകളിലൂടെ സ്വന്തം സത്തയെ പ്രകടിപ്പിക്കുന്നുവെന്ന സത്യം മനസ്സിലാക്കേണ്ടതുണ്ട്. തന്റെ മരുമകൻ ആരാണെന്നു മനസ്സിലാക്കാൻ ശ്രമിക്കാതെ

ആയം തു ലോകപാലാനാം യശോഘ്ന
നോ നിരപത്രപഃ
നാണമില്ലാത്തവൻ എന്തൊക്കെ ആക്ഷേ
പിക്കുന്നു.
ഗൃഹീത്വാ മൃഗബാ ക്ഷ്യാഃ പാണീം മർക്കട
ലോചന

ഇങ്ങനെ അധിക്ഷേപം തുടരുകയാണ്. പരമസത്യത്തെ മനസ്സിലാക്കാതെ മോശം വാക്കുകളിലൂടെ ദക്ഷൻ ശിവനെ മറ്റുള്ളവരുടെ മുൻപിൽവെച്ച് അധിക്ഷേപിക്കുന്നു. തുടർന്ന് ശാപവാക്കുകളുടെ ഘോഷയാത്ര തന്നെയാണ്.

എത്രയും കോപം കലർന്ന ഭൃഗുമുനി
ചിത്തേ വളർന്ന പരിഭവത്തോടുടൻ
മൃത്യുഞ്ജയ ഭക്തരാമവർ തന്നെയും
പാഷണ്ഡികളായ് ചാകെന്ന ശാപവും
രോഷേണ ചെയ്തു വേഗേന വാങ്ങീടിനാൻ

ദക്ഷൻ ശിവനെ, നന്ദി ദക്ഷനെ, ഭൃഗു നന്ദിയെ ഇങ്ങനെ ശാപം തുടർന്നു. ശാക്തിയിലൂടെ ശാപഫലം. ഇങ്ങനെ അവിടെനിന്നും പോയ ശിവനും ദക്ഷനും തമ്മിലുള്ള വൈരം അനസ്യൂതം തുടർന്നുകൊണ്ടേയിരുന്നു.

നാളുകൾ കടന്നുപോയി. ദക്ഷൻ ബ്രഹസ്പതീസവം എന്നൊരു മഹായജ്ഞം തുടങ്ങി. അതിൽ ബ്രഹ്മർഷിമാരും ദേവന്മാരും പങ്കുകൊണ്ടു. സതിക്കും ശിവനും ക്ഷണമില്ലായിരുന്നു.

പക്ഷെ സതിക്കു പോകണമെന്ന് ആഗ്രഹം തോന്നി. പിതാവിന്റെ അടുത്തു പോകാൻ ക്ഷണമാവശ്യമില്ല എന്നു പറഞ്ഞ് സതി പോകാനൊരുമ്പെട്ടു.

മാതാവിനേയും മഹാ ജ്യേഷ്ഠന്മാരെയും
വ്രാതേന കാണ്മതിന്നാശയുണ്ടെങ്കിലോ
യാഗം കഴിഞ്ഞു പിരിഞ്ഞു പോം മുന്നമേ
വേഗേന ചെന്നു കാണാം കദാചിൽ പ്രിയേ

എന്നൊക്കെ ഭഗവാൻ പറഞ്ഞെങ്കിലും സതി കൂട്ടാക്കാതെ പറപ്പെട്ടു. പക്ഷെ വേണ്ടത്ര സ്വീകരണമവിടെ ലഭിച്ചില്ല. നേരത്തെ തന്നെ ശിവൻ പറഞ്ഞ കാര്യങ്ങളെല്ലാമാണിവിടെ നടക്കുന്നത്. ഇതു ദേവിക്കു മനസ്സിലായി. തന്നെ മാത്രമല്ല, ഭർത്താവിനേയും ആക്ഷേപിക്കുന്നതവർക്കു താങ്ങാനായില്ല. ശിവൻ പരമാത്മാവാണെും ബ്രഹ്മാനന്ദം വേണ്ടവർ ശിവനെ ഭജിക്കണമെന്നുമൊക്കെ ദേവി അവിടെ പറയുന്നുണ്ട്. ശിവന്റെ പദവി അനശ്വരമാണ്. പക്ഷെ നിങ്ങളെല്ലാം നശ്വരരാണ്. എന്റെ ഭർത്താവിനോട് തെറ്റു ചെയ്ത അങ്ങയിൽ നിന്നാണല്ലോ ഞാൻ ജനിച്ചത്. അതു നാണക്കേടായി. ഇങ്ങനെയൊക്കെ പറഞ്ഞ് ദേവി ശരീര ശുദ്ധി വരുത്തി വടക്കോട്ട് നോക്കി നിലത്തിരുന്നു. ദേവി വിയുവിനേയും അഗ്നിയേയും ഭജിച്ചു ശിവനിൽ ധ്യാനിച്ച് ഇരുന്നു. ഞാനിനി ഈ ശരീരം നിലനിർത്തുകയില്ല എന്നു പറഞ്ഞു.

നേരേ വിചാരിച്ചു കാണുകിലിവിടെയി
പ്പാരിലബലമാരായവർക്കു തൽ
പ്രാണനാഥൻ ദൈവമാകിലുമമ്മയും
പ്രാണദാതാവാം പിതാവും വെറുക്കിലോ
മാനസസൗഖ്യമവിടെയതു നിഖി
ലാനന്ദ സാധ്യമനേകമുണ്ടാകിലും
കേവലമാകയാലിന്നിവൻ തങ്കൽ നി
ന്നാവിർഭവിച്ച ശരീരമതിന്നു ഞാൻ
കാരണത്തിങ്കലവനുടെ മുമ്പിൽ വ
ച്ചാരുമിനിയൊരിക്കൽപഴിയാംവണ്ണം
മൂലാനലേ ദഹിപ്പിപ്പനെന്നോർത്തു തൻ
കാലേ മനസംശയം വിട്ടു തന്നുടെ
ഭക്തജനങ്ങൾക്കു വേണ്ടുമഭീഷ്ടസി
ദ്ധ്യാർത്ഥങ്ങളെല്ലാംകൊടുത്തു തെളിഞ്ഞുടൻ
വൈകാതെ യോഗാഗ്നി തന്നിൽ തിരുവുടൽ
വൈകാര്യമെന്നിയേ ഭസ്മമാക്കീടിനാൾ

തങ്ങളുടെ ദേവി ജീവത്യാഗം ചെയ്തതറിഞ്ഞ ശിവഗണങ്ങൾ അവിടെ കണ്ടതെല്ലാം നശിപ്പിച്ചു. കോപാകുലനായ ഭൃഗുമഹർഷി

തപോബലം കൊണ്ട് സൃഷ്ടിച്ച ദേവന്മാർ ഇവരെ നശിപ്പിച്ചു. ദേവിയുടെ ജീവത്യാഗവും ഭൃഗുദേവന്മാരുടെ പരാക്രമവും അറിഞ്ഞ ശിവൻ തന്റെ ജടയിൽനിന്നും വീരഭദ്രനെ സൃഷ്ടിച്ചു. ദക്ഷന്റെ യാഗം നശിപ്പിക്കുവാനും ദക്ഷനെ വധിക്കുവാനുമുള്ള ആജ്ഞയാൽ ദക്ഷയാഗം നടന്ന സ്ഥലമെല്ലാം നശിപ്പിച്ചു. ഭൃഗുവിനെ പിടിച്ചുകെട്ടി. ദക്ഷനെ ബന്ധിച്ചു. ദക്ഷന്റെ തല ഹോമിച്ചു. എല്ലാം നശിപ്പിച്ചതിനുശേഷം ഭൂതഗണങ്ങൾ കൈലാസത്തിലേക്കു പോയി. വളരെ വിശദമായി ഈ ആക്രമണങ്ങൾ നമുക്കിവിടെ കാണാൻ കഴിയും. ശുദ്ധാത്മാവായ പരമശിവനെ ആക്ഷേപിക്കുകയും അദ്ദേഹത്തിന്റെ ദേവിയുടെ ജീവത്യാഗത്തിനു വരെ വഴി തെളിയിക്കുകയും ചെയ്ത സംഭവമാണിവിടെ നടന്നത്.

ചണ്ഡ പരാക്രമന്മാരായ ഭൂതങ്ങൾ
ഖണ്ഡ പരശുനിയോഗികളിങ്ങനെ
ദണ്ഡ മുസല ശൂലങ്ങൾ ധരിച്ചുകൊ
ണ്ടണ്ഡകടാഹം നടുങ്ങുമാറുറ്റമാം
വണ്ണമലറി തിമിർത്തു ചെല്ലുമ്പോഴും
തന്നെയെന്നക്കൊല ചെയ്യുമെന്നോർത്തഹോ
വിണ്ണവരും മുനിമാരും പരവശാൽ
മന്നിടം ചെമ്മേക്കുലുക്കിയോടീടിനാർ

അവസാനം എല്ലാവരും ബ്രഹ്മാവിൽ അഭയം പ്രാപിച്ചു. അദ്ദേഹത്തിന്റെ അഭിപ്രായപ്രകാരം ശിവനെ സമീപിച്ച് ക്ഷമാപണം നടത്താനൊരുങ്ങി. ഇങ്ങനെ ബ്രഹ്മാവും കൂടി കൈലാസത്തിലേക്ക് യാത്രയായി. വഴിയിൽവെച്ച് അളകനന്ദ എന്ന നദി കണ്ടു. അവസാനം പേരാലിന്റെ ചുവട്ടിൽ ഭഗവാൻ ഇരിക്കുന്നതും കണ്ടു. ഭഗവാനെ കണ്ട ബ്രഹ്മാവ് ശിവനെ സ്തുതിച്ചു:

കോഴയൊഴിഞ്ഞു കണ്ടാനന്ദ ചേതസാ
പാദം നമസ്കരിച്ചാൻ വിധാതാവതി
സാദം കലർന്നു മുനിസുര വൃന്ദവും
വീണു നമസ്കരിച്ചീടിനാരാശു തൽ
പ്രാണരക്ഷാശയാ ദേവൻ വിധി തദാ
പാദേ നമസ്കരിച്ചാരൂഢ ഭക്തിചേർ
ന്നാദരവോടു നിന്നീടുന്നളവഥ
മോദേന ശ്രീപരമേശ്വരൻ ശങ്കരൻ
ധാതാവിനേയും നമസ്കരിച്ചീടിനാൻ

യജ്ഞം പൂർണ്ണമാക്കിത്തരണമെന്നപേക്ഷിച്ചു. ശിവൻ സമ്മതിച്ചു. ദക്ഷന്റെ തലയിൽ ആടിന്റെ തല വെച്ചു പിടിപ്പിച്ചു. അങ്ങനെ എല്ലാവരിലും മാറ്റങ്ങൾ ഉണ്ടാക്കി. സാക്ഷാൽ നാരായണനുമവിടെയെത്തി. അദ്ദേഹം ദക്ഷനോടു പറഞ്ഞു:

സർവ്വ ജനങ്ങളും കേൾക്കുമാറാദരാ
ലുർവരാനായകൻ ദക്ഷപ്രജാപതി
തന്നെ വിളിച്ചാനെടോ ചതുരാനനാ
നന്ദനനാകിയ ദക്ഷപ്രജാപതേ
വന്നാലുമിങ്ങരികത്തു മദ്വാണികൾ
ദുർന്നയമെല്ലാം കളഞ്ഞു കേട്ടീടുക
ഞാനെന്ന ഭാവമകലെ കളഞ്ഞു നീ
താനാത്മ സന്നിധി ചേർന്നു നിരന്തരം
മത്സരാദ്യങ്ങളാം ദോഷങ്ങളെ ത്യജി
ച്ചുൾത്താരിൽ ആനന്ദമുൾക്കൊണ്ടനാരതം

ഇങ്ങനെ പറഞ്ഞു. ധർമ്മമെന്താണെന്നു ദക്ഷനെ മനസ്സിലാക്കിക്കുകയാണ്.

ദൈവസങ്കൽപ്പങ്ങളിലൂടെ സ്വന്തം കർമ്മത്തെ അനുഷ്ഠിക്കുമ്പോഴാണ് അത് യഥാർത്ഥ കർമ്മമായി മാറുന്നത്. ധർമ്മം അധികാരമോ അഹങ്കാരമോ അല്ല. വലിയ സ്ഥാനം നേടാനും ഞാനെന്ന ഭാവം കാണിക്കാനോ ഉള്ളതല്ല. മറിച്ച് സ്വന്തം കർത്തവ്യം ഈശ്വരാർപ്പിതമായി ചെയ്യുകയാണ് വേണ്ടത്. ഭഗവാനെ പ്രാർത്ഥിച്ചതുകൊണ്ട് അഹങ്കാരം ശമിച്ച ദക്ഷൻ ശുദ്ധനായി യാഗം പൂർത്തിയാക്കി.

ഇവിടെ ദക്ഷന്റെ യാഗവും ദേവിയുടെ വിയോഗവും പിന്നീട് ദക്ഷനു മാനസാന്തരം വന്നതുമെല്ലാം മനുഷ്യൻ എങ്ങനെ മാറണമെന്നു മനസ്സിലാക്കിക്കുന്നതിനു വേണ്ടിയാണ്. എല്ലാ ധർമ്മശാസ്ത്രങ്ങളും നാം എന്തു സ്വീകരിക്കണമെന്നും എന്തു പുറംതള്ളണമെന്നും വ്യക്തമായി നമ്മെ പഠിപ്പിക്കുന്നു. പഴയകാലത്തു നാം പാലിച്ചുപോന്ന മൂല്യങ്ങൾ ഇന്നും അതുതന്നെയായി നിൽക്കുന്നു. മൂല്യങ്ങൾക്കല്ല ച്യുതി സംഭവിക്കുന്നത്. നമ്മുടെ മനോഭാവത്തിനാണ്. പൂർവ്വികരും നമ്മളും തമ്മിൽ വളരെ സാമ്യമുണ്ട്. ഭഗവാൻ ഗീതയിൽ പറയുന്നു:

അഭയം സത്ത്വ സംശുദ്ധിഃ ജ്ഞാനയോഗ
വ്യവസ്ഥിതിഃ
ദാനം ദമശ്ച യജ്ഞശ്ച സ്വാദ്ധ്യായ സ്തപ
ആർജ്ജവം

ഭയമില്ലായ്മ, അന്തഃകരണശുദ്ധി, ജ്ഞാ

നയോഗ നിഷ്ഠ, സ്വാദ്ധ്യായവും തപസ്സും, ആർജ്ജവം ഇവയെല്ലാം തന്നെ ഋഷിമാരുടെ വെറും വാക്കുകളല്ല. മറിച്ച് ശാസ്ത്രീയാടിസ്ഥാനത്തിൽ മനസ്സിലാക്കിയാൽ മനുഷ്യമനസ്സിൽ അടിഞ്ഞുകൂടിക്കിടക്കുന്ന ഞാനെന്ന ഭാവത്തെ മാറ്റി ധർമ്മത്തിനും മൂല്യങ്ങൾക്കും പ്രാധാന്യം കൊടുക്കാനുതകുന്ന വിധത്തിൽ വ്യാസൻ നമുക്കു സമ്മാനിച്ച സുവർണ്ണ ലിപികളാണെന്നു കാണാം.

അടുത്തതായി മൈത്രേയമഹർഷി വിവരിക്കുന്നത് ധ്രുവന്റെ കഥയാണ്. മനുവിന്റെ പുത്രന്മാരാണ് ഉത്താനപാദനും പ്രിയവ്രതനും. ഉത്താനപാദൻ രാജാവായി. ഉത്താനപാദന് രണ്ടു ഭാര്യമാരുണ്ട്, സുനീതിയും, സുരുചിയും. ഇവരിൽ രാജാവിന് സുരുചിയിലാണ് കൂടുതൽ താല്പര്യം. സുനീതിയുടെ പുത്രൻ ധ്രുവൻ, സുരുചിയുടെ പുത്രൻ ഉത്തമൻ. സുനീതിയും ധ്രുവനും രാജകൊട്ടാരത്തിൽനിന്ന് കുറച്ചു മാറിയാണ് താമസിച്ചിരുന്നത്. ഒരു ദിവസം കളിച്ചുകൊണ്ടിരുന്ന ധ്രുവൻ രാജാവിനേയും രാജാവിന്റെ മടിയിലിരിക്കുന്ന ഉത്തമനേയും കണ്ടു. അച്ഛന്റെ മടിയിലിരിക്കാൻ ധ്രുവന് ഒരാഗ്രഹം,. അവിടെ കൊഞ്ചി നിന്ന ധ്രുവനോട് സുരുചി പറഞ്ഞു,

വന്നു ഭൂപാലകൻ തന്നെ തൊടായ്ക ചെ
ന്നങ്ങകലെ പോയി നിന്നു കരക നീ
മന്നവോത്സംഗമേറീടുവാനെൻ മക
നെന്നിയേ മറ്റൊരു യോഗ്യരില്ലാരുമേ
നിന്നുള്ളിലതിനാഗ്രഹമെങ്കിലോ
ചെന്നു നാരായണൻ തന്നെ ബ്ഭജിക്ക നീ

ഇതു കൂടാതെ, അങ്ങനെ ഭജിച്ചു നീ എന്റെ ഗർഭപാത്രത്തിൽ ജനിച്ച് രാജാവിന്റെ അടുത്തു പോകണമെന്നും പറയുന്നു. ധ്രുവനു സങ്കടമായി.

ന വത്സ! നൃപതേർ ധിഷ്ണ്യം ഭവാനേരോഢുമഹർതി
നഗ്ര ഹീതോ മയാ യത്ത്വം കുക്ഷാവപി നൃപാത്മജഃ
ബാലോ ള സി ബത നാത്മാനമന്യസ്ത്രീ ഗർഭസംഭൃതം
നൂനം വേദ ഭവാൻ യസ്യ ദുർല്ലഭേ ള ർത്ഥേ മനോരഥഃ
തപസാര ള്ള ധ്യ പുരുഷം തസ്യൈ വാനുഗ്രഹേണ മേ
ഗർഭേ ത്വം സാധയാത്മാനം യദീഛസി നൃപാസനം

മകനേ നീ രാജാവിന്റെ മടിയിൽ ഇരിക്കാനർഹനല്ല. എന്തുകൊണ്ടെന്നാൽ നീ എന്റെ ഗർഭത്തിൽ ജനിച്ചവനല്ല. രാജാവിന്റെ മടിയിലിരിക്കാനാഗ്രഹിക്കുന്നെങ്കിൽ അതിനു മുൻപ് എന്റെ ഗർഭത്തിൽ നിനക്ക് ജനിക്കേണ്ടി വരും. അതിനായി നീ തപസ്സനുഷ്ഠിക്കൂ. പ്രാർത്ഥന ചെയ്ത് ഈശ്വരനെ പ്രസാദിപ്പിക്കൂ.

സങ്കടം സഹിക്കാൻ ധ്രുവനു കഴിഞ്ഞില്ല. അച്ഛന്റെ മടിയിലിരിക്കാൻ ഇത്ര പ്രയാസമോ. അദ്ദേഹം രാജാവു മാത്രമല്ല, തന്റെ അച്ഛൻ കൂടിയാണ്. അതുപോലെ തന്റെ ചെറിയമ്മയുടെ മടിയിലിരിക്കാൻ നാരായണനെ തപസ്സു ചെയ്ത് അവരുടെ മകനായി പിറക്കണം. തപസ്സ് എന്തിനുവേണ്ടിയാണ് ചെയ്യുന്നത്. ലോകനന്മക്കുവേണ്ടിയല്ലേ. ഇങ്ങനെയെല്ലാം ചിന്തിച്ച് ധ്രുവന് സങ്കടമായി. അസൂയയും കുശുമ്പും ഞാനെന്ന ഭാവവും സുരുചിയുടെ സാമാന്യബോധത്തെ നശിപ്പിച്ചു. കുട്ടിയുടെ സങ്കടം മുഴുവൻ അമ്മയുടെ അടുത്തെത്തി പറഞ്ഞു. സുനന്ദ ചോദിച്ചു, അച്ഛനെ കണ്ടില്ലേ? എന്തിനാണ് കരയുന്നത്? ധ്രുവൻ പറഞ്ഞു, അച്ഛനവിടെ സിംഹാസനത്തിൽ അമ്മ സുരുചിയുമൊപ്പം ഇരിക്കുന്നു. അച്ഛൻ ഉത്തമനെ വാരിയെടുക്കുന്നതു കണ്ടപ്പോൾ എനിക്കും ഒരാഗ്രഹം തോന്നി. ശരിയല്ലേ കുട്ടിക്കുണ്ടായ ആഗ്രഹം. സുരുചി പറയുകയാണ്,

മണ്ടിവന്നെന്തിനു നീ നൃപസന്നിധൗ
കുൺഠത പൂണ്ടു നിന്നങ്ങുഴന്നീടുന്നു?
പൈതേൻ മൊഴി തവ മാതാ സുനീതി ത
ന്നന്തികേ പോക നിന്നെന്തിനു വൈകുന്നു

നിനക്ക് രാജാവിനെ തൊടാനും സാധിക്കില്ല, രാജാവിനു നിന്നെ കാണുകയും വേണ്ട. അഥവാ കാണണമെങ്കിൽ നാരയണനെ ഭജിക്കുക. കൂടാതെ എന്റെ ഗർഭപാത്രത്തിൽ വന്നു ജനിച്ച് വളരുമ്പോൾ നിന്റെ അച്ഛന്റെ മടിയിലിരിക്കാം. സുനീതിക്കു സങ്കടം വന്നുവെങ്കിലും സുനീതി പറഞ്ഞു,

മാ മംഗളം താത പരേഷുമംസ്ഥാ ഭുംക്തേ
ജനോയത് പര ദുഃഖദസതത്

ആരിലും ദോഷം വക്കണ്ട. കാരണം നമ്മളനുഭവിക്കുന്നത് നമ്മുടെ കർമ്മഫലമാണ്. ഭഗവാനെ സ്മരിക്കാനാണ് ചിറ്റമ്മ പറയുന്നത്. അവർ പറയുന്നത് സാക്ഷാൽ നാരായണനെ ഭജിക്കാനാണ്.

സാക്ഷാൽ മുകുന്ദനെ സ്സേവിച്ചുകൊൾകയെ
ന്നാക്ഷേപമാകിലും ചൊന്നതവളല്ലോ
നല്ല വചനങ്ങളെല്ലാവരും ചൊല്ലു
മെല്ലാർക്കുമാശ്രയമല്ലോ ജഗന്മയൻ
തൽ പ്രസാദത്താലൊഴിഞ്ഞു മറ്റേതുമൊ
ന്നിപ്രപഞ്ചത്തിങ്കലേതും വരാ ദൃഢം
വിശ്വേശരനെ പരമാത്മനിസർവവും
വിശ്വസിക്കേണമുണ്ണി! സദാ കാലവും

ഇതാണ് അമ്മ ഉപദേശിച്ചത്. ഈശ്വര പൂജയിലൂടെ മനുവിനു ലഭിച്ചതും നന്മയല്ലേ എന്നിങ്ങനെയുള്ള നന്മയുടെ വാക്കുകൾ അമ്മ പറയുന്നതു കേട്ടു ധ്രുവൻ ഇറങ്ങിത്തിരിച്ചു, അമ്മയെ നമസ്കരിച്ച് അനുഗ്രഹവും വാങ്ങി.

ചാരു സരോജനേത്രൻ പദാംഭോരുഹം
മാനസതാരിലുറപ്പിച്ചു ഭക്തനായ്
ആനന്ദമോടെ നടന്നു തുടങ്ങിനാൻ

ഇങ്ങനെ പോകുന്ന വഴി നാരദരെ കണ്ടുമുട്ടി. അദ്ദേഹം കാര്യങ്ങളാരാഞ്ഞു. നീ എവിടേക്കാണ്, എന്തിനാണ് ഇങ്ങനെയുള്ള നാരദരുടെ ചോദ്യം ധ്രുവനെ വേദനിപ്പിച്ചു. നാരദർക്കാണെങ്കിലോ ഈ കുമാരനെ കണ്ടപ്പോൾ

അഹോ തേജഃ ക്ഷത്രിയാണാം മാനഭംഗമ
മൃഷ്യതാം
ബാലേ ഉ പ്യയം ഹൃദാ ധത്തേ യത് സമാ
തു സദ്വചഃ

ഇതെന്തെടോ

നിന്നുടെ സാഹസം? എന്നൊരു ചിന്തപൂ
ണ്ടിന്നു നീയിങ്ങനെ താന്തന്നെ മെല്ലവേ
പോകുന്നതെങ്ങെവിടേക്കു നിന്നുള്ളിലെ
ന്താകുന്നതെന്നഭിപ്രായം പറക നീ

ഇതുകേട്ടു ധ്രുവൻ പൊട്ടിക്കരഞ്ഞു.

സുരുചിയാമമ്മതൻ
ഉൾക്കാമ്പു പൂൺപെട്ടെനിക്കു നൊന്തീടുന്നു
തൽ ക്ലേശമെല്ലാമൊഴിച്ചു ശുഭം നൽകി
യുൾക്കനിവോടിങ്ങനുഗ്രഹിക്കേണമേ

ഇതു കേട്ട നാരദൻ പല യുക്തികളും പറഞ്ഞു ധ്രുവനെ ഇതിൽ നിന്നു പിൻതിരിപ്പിക്കുവാൻ ശ്രമിച്ചു.

യത് പ്രസാദം സ വൈ പുംസാ
ദുരാരാധ്യോ മതോ മമ

ഈശ്വരനെ തപസ്സു ചെയ്ത് ആരാധിക്കുന്നത് എളുപ്പമുള്ള കാര്യമല്ല. അതിനാൽ നീ മടങ്ങിപോയി അമ്മയോടൊത്തു കഴിയുക. പക്ഷെ ധ്രുവന്റെ മറുപടി നാരദനെ തൃപ്തിപ്പെടുത്തി.

നാരദൻ സുനിതിയോടു പറഞ്ഞു നിങ്ങൾ ദുഃഖിക്കേണ്ട. നാരായണന് പ്രിയനായി അവൻ വരും. അമ്മയും നാരായണനിൽ സകലതും അർപ്പിച്ചു കഴിയണം. നിനക്കു നല്ലതു വരും. അതിനുവേണ്ടി ഇന്ദ്രിയങ്ങളെ ജയിച്ച് ഭഗവദ്രൂപത്തിൽ മനസ്സിനെ നിർത്തുക. നിത്യവും യമുനാനദിയിൽ കുളിച്ച് ശ്വാസത്തെ നിയന്ത്രിച്ച് ഭഗവദ് മന്ത്രം ജപിച്ച് ആഹാരവും മനസ്സും നിയന്ത്രണവിധേയമാക്കുന്നതെങ്ങനെയെന്നും നാരദൻ പഠിപ്പിച്ചു. മധുവനത്തിലേക്കു പോകാനും പറഞ്ഞു. അവിടെ തപസ്സനുഷ്ഠിക്കാനുള്ള സ്ഥലവും കണ്ടുപിടിച്ചു. ചെറിയ കുട്ടിയായാലും നിശ്ചയം ദൃഢമായാൽ ഏതു സംഗതിയും നേടാമെന്നും അതിനുള്ള വഴി എത്ര സാഹസികത നിറഞ്ഞതായാലും ചെയ്യണമെന്നും ഇവിടെ നാം മനസ്സിലാക്കുകയാണ്. ദൃഢനിശ്ചയം ഉള്ളവർ ലക്ഷ്യം നേടും. ഏൾ നൈറ്റിംഗേൽ എന്ന മഹാൻ വിജയത്തെ നിർവ്വചിക്കുന്നത് ഒരു ലക്ഷ്യത്തെ ആധികാരികമായും ഐശ്വര്യപൂർണ്ണമായും പുരോഗതിയെ നോക്കിക്കാണുമ്പോൾ ലക്ഷ്യം നേടാമെന്നാണ്. ഇവിടെ ധ്രുവൻ തന്റെ ചെറിയമ്മയുടെ വാക്കുകൾ വേദനയോടെ തന്നെ മനസ്സിലാക്കി മഹാവിഷ്ണുവിന്റെ പദം പ്രാപിച്ചാൽ മാത്രമേ നിനക്കു രക്ഷയുള്ളൂ, അതു ലക്ഷ്യമാക്കി കഠിന തപസ്സു ചെയ്യാൻ തയ്യാറായി. അതുകൊണ്ടാണ് നാരദൻ പറഞ്ഞത്,

സുദഷ്ക്കരം കർമ്മകൃത്വാ ലോകപാലൈ
രപി പ്രഭുഃ
ഏഷ്യര്യ ചിരതോ രാജൻ യശോ വിപുലയം
സ്തവ

ആരും ഇതിനു മുൻപ് ചെയ്യാത്ത രീതിയിൽ പ്രവർത്തിക്കും അങ്ങനെ നിങ്ങളുടെ ഒക്കെ കീർത്തി വർദ്ധിപ്പിച്ച് അതിപ്രശസ്തനായി മാറും. അതുകൊണ്ട് വിഷമിക്കേണ്ട എന്നൊക്കെ ഉത്താനപാദനോട് നാരദർ പറയുന്നുണ്ട്.

ധ്രുവനാണെങ്കിലോ മധുവനത്തിൽ തപസ്സു തുടങ്ങി. ആഹാരവും ഇന്ദ്രിയങ്ങളേയും നിയന്ത്രിച്ച് ഈശ്വരനെയല്ലാതെ വേറൊരു ചിന്തയുമില്ല. ഇങ്ങനെ കഠിനമായ തപസ്സു ചെയ്തപ്പോൾ ഒറ്റക്കാൽ അമർന്നിരുന്ന ഭൂമിയുടെ പകുതി ഭാഗം താഴ്ന്നുപോയിയെന്നും ദേവന്മാർക്ക് ശ്വസോഛ്വാസം പ്രയാസമായി തീർന്നുവെന്നും പറയുന്നു. ദേവന്മാർ ഭയന്ന് വിഷ്ണുവിനെ സമീപിച്ചു. ഭഗവാൻ പറഞ്ഞു, ധ്രുവൻ തന്റെ

മനസ്സും പ്രണനുമെല്ലാം ഭഗവാനിലർപ്പിച്ചതുമൂലം ബ്രഹ്മാണ്ഡത്തിനിങ്ങനെ സംഭവിച്ചു. അതുകൊണ്ടു ഞാൻ,

പ്രാണികൾക്കിന്നിതു ഞാനൊഴിച്ചീടുവാൻ
നൂനമൻപോടവനങ്ങു വേണ്ടും വരം
ദാനവും ചെയ്തു തപസ്സൊഴിച്ചാലുടൻ
തീരും ജഗൽ സങ്കടങ്ങളതി
ന്നാരും ദു:ഖിയായ്ക ഞാനിന്നു പോകുന്നു

ദേവന്മാർ പറഞ്ഞതു കൂടാതെ മൈത്രേയമഹർഷി പറയുന്നു, ഭക്തരെ കാണാൻ ധ്രുവനു തിടുക്കമായെന്നും അതായത് ഭക്തദിമൃക്ഷയാഗതഃ, ഭക്തനെ കാണാനുള്ള അത്യാഗ്രഹത്തോടുകൂടി പോയിയെന്നാണ്. അവിടെയോ

പ്രണങ്ങളെ പരമാത്മനി ചേർത്തുകൊ
ണ്ടാനന്ദമാത്മ നിലീനനാം ബാലനും

തന്റെ ശ്വാസഗതികളെപ്പോലും ഓർമ്മിക്കാതെ ഒറ്റക്കാലിൽ നിന്നുകൊണ്ടു ധ്യാനനിമഗ്നനായിരിക്കുന്നു. ഇവിടെ നാം മനസ്സിലാക്കേണ്ടത് സാധാരണക്കാരായ നാം ഭൗതിക കാര്യങ്ങളിൽ ആമഗ്നരാകുമ്പോൾ ഈശ്വരനെ കാണുന്നത് എല്ലാം തരുന്ന ഒരു വ്യക്തിയായി മാത്രമാണ്. നമ്മുടെ സുഖദുഃഖങ്ങളിൽ പങ്കുവെക്കുന്ന ഒരു നല്ല കൂട്ടുകാരൻ അല്ലെങ്കിൽ രക്ഷിതാവ് എന്നൊക്കെ. നമ്മുടെ ആവലാതികളും പരിഭവവും ഒക്കെ ആ പാദങ്ങളിൽ സമർപ്പിക്കും. നമ്മുക്ക് പരബ്രഹ്മത്തെക്കുറിച്ച് അറിവു ലഭിക്കുമ്പോൾ മാത്രമേ സത്യം മനസ്സിലാകുകയുള്ളൂ. നമ്മുടെ ജീവിതാനുഭവങ്ങളെ ഉണ്ടാക്കുകയും പരിപാലിക്കുകയും സംഹാരിക്കുകയും ചെയ്യുന്നു എന്നുള്ളതു മാറി നമ്മുടെ ഊർജ്ജമാണ് പരമസത്യം എന്നു മനസ്സിലാക്കുന്നതും ഇത്തരം വിവരണളിലൂടെയാണ്. പക്ഷെ പരബ്രഹ്മത്തെക്കുറിച്ചുള്ള അവഗാഹമായ പാണ്ഡ്യത്യം നേടുമ്പോൾ എല്ലാ അനുഗ്രഹങ്ങളും നമ്മളിലേക്കെത്തുമെന്ന് ഇവിടെ വിവരിക്കുന്നു. തപസ്സു ചെയ്യാൻ വന്ന ധ്രുവൻ പ്രത്യേക ഉദ്ദേശം മനസ്സിൽ കരുതിയിരുന്നു. പക്ഷെ ഇപ്പോൾ അതെല്ലാം മറന്ന് പറയുന്നു, മോക്ഷദായകനായ അവിടുന്ന് ഭക്തന്മാരുടെ ആഗ്രഹങ്ങൾ സാധിച്ചു കൊടുക്കുന്ന അനന്തമായ ആനന്ദമാണ്. ഇതുകേട്ട ഭഗവാൻ രാജകുമാരന്റെ ആഗ്രഹം എനിക്കറിയാം. നിനക്കതിനുള്ള വരം തരുന്നുവെന്നും,

നിന്നുടെ ഭക്തി വിശ്വാസങ്ങൾ കാൺകയാ
ലെന്നുള്ളമേറ്റം പ്രസാദിച്ചിതിന്നെടോ
നിന്നിലതിശയ സ്നേഹവും മാനസേ
വന്നു വേരൂന്നി പടർന്നിതു കേവലം

അങ്ങനെ ധ്രുവൻ തന്റെ ആഗ്രഹങ്ങളെല്ലാം സാധിച്ച് തിരികെ പോയി. ആറു മാസങ്ങൾകൊണ്ട് ഭഗവാന്റെ ദർശനം സാധ്യമായി. സനകൻ തുടങ്ങിയവർ പോലും അനേകം ജന്മങ്ങൾ കൊണ്ടാണ് ഭഗവദ്തത്ത്വമറിഞ്ഞതെന്നും പക്ഷെ രാജൈശ്വര്യമാണ് താനാവിശ്യപ്പെട്ടത് എന്നൊക്കെ ചിന്തിച്ചു രാജധാനിയിലെത്തി. ഭഗവാന്റെ അനുഗ്രഹം വാങ്ങി വരുന്ന മകനെ കണ്ട് രാജാവ് സന്തോഷിച്ചു. പിന്നെ അമ്മമാരേയും വണങ്ങി. പിതാവ് ധ്രുവനെ രാജ്യഭാരം ഏല്പിച്ചു.

പിന്നെ പിതാവഭിഷേകവും ചെയ്തവൻ
തന്നെ വാഴിച്ചു വാർദ്ധക്യ കാലേ മുദാ
ചെന്നു തപോവനം പുക്കു നാരായണൻ
തന്നെ സ്മരിച്ചു ഗതിയും വരുത്തിനാൻ

പിന്നീടു ധ്രുവൻ പ്രജാപതിയുടെ മകൾ ഭൂമിയെ വിവാഹം ചെയ്തു. രണ്ടു പുത്രന്മാരുണ്ടായി. സഹോദരനായ ഉത്തമൻ വിവാഹം കഴിച്ചില്ല. നായാട്ടിനു പോയ ഉത്തമനെ ഒരു യക്ഷൻ വധിച്ചു. ഉത്തമന്റെ വിവരമറിഞ്ഞ ധ്രുവൻ കോപാകുലനായി. ചില സമയങ്ങളിൽ ഏതു വ്യക്തിയും വികാരത്തിനടിമപ്പെടും. അവൻ ഏതു ബ്രഹ്മത്തെ തിരിച്ചറിഞ്ഞാലും. ഒരു നിമിഷം ചിന്തിക്കാതെ ധ്രുവൻ യക്ഷലോകത്തു ചെന്ന് യുദ്ധംചെയ്തു യക്ഷന്മാരെ കൊന്നൊടുക്കി. ഇതുകണ്ട മനു ധ്രുവനെ തടഞ്ഞു. ഇവിടെ മനുവിന്റെ വാക്കുകൾ ശ്രദ്ധേയമാണ്. ഓരോരുത്തരും അനുഭവിക്കുന്നത് അവരവർ ചെയ്യുന്ന കർമ്മഫലത്താലാണ്. പക്ഷെ ആളുകൾക്കു താല്പര്യം അവരവരുടെ പ്രവർത്തി മറ്റുള്ളവരുടെ മേൽ ആരോപിച്ചു രക്ഷ നേടുകയെന്നതാണ്. ഇതുതന്നെയാണ് ധ്രുവനും ചെയ്യുന്നത്. ഒരു യക്ഷൻ ചെയ്ത കുറ്റത്തിന് ശിക്ഷിക്കപ്പെടുന്നത് ധാരാളം കുറ്റംചെയ്യാത്ത യക്ഷന്മാരാണ്. കൊന്നത് യക്ഷനല്ല, ഈശ്വരേഛയാണ്. ഭഗവാൻ ഗീതയിൽ പറയുന്നുണ്ട്,

ജാതസ്യ ഹി ധ്രുവോ മൃത്യുഃ ധ്രുവം ജന്മ
മൃതസ്യ ച
ദസ്മാദ് പരിഹാര്യേ ഉ ർത്ഥേ നത്വം ശോ
ചിതു മർഹസി

ജനിച്ചവന് മരണം തീർച്ചയാണ്, മരിച്ചവന് ജന്മവും. പരിഹാരമില്ലാത്ത ഇക്കാര്യത്തിൽ നീ സങ്കടപ്പെടരുത്.

അനേക രൂപിയായ ഭഗവാനിൽ അഭയം പ്രാപിക്കുക. അനന്തമായ ആ ആനന്ദത്തിൽ നിനക്കു ഭക്തിയുണ്ടാവാൻ ശ്രമിക്കുക തുടങ്ങി കോപം ഇല്ലാതാക്കാനുള്ള അറിവു നേടാനും ധ്രുവനെ ഉപദേശിച്ചു. ഇതു കേട്ട ധ്രുവൻ യുദ്ധം നിറുത്തി. ഈ വാർത്ത കേട്ട കുബേരൻ ധ്രുവന്റെ അടുത്തെത്തി വരം കൊടുക്കാൻ തയ്യാറായി. ധ്രുവൻ ഭക്തിയില്ലാത്ത വരമൊന്നും ആവശ്യമില്ലായെന്നാണ് മറുപടി പറഞ്ഞത്. അപ്രകാരം കുബേരൻ വരം കൊടുത്തു. ഇങ്ങനെ മനുവിന്റെ ഉപദേശവും കുബേരന്റെ വരവും ധ്രുവനിൽ ഭക്തി വളർത്തി. നാരായണനിൽ അചഞ്ചലമായ ഭക്തി അതായിരുന്നു ധ്രുവന്റെ ആവശ്യം. കുബേരൻ അങ്ങനെ ആകട്ടെയെന്നു പറഞ്ഞു അനുഗ്രഹിച്ചു. ധ്രുവൻ രാജധാനിയിലേക്കു തിരികെ പോയി.

മനുവിന്റേയും കുബേരന്റേയും വാക്കുകൾ ധ്രുവന്റെ മനസ്സിൽ ഭക്തിയുടെ ആഴം കൂട്ടി. അദ്ദേഹം പിന്നീട് ധാരാളം യാഗങ്ങൾ നടത്തി. എല്ലാ ജീവജാലങ്ങളിലും ഭഗവാനെ ദർശിച്ചു. സത്കർമ്മങ്ങൾ നടത്തി. പുത്രൻ വത്സരനെ രാജഭാരം ഏൽപ്പിച്ചു ബദര്യാശ്രമത്തിലെത്തി തപസ്സാരംഭിച്ചു. അവിടെയിരുന്ന് ഭഗവദ്‌രൂപത്തിൽ മനസ്സുറപ്പിച്ച് ജീവമുക്തനായിത്തീർന്നു. അവിടെ ധ്രുവന്റെ അന്ത്യത്തെക്കുറിച്ച് വിവരിക്കുന്നത് പൂർണ്ണചന്ദ്രനേപ്പോലെ പ്രകാശമാനമായ വിമനത്തിൽ വിഷ്ണുപാർഷദന്മാർ വന്നു കൂട്ടിക്കൊണ്ടു പോയിയെന്നാണ്. അവർ ത്രിലോകങ്ങളേയും സപ്തർഷികളേയും കടന്ന് വിഷ്ണു പാദത്തിലെത്തി. ഇതാണ് ധ്രുവപദം. ഇതു സ്വന്തം പ്രകാശത്തിൽ പ്രകാശിക്കുന്നുവെന്നു പറയപ്പെടുന്നു. അഞ്ചു വയസു മുതൽ ഭഗവദ് പാദസേവ ചെയ്തു ഭഗവാനെ പ്രത്യക്ഷപ്പെടുത്തി ധ്രുവൻ.

മൃത്യോർ മൂർദ്ധ്നി പദം ദത്വാ
ആരുരോഹാത്ഭുതം ഗൃഹം

മൃത്യുവിന്റെ തലയിൽ കാൽ ചവിട്ടി സിംഹാസനത്തിലിരുന്നു. മൃത്യുവിനേക്കാളും അതീതനാണെന്നു കാണിക്കാനാണിങ്ങനെ വിവരിക്കുന്നത്. ഇവിടെ ഭക്തിയുടെ മാഹാത്മ്യവും പ്രാധാന്യവും ധ്രുവനിൽ നിന്നും മനസ്സിലാക്കാൻ കഴിയും. ചിലർ കാര്യസാധ്യത്തിനു വേണ്ടി ഭഗവാനെ സ്മരിക്കും. അതുകഴിഞ്ഞാൽ കഴിഞ്ഞു. അതുകൊണ്ടാണ് നാരദൻ ധ്രുവനെ പ്രകീർത്തിച്ചു പാടിയത്. ഇവിടെ വിദുരർ പല കാര്യങ്ങൾക്കും ഉത്തരം ആവശ്യപ്പെടുന്നുവെങ്കിലും മൈത്രേയൻ മറുപടി പറഞ്ഞില്ല. ഈ കഥകളെല്ലാം കേട്ടു കഴിഞ്ഞാൽ ഉണ്ടാകുന്ന ഫലമെന്താണ്.

ഇങ്ങനെയെല്ലാം ധ്രുവ ചരിതത്തെയൊ
ട്ടിങ്ങു സംക്ഷേപിച്ചു ചൊല്ലിയതീ ദൃശം
തിങ്ങുമാനന്ദ രസം പൂണ്ടു ചൊൽകിലു
മങ്ങതി കൗതുകമുൾക്കൊണ്ടു കേൾക്കിലും
വന്നു കൂടീടും ദുരിത വിനാശനം
പിന്നെയൊടുക്കത്തു മോക്ഷവും നിർണ്ണയം

ഇനി പറയുന്ന ഭാഗം ധ്രുവന്റെ സന്തതി ചരിതമാണ്.

*(തുടരും)*

*****

# മുക്തകം

**പ്രൊഫ. അംബുജാക്ഷി**

*(പത്രങ്ങളിലൂടെ കണ്ണോടിക്കുമ്പോൾ തോന്നിയത്)*

പത്രം വർജ്ജിതമാക്ക,
ചോരയൊഴുകും
ചിത്രങ്ങളാണെറെയും.
വെട്ടിക്കൊല്ലുക, കാറിടിക്കുക.
ബലാൽസംഗങ്ങൾ,
സ്ത്രീഹത്യകൾ, കുട്ടിപ്പീഡകൾ,
ബാങ്കുകൊള്ളകൾ, കുടിക്കഞ്ചാവു
നൃത്തങ്ങളും, വസ്ത്രത്തോട്
വിരക്തിവന്നവർ
ചിലർ കാട്ടും പരസ്യങ്ങളും.

# ഭാരതത്തിന്റെ ശാസ്ത്രവൈപതൃകം - 3

**സി. രാമചന്ദ്രൻ - 9995820684**

**കാ**ലം, ദിശ, സമയം എന്നിവയെ ആകാശവുമായി ബന്ധപ്പെടുത്തിക്കൊണ്ട് മനുഷ്യൻ കാർഷിക ജീവിതം ക്രമീകരിച്ചതെങ്ങിനെ എന്നു നാം കണ്ടതാണല്ലോ. സംസ്കാരങ്ങൾ തമ്മിൽ തമ്മിലുള്ള കൊടുക്കൽ വാങ്ങലുകളുടെ ഫലമായി ആകാശചിത്രങ്ങൾ പലതും പൊതുവേ എല്ലായിടത്തും പൊരുത്തമുള്ളതായിരുന്നു. ഉദാഹരണമായി സൗരരാശിയുടെ ചിത്രങ്ങൾക്ക് ഭൂഖണ്ഡാന്തരമായിത്തന്നെ സാമ്യമുണ്ടായി എന്നതും ആഴ്ചയിലെ ദിവസങ്ങൾക്ക് അന്നു ഗ്രഹങ്ങളെന്നു ധരിച്ചിരുന്നവയുടെ പേരു നൽകിയിരിക്കുന്നതും നാം ശ്രദ്ധിച്ചുകഴിഞ്ഞതാണല്ലോ. ഭാരതത്തെ സംബന്ധിച്ചും ഇതെല്ലാം ബാധകമാണ്. വേദങ്ങളിലും പുരാണങ്ങളിലും ബ്രാഹ്മണങ്ങളിലും ആകാശത്തെ സംബന്ധിച്ച പരാമർശങ്ങൾ പരന്നു കിടക്കുന്നുണ്ട്. പിന്നീടുണ്ടായ ജൈനമതത്തിനും ജ്യോതിശാസ്ത്രം പ്രധാനമായിരുന്നു. മഹാവീരൻ രചിച്ച 'സൂര്യപ്രതാപി'യും ഭദ്രബാഹു രചിച്ച 'ജംബുദ്രപ്രജ്ഞാപി'യും ആകാശസംബന്ധിയായ കാര്യങ്ങളുൾക്കൊള്ളുന്നവയാണ്.

പൂജ്യം കണ്ടുപിടിച്ചത് ഭാരതീയരാണെന്ന് വല്ലാതെ അഭിമാനിക്കുന്നുണ്ടെങ്കിലും അതിനെ സംബന്ധിച്ച അവ്യക്തസങ്കല്പങ്ങൾ ബാബിലോണിയക്കാർക്കും ഈജിപ്തുകാർക്കും ചൈനക്കാർക്കും മറ്റുമുണ്ടായിരുന്നു. അത് ദൈവത്തെ ആരാണ് ആദ്യം കണ്ടുപിടിച്ചതെന്നു ചോദിക്കുന്നതുപോലെ ഉള്ളൂ. എന്നാൽ ഒരു അക്കം, സംഖ്യ എന്നീ നിലകളിൽ പൂജ്യത്തെ ഭാരതീയർ ഫലപ്രദമായി കൈകാര്യം ചെയ്തിരുന്നു. മാത്രമല്ല ദശഗുണിത സമ്പ്രദായം ഇവിടെ ലളിതവും സുകരവുമായി പ്രയോഗിക്കപ്പെട്ടു. പിന്നീട് പൂജ്യം കൊണ്ടു ചെപ്പടി വിദ്യകൾ കാണിച്ചവരിൽ ബ്രഹ്മഗുപ്തനും ആര്യഭടനും ഭാസ്കരാചാര്യരുമെല്ലാം പെടും. ആര്യഭടനെ സംബന്ധിച്ചിടത്തോളം അദ്ദേഹം ദ്വിമാനചിത്രങ്ങളുടെ വിസ്തീർണ്ണവും ത്രിമാനരൂപങ്ങളുടെ വ്യാപ്തിയും പൈയുടെ മൂല്യവും മറ്റും നിർണ്ണയിക്കുന്നതിനുപരി ട്രിഗ്ണോമട്രിയുടെ അടിസ്ഥാന ശിലകൾ ക്രമപ്പെടുത്തുന്നതിലും അദ്ദേഹത്തിന്റേതായ സംഭാവനകളുണ്ട്.

ഗണിതവും ജ്യോതിശാസ്ത്രവും ഇരട്ടക്കുട്ടികളെപ്പോലെയാണ് ലോകത്തെവിടെയും ആദ്യകാലത്ത് വളർന്നുവന്നത്. ഭാരതത്തിനും ഇതപവാദമല്ല. എന്നാൽ ഫലഭാഗജ്യോതിഷം എന്ന ബാധ ഇന്ത്യയിലെത്തിയത് അലക്സാണ്ടറുടെ പടയോട്ടത്തോടൊപ്പം സഞ്ചരിച്ചു വന്നു കുടിയേറിയതാണെന്നാണ് അഭിജ്ഞമതം.

ഭാരതീയ ഗണിതത്തിന്റെ അടിസ്ഥാന ഗ്രന്ഥമെന്നു വിശേഷിപ്പിക്കപ്പെടുന്ന ആര്യഭടീയത്തിലെ നാലു പാദങ്ങളിൽ രണ്ടെണ്ണം ഗണിതവും രണ്ടെണ്ണം ജ്യോതിഷവുമാണ്. ഭൂമി ഒരു ഗോളമാണെന്നും അത് സ്വന്തം അച്ചുതണ്ടിൽ തിരിയുകയാണെന്നും അദ്ദേഹം പറഞ്ഞു. കോപ്പർ നിക്കസ്സ് ജനിക്കുന്നതിനും ആയിരം വർഷങ്ങൾക്കു മുമ്പാണതെന്നോർക്കണം. ഗ്രഹങ്ങൾക്ക് സ്വയംപ്രഭയില്ലെന്നും രാഹുകേതുക്കൾ നിഴലുകളാണെന്നും അദ്ദേഹം പറഞ്ഞുവച്ചു. ഇതെല്ലാം വിപ്ലവകരമായ ആശയങ്ങളായിരുന്നുവെന്ന് അന്ന് സത്യത്തിൽ ആരും തിരിച്ചറിഞ്ഞില്ല. പണ്ഡിതാഗ്രേസരനായിരുന്ന ബ്രഹ്മഗുപ്തൻ ആര്യഭടനെ എതിർക്കുകയാണുണ്ടായത്. കാരണം അത്തരമൊരാശയം ജ്യോതിഷികളുടെ ഭാവി എന്താക്കുമെന്ന് തിരിച്ചറിയാൻ അദ്ദേഹത്തിന് കവിടിയുടെ ആവശ്യമില്ലായിരുന്നു. ഭൂമി എന്ന ബ്രഹ്മാണ്ഡകുണ്ഡത്തെ കറക്കുവാനാവശ്യ

മായ ഊർജ്ജം എവിടെനിന്നുവരുമെന്നാണ ദ്ദേഹം ചോദിച്ചത്. മാത്രമല്ല അങ്ങിനെയാണെ ങ്കിൽ രാവിലെ ഇരതേടി പറന്നു പോകുന്ന കിളി ചേക്കേറാനായി തിരിച്ചുവരുമ്പോൾ മരം അവിടെ ഉണ്ടായിരിക്കുകയില്ലല്ലോ എന്നാ യിരുന്നു അടുത്ത പോയിന്റ്. അന്നത്തെ നിലയ്ക്ക് അതിനു മറുപടി പറയുവാൻ ബുദ്ധി മുട്ടുമായിരുന്നു.

ആര്യഭടന് ഏറ്റവും കൂടുതൽ അനുയാ യികളുണ്ടായിരുന്നത് കേരളത്തിലാണ്. ഭാര തത്തിന്റെ ഇതരഭാഗങ്ങളിൽ ജ്യോതിശാസ് ത്രവിജ്ഞാനം മന്ദീഭവിച്ചപ്പോൾ അതിനെ സജീവമായി നിർത്തിയത് കേരളമാണ്. എന്നാൽ ജ്യോതിഷവിശ്വാസത്തിൽ കേരളം പൂണ്ടുപോയി എന്നത് വിധി വൈപരീത്യമാ ണ്. കേരളത്തിൽ ജ്യോതിഷത്തെ നിലനിർത്തി യത് ബ്രാഹ്മണന്മാർ മാത്രമല്ല, ഗണകന്മാരും പിഷാരടിമാരും പൊതുവാൾമാരും ക്ഷത്രിയ രും ആ യജ്ഞത്തിൽ പങ്കെടുത്തു. കൊടുങ്ങ ല്ലൂർ ശങ്കരനാരായണൻ, ഇരിങ്ങാലക്കുട സംഗമ ഗ്രാമമാധവൻ, വടശ്ശേരി പരമേശ്വരൻ നമ്പൂതിരി, പുതുമന ചോമാതിരി, ആലത്തിയൂർ നീലക ണ്ഠ സോമയാജി - ബ്രഹ്മദത്തൻ നമ്പൂതിരി, തൃ ക്കണ്ടിയൂർ അച്ചുതപ്പിഷാരടി, കടത്തനാട്ടു ശങ്ക രവർമ്മ, കൊടുങ്ങല്ലൂർ ഇളയതമ്പുരാൻ, നല്ലേ പ്പള്ളി സുബ്രഹ്മണ്യശാസ്ത്രി എന്നിങ്ങനെ കേരളത്തിലെ ജ്യോതിശാസ്ത്രപാരമ്പര്യത്തി ന്റെ അഭിമാനത്തിന്റെ പട്ടിക നീളുകയാണ്.

ജ്യോതിഷികളുടെ തലതൊട്ടപ്പനും പണ്ഡി താഗ്രേസരനുമായിരുന്ന ബ്രഹ്മഗുപ്തനെ കൂ ടാതെ ഗണിത-ജ്യോതിശാസ്ത്രശാഖയ്ക്ക് അ പാരസംഭാവനകൾ നൽകിയവരാണ് കർണാ ടകത്തിലെ മഹാവീരാചാര്യൻ, ശ്രീധരാചാ ര്യൻ എന്നിവരും ബീജാപ്പൂർകാരനായ ഭാസ് കരാചാര്യരും. ആൾജിബ്രയിൽ ലോകം കണ്ട വലിയ പ്രതിഭയത്രേ ഭാസ്കരൻ രണ്ടാമൻ. അദ്ദേഹം അതുംകഴിഞ്ഞ് കലനക്രിയകളിലേ യ്ക്കും കടന്നു. വരാഹമിഹിരൻ പഞ്ചസിദ്ധാ ന്തിക എന്ന ഗ്രന്ഥത്തിൽ അന്നുവരെയുള്ള അറിവുകൾ ക്രോഡീകരിച്ചു. പാശ്ചാത്യമായ പ്രവചനജ്യോതിഷത്തെ അദ്ദേഹം തദ്ദേശീയ മായി പരുവപ്പെടുത്തി ബ്രഹദ്ജാതകം എന്ന ഗ്രന്ഥമെഴുതി.

ആകാശനിരീക്ഷണത്തിനായി ഇന്ത്യയിലെ ജ്യോതിശാസ്ത്രജ്ഞന്മാർ അനവധി ഉപകര ണങ്ങൾ വികസിപ്പിച്ചെടുത്തിരുന്നു. അർദ്ധപ ാലകയന്ത്രം, ചക്രയന്ത്രം, ധനുസ്സ്, തുര്യഗോ ളം, ഘടിക, കപാലം, പീഠം, ക്രാന്തിവൃത്തയ ന്ത്രം, ദിഗംശയന്ത്രം തുടങ്ങിയവ ഇതിൽ ചി ലതാണ്. ഭാരതീയ ജ്യോതിശാസ്ത്രത്തിന്റെ ആധുനികതയിലേക്കുള്ള വളർച്ചയിൽ രാജാ ക്കന്മാർ വഹിച്ച പങ്കും പരാമർശിക്കേണ്ടതാ യിട്ടുണ്ട്. രജപുത്രരാജാക്കന്മാരായ സവായ് ജയസിംഹൻ, അംബറിലെ രാജാവായിരുന്ന ജയ്സിംങ്ങ് രണ്ടാമൻ, മുഗൾ രാജാക്കന്മാരായ ഹുമയൂൺ, ജഹാംഗീർ, ഷാജഹാൻ എന്നി വരുടെ പേരുകൾ പരാമർശയോഗ്യമാണ്. സവായ് ജയസിംഹൻ സ്ഥാപിച്ച അഞ്ചു നിരീക്ഷണാലയങ്ങൾ ജന്തർമന്ദർ എന്ന പേരിൽ ഇന്നും നിലനിൽക്കുന്നു. ജയ്സിം ങ്ങ് രണ്ടാമനാകട്ടെ യൂറോപ്പിൽ നിന്ന് ജ്യോതി ശാസ്ത്രജ്ഞരെ ക്ഷണിച്ചുവരുത്തുകയും ടെ ലസ്കോപ്പുകൾ സ്ഥാപിക്കുകയും ചെയ്തു. ഇന്ത്യയിൽ നിലനിന്നിരുന്ന പല അറിവുക ളും യൂറോപ്യന്മാരെ അത്ഭുതപ്പെടുത്തി എന്ന തും വസ്തുതയാണ്. അവർക്കും ഇവിടെനിന്ന് പലതും പഠിക്കുവാനുണ്ടായിരുന്നു.

സ്വാതിതിരുനാൾ മഹാരാജാവ് തിരുവനന്ത പുരത്ത് ഒരു നിരീക്ഷണാലയം സ്ഥാപിക്കുക യും 'എന്റെ നാട്' യൂറോപ്പിനൊപ്പം ശാസ്ത്രപ ഠനങ്ങളിൽ പങ്കെടുക്കും എന്നു പ്രഖ്യാപിക്കുക യും ചെയ്തു. പിന്നീട് വിക്രം സാരാഭായ് വരെ അവിടെ ഗവേഷണം ചെയ്തിട്ടുണ്ടെങ്കിലും ഇന്ന് അതിന്റെ സ്ഥിതി തീരെ മോശമായിട്ടുണ്ട്. യൂറോപ്യന്മാർ മദ്രാസിലും, കല്ക്കത്തയിലും, ഡെറാഡൂണിലും മറ്റും നിരീക്ഷണാലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കൊടൈക്കനാലിൽ സ്ഥാ പിച്ച ടെലസ്കോപ്പും പ്രധാനപ്പെട്ട ഒന്നാണ്. ഇന്നും അത് പ്രവർത്തിക്കുന്നുണ്ട്. ഇതെല്ലാം തന്നെ ശാസ്ത്രലോകത്തിനു വലിയ സം ഭാവനകൾ നൽകിയിട്ടുണ്ടെന്നതിനു പുറമേ ചിന്താമണി രഘുനാഥാചാരിയേയും വൈനു ബാപ്പുവിനേയും പോലുള്ള ശാസ്ത്രജ്ഞരേ യും വാർത്തെടുത്തിട്ടുണ്ട്.

***

# ശരീരത്രയങ്ങൾ

ഡോ. കെ. ഹരിഹരൻ - 9847313322

*(കഴിഞ്ഞ ലക്കം തുടർച്ച)*

**ഇനോർഗാനിക് അഥവ നിരവയവമായ സൂക്ഷ്മ ശരീരം**

ഭൗതിക ശരീരത്തെ സജീവമായി നിലനിർത്തുകയും അതിന്റെ പ്രവർത്തനങ്ങളെ നയിക്കുകയും ചെയ്യുന്ന സുപ്രധാന ശക്തിയാണ് സൂക്ഷ്മശരീരം. ഇത് ഇന്ദ്രീയങ്ങളുമായും ചിന്തകൾ അഥവ ചലനങ്ങൾ എന്നീ ശാരീരിക-മാനസിക രീതികളുമായും ബന്ധപ്പെട്ടിരിക്കുന്നു.

പഞ്ചപ്രാണ മനോബുദ്ധി-
ദശേന്ദ്രീയ സമന്വിതം
അപഞ്ചീകൃത ഭൂതോത്ഥം
സൂക്ഷ്മാംശം ഭോഗസാധനം

പഞ്ചപാണങ്ങൾ, പത്ത് ഇന്ദ്രീയങ്ങൾ മനസ്സ്, ബുദ്ധി, അഹങ്കാരം, ചിത്തം എന്നിവയോടു കൂടിയതും പഞ്ചീകരിക്കപ്പെടാത്ത ഭൂതങ്ങളിൽ (മൂലകങ്ങളിൽ) നിന്നുണ്ടായതാണ് സൂക്ഷ്മശരീരം. ഇത് കർമ്മത്തിനും അനുഭവത്തിനുമുള്ള ഉപകരമണാണ്.

ശരീരത്തിലുള്ള ജീവന്റെ പ്രകാശമാകുന്ന പ്രാണൻ പഞ്ചേന്ദ്രിയങ്ങളേയും അവയുടെ വിഷയങ്ങളേയും കൂട്ടിയിണക്കുന്നത് പഞ്ചപ്രാണങ്ങളാണ്. പ്രവർത്തന ശൈലിയുടെ അടിസ്ഥാനത്തിൽ പഞ്ചപ്രാണങ്ങൾക്ക് പ്രത്യേകം പേരുകളുണ്ട്. പ്രാണൻ, അപാനൻ, വ്യാനൻ, ഉദാനൻ, സമാനൻ എന്നിവയാണ് പഞ്ചപ്രാണങ്ങൾ. ഇന്ദ്രീയങ്ങളിലൂടെ വിഷയങ്ങളെ ഗ്രഹിക്കുന്നതിന് പ്രാണൻ ആവശ്യമാണ്. ഗ്രഹിച്ചവയെ പുറന്തള്ളുന്നത് അപാനന്റെ സാന്നിദ്ധ്യവും സഹായവും മൂലമാണ്. ഉൾക്കൊണ്ട വിഷയത്തെ വേണ്ടവിധം സാമ്യാവസ്ഥപ്പെടുത്തുന്നത് സമാനൻ. ഓരോ വിഷയത്തേയും എല്ലായിടത്തും വ്യാപിപ്പിക്കുന്നത് വ്യാനൻ. ഈ പ്രവർത്തികളെല്ലാം വേണ്ട വിധം നടക്കാന് കഴിയും വിധം ജീവനെ ശരീരത്തിൽ നിലനിർത്തുന്നത് ഉദാനൻ.

അഞ്ചു സ്ഥൂലമൂലകങ്ങൾ അടങ്ങിയ ശരീരം ആണ് ഏറ്റവും സാന്ദ്രമായ ഉപകരണം. അത് ഉപയോഗിച്ചുവേണം ജീവിതത്തിന്റെ ലക്ഷ്യത്തിലേക്ക് മുന്നേറാൻ. അത് ആരോഗ്യപൂർണ്ണവും നല്ല നിലയിൽ പ്രവർത്തിക്കുന്നതും ആയില്ലെങ്കിൽ ഒരാളുടെ വളർച്ചയിലെ ഏറ്റവും വലിയ വിലങ്ങുതടിയായിരിക്കും അത്. ശാരീരിക ആരോഗ്യം ആശ്രയിച്ചു നില്ക്കുന്നത് അതിനെ ഭരിക്കുകയും നിയന്ത്രിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്ന സൂക്ഷ്മശക്തിയായ പ്രാണനെയാണ്. വ്യക്തി വൈശിഷ്ട്യത്തിന്റെ എല്ലാ നിലകളേയും സംരക്ഷിക്കുന്നത് പ്രാണന്റെ ശരിയായ പ്രവർത്തനം കൊണ്ടാണ്. ഈ ജീവശക്തി തന്നെയാണ് ശരീരത്തിന്റേയും മനസ്സിന്റേയും ഇടയിലെ കണ്ണിയും. പ്രാണന്റെ ഏറ്റവും സാന്ദ്രമായ പ്രകടനം ശ്വാസം ആണ്. എല്ലാ ശാരീരിക പ്രതിഭാസങ്ങളും ശ്വാസത്തിൽ പ്രതിഫലിക്കുന്നു. ശ്വാസത്തിലൂടെ മനസ്സിൽ പ്രതിഫലിക്കുന്നു. അങ്ങനെ ശരീരവും മനസ്സും തമ്മിലുള്ള പരസ്പര പ്രവർത്തനത്തിൽ ശ്വസനം മുഖ്യപങ്ക് വഹിക്കുന്നു. ശ്വാസം നിലയ്ക്കുമ്പോൾ ശാരീരികവും മാനസികവും ആയ ഏല്ലാ പ്രവർത്തനങ്ങളും നിൽക്കുന്നു. ഉപനിഷത്തുക്കളിൽ പ്രാണനെ തേനീച്ചകളുടെ ഇടയിലെ റാണിയായി താരതമ്യപ്പെടുത്തിയിരിക്കുന്നു. റാണി പറന്നുപോകുമ്പോൾ ബാക്കിയുള്ള എല്ലാ തേനീച്ചകളും പറന്നുപോകുന്നു. അതേപോലെ പ്രാണൻ നിലയ്ക്കുമ്പോൾ എല്ലാ ശാരീരിക-മാനസ്സിക ഊർജ്ജപ്രവർത്തനങ്ങളും നിലച്ചുപോകും. മനുഷ്യന് ഈശ്വരൻ കണ്ണും, കാതും, ബോധവും തന്നു. ഇവയിൽ മനുഷ്യന്റെ ശാരീരികമായ സംവേദനേന്ദ്രിയങ്ങളെല്ലാം വരു

ന്നുണ്ട്. അഞ്ചെണ്ണമാണവ-കണ്ണ്, ചെവി, മൂക്ക്, നാക്ക്, ത്വക്ക് (ചക്ഷുസ്സ്, ശ്രോതം, ഘ്രാണം, രസത, ത്വക്) ഇവ യഥാക്രമം വർണ്ണരൂപാദിക ളാണ്. ശബ്ദം, ഗന്ധം, രസം, സ്പർശം, ദർശ നം എന്നീ തന്മാത്രകളുമായി ബന്ധപ്പെട്ട് ഇവ പ്രവർത്തിക്കുന്നു. അഞ്ച് ജ്ഞാനേന്ദ്രീയങ്ങളും അഞ്ച് കർമ്മേന്ദ്രിയങ്ങളുമാണ് മനുഷ്യർക്കുള്ള തെന്ന് സംഖ്യാദർശനത്തിൽ പ്രതിപാദിക്കുന്നു. കണ്ണ്, ത്വക്ക്, മൂക്ക്, നാവ്, കാത് എന്നിവ പഞ്ചേ ന്ദ്രീയങ്ങളും കൈ, കാൽ, നാവ്, ഗുദം, ലിംഗം എന്നിവ കർമ്മേന്ദ്രീയങ്ങളുമാണ്. പഞ്ചതന്മാ ത്രകളെ പ്രപഞ്ചവിഷയങ്ങൾ എന്നും പറയു ന്നു. ഈ വിഷയങ്ങളെ തിരിച്ചറിയുന്നതിനുള്ള ഇന്ദ്രീയങ്ങളാണ് പഞ്ചേന്ദ്രീയങ്ങൾ. ശബ്ദം എന്ന വിഷയം തിരിച്ചറിയുന്നതിനുള്ള ഇന്ദ്രീ യമാണ് ചെവി. സ്പർശം എന്ന വിഷയത്തെ തിരിച്ചറിയുന്നതിനുള്ള ഇന്ദ്രീയമാണ് ത്വക് രൂപം എന്ന പ്രപഞ്ചവിഷയത്തെ തിരിച്ചറിയുന്ന തിനുള്ള ഇന്ദ്രീയമാണ് കണ്ണ്. രസം എന്ന വി ഷയത്തെ തിരിച്ചറിയുന്നതിനുള്ള ഇന്ദ്രീയമാണ് നാക്ക് ഗന്ധം എന്ന വിഷയത്തെ തിരിച്ചറിയുന്ന ഇന്ദ്രീയമാണ് മൂക്ക് ഇവ അഞ്ചും ജ്ഞാനേന്ദ്രീ യങ്ങളാണ്.

ഈ ഇന്ദ്രീയങ്ങൾക്കു പുറമേ മനസ്സ് എന്ന മറ്റൊരു ഇന്ദ്രീയംകൂടി മനുഷ്യർക്കുണ്ട്. ഇതാ കട്ടെ ശാരീരികമല്ല, അതിനാൽ തന്നെ അഭൗ തികമാണ്. ഇതിനെയാണ് നാം ബോധം എന്നു കണക്കാക്കുന്നത് പ്രേരണകളുടേയും ചിന്തക ളുടേയും തലമാണ് മനസ്സ്. ഒപ്പം മൊത്തം ജീവി തത്തിന്റെ സന്തുലിതാവസ്ഥ നില നിറുത്തുന്ന തും മനസ്സാണ്.

ബുദ്ധിയെ ആസൂത്രണത്തിന്റേയും യുക്തി യുടേയും തലമെന്നു വിശേഷിപ്പിക്കാം. മനസ്സ സ്വീകരിക്കുന്നതും പ്രസരിപ്പിക്കുന്നതുമായ പ്രേരണകളെ പ്രയോഗവൽക്കരിക്കുന്നതിനുള്ള പദ്ധതികൾ രൂപം കൊള്ളുന്നതിവിടെയാണ്. അറിവന്റേയും ഓർമ്മയുടേയും ലോകം ബുദ്ധി യാണ്. ബുദ്ധിയുടെ നിയന്ത്രണത്തിലായിരി ക്കും ശരീരത്തിന്റ വ്യവഹാരങ്ങൾ. നമ്മുടെ പഞ്ചേന്ദ്രിയങ്ങളിലൂടെ നാം അനുഭവിക്കുന്ന അറിവുകളും അനുഭവങ്ങളും ആണ് ബുദ്ധി ശക്തിയായി പരിണമിക്കുന്നത്. പഞ്ചേന്ദ്രിയങ്ങ ളിൽ നിന്നുമുള്ള വിവരസൂചികകളെ ബുദ്ധിയി ലേയ്ക്കു കൂട്ടികൊണ്ടുപോകുന്നത് മനസ്സാണ്. ഇങ്ങനെ വ്യക്തിയെ ചുറ്റുപാടുമായി ബന്ധിപ്പി ക്കുന്നതിനും അതുവഴി അറിവു നേടുന്നതിനും ഏറ്റവും നിർണ്ണയകമായ കണ്ണിയായി പ്രവർത്തി ക്കുന്നത് മനസ്സാണ്.

വികാരങ്ങളേയും അനുഭൂതികളേയും ബാ ഹ്യ ലോകത്തു നിന്നും ബുദ്ധിയിലൂടെ കയ റ്റുകയും ഇറക്കുകയും ചെയ്യുന്ന സ്വ-ആത്മം മനസ്സാണ്. അഹങ്കാരം എന്ന ശക്തി മൂലമാണ് ഞാൻ എന്ന ഭാവം ഉണ്ടാകുന്നത്.

കർമ്മത്തിന്റെ സൂക്ഷ്മരൂപമാണ് ശക്തി സ്പന്ദനം. അത് സങ്കല്പമായും സ്ഥൂലദൃശ്യ ങ്ങളായും പ്രകടമാകുന്നു. ചിത്തം തന്നെയാ ണ് സംസാരം. ചിത്തത്തിന്റെ ബാഹ്യരൂപമാണ് സൃഷ്ടി. ചിത്തമില്ലെങ്കിൽ ബാഹ്യപ്രപഞ്ചമില്ല. വസ്തു ഒന്നേയുള്ളൂ എന്നതാണ് പരമസത്യം. വസ്തുവിനെ പലതായി കാണുന്നത് ചിത്ത സങ്കല്പങ്ങൾ ഉണ്ടാക്കുന്ന ഭ്രമം കൊണ്ടുമാത്ര മാണ്. ഈ ഭ്രമം അകന്ന് പൂർണ്ണ വസ്തു തെളി യണമെങ്കിൽ ചിത്ത സങ്കല്പങ്ങൾ പാടെ അക ന്നു കിട്ടണം. ചിത്ത സങ്കല്പങ്ങളുടെ എണ്ണം കുറച്ച് വസ്തു ഒന്നേ ഉള്ളൂ എന്നു മനസ്സിൽ ഉറ പ്പിക്കുന്നതാണ് വിദ്യ.

എല്ലാവിധമായ സംസാരക്ലേശങ്ങൾക്കും കാരണം ഈ സൂക്ഷ്മ ശരീരമാണ്. ഈ സൂക്ഷ്മ ശരീരത്തെ പുറന്തള്ളിയാൽ മാത്രമേ ശുദ്ധരൂപ മായ ആത്മാവ് തെളിയൂ. ബോധത്തിന്റെ മാത്രം സ്വരൂപമാണ് അനുഭവം. സൂക്ഷ്മ ശരീരത്തെ അന്തഃക്രകരണമെന്നും പറയാം. സൂക്ഷ്മ സൂ ക്ഷ്മ ജഡ സ്വരൂപമായ അന്തകാരണത്തിനു പോലും അനുഭവാംശം പകർന്ന് കിട്ടുന്നത് ബോധത്തിൽ നിന്നാണ്. ശുദ്ധമായ പൂർണാനു ഭവം എന്നു പറയുന്നത് അന്തകരണമില്ലാത്ത ബോധമാണ്.

ചുരുക്കി പറഞ്ഞാൽ ഈ സൂക്ഷ്മ ശരീ രത്തെ തന്നെയാണ് നാം ജീവൻ എന്നും ആത്മാവ് എന്നും പറയുന്നത്. ഇവയെ ശാസ് ത്രീയമായി അറിഞ്ഞ് അനുഭവിച്ച് സാക്ഷാത് കരിക്കുക എന്നുള്ളതാണ് ഒരു സത്യാന്വേഷി യായ മനുഷ്യന്റെ ജീവിത ലക്ഷ്യം.

ശ്വസനം, ദഹനം, ഉപാപചയം, രക്തചം ക്രമണം, പേശീചനലങ്ങൾ, നാഡീസംബന്ധ മായ പ്രവർത്തനങ്ങൾ അസ്ഥികൂടം തുടങ്ങിയ

പ്രവർത്തനങ്ങൾക്ക് സൂക്ഷ്മശരീരം ഉത്തരവാദിയാണ്. ഭൗതികശരീരത്തെ സജീവമായി നിലനിർത്തുന്നതും മനസ്സിന്റെയും സുപ്രധാന ഊർജ്ജങ്ങളുടേയും നിഗൂഢമായ രൂപവുമാണ് സൂക്ഷ്മശരീരം. കാര്യകാരണ ശരീരത്തിനൊപ്പം മരണത്തെത്തുടർന്ന് ശരീരത്തിൽ നിന്ന് ആത്മാവിനെ അഥവ ജീവനെ വേർപെടുത്തുന്നതും സൂക്ഷ്മ ശരീരമാണ്.

കാഷ്വൽ അഥവ കാര്യകാരണ ശരീരം

അനാദ്യ വിദ്യാ നിർവ്വാച്യാ
കാരണോപാധിരുച്യതേ
ഉപാധീത്രിതയാദന്യം
ആത്മാനമവ ധാരയേത്

അനാദിയും അനിർവ്വചനീയവുമായ അവിദ്യ (അജ്ഞാനം) കാരണ ശരീരം എന്നു പറയപ്പെടുന്നു. ഈ മൂന്ന് ഉപാധികളിൽ നിന്നും ഭിന്നമായിട്ടുള്ളതിനെ ആത്മാവെന്ന് മനസ്സിലാക്കണം. നിത്യമായ പൂർണ്ണതയെക്കുറിച്ചുള്ള അറിവില്ലായ്മ അഥവ അവിദ്യയാകുന്ന നമ്മുടെ മനസ്സിൽ വികാരങ്ങളും ബുദ്ധിയിൽ വിചാരങ്ങളും ശരീരത്തിൽ പ്രവർത്തിയും സൃഷ്ടിക്കുന്നത്. ഈ അവിദ്യയാകുന്നു കാരണശരീരം. സൂക്ഷ്മ ശരീരവും സ്ഥൂലശരീരവും ഇതിന്റെ പരിണിത ഫലമത്രേ.

യോഗാസൂത്രപ്രകാരം മനുഷ്യശരീരത്തിന് മൂലാധാരം, സ്വാധിഷ്ഠാനം, മണിപൂരകം, അനാഹതം, വിശുദ്ധി, ആജ്ഞ എന്നീ ഷഡാധാരങ്ങൾ ഉണ്ട്. മൂലാധാരത്തിൽ നിന്നും കുണ്ഡലിനി ശക്തി ഉയർന്ന് മറ്റ് ആധാരചക്രങ്ങളെയെല്ലാം കടന്ന് സഹസ്രാരപത്മത്തിൽ എത്തുമ്പോൾ ജീവൻ ശിവശക്തിത്വം പ്രാപിച്ച് നിത്യസുഖം അനുഭവിക്കുന്നു. ഉറക്കത്തിൽ സൂഷുപ്തിയിലാകുമ്പോൾ സ്ഥൂലസൂക്ഷ്മശരീരഭേദം നമുക്ക് ഉണ്ടാകുന്നില്ല. അത് ജീവനിൽ ലയിക്കുന്നു. ഉറക്കം ഉണർന്നു വരുമ്പോൾ സ്ഥൂലസൂക്ഷ്മശരീരഭേദം പ്രതിഫലിക്കുന്നു. ഈ അവസ്ഥക്കു കാരണമായ ശരീരത്തെ കാരണ ശരീരം എന്നു പറയാം.

കാരണ ശരീരം എന്നത് അതിസൂക്ഷ്മമായ ഒന്നാണ്. ഇത് ഭൗതികവും നിഗൂഢവുമായ ശരീരങ്ങളുടെ സംയോജനമായുള്ളതാണ്. ഇത് നമ്മുടെ മുൻകാലചിന്തകളും ശീലങ്ങളും പ്രവർത്തനങ്ങളും അതിന്റെ എല്ലാ ആസ്തിത്വാവസ്ഥയിലും രേഖപ്പെടുത്തുകയും പുനർജ്ജന്മത്തിൽ വ്യക്തിയുടെ ആത്മാവിനെ ഒരു ജീവനിൽ നിന്ന് മറ്റൊന്നിലേയ്ക്ക് എത്തിക്കുകയും ചെയ്യും. അങ്ങനെ ഇത് സ്ഥൂലവും സൂക്ഷ്മവുമായ ശരീരങ്ങളുടെ അടിത്തറയായി ഭവിക്കുന്നു. ഒപ്പം നമ്മുടെ ദേഹിയുമായി ദേഹത്തെ ബന്ധിപ്പിക്കുന്നു. കാരണ ശരീരം കേവലം സൂക്ഷ്മ ശരീരത്തിന്റേയും സ്ഥൂല ശരീരത്തിന്റേയും പരമകാരണമോ ബീജമോ ആണ്. ഇതല്ലാതെ കാരണ ശരീരത്തിന് മറ്റു പ്രവർത്തനങ്ങളൊന്നുമില്ല. അത് നിർവ്വീകല്പ രൂപമാണ് അഥവ നിർവ്വചിക്കാനാവാത്ത അവസ്ഥാരൂപമാണ്.

സൂക്ഷ്മശരീരത്തിന്റെ പെരുകിയ രൂപമാണ് സ്ഥൂലശരീരം. സൂക്ഷ്മ ശരീരത്തിന്റെ ലയാവസ്ഥയാണ് ഗാഢനിദ്രയിൽ അനുഭവപ്പെടുന്ന കാരണ ശരീരം. ഒരു ചെടിയുടെ മുള ചെറുപ്പത്തിലേ നുള്ളിക്കളഞ്ഞാൽ അത് വൃക്ഷമായി വളരില്ല. അത് നശിച്ചുപോകും.

നമ്മുടെ യഥാർത്ഥ സ്വഭാവം കണ്ടെത്താനും നല്ല ആരോഗ്യവും മനസ്സമാധാനവും നേടാനും ശരീരത്രയങ്ങളെ ശുദ്ധീകരിക്കേണ്ടതുണ്ട്. മൂന്നു ശരീരങ്ങളുടെ ശുദ്ധീകരണത്തിനും ശരിയായ പ്രവർത്തനത്തിനും ഒരാൾ പാലിക്കേണ്ട ചില ശീലങ്ങൾ താഴെ കുറിക്കുന്നു.

യോഗാഭ്യാസം, ശരിയായ പോഷകാഹാരം, പ്രാണായാമം, ശ്വസനക്രീയകൾ, ധ്യാനം, സത്ചിന്തകൾ, സ്വയം തിരിച്ചറിവ്, സത്യസന്ധത, സംതൃപ്തി എന്നിവ ശീലമാക്കിയാൽ ഒരു പരിധിവരെ ശരീരങ്ങളെ ശുദ്ധീകരിച്ച് ഒരു നല്ല ജീവിതം നയിക്കാനാകും.

ശരീരത്രയങ്ങളിൽ ഒരോന്നിനും വ്യത്യസ്ത ആയുസ്സാണുള്ളത്. ഭൗതികശരീരം ഭക്ഷണത്തെ ആശ്രയിച്ചിരിക്കുന്നു. അതിനാൽ സൂക്ഷ്മ ശരീരവുമായി താരതമ്യപ്പെടുത്തുമ്പോൾ ഇതിന്ന് ഹൃസ്വായുസ്സാണ് ഉള്ളത്. സൂക്ഷ്മ ശരീരം ചിന്തകൾ, വികാരങ്ങൾ, സ്വഭാവങ്ങൾ എന്നിവയെ ആശ്രയിച്ചിരിക്കുന്നു. അതിനാൽ കൂടുതൽ കാലം സുഖമായി ജീവിക്കുന്നു. സ്വയം കണ്ടെത്തലും സമാധാനവും മാത്രമെ ആവശ്യമുള്ളു എന്നതിനാൽ സൂക്ഷ്മ ശരീരത്തിന് ഏറ്റവും ദൈർഘ്യമേറിയ ആയുസ്സുണ്ട്. ഈ മൂന്നു ശരീരങ്ങളിൽ നിന്ന് വ്യത്യസ്തമായും അതിജീവിതത്തിനുള്ള ഒരു മാർഗ്ഗവും ആവശ്യമില്ലാത്തതിനാൽ ആത്മാവ് ശാശ്വതമാണ്.

***

ലേഖനം

# അംബ

ഡോ. ശാന്തകുമാരി - 9495362735

തുടർച്ച

### ആത്മഗതവും സമാഗമവും

പ്രമദവനത്തിൽ സാല്വനെ കാത്തിരിക്കുന്ന അംബയുടെ ആത്മഗതവും തുടർന്നുള്ള കാമുകീകാമുകസംഗമവും ഉള്ളൂർ നാടകത്തിൽ വരുത്തിയ വ്യതിയാനമാണ്. ഈ രംഗത്തിന് നാടകകഥയുടെ പശ്ചാത്തലമെന്ന മൂല്യതത്ത്വമെ കല്പിക്കാവൂ. അംബയുടെ ജീവിതവീക്ഷണത്തിലേയ്ക്ക് വെളിച്ചം വീശാനും നാടകകൃത്ത് ഈ സന്ദർഭം ഉപയോഗിക്കുന്നു. സ്ത്രീയും പുരുഷനും ജീവിതത്തിലെ പരസ്പര പൂരകങ്ങളായ ഘടകങ്ങളാണ്. അർദ്ധനാരീശ്വരനെപ്പോലെ ഏകീഭാവത്തോടെ വേണം ദാമ്പത്യ ജീവിതം നയിക്കാൻ. അംബയുടെ ഈ ആത്മവീക്ഷണം സാല്വനെ തെല്ലൊന്ന് പരിഭ്രമിപ്പിക്കുന്നുണ്ട്. ഏതായാലും ഇതിഹാസത്തിലെ ആഖ്യാനാത്മകരീതിയിൽ നിന്ന് നാടകത്തിലെ സംഘട്ടനാത്മകതയിലേക്ക് ഇതിവൃത്തത്തെ പാകപ്പെടുത്തിയപ്പോൾ ഇത്തരം ചില വ്യതിയാനങ്ങൾക്ക് പ്രസക്തി ലഭിക്കുന്നുണ്ടെന്ന് പറഞ്ഞേ തീരൂ. നാടകത്തിൻ പശ്ചാത്തല സൂചനകൾ രണ്ടുകാര്യങ്ങൾക്ക് ഉപയോഗിക്കാം. ഒന്ന് പൂർവ്വസംഭവങ്ങളുടെ പ്രകാശത്തിന് രണ്ട് കഥാപാത്രങ്ങളുടെ സ്വഭാവാവിഷ്ക്കരണത്തിന് ഇവിടെ പ്രധാനമായും നായികയുടെ സ്വഭാവചിത്രീകരണത്തെ ഈ രംഗത്തെ പ്രത്യക്ഷമായി തന്നെ സഹായിക്കുന്നുണ്ടെന്നു കാണാം.

### അമ്മയും മകനും

സത്യവതീ ഭീഷ്മ സംവാദരംഗത്തിൽ, ഉള്ളൂർ ഇതിഹാസത്തെ അനുകരിച്ചിട്ടില്ല. ഭീഷ്മരുടെയും സത്യവതിയുടെയും പൂർവ്വകാലകഥകൾ അറിയിക്കാനാണ് പ്രസ്തുത രംഗം സജ്ജമാക്കിയിരിക്കുന്നത്. ദാശരാജപുത്രി ശന്തനുമഹാരാജാവിന്റെ പട്ടമഹാഷിയായതിന് ഭീഷ്മരുടെ ത്യാഗവും കാരണമാണല്ലോ. അമ്മയ്ക്കു വേണ്ടി ചെയ്ത ത്യാഗത്തെ സത്യവതി പ്രശംസിക്കുമ്പോൾ രാജ്യകാര്യത്തിൽ നിന്നും ക്ഷാത്രചര്യയിൽ നിന്നും തന്നെ മോചിപ്പിക്കുകയാണ് അമ്മ ചെയ്തതെന്ന് മകൻ പ്രത്യുത്തരം നല്കുന്നു. ചിത്രാംഗദൻ മരിച്ചിട്ടില്ല എന്നും ധർമ്മത്തിനു മുമ്പിലല്ലാതെ ശത്രുവിനു മുമ്പിൽ തലകുനിക്കാത്തവർ-മരണത്തേക്കാൾ മാനത്തിന് വില കല്പിക്കുന്നവർ-ഒരിക്കലും മരിക്കുകയില്ല എന്നും അതിനാൽ അത് മാത്രമായി ആവിഷ്ക്കരിക്കുന്ന ഒരു ദൃശ്യം കാണാൻ അമ്മ വരണമെന്ന് ഭീഷ്മർ അപേക്ഷിക്കുന്നു. ഭാരതത്തിൽ ഭീഷ്മ സത്യവതീ സംവാദം ഈ രീതിയിലല്ല കാണുന്നത്. വിചിത്രവീര്യൻ മരിച്ച ശേഷം അനപത്യതകാരണം വംശം നശിക്കുമെന്ന് പറയുന്ന അമ്മയോട് പുത്രലാഭാർത്ഥം ബ്രാഹ്മണനെ സ്വീകരിക്കുന്നതിൽ തെറ്റില്ല എന്ന് മകൻ അറിയിക്കുന്നു. അമ്മയാകട്ടെ പൂർവ്വകഥയിലെ വ്യാസചരിത്രത്തിലേയ്ക്ക് മകന്റെ ശ്രദ്ധ ക്ഷണിക്കുന്നു. അംബയിലെ ഈ രംഗം നാടകീയതയ്ക്ക് ഏതെങ്കിലും തരത്തിൽ സഹായകമാവുന്നുണ്ട് എന്നു തോന്നുന്നില്ല. മാതൃവാത്സല്യപ്രകാശമാണെങ്കിൽ, അതിൽ നിന്ന് കടുകിട വ്യതിചലിക്കാത്ത മകനായതിനാൽ, അത് അവിടെ ആവശ്യവുമില്ലായിരുന്നു. ഭാരതത്തിൽ, തികച്ചും ഉചിതമായ സന്ദർഭത്തിലാണ് ഈ സംഭാഷണത്തിന്റെ സന്നിവേശം.

### കോസലനും ഭീഷ്മനും

സത്യവതിയുടെ അനുമതിയോടെ കാശിയിൽച്ചെന്ന് രാജാക്കന്മാരെ തോല്പിച്ച് കന്യകമാരെ ഹസ്തിനപുരത്തേക്ക് കൊണ്ടു വന്ന ഭീഷ്മരല്ല നാടകത്തിലെ ദേവവ്രതൻ. അംബയുടെ പിതാവായ കോശലനുമായി വിവാഹത്തിന്റെ തലേന്ന് ഭീഷ്മർ നേരിടുന്നു. ഭീഷ്മരുടെ ആഗമനോദ്ദേശമറിയുന്ന കോസലൻ പരിഭമിക്കുന്നു. സത്യവതി എന്ന കാളിപ്പെണ്ണിന്റെ മകന് ഒരിക്കലും തന്റെ മകളെ കൊടുക്കില്ല എന്ന് ആ പിതാവ് തീരുമാനമെടുക്കുന്നു. അ

നുജനുവേണ്ടി എടുത്ത ആ പ്രതിജ്ഞയിൽ നിന്ന് ഇളകില്ല എന്ന് ഭീഷ്മരും അറിയിക്കുന്നു. ബ്രഹ്മചാരിയായ ഭീഷ്മർ വിവാഹത്തിന് വരുന്നതിനെ കോസലൻ പുച്ഛിക്കുന്നുണ്ട്. പരിഹസിക്കുന്നുമുണ്ട്. ഗത്യന്തരമില്ലാതെ കാശിരാജാവ് കേണപേക്ഷിക്കുന്നു. എന്നിട്ടും ഭീഷ്മരുടെ തീരുമാനം ശിലാരേഖപോലെ നിലകൊണ്ടു. സത്യവതി പതിതയാണെങ്കിൽ താനും പതിതനാണ് എന്ന യുക്തി ചൊല്ലി കാശിരാജാവിന്റെ ആതിഥ്യം നിഷ്ക്കരുണം തള്ളിക്കളഞ്ഞ് ഭീഷ്മർ പോകുന്നു. സത്യവതിയുടെ മകന് മറ്റൊരു ക്ഷത്രിയ കന്യകയെ ലഭിക്കുക ക്ഷിപ്രസാദ്ധ്യമല്ല എന്നും അക്കാരണത്താലാണ് താൻ കന്യകയെ അപഹരിക്കുന്നതെന്നും അനുവാചകരെ നേരത്തെക്കൂട്ടി അറിയിക്കുന്നതിനാകാം ഇത്തരമൊരു രംഗം നാടകത്തിൽ ആവശ്യമായി വന്നത്. വിചിത്ര്യവീരനെപ്പോലുള്ള ഒരു രാജാവിന് അന്ന് നേരിടേണ്ടിയിരുന്ന പ്രശ്നം മുൻകൂട്ടിക്കണ്ട ഭീഷ്മർ അതിനെ അഭിമുഖീകരിച്ചു എന്നു മാത്രം

**ഒരേറ്റുമുട്ടൽ**

മററു രാജാക്കന്മാരെയൊക്കെ തോല്പിച്ചതിനു ശേഷം അജയ്യനായ ഭീഷ്മരോട് സാല്യൻ യുദ്ധം ചെയ്ത് പരാജയപ്പെടുന്നതായാണ് ഭാരതത്തിൽ പ്രതിപാദിക്കുന്നത്. അംബയിൽ ഈ രംഗം പാടേ മാറുന്നു. തലേന്ന് കൊട്ടാരത്തിൽ വരികയും തനിക്കൊരു ഭീഷണിയായിത്തീരുകയും ചെയ്ത ഭീഷ്മരുടെ ആഗമനം കണ്ട് കോസലൻ മറ്റു രാജാക്കന്മാരോട് ആദ്യം തന്നെ ഒരു വാചാലപ്രസംഗം നടത്തുന്നു. ഭീഷ്മരുടെ കുറ്റങ്ങൾ എണ്ണിയെണ്ണിപ്പറഞ്ഞ് രാജാക്കന്മാരെ എതിരിടാൻ പ്രേരിപ്പിക്കുന്നു. എന്നിട്ടും കന്യാപഹരണം നടന്നു. ഭയന്നുവിറച്ച് ആരും യുദ്ധം ചെയ്തതുമില്ല. ഇങ്ങനെയാണ് നാടകത്തിൽ പ്രസ്തുത രംഗം അവതരിപ്പിച്ചിട്ടുള്ളത്. എല്ലാ നിയന്ത്രണങ്ങളും വിട്ട സാലൻമാത്രം ഭീഷ്മരുമായി പൊരുതുന്നു, യുദ്ധത്തിന് പ്രേരിപ്പിച്ച് വീരവാദം മുഴക്കിയ കോസലൻ പോലും ഭീഷ്മരോട് മാപ്പുചോദിച്ചത് പരിഹാസ്യമായി. ഉദ്ധതനായ സാലനെക്കൊണ്ട് കൊല്ലരുതേ, എന്റെ നാക്കരിയരുതേ എന്നിങ്ങനെ പറയിപ്പിച്ചത് ഭീഷ്മരുടെ യുദ്ധപാടവത്തിനുള്ള ദൃഷ്ടാന്തവുമായി നാടകനായകന്റെ വീരത്തിന് ഊന്നൽ കൊടുത്തുള്ള ഈ രംഗസംവിധാനം, മൂലകഥയിലില്ലാത്തതും കൂടുതൽ പ്രോജ്ജ്വലവുമാണ്.

**മനശ്ശക്തിയുടെ പ്രതീകം**

അപഹരണത്തിനുശേഷം, വിചിത്രവീര്യനുമായുള്ള വിവാഹത്തിന് പുരോഹിതന്മാരുമായി ഒരുക്കഒരുക്കങ്ങൾ നടത്തുന്ന ഭീഷ്മരോട് അനുരാഗ കഥനേരിട്ട് തുറന്ന് പറഞ്ഞ് സമ്മതം വാങ്ങി വ്യാസന്റെ 'അംബ' സാല്യന്റെ അടുത്തുപോകുന്നു. വിചിത്ര്യവീര്യനോട് ആദ്യം അനുവാദം വാങ്ങിയതിനുശേഷം ഹസ്തിനപുരത്തിലെ അധികാരിക്ക് ആളയച്ച് സമ്മതം കാത്തിരിക്കുന്നവളാണ് ഉള്ളൂരിന്റെ അംബ. ഇതിനായി അംബിക, അംബാലിക, അംബ ഇവരുടെ മുന്നിൽ വിചിത്ര്യവീര്യനെക്കൊണ്ടു വരുന്നുമുണ്ട്. ആർക്കുവേണ്ടി താൻ അപഹൃതയായോ ആ രാജാവിൽ നിന്നു തന്നെ സമ്മതം വാങ്ങുന്നതായി കല്പിക്കുന്ന കഥാകൃത്ത് അംബയുടെ ക്ഷാത്രധീരതയ്ക്കും സാലനോടുള്ള രാഗദാർഢ്യത്തിനും പ്രാധാന്യം കൊടുത്തിരിക്കുന്നു. വൃദ്ധനായ ഭീഷ്മരുടെ മുൻപിൽ അനുരാഗ കഥ പറഞ്ഞ് പിന്തിരിയുന്നത് ദൗർബ്ബലത്തിന്റെ പ്രകടനമേ ആവൂ, മറിച്ച് വിചിത്ര്യവീര്യനോടുതന്നെ അദ്ദേഹത്തിന്റെ മഹത്വമറിഞ്ഞും, കാര്യം വെട്ടിത്തുറന്നു പറയുന്ന അംബ തന്റെ മഹത്വം പ്രകാശിപ്പിക്കുകയാണ് ചെയ്യുന്നത്. ഭീഷ്മരുടെ മുമ്പിൽ നിഷ്പ്രഭനാണെന്നറിഞ്ഞിട്ടും, കാമുകനെ ത്യജിക്കാത്ത ധീരയായ നായികയാണവൾ. നായികയുടെ ഈ സ്വഭാവം വരാൻ പോകുന്ന ദുരന്തത്തിന്റെ കാഠിന്യത്തിന് പരിപോഷകമായിത്തീരുന്നുമുണ്ട്. നാടകത്തിന്റെ അപ്രതീക്ഷിത സമാപ്തിക്ക് ഇത്തരം ചില മാറ്റങ്ങൾ അനിവാര്യമാണ് താനും.

**ട്രാജഡിയുടെ ആരംഭം**

അംബയുടെ ദുരന്തത്തിലേക്കുള്ള പതനം മഹാഭാരതത്തിൽ വർണ്ണിച്ചിരിക്കുന്നത് ഇങ്ങനെയാണ്. പ്രേമഭിക്ഷുകിയായ തന്നെ സ്വീകരിച്ചാലും എന്ന് കേണപേക്ഷിക്കുന്ന അംബയെ, സാലൻ, "പഴയ ഉറയെ പാമ്പെന്നപോലെ" നിഷ്കരുണം ഉപേക്ഷിക്കുന്നു. തനിക്ക് വേറെ ആരാണ് രക്ഷാസങ്കേതം എന്ന് ആ നിരാകരി

ക്കപ്പെട്ട കാമുകി ഹൃദയം നൊന്ത് ചോദിക്കുന്നു. ഭീഷ്മസ്വത്തായവളെ തനിക്കേൽക്കാൻ ഭയമാണ് എന്നാണ് സാല്വൻ പ്രതിവചിക്കുന്നത്. ഉപേക്ഷിക്കപ്പെട്ടവളും അപമാനിതയും നിരാലംബയുമായ അംബ കുരരിയെപ്പൊലെ കരഞ്ഞുകൊണ്ട് മടങ്ങുന്നു. ഭാരതത്തിലെ ശോക കഥയുടെ തുടക്കം ഇങ്ങനെയാണ്. പാശ്ചാത്യദുരന്തനാടകത്തിന്റെ ചട്ടക്കൂട്ടിൽ പുരാണേതിവൃത്തത്തെ ഒതുക്കാൻ ശ്രമിച്ചപ്പോൾ, ട്രാജഡിയുടെ തുടക്കം കുറിക്കുന്നു. ഈ സുപ്രധാനരംഗം മറ്റൊരു മട്ടിൽ പുനസംവിധാനം ചെയ്യാൻ ഉള്ളൂർ നിർബന്ധിനായി. രണ്ടു ബ്രാഹ്മണരുടെ അകമ്പടിയോടെ അംബ സാല്വന്റെ ആസ്ഥാനമണ്ഡപത്തിൽ എത്തുന്നു. ദുഷ്യന്തൻ ശകുന്തളയെ രാജമണ്ഡപത്തിൽ വെച്ച് സ്വീകരിക്കുന്ന രംഗത്തെ അനുസ്മരിപ്പിക്കുന്ന വിധത്തിലാണ് സാല്വനം അംബയും തമ്മിലുള്ള അഭിമുഖസംഭാഷണം നടക്കുന്നത് അംബയെ ഒരപരിചിതയെന്ന മട്ടിലാണ് സാല്വൻ വീക്ഷിക്കുന്നത്. അംബയുടെ തുടർന്നുള്ള പരിദേവനമാകട്ടെ അദ്ദേഹത്തിൽ ഒരിളക്കവും സൃഷ്ടിക്കാതെ നിഷ്പ്രഭങ്ങളുമായി അംബയുടെയും സാല്വന്റെയും തുടർന്നുള്ള വാഗ്വാദം സംഘടനാത്മകങ്ങൾ തന്നെ. അംബയുടെ വിചാരവികാരങ്ങൾ സാല്വന്റെ മനസ്സാകുന്ന പാറക്കെട്ടിൽ ചെന്നലച്ച് പൊട്ടിച്ചിതറുന്നു. മുക്കുവത്തി തൊട്ടതിനാലും പരപുരുഷസംസർഗ്ഗത്താലും കളങ്കിതയായി അംബയെന്നാണ് സാല്വന്റെ നിലപാട്. പാത്രമറിയാതെ തന്റെ മനസ്സും സ്നേഹവും ദാനം ചെയ്തതിൽ ഖേദിക്കുന്ന അംബ, അവസാനം ആരുമാരുമറിയാതെ കൊട്ടാരത്തിൽ പരിചാരികയായിത്തീരാനെങ്കിലും അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ആ അപേക്ഷയും നിറവേറ്റിയില്ല. ഭീഷ്മരെ ശരണം പ്രാപിക്കാനും അദ്ദേഹവും ഉപേക്ഷിക്കുകയാണെങ്കിൽ മൺമറഞ്ഞ് ഭൂമിയെ പുനശുദ്ധമാക്കാനും സാല്വൻ ഉപദേശിക്കുന്നത് ക്രൂരമായ വിനോദമായിപ്പോയി. സാല്വനെപ്പറ്റി താല്ക്കാലികമായി നമ്മിൽ അങ്കുരിച്ച അമർഷം അതിൽത്തന്നെ ജീർണ്ണിച്ച് ചാമ്പലാകട്ടെയെന്നും അപചാരണത്തിന്റെ അനുസ്മരണം മുൾക്കിടക്കപോലെ വിശ്രമവേളകളിൽ സാല്വഹൃദയം മുറിപ്പെടുത്തിക്കൊണ്ടിരിക്കുമെന്നും അംബ പ്രസ്താവിക്കുന്നു. അംബ ഇറങ്ങിപ്പോയതിനുശേഷം സാല്വനും സുമതിയും കൂടി ഒരു സംഭാഷണം അങ്കാവസാനത്തിൽ നടക്കുന്നുണ്ട്. ഭീഷ്മരെപ്പേടിച്ച് വിറക്കുന്ന സാല്വനല്ല നാടകത്തിലെ സാല്വൻ. ഒരു സാധാരണമനുഷ്യൻ മാത്രം. കാമുകിയുടെ പരപുരുഷസംസർഗ്ഗത്തിൽ അസ്വസ്ഥനാകുന്ന മനുഷ്യൻ, ചിന്തയ്ക്ക് വിചാരത്തെക്കാൾ മനുഷ്യശരീരത്തെ എരിച്ച് നീറ്റാനുള്ള ശക്തിയുണ്ടല്ലോ. ഭാരതകഥാപാത്രങ്ങളിലൂടെ മനുഷ്യത്വത്തിന്റെ വിഭിന്നമുഖങ്ങൾ പ്രദർശിപ്പിക്കുന്ന ഉള്ളൂർ ഈ സമീപനരീതി കൈക്കൊണ്ടത് നാടകസ്വഭാവത്തിന് അനുഗുണം തന്നെ. നായികയോട് സഹൃദയത്തിനുള്ള കാരുണ്യം ഉദ്ദീപിപ്പിക്കാനും ഈ വ്യതിയാനം സഹായിച്ചു. അന്യർ തൊട്ട സ്ത്രീയെ ആദർശത്തിന്റെ പേരിലാണ് താനുപേക്ഷിച്ചത് എന്ന് സ്ത്രീലമ്പടനായ സാല്വനെക്കൊണ്ട് പറയിക്കാനും ഈ കച്ചവടത്തിൽ തനിക്ക് നഷ്ടമൊന്നുമില്ലെന്ന് ആശ്വസിക്കുന്ന പ്രതിനായകന്റെ ഹൃദയകാഠിന്യം വെളിപ്പെടുത്താനും ഈ രംഗം ഉപകരിച്ചു.

### ഒരു വിസ്ഫോടനവും തുടർന്നുള്ള വിങ്ങലും

സാല്വൻ തിരസ്ക്കരിച്ച അംബ ഭീഷ്മരാണിതിനൊക്കെ കാരണം എന്ന് തീരുമാനിക്കുന്നു, ഹസ്തിനപുരത്തേക്കു പോകാതെ ഭീഷ്മരെ, യുദ്ധത്തിൽ ജയിക്കാനായി, അവൾ താപസാശ്രമത്തിലേയ്ക്ക് പോകുന്നു. ഉള്ളൂരിന്റെ അംബയിൽ ലൗകികതയും ഭോഗലാലസതയും മുഴച്ച് നില്ക്കുന്നു. അതിനാലായിരിക്കണം അവൾ വീണ്ടും ഭീഷ്മരുടെ സമീപത്തേക്ക് വരുന്നത്. ഭീഷ്മരോടുള്ള അവളുടെ സംവാദം വാചാലമാണ്, മോഹഭംഗമാണ്, ഇത്തരത്തിലൊക്കെ അംബയെ സംസാരിപ്പിച്ചത്. പാണിഗ്രഹണം ചെയ്തതിനാൽ സ്വീകരിക്കണ്ടെ ? അച്ഛൻ മരിച്ചില്ലേ? ഇനിയെന്തിനു പ്രതിജ്ഞ? ഗാർഹസ്ഥ്യത്തിന്റെ മഹത്വം കണ്ടറിഞ്ഞുകൂടേ? സഹോദരിമാർക്കും വൈധവ്യം വന്നാലോ? സന്താനലാഭത്തിനാശയില്ലേ? വാക്കിനോ പ്രവർത്തിക്കോ പ്രാധാന്യം? ഇങ്ങനെ ഒട്ടേറെ പ്രശ്നങ്ങളിലൂടെ ഭീഷ്മരെ വലിച്ചിഴച്ചതിനു ശേഷം അവൾ സ്വയം പൊട്ടിത്തെറിക്കുന്നു. അവസാനം ദൈവമല്ല എന്നെ ദ്രോഹിച്ചത്

തന്റെ മുമ്പിൽ കാണുന്ന ഈ മനുഷ്യനാണ്. ഇനിയും സന്ധിക്കാനിടവരും, സൂക്ഷിച്ചിരിക്കണം. തന്റെ വൈരനിര്യാതനഭാവം തടുക്കാൻ കഴിയുമെങ്കിൽ തടുക്കണം. ഇങ്ങനെ മുന്നറിയിപ്പു നല്കിയണ് അംബ നിഷ്ക്രമിക്കുന്നത്. ധർമ്മവ്രതനായ ഭീഷ്മർ ഓരോ ചോദ്യത്തിനും പ്രത്യുത്തരം നൽകുന്നുവെങ്കിലും അവസാനം വ്യാകുലനാവുകയാണ്. അനുജനുവേണ്ടിയാണെങ്കിലും, ഒരു ദുർബ്ബല നിമിഷത്തിൽ, ബലാത്ക്കാരമായി അപഹരിച്ചുകൊണ്ടു വന്ന ഈ കന്യക, ജീവിതത്തിൽ ഉണങ്ങാത്ത ഒരു മുറിവ് തന്നിലുണ്ടാക്കും എന്ന് ഭീഷ്മർ ഒരിക്കലും ഓർത്തുകാണില്ല. തികച്ചും യാദൃശ്ചികമെങ്കിലും, ഒരു സ്ത്രീയുടെ ജന്മം പാഴായത് താൻമൂലമാണല്ലോ എന്നോർത്ത് ഭീഷ്മരുടെ അചഞ്ചലമനസ്സു പോലും അനുകമ്പയുടെ നീരുറവയൂറി നനഞ്ഞിരിക്കണം. തുടർന്നുള്ള ഭീഷ്മരുടെ സ്വഭാവത്തിലും പെരുമാറ്റത്തിലും ഈ മാനസികനിലയുടെ പ്രതിസ്ഫുരണങ്ങൾ കാണാനുണ്ട്.

### ഭീഷ്മരും പരശുരാമനും

ഭീഷ്മപരശുരാമന്മാർ ഏറ്റുമുട്ടുന്ന രംഗം ഭാരതത്തിലും അംബയിലും പ്രകടമായ വ്യത്യാസങ്ങളില്ലാതെ ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. ഭാരതത്തിൽ അംബ എന്ന കന്യകയെ കേന്ദ്രമാക്കി മാത്രമാണ് പരശുരാമഭീഷ്മസംവാദവും തുടർന്നുള്ള യുദ്ധവും നടക്കുന്നത്. നാടകത്തിൽ രണ്ടുപേരും പരസ്പരം വംശഭൂഷണം ചെയ്യുന്നുണ്ട്. ഈ ഭാഗം സാധൂകരണമർഹിക്കുന്നുണ്ടോ? പരശുരാമൻ, ഭീഷ്മർ ഇവരെപ്പോലെയുള്ളവരെ വരച്ചുകാട്ടുകയാണ് കവി ചെയ്തിട്ടുള്ളതെങ്കിൽപ്പോലും ഇതിഹാസകഥാപുരുഷരായ ഇവരുടെ പ്രഭാവം ഈ ആരോപണ പ്രത്യാരോപണം മൂലം നിഷ്പ്രഭമായിപ്പോകുന്നുണ്ട്. ഉള്ളൂരിന്റെ പുരാണപാണ്ഡിത്യം ഇവിടെയും പ്രകടമായിട്ടുണ്ടെന്നത് ശരിതന്നെ നാടകത്തിലെ സംഭാഷണം അതിനൊരു പരസ്യപ്പലകയാണോ?

### ഭീഷ്മരുടെ ഗുരുഭക്തി

ഭാരതത്തിൽ ഭീഷ്മരും പരശുരാമനും തമ്മിലുള്ള പോരാട്ടം 23 ദിവസങ്ങൾ നീണ്ടു നില്ക്കുന്നു. നാടകത്തിൽ സ്വാഭാവികമായും ആ രംഗം ഉപേക്ഷിച്ചിരിക്കയാണ്. മാത്രമല്ല ഭാരതത്തിൽ മഹർഷിമാരും പിതൃക്കളും നാരദനും അഷ്ടവസുക്കളും ഗംഗയും ചേർന്ന് രണ്ടു പേരെക്കൊണ്ടും ഒരേസമയത്ത് ആയുധം വെപ്പിക്കുന്ന രംഗവുമുണ്ട്. നാടകത്തിലാവട്ടെ, തോൽവി സമ്മതിച്ച്, ഭീഷ്മരുടെ കൂടെ വരുന്ന പരശുരാമനെയാണ് നാം കാണുന്നത്. പരശുരാമൻ രണ്ടു കൃതികളിലും ഭീഷ്മരെ അനുഗ്രഹിക്കുന്നുണ്ട്. പക്ഷെ ഉള്ളൂരിന്റെ ഭീഷ്മർ ശിഷ്യഭാവത്തൊടെ വിനിയാന്വിതനായി യുദ്ധ പരിസമാപ്തി ഗുരുവിന്റെ ഉൽക്കർഷം കൂടിയാണ് എന്ന് വെളിപ്പെടുത്തുന്നു. ഭീഷ്മരുടെ വ്യക്തിത്വം പ്രകാശിപ്പിക്കാൻ ഈ ഗുരുശിഷ്യസംഭാഷണരംഗം നാടകകൃത്ത് ഉപയോഗപ്പെടുത്തിയ വിധം സമീചീതമായിട്ടുണ്ട് താനും.

### അഗ്നിപ്രവേശം

കാട്ടിൽപ്പോയി തപസ്സനുഷ്ഠിച്ച അംബയുടെ മുമ്പിൽ ഉമാപതി പ്രത്യക്ഷപ്പെട്ട് പുരുഷത്വ വരദാനം നല്കി. അങ്ങനെ അടുത്ത ജന്മത്തിലെങ്കിലും അവൾക്ക് ആഗ്രഹപൂർത്തി ലഭിക്കുമെന്നായി. ആ ആശ്വാസത്തൊടെ അംബ പ്രാണത്യാഗം ചെയ്യുന്നു. ഇതെല്ലാം ചാരന്മാർ വഴി ഭീഷ്മർ അറിയുന്നതായാണ് ഭാരതകഥയിൽ വർണ്ണിച്ചിരിക്കുന്നത്. ഉള്ളൂർ സമാപന രംഗം മറ്റൊരു തരത്തിലാണ് അവതരിപ്പിക്കുന്നത്. കഥാഗതിയിൽ കാലൈക്യം പാലിക്കുന്നതിനായി അംബയ്ക്കുണ്ടായിരുന്ന പ്രതികാരദാഹം ശമിപ്പിച്ച്,നായികയെപശ്ചാത്തപിപ്പിച്ച് അംബയുടെ വ്യക്തിത്വത്തിൽ നിറപ്പകിട്ടേകുന്ന തരത്തിലാണ് ഉള്ളൂരിന്റെ പ്രതിപാദനം. കുരുക്ഷേത്രത്തിൽ നിന്നു പോയ അംബ ഹിമവൽപ്രാന്തത്തിലെത്തി ശിഖിവാഹനനെക്കണ്ട്, ഭജിച്ച് എന്തുവരം വേണം എന്ന് ചോദിക്കുന്ന അദ്ദേഹത്തിനോട് പ്രതികാരം, പ്രതികാരം എന്ന് അംബ അറിയിച്ചു. വരദാനത്തിന് അദ്ദേഹം വിളംബം വരുത്തിയപ്പോൾ താങ്കളും ഭീഷ്മരെ ഭയപ്പെടുന്നുവോ എന്ന് ചോദിച്ച് അംബ അപഹസിച്ചു. ഒരിലഞ്ഞിമാല സമ്മാനിച്ച് അതാരണിഞ്ഞാലും അയാൾക്ക് ഭീഷ്മരെ കൊല്ലാനാകും എന്നും അത് ധരിക്കുന്നത് ഒരു സ്ത്രീയാണെങ്കിൽ അവൾ ക്രമേണ പുരുഷനാകും എന്നും മാല അങ്ങനെ ആക്കിക്കൊള്ളുമെന്നും അരുളിചെയ്ത് ദേവൻ മറഞ്ഞു. ഈ വരലാഭം ആദ്യം അംബയെ സന്തോഷിപ്പിക്കുന്നു.

അനന്തരം മാലയുമായി പല രാജാക്കന്മാരേയും അംബ സമീപിച്ചു. ആരും അതു വാങ്ങിയില്ല. ഇതിനിടെ അംബ ജീവച്ഛവമായിക്കഴിഞ്ഞിരുന്നു. അതിനാൽ പാഞ്ചാലരാജ്യത്തിലെ രാജദ്വാരത്തിൽ മാല വലിച്ചെറിഞ്ഞ് അംബ തപസ്സിനായി ഹിമവൽപ്രാന്തത്തിലെത്തുന്നു. പിന്നീട് ആ മാലയുടെ ചരിത്രം അംബ അറിയുന്നത് ഒരു ഋഷികുമാരൻ വഴിയാണ്. ആദ്യം രാജാവായ യജ്ഞസേനൻ മാലയ്ക്ക് പാറാവേർപ്പെടുത്തി. ഒരു ദിവസം അദ്ദേഹത്തിന്റെ പുത്രി തന്ന അതെടുത്ത് കഴുത്തിലണിഞ്ഞതിനാൽ രാജാവ് ഭയന്ന് അവളെ നാട്ടിൽ നിന്നോടിച്ചു. ഭാരതത്തിൽ ധനേശന്റെ പുത്രനായ സ്ഥൂണി കർണ്ണന് തന്റെ സ്ത്രീത്വം നല്കി അയാളുടെ പുംസത്വം സ്വീകരിക്കുന്നതായിപ്പറയുന്നു.) ഇവിടെ ക്രമേണ പുംസ്ത്വം നേടി നാട്ടിലെത്തിയ മകനായ ശിഖണ്ഡിയെ, ഭീഷ്മനെ തോല്പിച്ച് ഭാരതസാർവ്വഭൗമനാകുന്നതിനുവേണ്ടി, യജ്ഞസേനൻ സ്വീകരിക്കുന്നതായി പറയുന്നു. ശിഖാവാഹകൻ നല്കിയ മാല തന്നിൽ നിന്നു ജനിച്ച പ്രതികാരത്തിന്റെ പരിണതഫലമായതിനാൽ അതിനി ലോകത്തിൽ വരുത്താൻ പോകുന്ന അപകടം കാണാൻ ശക്തിയില്ലാത്ത നായികയാണ് ഉള്ളൂരിന്റെ അംബ, ഈ നായികയ്ക്ക് ഉൽക്കർഷം കൊടുക്കാൻ തന്നെയാണ് നാടകത്തിൽ ഉള്ളൂർ ഭീഷ്മരെക്കൊണ്ടു കുറ്റങ്ങൾ ഏറ്റുപറയിച്ചതും അനന്തരം ചിതയിൽ ചാടരുത്, 'വിരമിക്കൂ' എന്നു പറയുന്ന ഭീഷ്മരോട് അംബ പറയുന്ന മറുപടി തികച്ചും യോജിച്ച വിധത്തിൽത്തന്നെ ഉള്ളൂർ നിർവ്വഹിച്ചിട്ടുണ്ട്. അംബ അനന്യതന്ത്രയും അവമൃത്യുകാരിണിയുമായി ആദ്യന്തം ജീവിച്ചു. അങ്ങനെ തന്നെ അവൾ മരിക്കുകയും ചെയ്തു കൊള്ളട്ടെ എന്നാണത്. നാടകത്തിലെ ഭീഷ്മർ അഗ്നി പ്രവേശത്തിന് ദൃക്സാക്ഷിയാണ്. ഭാരതത്തിൽ ഭീഷ്മർ ആ വിവരം കേട്ടറിയുന്നതേയുള്ളൂ. നാടകത്തിൽ വരുത്തിയ ഈ വ്യതിയാനം സംഘടനാത്മകത വർദ്ധിപ്പിക്കുവാൻ ഉതകിയിട്ടുണ്ടെന്നുള്ളതിൽ സംശയമില്ല.

### മറ്റു വ്യതിയാനങ്ങൾ

കഥാഗതിക്കും നാടകീയതക്കും കഥാപാത്രങ്ങൾക്കും മിഴിവേകാൻ എത്രയോ വ്യതിയാനങ്ങൾ മഹാകവി അംബയിൽ വരുത്തിയിട്ടുണ്ട്. സാല്വനും നർമ്മസചിവൻ കപിഞ്ജലനും തമ്മിലുള്ള സംഭാഷണം (സാല്വന് അംബയോട് താല്പര്യമില്ലെന്നു മാത്രമല്ല, അയാൾ ഒരു തികഞ്ഞ സ്ത്രീലമ്പടനും കൂടിയാണെന്ന് ഇത് തെളിയിക്കുന്നു.)

2. ഭീഷ്മരും വയസ്യൻ ഗൗതമനും തമ്മിലുള്ള രംഗം (ശാന്തിക്കും എനിക്കും തമ്മിൽ ഇന്ന് സാമാന്യത്തിലധികം അകൽച്ചയുണ്ട്. ശാന്തിയില്ലാത്താവന് സുഖമെവിടെ എന്ന ഭീഷ്മരുടെ വാക്കുകൾ രാജാവേ കൊല്ലരുതേ കൊല്ലരുതേ ഇതാശ്രമമൃഗമാണ് എന്ന ശാകുന്തളത്തിലെ വാക്കുകൾ ശാകുന്തളത്തിലുടനീളം പ്രതിധ്വനിക്കുന്നതുപോലെ, ഇവിടെയും അനുകരണമുണ്ടായിരിക്കുന്നു.

3. അന്തർനാടകം (ചിത്രാംഗദന്റെ ക്ഷത്രിയോചിതമായ മരണം അമ്മയെ അറിയിക്കാൻ.)

4. വിവാഹത്തിന്റെ തലേന്നാൾ അംബ, അംബിക, അംബാലിക എന്നിവർ കാശിരാജാവിന്റെ രാജധാനിയിൽ ഒരുമച്ചിരിക്കുമമ്പോഴുള്ള അസ്വസ്ഥ രംഗം (സാല്വനെ വിവാഹം കഴിക്കാനുള്ള അംബയുടെ ആഗ്രഹം, സഹോദരിമാർ പോലും തനിക്കവിടെ തടസ്സമാകുമോ എന്ന ശങ്ക)

5. കലിംഗൻ, വംഗൻ, പുരന്ധ്രൻ എന്നീ കഥാപാത്രങ്ങൾ (ഭീഷ്മരുടെ ശക്തിയും തേജസ്സും ഈ രാജാക്കന്മാരെ വിറപ്പിക്കുന്നു).

6. ഇതേ രംഗത്തു തന്നെയുള്ള സാല്വന്റെ വരവും രാജാക്കന്മാരെ സംഘടിപ്പിക്കലും (സാല്വന്റെ ദുർബ്ബലത)

7. സാല്വനം മന്ത്രിയും (കശ്മലനായ സാല്വന്റെ അടുത്തേക്ക് വിശുദ്ധ സ്നേഹവുമായി കടന്നുവരുന്ന അംബയുടെ ദയനീയത കാണിക്കാൻ)

8. ശൈലാവത്യമുനിയുടെ തപോവനത്തിലൂടെ ഹരിതൻ, സുഭലൻ, മുൻഗലൻ, പിംഗദൻ എന്നീ മഹർഷി കുമാരന്മാരുടെ സംഭാഷണം (തപസ്സിന്റെ ക്ലേശം, ഹോത്രവാഹനന്റെ ആഗമനം ഉണ്ടെന്നറിയിക്കൽ, അംബ, ലളിത ഇവരുടെ രംഗപ്രവേശം, ഹോത്രവാഹകൻ അംബയെ തിരിച്ചറിയൽ)

9. ഹോത്രവാഹനന്റെ ആത്മഗതം (അംബയോടുള്ള വാത്സല്യം, അവളുടെ മാതാപിതാക്കളെ കുറ്റപ്പെടുത്തൽ, അംബ തപസ്സനുഷ്ഠിക്കുന്നതിലുള്ള ഇഷ്ടക്കുറവ്, പരശുരാമന്റെ ആശ്രമസന്ദർശനത്തെക്കുറിച്ചുള്ള സൂചന സ്വയം സമാധാനിക്കൽ.

ഇപ്രകാരം രംഗാവിഷ്ക്കരണത്തിന് സഹായിക്കുന്ന പല അപ്രധാനവ്യതിയാനങ്ങളും നാടകത്തിലുടനീളം വരുത്തിയിട്ടുണ്ട്. നാടകം എന്ന മാദ്ധ്യമത്തിന് എന്തെല്ലാം സ്വീകരിക്കാമോ അതൊക്കെയേ ഉള്ളൂർ സ്വീകരിച്ചിട്ടുള്ളൂ. അംബ ഒരു സമ്പൂർണ്ണ നാടകമല്ല എന്നും ഒരു നാടകീയ കാവ്യം എന്ന നിലയിലാണ് അതിന്റെ സംവിധാനം എന്നും ഉള്ളൂർ തന്നെ സമ്മതിച്ചിട്ടുണ്ടല്ലോ.

## ഉപസംഹാരം

അംബയും ഭീഷ്മരും പരശുരാമനും ഒക്കെ പുരാണകഥാപാത്രങ്ങളാണെങ്കിലും, അവരെ മാനസികസംഘടനങ്ങളുള്ള മനുഷ്യരായാണ് ഈ നാടകത്തിലവതരിപ്പിച്ചിരിക്കുന്നത് എന്ന് ഉള്ളൂർ തന്നെ പ്രസ്താവിച്ചിട്ടുണ്ട്. അനുവാചകന്റെ കാരുണ്യം അംബയിലേക്ക് തിരിച്ചു വിടത്തക്കവണ്ണമാണ് നാടകത്തിലെ ദുരന്തകഥാപാത്രചിത്രീകരണം നിർവ്വഹിച്ചിട്ടുള്ളത്. പക്ഷെ അവൾക്ക് ദുരന്തമുണ്ടാക്കിയത്. അവളല്ലാതെ മറ്റാരുമല്ല. സ്നേഹത്തിനും അതിന്റെ വെൺമയ്ക്കും മാത്രം മനസ്സിൽ ആദ്യം സ്ഥാനം നല്കിയിരുന്ന അംബ അവിശുദ്ധിയാണ് സാല്വന് കാഴ്ചവെച്ചത്. ഭീഷ്മർ അപഹരിച്ചപ്പോഴും അവിടെവെച്ചു തന്നെ വേണമെങ്കിൽ അവൾക്ക് തന്റെ ഗൂഢാനുരാഗകഥ തുറന്നു പറഞ്ഞ് സാല്വനെ സമീപിക്കാമായിരുന്നു. സന്ദർഭം കിട്ടാത്തതിനാൽ മാത്രമാണ് അവൾ അപ്പോൾ അനുരാഗകഥ വെളിപ്പെടുത്താതിരുന്നത്. അവളുടെ ജീവിതത്തിലെ ദുരന്തം ആ നിമിഷത്തിൽ ആരംഭിച്ചില്ലെ വീണ്ടും ഭീഷ്മരുടെ സമീപത്തേക്ക് സ്നേഹത്തിന്റെ പാത്രവുമായി ഓടി നടന്ന് നിഷ്കരുണം പരിത്യജിക്കപ്പെട്ടിട്ടും, അവൾ സാല്വനെ ശപിക്കുന്നില്ല. കുലീനത്വം അവളിൽ കുടികൊണ്ടിരുന്നു. പക്ഷെ ഒപ്പം അദമ്യമായ പ്രതികാരദാഹവും ആ മനസ്സിൽ ഉണ്ടായിരുന്നു. പുരാണത്തിലെ അംബയ്ക്ക് പ്രതികാരവാഞ്ഛയുടെ പൂർത്തിക്ക് അടുത്ത ജന്മം വരെ കാത്തിരിക്കേണ്ടി വന്നു. നാടകത്തിൽ, പ്രതികാരത്തിനുള്ള ആയുധം ലഭിച്ചിട്ടും, ഏതു നിമിഷത്തിലും ശത്രുവിനെ അതുകൊണ്ട് തകർക്കാൻ സാധിക്കുമായിരുന്നിട്ടും അത് പ്രയോഗിക്കാനുള്ള കരുത്ത് നായികക്കുണ്ടാവുന്നില്ല. പാശ്ചാത്യ ദുരന്തനാടകത്തിലെ വിധി വൈപരീത്യത്തെ അനുസ്മരിപ്പിക്കുന്ന ഒരു സ്ഥിതി വിശേഷമാണിത്. പശ്ചാത്താപത്തിൽ മുങ്ങിപ്പൊങ്ങിയ നായിക, ഭീഷ്മരേക്കാൾ ഒരു പടി ഉയർന്ന്, മരണത്തെ സ്വാഗതം ചെയ്യുമ്പോൾ ദുരന്തത്തിന്റെ തിരശ്ശീല വീഴുന്നു. അച്ഛന്റെ സുഖത്തിനുവേണ്ടി രാജ്യവും ഗാർഹസ്ഥ്യവും വലിച്ചെറിഞ്ഞ് ഭീഷ്മരായതാണ് ഗംഗാദത്തൻ. അനുജനുവേണ്ടി കാശിരാജകന്യകമാരെ വീരോചിതമായി ഭീഷ്മർ അപഹരിച്ചു. ആദ്യം ഒരു ചെറിയ വാഗ്വാദത്തിനു ശേഷമാണ് കോസലരാജാവുമായി പിണങ്ങി തീരുമാനമെടുത്ത് കന്യകകളെ സ്വീകരിച്ചതെങ്കിലും, അതൊരു ഹിമാലയം പോലുള്ള തെറ്റായി അദ്ദേഹത്തിന്റെ മുമ്പിൽ വളർന്നു വലുതായി. ആ സാഹസം ഭീഷ്മരുടെ മനസ്സാക്ഷിയെ എപ്പോഴും കുത്തിനോവിച്ചിരിന്നു. അങ്ങനെ അദ്ദേഹം ഒരു വലിയ തെറ്റിന്റെ ഇരയായി. പശ്ചാത്താപഭാത്തിൽ നിന്നുള്ള മോചനത്തിനു വേണ്ടി, അഗ്നിപ്രവേശത്തിനു മുമ്പ്, അദ്ദേഹം അംബയുടെ അടുത്തുപോയി കുറ്റങ്ങൾ ഏററു പറയുന്നുണ്ട്. ഒരു പക്ഷെ, നായികോൽക്കർഷം കൂടി കരുതിയായിരിക്കണം. ഈ വ്യതിയാനം നാടകത്തിൽ സൃഷ്ടിച്ചത്. കുറ്റബോധംകൊണ്ടുണ്ടാകുന്ന മുറിവുണങ്ങാൻ പശ്ചാത്താപത്തിനോളം ശക്തിയുള്ള ഏതു സിദ്ധൗഷധമാണുള്ളത്. മഹാഭാരതത്തിലെ ഭീഷ്മരിൽ ഈ മനസ്സാക്ഷിക്കുത്ത് പ്രകടമല്ല. ഭാരത കഥയിലെ ധർമ്മ വീരൻ മാത്രമല്ല ഉള്ളൂരിന്റെ ഭീഷ്മർ എന്നർത്ഥം. പൗരുഷം വിധിയുടെ കൈകളിൽ കളിപ്പാട്ടമാവുന്ന ദയനീയ കഥയായിപ്പോയി, ഭീഷ്മരുടേത്. ശൈലാവന്യന്റെ ആശ്രമത്തിൽ വെച്ച് നാം കാണുന്ന മഹാഭാരത്തിലെ പരശുരാമനും അംബയിലെ പരശുരാമനും പ്രോലഭനത്തിലൂടെ പ്രതികാരത്തിലേക്ക് നീങ്ങുന്ന ബ്രഹ്മക്ഷത്രിയ തേജസ്സിന്റെ മൂർത്തിമദ്ഭാവമാണ്. എങ്കിലും ഹോത്രവാഹനൻ നല്കുന്ന പ്രലോഭനത്തിന്റെ ശക്തി ഉള്ളൂർ അംബയിൽ കാണിച്ചിരിക്കുന്നത് തിക

ച്ചും നാടകീയമായിരിക്കുന്നു. ഒരു തരത്തിലും പരശുരാമന് ഭീഷ്മരുടെ നേർക്ക് യുദ്ധത്തിനൊരുങ്ങാതിരിക്കാൻ വയ്യ എന്ന നിലയിൽ ഹോത്രവാഹനനും അംബയും അദ്ദേഹത്തെ എത്തിച്ചു. ഭാരതത്തിൽ രണ്ടു പേരും തുല്യരായി വിജയിച്ചപ്പോൾ, ഭീഷ്മരെത്തന്നെ ആശ്രയിക്കാനാണ് പരശുരാമൻ അംബയോട് പറഞ്ഞത്. പക്ഷെ ഉള്ളൂരിന്റെ പരശുരാമൻ പരാജിതനാണ്. ഭീഷ്മരുടെ കൈക്കരുത്തും യുദ്ധപാടവവും അറിഞ്ഞവനും, അതിനാൽ അംബയെ അദ്ദേഹം പ്രതികാരത്തിന് പോകരുതെന്ന് ഉപദേശിച്ചതും നാടകസംഭവഗതിക്ക് യോജിച്ചതരത്തിൽ തന്നെയായി.

ക്രൂരതയുടെ അവതാരമായ സാല്വനിലേക്ക് നോക്കുമ്പോഴോ അംബയുടെ യഥാർത്ഥമായ അനുരാഗം കാരണം ശിക്ഷയിൽ നിന്നും ശാപത്തിൽ നിന്നും സാല്വൻ മുക്തനാകുന്നു, സാല്വനെ ശിക്ഷിക്കാനും ദ്രോഹിക്കാനും എത്രയോ സന്ദർഭങ്ങൾ അംബയ്ക്ക് ലഭിച്ചിരുന്നില്ലേ അംബയുടെ താഴെ ഉദ്ധരിക്കുന്ന വാക്കുകളാണ് അയാളുടെ ക്രൂരതയ്ക്ക് മാപ്പ് നല്കിയത്. അങ്ങയുടെ മേൽ താല്ക്കാലികമായി അങ്കുരിച്ചു. ഈ അമർഷം എന്നിൽ തന്നെ ജീർണ്ണിച്ച് ചാമ്പലായിക്കൊള്ളട്ടെ. അങ്ങ് ആത്മഹത്യ ചെയ്യരുതെന്ന് ഞാൻ പ്രത്യുപദേശം നല്കുന്നില്ല. എന്നാൽ അങ്ങെയ്ക്ക് ഹൃദയമെന്നൊന്നുണ്ടെങ്കിൽ ഇന്നത്തെ സാഹചര്യത്തിന്റെ അനുസ്മരണം ആ ഹൃദയത്തെ ഒരു മുൾക്കിടക്കപോലെ വിശ്രമവേളകളിൽ മുറിപ്പെടുത്തട്ടേ എന്നിട്ട് ഈശ്വരൻ അനുഗ്രഹിക്കട്ടെ എന്ന് പറയുകയും കൂടി ചെയ്തപ്പോൾ വാസ്തവത്തിൽ സാല്വനുള്ള ശിക്ഷ പൂർണ്ണമാകുന്നില്ലേ ഇതിനെക്കാൾ വലിയ എന്തൊരു ശിക്ഷയാണ് സാല്വന് കിട്ടാനുള്ളത്. അതിനാൽ കുറ്റത്തിന് ഉചിതമായ ശിക്ഷ ലഭിച്ചിട്ടും അത് ശിക്ഷയല്ലാതാക്കി കാണാൻ സാല്വന് സാധിക്കുന്നുണ്ടെങ്കിൽ അത് ക്രൂരതയുടെ കാഠിന്യം കൊണ്ടാണ്, അതുകൊണ്ട് മാത്രം.

മാതൃവാത്സല്യത്തിന്റെ നിറകുടമായ സത്യവതിയോ? മുക്കുവാനായ പിതാവ് മകളുടെ നന്മക്കു വേണ്ടി ശന്തനുപുത്രനെക്കൊണ്ട് ചെയ്യിച്ച പ്രതിജ്ഞ സത്യവതിയിൽ സന്തുഷ്ടി നല്കിയിരുന്നോ ശന്തനുവിന്റെ മരണശേഷം സത്യവതിയുടെ സമാധാനം ഉലഞ്ഞാടാൻ തുടങ്ങി. നാടകത്തിലും പുരാണത്തിലും ഈ സന്ദർഭത്തിൽ വലിയ വ്യത്യാസമില്ല. ചിത്രാംഗതന്റെ മരണം അമ്മയെ ഒന്നുകൂടി ദുഖിതയാക്കി. മനസ്സിന്റെ വേദനകൾ ഉള്ളൂരിന്റെ സത്യവതി ഭീഷ്മരെ അറിയിക്കുന്നത് വിചിത്രവീര്യന്റെ വിവാഹത്തിനു മുൻപാണ്. സത്യവതീ ഭീഷ്മ സംവാദത്തിൽ, അമ്മ മകന്റെ പ്രതിജ്ഞയെ ശ്ലാഘിക്കുന്നു. മുക്കവത്തിയായ താൻ സത്യവതിയായിട്ടും വിധി തന്നെ വെറുതെ വിട്ടില്ല എന്നും അതിന്റെ ഫലമാണ് ശന്തനുവുമായുള്ള ബന്ധമെന്നും സത്യവതി സമ്മതിക്കുന്നു. സ്നേഹവതിയും സത്യവതിയുമായ അമ്മ പക്ഷേ ഇതേ സംഭാഷണം ഭാരതത്തിൽ കുറെകൂടി ഉചിതമായ ഒരു സ്ഥലത്ത് വ്യാസൻ ഘടിപ്പിച്ചിരിക്കുന്നു. രണ്ടു മക്കളും നഷ്ടപ്പെട്ട്, നിസ്സഹായയായ സത്യവതിയാണ് ഭീഷ്മരോട് തന്റെ പൂർവ്വകഥ പറയുന്നത്. എന്നാൽ ഉള്ളൂരിന്റെ സത്യവതി ആലംബഹീനയല്ല, ഈ വ്യതിയാനം ഭീഷ്മരുടെ സ്വഭാവ മാഹാത്മ്യം വർദ്ധിപ്പിച്ചതല്ലാതെ, സത്യവതിയെ മാതൃത്വത്തിന്റെ പൂർണ്ണതയിലേയ്ക്കുയർത്തിയില്ല. യുദ്ധരംഗത്ത് പുത്രനേയും പരശുരാമനേയും തടയാനെത്തുന്ന സത്യവതി രണ്ടു കൃതികളിലും തുല്യയാണ്. ഭീഷ്മരോട് പ്രതികാരം ചെയ്യാൻ ശ്രമിക്കുന്ന അംബയെ തടയുന്ന സത്യവതി അംബയുടെ വേദനയും വിഫലശ്രമവും മനസ്സിലാക്കിയവളാണ്.

ഗംഭീരവും സ്വയം പൂർണ്ണവും നിശ്ചിത ദൈർഘ്യമുള്ളതുമായ ഏതെങ്കിലും സംഭവത്തിന്റെ അനുകരണമാണ് ദുരന്ത നാടകം. നാടകത്തിന്റെ വിഭിന്ന ഭാഗങ്ങളിൽ വേറെ വേറെ പ്രകരണങ്ങളിൽ പ്രയോഗിക്കപ്പെടുന്ന ശബ്ദചമത്ക്കാരത്തോടു കൂടിയ ഭാഷയാണ് അതിന്റെ ഉപകരണം. എന്നാലത് ആവിഷ്കൃതമാകുന്നത് നാടകീയ രൂപത്തിലാണ്, ആഖ്യാനരൂപത്തിലല്ല. അതിലും കരുണയും ഭീതിയും ഉദ്ദീപിപ്പിക്കുന്ന സംഭവങ്ങൾ ചിത്രീകരിച്ച് അതതു മനോവികാരങ്ങളുടെ വിരേചനം നടത്തുന്നു എന്നിങ്ങനെയാണ്. അരിസ്റ്റോട്ടിൽ ദുരന്ത നാടകത്തെ നിർവ്വചിച്ചിരിക്കുന്നത്. ഈ അർത്ഥത്തിൽ അംബ ഒരു ദുരന്തനാടകമാണോ ഇഷ്ടവരനെ ലഭിക്കാനുള്ള അംബയുടെ ഓരോ ശ്രമവും വിഫലമായി. അതിന്റെ ദുഷിച്ച ഫലം അവൾ അനുഭവിക്കുകയും ചെയ്തു. അവളുടെ പാരവശ്യം അനുവാചകന്റെ കാരുണ്യത്തിന് പാത്രമാകുന്നുണ്ടെങ്കിലും ഭീഷ്മരെ ദ്രോഹി

ക്കാനുള്ള നായികയുടെ ശ്രമങ്ങളെക്കുറിച്ചു കൂടി ചിന്തിക്കേണ്ടതുണ്ട്. അതിനുള്ള അംബയുടെ ഓരോ കാൽവെപ്പിലും അവൾ പ്രദർശിപ്പിക്കുന്നത് ക്ഷത്രിയ കന്യകയുടെ വീര്യമാണെങ്കിലും അനുവാചകരിൽ ഭീതിയാണ് ഓരോ നിമിഷവും ഉയർത്തുന്നത്. ഇതിനുപയോഗിച്ച ഭാഷയും സന്ദർഭങ്ങളും വ്യതിയാനങ്ങളും അംബ എന്ന നാടകത്തിന് ട്രാജഡിയുടെ സ്വഭാവം നല്കുന്നു. അതെ, അംബയുടെ ജീവിതത്തിൽ ഭീതിയും കരുണയും മാറി മാറി വന്ന് എല്ലാ ശ്രമങ്ങളും പരാജയപ്പെട്ടപ്പോൾ ആ തീവ്രതയിൽ നിന്ന് ശാന്തിനേടാനായി അവൾ ആത്മഹത്യചെയ്തു. അതുവഴി ആസ്വാദകരെ സംബന്ധിച്ചിടത്തോളം ദയാകാരുണ്യങ്ങൾക്കുള്ള വിരേചന പ്രക്രിയയും നടന്നു കഴിഞ്ഞു.

*****


**എറണാകുളം കരയോഗാംഗത്വമെടുക്കൂ**
**സേവനപ്രവർത്തനങ്ങളിൽ പങ്കാളികളാകൂ**

**എറണാകുളം കരയോഗത്തിൽ അംഗത്വമെടുത്ത് ജീവകാരുണ്യ,സാമൂഹ്യസേവന പ്രവർത്തനങ്ങളിൽ പങ്കാളികളാകുവാൻ എറണാകുളം ജില്ലാതിർത്തിക്കുള്ളിൽ താമസിക്കുന്ന നായർ സമുദായാംഗങ്ങളെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. കൊച്ചി കോർപ്പറേഷൻ പരിധിക്കുള്ളിൽ താമസിക്കുന്ന നായർ സമുദായാംഗങ്ങൾക്ക് ആജീവനാംഗത്വവും ജില്ലാതിർത്തിക്കുള്ളിൽ താമസിക്കുന്ന നായർ സമുദായാംഗങ്ങൾക്ക് അസ്സോസിയേറ്റ് അംഗത്വവും നിബന്ധനകൾക്ക് വിധേയമായി ലഭിക്കുന്നതാണ്.**

**താല്പര്യമുള്ളവർ വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക.**

**ഫോൺ : 04842361160**


# 2021 നവംബർ മാസം അന്തരിച്ച കരയോഗാംഗങ്ങൾക്ക് ആദരാഞ്ജലികൾ



**ക്യാപ്റ്റൻ ജയകുമാർ**
L/589, അമ്പാടി, ലായം റോഡ്,
കൊച്ചി - 11



**വാസന്തി ദേവി**
L/4233. വസന്തവിഹാർ
എളമക്കര, കൊച്ചി




**പി.ജി. രത്നകുട്ടി**
L/ 3049, പാലേപറമ്പിൽ,
എളമക്കര, കൊച്ചി - 26



**അനിത ശ്രീകുമാർ**
L/ 4804, ഡി.ഡി. റോസ്സ്
ഗാർഡൻ, വിദ്യാനഗർ,
കടവന്ത്ര, കൊച്ചി 20



**ഗോപകുമാർ. എൻ**
L/1083, ലക്ഷ്മി വിഹാർ,
ആശാൻ, സൗത്ത് ഓവർ ബ്രിഡ്ജ്
വളഞ്ഞമ്പലം, കൊച്ചി - 16



**കലാമണ്ഡലം ഗോപിനാഥ്**
L/2734, ഹരകൃപ വീട്,
കടവന്ത്ര, കൊച്ചി



**സരസ്വതി അമ്മ. പി.**
L/ 1222, പെയ്ബ്ലാശ്ശേരി ,
രവിപുരം, കൊച്ചി - 16

# മതനിരപേക്ഷത എന്ന കാപട്യം

ഡോ. പത്മനാഭൻ - ഫോൺ - 9072015115

നമ്മുടെ ഇന്ത്യമഹാരാജ്യം ലോകത്തിലെ ഏറ്റവും സങ്കീർണ്ണത നിറഞ്ഞ (Complexity) രാജ്യമാണല്ലോ. ഏകദേശം 370ൽ പരം മതാചാരങ്ങളും അനുഷ്ഠാനങ്ങളും അതോടൊപ്പം 360-ൽ പരം രാഷ്ട്രീയപാർട്ടികളും നിലവിലുള്ള ബ്രഹത്തായ ഒരു ഉപഭൂഖണ്ഡമാണ് നമ്മുടെ ഈ ഭാരതം. അതായത് ഒരു സാധാരണ രാജ്യത്തേക്കാൾ എത്രയോ പതിന്മടങ്ങ് വിപുലമായ ഒരു മഹാരാജ്യമാണ് ഇന്ത്യയെന്ന അത്ഭുതരാജ്യം. അങ്ങനെയുള്ള ഒരു രാജ്യത്തെ ഏതൊരു കാര്യത്തെപ്പറ്റി കുറ്റപ്പെടുത്തുകയോ വിമർശിക്കപ്പെടുകയോ ചെയ്യുമ്പോൾ സത്യാവസ്ഥ കിറുകൃത്യമായി പഠിച്ചിട്ടു വേണം അതിനു മുന്നിട്ടിറങ്ങാൻ.

കമ്മ്യൂണിസ്റ്റ് രാജ്യങ്ങളും മതാധിഷ്ഠിത രാജ്യങ്ങളുമൊഴിച്ച് മറ്റെല്ലാ രാജ്യങ്ങളിലും മതങ്ങളും ആചാരങ്ങളും നിർവിഘ്നം നടന്നുപോയിക്കൊണ്ടിരിക്കുകയാണല്ലോ. എല്ലാ ഞായറാഴ്ചകളിലും ക്രിസ്ത്യാനികൾ പള്ളിയിൽപ്പോയി പ്രാർത്ഥനയ്ക്കു ശേഷം കൂട്ടംകൂടി നിന്ന് കുശലപ്രശ്നങ്ങൾ നടത്താറുണ്ട്. അതുപോലെ ഇടവകക്കാര്യങ്ങൾ ചർച്ച ചെയ്തു തീരുമാനങ്ങൾ എടുക്കാറുമുണ്ട്. പ്രാർത്ഥന ചടങ്ങുകൾക്കുശേഷം അവരവിടെ മറ്റു മതങ്ങളെ വിമർശിക്കുന്നുണ്ടോയെന്നും അല്ലെങ്കിൽ നല്ലതു പറയുന്നുണ്ടോയെന്നും ആരും അന്വേഷിക്കാറില്ല. അവിടെ കൂടുന്ന രാഷ്ട്രീയക്കാർ അത്തരം കാര്യങ്ങൾ വെളിയിൽ പറയാറില്ല. അത് അവരുടെ മതത്തിന്റെ അച്ചടക്ക നിബന്ധനകളിൽ പെടുന്ന കാര്യമായതുകൊണ്ടാകാം അങ്ങനെ. അതുപോലെ തന്നെ മുസ്ലീം മതസ്ഥരും.

മേൽപ്പറഞ്ഞ രണ്ടു മതവിഭാഗങ്ങളിലും വിശ്വാസികളോട് എന്തൊക്കെ ആഹ്വാനങ്ങളാണ് മതാദ്ധ്യക്ഷന്മാർ നൽകുന്നതെന്ന് മറ്റു മതസ്ഥർ അറിയാറില്ല, അറിയിക്കാൻ ആരും നിർബന്ധിക്കാറുമില്ല. അതായത് ഇന്ത്യയിൽ മതസ്വാതന്ത്ര്യം നൂറു ശതമാനം തന്നെയാണെന്ന് നമുക്കെല്ലാമറിയാവുന്ന കാര്യം തന്നെയാണ്.

ഹിന്ദുമതത്തെ സംബന്ധിച്ചിടത്തോളം അച്ചടക്കം എന്നൊന്നില്ലാത്തത് ആളുകളെ മറ്റു മതങ്ങളിലേക്ക് പരിവർത്തനം ചെയ്തു കൊണ്ടുപോകാൻ എളുപ്പമാക്കിത്തീർക്കുന്നു. കൂടാതെ കാലാകാലങ്ങളായി മതപരിവർത്തനം മൂലം ഹിന്ദുമതം ക്ഷയിക്കുകയും മറ്റു മതങ്ങൾ ശക്തിപ്പെടുകയും ചെയ്തുകൊണ്ടേയിരിക്കുന്നു. (ജനസംഖ്യയുടെ കണക്കെടുത്താൽ കേരളത്തിലും മറ്റു ചില സംസ്ഥാനങ്ങളിലും മുസ്ലീങ്ങളുടെ ജനസംഖ്യ ഉയർന്നുകൊണ്ടേയിരിക്കുന്നു. കാരണം ഹിന്ദുക്കൾ നമ്മളൊന്നു നമുക്കൊന്ന് എന്ന തത്ത്വശാസ്ത്രം നെഞ്ചിലേറ്റിക്കൊണ്ടിരിക്കുമ്പോൾ, മറ്റു മതങ്ങൾ അവരുടെ ജനസംഖ്യയിൽ കുതിച്ചുചാട്ടം നടത്തി ആകെ ജനസംഖ്യ ഉയർന്നുകൊണ്ടിരിക്കുന്നു. ഓരോ മതങ്ങൾക്കും അവയുടെ ആചാരങ്ങളും അനുഷ്ഠാനങ്ങളും ദൈവീകമാണ്. അതിന്റെ സന്തുലിതാവസ്ഥയ്ക്ക് കോട്ടം തട്ടുന്ന കാര്യങ്ങൾ ഏതു മതസ്ഥർ ചെയ്താലും അത് മതതീവ്രതയുടെ അപകടകരമായ വളർച്ചയായി മാത്രമെ കാണാൻ കഴിയൂ)

കേരളത്തിൽ ഹിന്ദു മതമായിരുന്നു ഭൂരിപക്ഷമുള്ള മതം. ഓരോ ദേശത്തുമുണ്ടായിരുന്ന ക്ഷേത്രങ്ങൾ അതാതു ദേശക്കാരുടെ കഠിനാധ്വാനം കൊണ്ട് അവർ ധനം സമാഹരിച്ച് അമ്പലങ്ങൾ പണി തീർത്ത് ആരാധനയ്ക്ക് സൗകര്യമുണ്ടാക്കിയെടുക്കുകയായിരുന്നു. ഓരോ ദേശക്കാർക്കും അന്നത്തെ ഭരണാധികാരികളിൽ നിന്നും നാടുവാഴികളിൽ നിന്നും രാജാവിന്റെ ദേശ പ്രതിനിധികളിൽ നിന്നും നാട്ടുകാരിൽ നിന്നും ധനസമാഹാരണം നടത്തി ഓരോ ദേശങ്ങളിലും അമ്പലങ്ങളും അമ്പലക്കുളങ്ങളും ആൽത്തറകളും എല്ലാം സൃഷ്ടിച്ച് ആരാധനാലയങ്ങളെയെല്ലാം ചൈതന്യവത്താക്കിയിരുന്നു.

ജനാധിപത്യപ്രക്രിയ വന്നിട്ടും ഹിന്ദുക്കളുടെ അമ്പലങ്ങളെമാത്രം, ഭരണാധികാരികളായ രാഷ്ട്രീയനേതാക്കന്മാർ, സർക്കാർ നിയന്ത്രണ

ത്തിലുള്ള ദേവസ്വം ബോർഡുകളുടെ കീഴിൽ നിലനിർത്തി. ക്ഷേത്രങ്ങളിൽ ഭക്തർ നൽകുന്ന വഴിപാടുകളിൽ നിന്നുള്ള വരുമാനം സർക്കാരിൽ നിക്ഷിപ്തമാക്കി. എല്ലാ സർക്കാർ സ്ഥാപനങ്ങളെപ്പോലെ ദേവസ്വം ബോർഡിന്റെ സ്റ്റിയറിങ്ങ് രാഷ്ട്രീയക്കാരിലും സർക്കാരിലും നിക്ഷിപ്ത താൽപ്പര്യക്കാർക്കായി വിട്ടുകൊടുത്തു. പരിണിതഫലമോ, വരുമാനം കുറഞ്ഞ അമ്പലങ്ങളിൽ നിത്യപൂജയ്ക്കു പണം കണ്ടെത്താൻ നാട്ടുകാർ പിരിച്ചെടുക്കേണ്ട ഗതികേടിലേക്ക് കൊണ്ടെത്തിച്ചു. ദേവസ്വം ബോർഡ് സർക്കാരിന്റെ കറവപ്പശുവായി അധപ്പതിച്ചിരിക്കുന്നു. ഹിന്ദുക്കളുടെ ആരാധനാ സ്ഥാപനങ്ങളെ വ്യവസായസ്ഥാപനങ്ങളാക്കി മാറ്റാൻ വേണ്ടി തുടങ്ങിവച്ചതാണ് ദേവസ്വം ബോർഡ്. ഈശ്വരവിശ്വാസം ചില തത്ത്വശാസ്ത്രങ്ങൾക്കെതിരാണെങ്കിലും ക്ഷേത്രങ്ങളിലെ വരുമാനം കൈകാര്യം ചെയ്യാൻ അവർക്ക് യാതൊരു മടിയുമില്ല.

ഹിന്ദുസ്ഥാനായിരുന്ന ഭാരതത്തെ ഇൻഡ്യയാക്കി മാറ്റിയതുകൊണ്ട് ബ്രിട്ടീഷുകാർക്ക് ഗുണമുണ്ടായി. കുറെയൊക്കെ തമ്മിലടിപ്പിച്ച് ഭാരതീയർ തമ്മിൽ യോജിപ്പില്ലാതാക്കി. കുറെക്കാലം കൂടി ഇന്ത്യ ഭരിക്കാൻ ബ്രിട്ടീഷുകാർ അവസരമുണ്ടാക്കി. ഇന്നത്തെ ഇന്ത്യയിലും ഹിന്ദു മതസ്ഥർ തന്നെയാണല്ലോ ഭൂരിപക്ഷം ജനങ്ങളും. കാര്യങ്ങൾ ഇത്രമാത്രം വ്യക്തതയോടെ നിൽക്കുമ്പോൾ ഞാൻ ഹിന്ദുവാണ്, ഞാനെന്റെ മതത്തെ ആദരിക്കുന്നു, മുറുകെപ്പിടിക്കുന്നു. ഇന്ത്യയിൽ ബാക്കിയുള്ളവർ കൃസ്ത്യാനികൾ, പാഴ്സികൾ, മുസ്ലീങ്ങൾ ജൈനമതക്കാർ, സിക്കുമതക്കാർ എന്നിങ്ങനെ എല്ലാമതവിഭാഗങ്ങൾക്കും തുല്യതയോടെ ജീവിക്കാനും, ഞാൻ എന്റെ മതമായ ഹിന്ദുത്വത്തിൽ അടിയുറച്ചു വിശ്വസിക്കുന്നുവെന്ന് ഉറക്കെ പ്രഖ്യാപിക്കാനും ഏതൊരു ഇന്ത്യൻ പൗരനും അവകാശമുള്ളപ്പോൾ എന്തിനാണ് മതനിരക്ഷേത എന്ന കൃത്രിമത്വം (artificial imposition) പ്രസംഗിച്ച് യഥാർത്ഥ ലോകത്തിനു പകരം സാങ്കൽപ്പിക രാഷ്ട്രീയ മുതലെടുപ്പ് എല്ലാ രാഷ്ട്രീയ പാർട്ടികളും പയറ്റുന്നത് പൊള്ളയായ രാഷ്ട്രീയ പാപ്പരത്വത്തെയല്ലേ ഇത് കാണിക്കുന്നത്. അതു വിലകുറഞ്ഞ രാഷ്ട്രീയ അജണ്ടയല്ലേ? അസന്നിദ്ധമായി പറഞ്ഞാൽ 'മതനിരപേക്ഷത'യെന്ന ആലങ്കാരിക പ്രയോഗം യാഥാർത്ഥ്യത്തിൽ നിന്നുള്ള ഒളിച്ചോട്ടവും രാഷ്ട്രീയത്തിൽ ഒന്നും പറയാനില്ലാത്തതും ചൂണ്ടിക്കാണിക്കാനില്ലാത്തതുമായ ആശയ ദാരിദ്ര്യം അഥവാ രാഷ്ട്രീയ പാപ്പരത്വം വിളിച്ചറിയിക്കലാണ്.! രാഷ്ട്രീയപരമായ ആശയദാരിദ്രത്തിന്റെ ബഹിർഗമനമാണ് 'വർഗ്ഗീയത' എന്ന പ്രയോഗം. ആധുനിക ലോകത്തിൽ നമ്മുടെ ചില രാഷ്ട്രീയപാർട്ടികളുടെ അജണ്ടയിലും ദുർബ്ബലമായിക്കൊണ്ടിരിക്കുന്ന പുതിയ പുതിയ വാക്ധോരണികൾ ശക്തിക്ഷയം വിളിച്ചറിയിക്കുന്നവയാണ്. ജനങ്ങളെ ആകർഷിക്കാൻ പറ്റാത്തത് ആശയ ദാരിദ്ര്യം എന്ന മുങ്ങാംകുഴിയിൽ അകപ്പെട്ടു കിടക്കുന്ന രാഷ്ട്രീയ പാർട്ടികൾ പുറത്തെടുക്കുന്ന അവരുടെ വജ്രായുധമായ 'വർഗ്ഗീയത' എന്ന ഉന്നം പിഴച്ച് തെന്നിപ്പറന്ന പൊന്നിൽ കിനാക്കളാണ്. ഏതു വർഗ്ഗീയതയാണ് രാഷ്ട്രീയക്കാർ ഉന്നം വയ്ക്കുന്നത്. 'മുതലാളി വർഗ്ഗീയത'യോ അതോ 'തൊഴിലാളി വർഗ്ഗീയത'യോ അതോ... തൊഴിലാളി/മുതലാളി ബൂർഷാ വർഗ്ഗീതയോ?

അതതു മതസ്ഥരുടെ ദേവാലയങ്ങളിൽ പോകാത്ത ഏതു ഭരണാധികാരുളുണ്ട് ലോകത്ത് ഹിന്ദുക്കളും, ക്രിസ്ത്യാനികളും, യഹൂദരും, മുസ്ലീങ്ങളും, ബുദ്ധമതക്കാരും എന്നു വേണ്ട ഏതു മതത്തിൽ ജനിച്ച ഭരണാധികാരികളായാലും അവർ കൃത്യമായി അവരുടെ പ്രാർത്ഥനാലയങ്ങളിൽ പോകുന്നു, പ്രാർത്ഥിക്കുന്നു. ഇന്ത്യയുടെ പ്രധാനമന്ത്രി ഈശ്വരവിശ്വാസം മുറുകെ പിടിച്ച് ദേവാലയങ്ങളിൽ പോകുന്നുണ്ടെങ്കിൽ അതിനെ പുകഴ്ത്തുകയാണ് വേണ്ടത്. അമേരിക്കൻ പ്രസിഡണ്ട് പള്ളിയിൽ പോകുന്നു, ഇസ്രായേൽ പ്രധാനമന്ത്രി യഹൂതസെനഡിൽ പോകുന്നു, എല്ലാ മുസ്ലീം ഭരണാധികളും പള്ളിയിൽ പോയി നിസ്ക്കരിക്കുന്നു. ഇതെല്ലാം അതാതു രാജ്യങ്ങളിൽ ജനങ്ങളോടൊപ്പം അവരുടെ ഈശ്വരവിശ്വാസം ഊട്ടിയുറപ്പിച്ച് മാതൃകകാണിക്കാൻ വേണ്ടിയാണ്. ഇത്തരം സൽക്കർമ്മങ്ങളെ വർഗ്ഗീയത, മതതീവ്രത എന്നൊക്കെപ്പറഞ്ഞ് ജനങ്ങളെ കബളിപ്പിക്കാൻ ശ്രമിക്കുന്നത് രാജ്യദ്രോഹമാണ്. ഭരണത്തിലിരിക്കുന്ന സർക്കാരുകളെ താഴെയിറക്കാൻ വേണ്ടി ഏതു കള്ളത്തരവും വിളിച്ചു പറഞ്ഞ് രാജ്യപുരോഗതിയെ പിറകോട്ടടിക്കാൻ

ശ്രമിക്കുന്ന പ്രതിപക്ഷ രാഷ്ട്രീയ പാർട്ടികളെ ജനങ്ങൾ തിരസ്കരിച്ചുകൊണ്ടേയിരിക്കുമെന്നത് ഒരു രാഷ്ട്രീയ സത്യം തന്നെയാണ്.

ഇന്ത്യയിൽ മാത്രമല്ല ലോകരാജ്യങ്ങളിലെല്ലായിടത്തും മതങ്ങളുണ്ട്. ആചാരങ്ങളുണ്ട്. മതങ്ങളിലെ ആചാരങ്ങളെ നെഞ്ചിലേറ്റി ലോകജനത മുന്നോട്ടു പോകുമ്പോൾ ഇന്ത്യയിലെ എല്ലാ മതക്കാർക്കും അവരുടെ മതം മുറുകെപ്പിടിക്കാനും, മറ്റു മതസ്ഥരെ സഹവർത്തിത്തത്തോടെ കാണാനും ജീവിക്കാനും സർവ്വസ്വാതന്ത്ര്യമുള്ളപ്പോൾ മതനിരപേക്ഷത, വർഗ്ഗീയത എന്നീ പുലമ്പലുകൾ എല്ലാ ജനവിഭാഗങ്ങളുടെയും രാജ്യസ്നേഹത്തോടുകൂടിയുള്ള ജനാധിപത്യ ജീവിതത്തേയും രാജ്യപുരോഗതിയേയും തുരങ്കം വയ്ക്കാനുള്ള വിഫലശ്രമമായി മാത്രം കണ്ടാൽ മതിയാകും.

കോവിഡ് മഹാമാരിയെ നേരിടാൻ വേണ്ടി ഇന്ത്യ നടത്തിയ വാക്സിനേഷന്റെ എണ്ണം ലോക റെക്കോഡായി മാറിയിരിക്കുന്നതായി വിദേശമാധ്യമങ്ങൾ രാഷ്ട്രീയ പ്രാധാന്യത്തോടെ പ്രസിദ്ധീകരിച്ചിരിക്കുന്നു. എല്ലാ ജി 7 രാജ്യങ്ങൾ ഒരുമിച്ചെടുത്താൽ (ബ്രിട്ടൻ, ഫ്രാൻസ്, ജർമ്മനി, ആസ്ത്രേലിയ തുടങ്ങിയ രാജ്യങ്ങൾ) അവരുടെ ജനങ്ങൾക്കു വേണ്ടി മൊത്തം നൽകിയ വാക്സിനേഷൻ ഡോസുകളേക്കാൾ കൂടുതൽ ഇന്ത്യ ഇതിനകം ജനങ്ങൾക്കു നൽകിക്കഴിഞ്ഞു. ലോകമാകെ കോവിഡ് വ്യാപനമേൽപ്പിച്ച ആഘാതത്തിൽ പകച്ചു നിൽക്കുമ്പോൾ ലോകത്തിലെ ഏറ്റവും ജനസാന്ദ്രതയുള്ള രാജ്യമായ ഇന്ത്യ വളരെ കൃത്യതയോടെ കോവിഡിനെ പിടിച്ചു കെട്ടിക്കഴിഞ്ഞിരിക്കുന്നു. ഇത്തരം നേട്ടങ്ങൾ ഇന്ത്യയിലെയും പ്രത്യേകിച്ച് കേരളത്തിലെയും മാധ്യമങ്ങൾ ജനങ്ങളിൽ നിന്ന് മനപൂർവ്വം മറച്ചുവക്കുന്ന പ്രവണത നാം ദിവസേന അറിഞ്ഞുകൊണ്ടിരിക്കുകയാണല്ലോ? അഥവാ അത്തരം വാർത്തകൾ മാധ്യമങ്ങളിൽ പ്രാധാന്യമല്ലാത്ത വാർത്തകളുടെ കൂട്ടത്തിൽ (പത്രങ്ങളിൽ)ഒരു മൂലയ്ക്ക് മാത്രം പ്രസിദ്ധീകരിക്കുന്നു.

മറ്റൊരു പ്രധാന വാർത്തയുടെ ചരിത്രം ഇങ്ങനെ. കോവിഡിന്റെ നീരാളിപ്പിടുത്തത്തിൽ ലോകരാജ്യങ്ങളുടെ സാമ്പത്തിക നില തകർന്നടിഞ്ഞു കൊണ്ടിരിക്കുമ്പോൾ, ചൈന, അമേരിക്ക, ഇന്ത്യ, ജർമ്മനി എന്നീ രാജ്യങ്ങളാണ് സാമ്പത്തിക റാങ്കിങ്ങിൽ ആദ്യ നാലു സ്ഥാനങ്ങളും ഉറപ്പാക്കിയിരിക്കുന്നത്. പക്ഷെ ഇതിനു പുറമെ, ഇന്ത്യയുടെ gold reserve അഥവാ സ്വർണ്ണശേഖരം ഏറ്റവും ഉയർന്ന നിലയിലാണ് ഇപ്പോൾ. ഈ വാർത്തയും പ്രാധാന്യം നൽകാതെ പത്രങ്ങളുടെ ഏറ്റവും ചെറിയ മൂലയിൽ ചെറിയ Font size ൽ വായിക്കാനിടയായി. ഇതൊക്കെയാണ് നമ്മുടെ സംസ്ഥാനത്തിന്റെയും ഇന്ത്യയുടേയും യശസ്സിനെ പിറകോട്ടു കൊണ്ടു പോകുന്ന തരത്തിലുള്ള ചില മാദ്ധ്യമങ്ങളുടേയും, പ്രതിപക്ഷ പാർട്ടികളുടേയും പ്രസ്താവനകളും മാധ്യമവാർത്തകളും. രാജ്യസ്നേഹമില്ലായ്മയുടെ മകുടോദാഹരണങ്ങളാണ് മേൽപ്പറഞ്ഞവയെല്ലാം.

കഴിഞ്ഞ അഞ്ചുവർഷങ്ങളായി ലോകത്തിലെ ഏററവും ഉയർന്ന സാമ്പത്തിക വളർച്ച നേടുന്ന രാജ്യമായി ഇന്ത്യ അഭിമാനപുരസ്സരം നില കൊള്ളുകയാണ്. ഇന്ത്യയുടേത് 12.55% തൊട്ട് പിറകിൽ ചൈന 8.44% വളർച്ച നേടിക്കൊണ്ടിരിക്കുന്നു. മൊത്ത സാമ്പത്തിക വളർച്ചയുടെ GDP അടിസ്ഥാനത്തിൽ ചൈന, അമേരിക്ക, ഇന്ത്യ കിടപിടിച്ച് മുന്നോട്ടു കുതിച്ചുകൊണ്ടിരിക്കുന്നു. കോവിഡ് വ്യാപനത്തിനു മുമ്പുള്ള സാമ്പത്തിക ശേഷി കോവിഡ് വ്യാപനത്തിനു ശേഷവും നിലനിർത്താൻ ഇന്ത്യക്കു കഴിഞ്ഞു. വിദേശ നാണ്യശേഖരണത്തിൽ ഇന്ത്യയ്ക്കാണിപ്പോൾ ഒന്നാം സ്ഥാനം, അതു കഴിഞ്ഞാൽ ചൈനയും അമേരിക്കയും. സ്വർണ്ണ ശേഖരണത്തിന്റെ കാര്യത്തിലും അമേരിക്ക, ചൈന, ഇന്ത്യ എന്നിങ്ങനെ സ്ഥാനം നിലനിർത്തുന്നു. അഭിമാനകരമായ ഇത്തരം നേട്ടങ്ങൾ നമ്മുടെ വാർത്താമാധ്യമങ്ങൽ അർഹിക്കുന്ന പ്രാധാന്യം കൊടുത്ത് പ്രസിദ്ധീകരിക്കുന്നില്ല. പ്രസിദ്ധീകരിച്ചാൽ തന്നെ പത്രങ്ങളിലെ ഉള്ളിലെ പേജുകളിലെവിടെയെങ്കിലും അപ്രധാന വാർത്തയായി മാത്രമേ കാണിക്കൂ.

കോവിഡ് മൂലം 30 ദിവസക്കാലയളവിൽ മരണപ്പെടുന്നവരുടെ ബന്ധുക്കൾക്ക് ഇത്രയധികം ധനസഹായം കൊടുക്കുന്ന മറ്റൊരു രാജ്യവും ലോകത്തിലല്ലെന്ന് സുപ്രീംകോടതി തന്നെ അംഗീകരിച്ചിരിക്കുന്നു. പെഹസസ് സോഫ്റ്റ്വെയർ ഉപയോഗിച്ച് രാജ്യത്തിന്റെ സുരക്ഷ പരിപാലിക്കുക എന്നത് ജനങ്ങളോട് ഉത്തവാദിത്വമുള്ള ഒരു സർക്കാരിന്റെ കടമയാണ്. ഇന്ത്യക്കു ചുറ്റും പാകിസ്ഥാൻ, അഫ്ഗാനിസ്ഥാൻ, ചൈന മുത

ലായ രാജ്യങ്ങൾ നമ്മളെ നിരീക്ഷിക്കുമ്പോൾ അതിനു കിടപിടിക്കാൻ വേണ്ടിയാണ് നൂതനമായ ഈ സോഫ്റ്റ്വെയർ ഉപയോഗിക്കാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചത്. രാജ്യ നന്മയ്ക്കുവേണ്ടിയാണല്ലോ ഈ നടപടി. അത്തരം അത്യാധുനിക സജ്ജീകരണങ്ങളെ ഉപയോഗപ്പെടുത്തിയ സർക്കാരിനെ അഭിനന്ദിക്കുകയല്ലേ വേണ്ടത്. ഭരണഘടന, പാർലമെന്റ് നീതി ന്യായ പീഠങ്ങൾ, തിരഞ്ഞെടുക്കപ്പെട്ട മന്ത്രിസഭ (എക്സിക്യൂട്ടീവ്) ഇവ അന്യോന്യം യോജിച്ചു പ്രവർത്തിച്ചാലേ രാജ്യപുരോഗതി കൈവരിക്കാനാവുകയുള്ളൂ.

****

മിനിക്കഥ

# അങ്ങനെയൊരാൾ

ഉണ്ണിവാരിയത്ത്

ഇല്ല, അവിടെയൊന്നും നിങ്ങൾ അയാളെ കാണില്ല. അവിടെ എന്നു പറയുമ്പോൾ അംഗീകാരനിർണ്ണയസ്ഥാപനങ്ങളുടെ പിന്നാമ്പുറങ്ങളിൽ എന്നർത്ഥം.

അർഹതയില്ലാത്ത പലരും അവിടെ കയറി നിരങ്ങുന്നത് പലപ്പോഴും നിങ്ങൾ കണ്ടിരിക്കും. പക്ഷേ, അയാളെ സ്വപ്നാടനത്തിൽപ്പോലും അവിടെ പ്രതീക്ഷിക്കേണ്ട.

അങ്ങനെയൊരാൾ ഇവിടെ ജീവിച്ചിരുന്നുവെന്ന് അയാളുടെ കാലശേഷം അറിഞ്ഞാൽ അയാൾ കൃതാർത്ഥനാവുമോ എന്നു ചോദിച്ചാൽ ഇല്ലെങ്കിലും എന്നാണ് അയാളുടെ ഉടൻ മറുപടി.

# കിഞ്ചിൽ ശേഷം ഭവിഷ്യതി

മൃണാളിനി – 9567763643

പണ്ഡിതന് ഒരു തലയോട് കിട്ടി. അതിൽ അയാൾ തലയോടിന്റെ ഉടമയുടെ ശിരോലിഖിതം വായിച്ചു.

ജീവിതകാലം മുഴുവൻ കഷ്ടപ്പാടുകളായിരുന്നു. ഇനിയും ബാക്കിയുണ്ട് എന്ന് എഴുതി വച്ചിരിക്കുന്നു. കിഞ്ചിൽ ശേഷം ഭവിഷ്യതി

അയാൾക്ക് കൗതുകം തോന്നി. ഈ തലയോടിനു ഇനിയെന്ത് സംഭവിക്കുവാൻ. ഇനിയും എന്തോ സംഭവിക്കാനുണ്ട് എന്നാണ് തലവര. അയാൾ അത ഒരു മരത്തിന്റെ പൊത്തിൽ വച്ചു. ഓരോ ദിവസവും പോയി പൊത്തിൽ നോക്കും. എന്തെങ്കിലും സംഭവിച്ചിട്ടുണ്ടോ? ഇത് അയാളുടെ ഭാര്യ കണ്ടുപിടിച്ചു. അവർക്ക് അത് എന്താണെന്നറിയണം. പണ്ഡിതൻ പുറത്തു പോയ സമയത്തു അവർ പൊത്തു പരിശോധിച്ചു. തലയോട് കണ്ടു. ഇത് തന്റെ ഭാർത്താവിന്റെ കാമുകിയുടെ തലയോടായിരിക്കണം. അവർക്ക് കഠിനമായ കോപം വന്നു. അവർ ആ തലയോട്ടി എടുത്തു മണ്ണെണ്ണ ഒഴിച്ചു തീ കൊളുത്തി.

പണ്ഡിതൻ തിരിച്ചു വന്നു. ഭാര്യ കാത്തിരിയ്ക്കുകയായിരുന്നു. കിഞ്ചിൽ ശേഷം ഭവിഷ്യതി.

# പശ്ചിമഘട്ട നിരകളും പരിസ്ഥിതി പ്രശ്നങ്ങളും

**എൻ. രാജശേഖരൻ നായർ - ഫോൺ -9895550719**

വടക്കു താപ്തി നദീമുഖം മുതൽ കന്യാകുമാരി വരെ 1600 കിലോമീറ്റർ നീളത്തിൽ 1200 മീറ്റർ ഉയരത്തിൽ കാണുന്ന സഹ്യപർവ്വത നിരകളാണ് പശ്ചിമഘട്ടങ്ങൾ എന്ന് അറിയപ്പെടുന്നത്. നൂറുകണക്കിന് നദികളുടെ ഉത്ഭവസ്ഥാനം കൂടിയാണ് ഈ പർവ്വത നിരകൾ. അത്യപൂർവ്വങ്ങളായ സസ്യങ്ങളുടെയും ജന്തുക്കളുടെയും ആവാസ ഭൂമി കൂടിയാണിത്. ഹൈറേഞ്ച് എന്നറിയപ്പെടുന്ന ഭൂവിഭാഗങ്ങളിലേറെയും ഇടുക്കി ജില്ലയിലാണ്. ഇത്രയും എണ്ണമറ്റ സസ്യലതാദികളുടെയും അപൂർവ്വമായ ജന്തുജാലങ്ങളുടെയും ആവാസകേന്ദ്രമായ ഈ പ്രദേശത്തെ, നീർച്ചാലുകളെയും അവ രൂപം കൊടുത്ത വൻ നദികളെയും ആകെ താറുമാറാക്കിയ പ്രവർത്തനങ്ങളാണ് നാം ഇത്രയും നാൾ ചെയ്തുകൊണ്ടിരിന്നത്.

പശ്ചിമഘട്ട മലനിരകൾ ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ കാലാവസ്ഥാരൂപീകരണത്തിൽ വലിയ ഒരു പങ്കാണ് വഹിക്കുന്നത്. വിസ്തൃതിയുടെ കാര്യത്തിൽ ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ 5 ശതമാനം മാത്രമുള്ള സഹ്യപർവ്വത നിരകളിലാണ് ഈ രാജ്യത്തെ 27ശതമാനം സസ്യവർഗ്ഗങ്ങളും കാണുന്നത്. കേരളത്തിന്റെ സമ്പദ്വ്യവസ്ഥക്ക് നിദാനമായ മൺസൂൺ കാലാവസ്ഥ സഹ്യപർവ്വതത്തിന്റെ സാന്നിദ്ധ്യം കൊണ്ട് മാത്രം ലഭിക്കുന്നതാണ്.

ഏലം, കാപ്പി, തേയില മറ്റ് സുഗന്ധ ദ്രവ്യങ്ങൾ എന്നിവ വളരുന്നതും ഈ പ്രദേശത്തിന്റെ ജൈവമേഖലയുടെ പ്രത്യേതകൾ കൊണ്ട് മാത്രമാണ്. അതുകൊണ്ട് സഹ്യപർവ്വത പ്രദേശങ്ങളിലെ ജൈവവൈവിദ്ധ്യത്തിന്റെ സന്തുലനം ഉറപ്പ് വരുത്തേണ്ടത് എത്രയോ ആവശ്യമാണ്. കാരണം ഈ നഷ്ടം നമുക്ക് വീണ്ടെടുക്കാൻ കഴിയാത്തതാണ്.

1870ന് ശേഷം മൂന്നാറിലും, പീരുമേട്ടിലുമായി 350ൽ കൂടുതൽ തേയില തോട്ടങ്ങളാണ് ഉയർന്നു വന്നത്. നിത്യഹരിത വനങ്ങളായിരുന്ന ഈ സ്ഥലത്ത് ഏലത്തോട്ടങ്ങൾ കാപ്പി, കുരുമുളക്, ഇഞ്ചി, കപ്പ എന്നിവയാണ്. ഇപ്പോൾ കൃഷിചെയ്യുന്നത്. കൂടാതെ വികസന പ്രവർത്തനത്തിനും, കാർഷികാവശ്യങ്ങൾക്കുമായി എത്ര വനങ്ങളാണു നമുക്ക് നഷ്ടമായത്. ഹൈറേഞ്ചിൽ അഞ്ച് സംരക്ഷിത വനങ്ങളാണ് ഇപ്പോഴുള്ളത്. പെരിയാർ കടുവാസങ്കേതം, ഇരവികുളം ദേശീയോദ്യാനം, ഇടുക്കി, ചിന്നാർ എന്നിവിടങ്ങളിലെ വന്യജീവിസങ്കേതം തട്ടേക്കാട് പക്ഷിസങ്കേതം, എന്നിവയാണ് അഞ്ചു സംരക്ഷിത വനങ്ങൾ.

പെരിയാർ കടുവ സങ്കേതത്തിലും, ഇടുക്കി വന്യജീവി സങ്കേതത്തിലും കാണുന്ന നിത്യഹരിത വനങ്ങൾ, പെരിയാർ, തട്ടേക്കാട്, ഇടുക്കി, കുളമാവ്, എന്നിവിടങ്ങളിലുള്ള ഇലപൊഴിയും കാടുകൾ, ചിന്നാർ വന്യജീവി സങ്കേതത്തിലെ ഉഷ്ണമേഖലാ ഇല പൊഴിയും കാടുകൾ, ഇരവിപുരം ദേശീയോദ്യാനത്തിലും, മന്നവൻ ചോലയിലും കാണുന്ന ചോലവനങ്ങൾ, മൂന്നാറിലും ഇരവിപുരത്തുമുള്ള പുൽമേടുകൾ, തേക്കടിയിലെ പുൽമേടുകളിൽ മരങ്ങളുള്ള സാവന്നകൾ, പൂയംകുട്ടി, ഇടമലയാർ, നേര്യമംഗലം, പച്ചക്കാനം, വളയാർ, നഗരമ്പാറ എന്നിവിടങ്ങളിലുള്ള ഇടതൂർന്ന ഈറ്റക്കാടുകൾ ഇവയെല്ലാം അനേകായിരം വർഷങ്ങളിലെ പരിണാമത്തിന്റെ ഫലമായി രൂപം കൊണ്ടവയാണെന്ന് മനസ്സിലാക്കേണ്ടതുണ്ട്.

ഔഷധ സസ്യങ്ങളുടെ കാര്യത്തിലും ഇവിടം സമ്പന്നമാണ്. 230 ഔഷധ സസ്യങ്ങൾ തട്ടേക്കാട്ട് പക്ഷിസങ്കേതത്തിൽ നിന്ന് കണ്ടെത്തിയിട്ടുണ്ട്. ചിന്നാർ വന്യജീവിസങ്കേതത്തിൽ നിന്ന് 335 തരം ഔഷധസസ്യങ്ങൾ കണ്ടെത്തിയിട്ടുണ്ട്. പെരിയാർ കടുവാ സങ്കേതത്തിൽ 100ൽ കൂടുതൽ ഔഷധസസ്യങ്ങളുണ്ട്. ഔഷധസസ്യങ്ങളെപ്പററിയുള്ള വിജ്ഞാനം, പ്രാദേശിക ജനത ആർജ്ജിച്ചു വച്ച വ്യവസ്ഥാപിതമായ അറിവുകളുടെ സഞ്ചയനമാണ്. മതിയായ തെളിവുകളുടെയും, ശാസ്ത്രീയമായ സ്ഥിതിവിവരകണക്കുകളുടെയും അഭാവം കാരണത്താൽ ഇത്തരം അറിവുകൾ ഏറെയും നശിച്ച് പോയിട്ടുണ്ട്. ഈ അടുത്ത കാലത്ത് മാത്രമാണ് പാരമ്പര്യ വൈദ്യശാസ്ത്രത്തിനും അർഹമായ അംഗീകാരവും, സ്ഥാനവും ലഭിച്ചത്.

ആദിവാസികൾക്ക് ഔഷധസസ്യങ്ങളെക്കുറിച്ച് അസാമാന്യ ജ്ഞാനമാണുള്ളത്. പരിസ്ഥിതിസ്വീകാര്യത, അനുയോജ്യത എന്ന ഗുണഗണങ്ങളുടെ അടിസ്ഥാനത്തിൽ ഔഷധ സസ്യങ്ങളെകുറിച്ചുള്ള അസാമാന്യ ജ്ഞാനത്തിന് എത്രയോ വലിയ പ്രാധാന്യമാണുള്ളത്. എത്രയോ പുരാതനവും, പാരമ്പര്യവും, അമൂല്യവുമായ ഇത്തരം അറിവുകൾ ഒരിക്കലും കൈമോശം വരാതെ സംരക്ഷിച്ച് അടുത്ത തലമുറക്ക് കൈമാറ്റം ചെയ്യപ്പെടേണ്ടതാണ്.

ഹൈറേഞ്ചിലെ സംരക്ഷിത വനങ്ങളിൽ ഉയർന്ന പ്രദേശത്തുള്ള ഇരവിപുരം ദേശീയോദ്യാനം, ഇരവികുളത്തെ ചോലക്കാടുകൾ പോലെ മന്നവൻചോല, പാമ്പാടും ചോല, പുല്ലാറടി ചോല, ഇടിവാര ചോല എന്നിവിടങ്ങളിലും ചോലക്കാടുകൾ തന്നെയാണ്.

ചിന്നാർ വന്യജീവിസങ്കേതത്തിന് 90 ച. കിലോമീറ്റർ വിസ്തീർണ്ണമാണുള്ളത്. ഇതിൽ 50 ശതമാനം മുൾക്കാടുകളാണ്. കൂടാതെ ഉഷ്ണമേഖലാ ഇലപൊഴിയും കാടുകളും ഉണ്ട്. ചിന്നാറിൽ 980ൽപ്പരം സസ്യങ്ങൾ ഉണ്ട്. ചിന്നാറിലൂടെ ഒഴുകുന്ന ചിന്നാർ, പാമ്പൻ നദികൾ ചിന്നാറിന്റെ ജൈവസമ്പത്തിനെ പുഷ്ടിപ്പെടുത്തുന്നു. 340ൽപ്പരം സസ്യങ്ങളാണ് ചിന്നാറിലുള്ളത്.

എന്നാൽ ഇടുക്കി വന്യജീവി സങ്കേതികത്തിലാകട്ടെ നിത്യഹരിത വനങ്ങളും ആർദ്ര ഇലപൊഴിയും കാടുകളുമാണ് ഉള്ളത്. 70 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമാണ് ഇടുക്കി വന്യജീവി സങ്കേതത്തിനുള്ളത്.

25 ച. കിലോമീറ്റർ വിസ്തീർണ്ണമുള്ള തട്ടേക്കാട്ട് പക്ഷിസങ്കേതം ഹൈറേഞ്ചിലെ ഏറ്റവും താഴ്ന്ന സംരക്ഷിത വനമാണ്. ആർദ്ര ഇലപൊഴിയും കാടുകളും പുഴയൊര കാടുകളുമാണ് ഇവിടുത്തെ പ്രധാന വനങ്ങൾ. തട്ടേക്കാട്ട് പക്ഷിസങ്കേതത്തിനോട് ചേർന്ന് കിടക്കുന്ന വനങ്ങളാണ് ഇടമലയാർ, പൂയംകുട്ടി, ഭൂതത്താൻ കെട്ട് എന്നിവ. 700 തരം സസ്യങ്ങളെ ഈ വനത്തിൽ നടത്തിയ പഠനത്തിൽ കണ്ടെത്തിയിരുന്നു. തട്ടേക്കാട്ടിൽ ഏതാണ്ട് 230 തരം ഔഷധസസ്യങ്ങളെ കണ്ടെത്തിയിട്ടുണ്ട്. മരമഞ്ഞൾ, നീലം, കാഞ്ഞിരം, മുത്തിൾ, ഓരില, മൂവില, താന്നി, കടുക്ക, അത്തി, ആററ്പേഴ് എന്നിവ അവയിൽ ചിലത് മാത്രം.

### ഹൈറേഞ്ചിലെ വന്യമൃഗങ്ങൾ

ആന, കടുവാ, പുള്ളിപ്പുലി, കാട്ടുപോത്ത്, എന്നീ വന്യമൃഗങ്ങളുടെ വിഹാരരംഗമായിരുന്നു ഹൈറേഞ്ച്. ഇപ്പോഴും അതിൽ വലിയ ഒരു കുറവ് ഒന്നും സംഭവിച്ചിട്ടില്ല. തമിഴ്നാട്ടിലും, കേരളത്തിലും മാത്രം കാണുന്ന വരയാട് ഇരവികുളം ദേശീയോദ്യാനത്തിൽ വളരെ കൂടുതലായി കാണപ്പെടുന്നു. ഈ രണ്ട് സംസ്ഥാനങ്ങളിലും കൂടി ഏതാണ്ട് 2500 നും 3000നും ഇടക്ക് മാത്രമേ വരയാടുകൾ ഇന്ന് അവശേഷിക്കുന്നുള്ളു. ഇതിൽ 1/3 ഭാഗവും ഇരവികുളത്താണ്. തേയില തോട്ടങ്ങൾക്ക് നടുവിലുള്ള ചോലക്കാടുകളിൽ ആനകളെ കാണാം. മന്നവൻ ചോലയിലും മറയൂരിലും ആനകളെ കൂടുതലായി കണ്ടുവരുന്നുണ്ട്. ആനകളെ അകറ്റി നിർത്താനുള്ള വൈദ്യുതിവേലി ഫലത്തിൽ ആനകളെ ഹൈറേഞ്ചിൽ നിന്നു തന്നെ അകറ്റി നിർത്തുന്നതായിട്ടാണ് കാണുന്നത്.

കാട്ട്പോത്ത്, മ്ലാവ്, കാട്ടുപന്നി, കൂരൻകേഴ എന്നിവയെ പെരിയാറിലും മറ്റ് വനപ്രദേശങ്ങളിലും ഇന്നും കാണാൻ കഴിയും. കേഴ, മുള്ളൻ പന്നി, കാട്ടുപന്നി, കരിംകുരങ്ങ് എന്നിവയുടെ വാസസ്ഥലം പെരിയാറും പരിസരവുമാണ്.

പല തരത്തിലുള്ള അണ്ണാൻ, കീരി, വെരുക്, നീലഗിരി മാർട്ടിൻ, വവ്വാൽ എന്നിവ ധാരാളമായി കണ്ടുവരുന്നു. കൂടാതെ കടുവ, പുള്ളിപുലി, കരിമ്പുലി, ചെന്നായ്, കുറുക്കൻ എന്നിവയുടെയും ആവാസകേന്ദ്രമാണ് ഹൈറേഞ്ച്. ചെറിയ ഇനം പൂച്ചകൾ, നീണ്ടചാരനിറമുള്ള രോമങ്ങളുള്ള കുറുക്കന്മാർ എന്നിവയും ഇവിടെ ധാരാളമായി കാണാറുണ്ട്.

അത്യപൂർവ്വമായി കണ്ടുവരുന്ന പക്ഷികളുടെ പറുദീസയാണ് ഹൈറേഞ്ച് 60 ഇനങ്ങളിലുള്ള ശുദ്ധജല മത്സ്യങ്ങൾ, 22 തരത്തിലുള്ള പാമ്പുകൾ, കയ്യും കാലുകളുമില്ലാത്തതും കാഴ്ചയിൽ പാമ്പുകളെന്ന് തോന്നിപ്പിക്കുന്ന തവളകളും ഇവിടെയുണ്ട്. 344 തരത്തിലുള്ള ഷഡ്പദങ്ങളെയും, ഇവിടെ കാണുന്നു. ചിത്രശലഭങ്ങളുടെ ദേശാടനത്തിലെ ഒരു പ്രധാന സ്ഥലമാണ് മൂന്നാർ. കയ്യേറ്റങ്ങൾ പതിച്ച് കൊടുക്കൽ, വികസന പ്രവർത്തനങ്ങൾ, തോട്ടകൃഷി എന്നിവ ഒരു ലോഭവുമില്ലാതെ നടക്കുന്നു. ഇവ ചോലക്കാടുകൾക്ക് നിരന്തര ഭീഷണിയുയർത്തികൊണ്ടിരിക്കുന്നു.

### മറയൂരിലെ ചന്ദനമരങ്ങൾ

ഭൂമിയിലെ ജൈവ സമ്പത്തിൽ ചന്ദനത്തിന്റെ സ്ഥാനം എത്ര മഹത്തരമാണ്. ചന്ദനത്തിന്റെ ജന്മദേശം ഭാരതം തന്നെ. ഐശ്വര്യത്തിന്റെ പ്രതീകമായ ചന്ദനം എല്ലാ മതക്കാർക്കും വിശിഷ്ട ദ്രവ്യമാണ്. കേരളത്തിന്റെ ചന്ദനഗിരിയെന്നാണ് മറയൂർ അറിയപ്പെടുന്നത്. സഞ്ചാരികളുടെ പറുദീസയാണ് മറയൂർ. ചോലവനങ്ങളും, ഇല്ലിമുളങ്കാടുകളും, ചന്ദനക്കാടുകളും കൊണ്ട് സമൃദ്ധമാണ് ഈ പ്രദേശം. ആര്യങ്കാവ്, തേക്കടി, കാസർകോഡ് വനങ്ങളിൽ മാത്രമേ ചന്ദനം കൂടുതലായി കണ്ടുവരുന്നുള്ളൂ. വരണ്ട കാലാവസ്ഥ, വർഷം മുഴുവൻ ചെറിയതോതിൽ മഴ സൂര്യപ്രകാരം എന്നിവ ചന്ദനമരത്തിലെ കാതൽ വർദ്ധനവിനും, കരുത്തുറ്റ വളർച്ചക്കും ആവശ്യമാണ്. ചന്ദനത്തിന്റെ വംശവർദ്ധന വിത്തുകൾ വഴിയാണ്.

ഹൈറേഞ്ചിലെ കാലാവസ്ഥയിലും പ്രകടമായ മാറ്റം സംഭവിച്ചിരിക്കുന്നു. വേനൽ ദിനങ്ങളിൽ പെയ്യുന്ന മഴ മണ്ണെല്ലാം ഇളക്കി മറിച്ച്, ഉരുൾപൊട്ടൽ ഉണ്ടാക്കി വെള്ളപ്പൊക്കം സൃഷ്ടിക്കുന്നു. അന്തരീക്ഷത്തിൽ മഞ്ഞിന്റെ അഭാവം വളരെ ശ്രദ്ധിക്കേണ്ട ഒരു പ്രതിഭാസമാണ്. മഞ്ഞിന്റെ അഭാവം തണുപ്പ് ഇല്ലാതാക്കിയിരിക്കുന്നു. ശക്തമായ മഴ കൂടുതൽ കൂടുതൽ അനർത്ഥങ്ങളാണ് വരുത്തി വക്കുന്നത്.

ശക്തമായ മഴമൂലം മേൽ മണ്ണ് പൊടുന്നനേ ഒലിച്ച് പോകുകയാണ്. ജലത്തെ ആഗിരണം ചെയ്യാനുള്ള മണ്ണിന്റെ സംരക്ഷണശേഷി നഷ്ടപ്പെട്ടിരിക്കുന്നു. മറ്റ് സ്ഥലങ്ങളിൽ നിന്ന് ലോറിയിലും മറ്റും ജലം എത്തിക്കേണ്ട അവസ്ഥയാണ് വേനൽക്കാലത്ത്. അരുവികളും പൊയ്കകളും വറ്റിവരണ്ട് പോകുന്നു. മണ്ണൊലിപ്പാണ് ഏറ്റവും പ്രധാന പ്രശ്നം. ഒരു ഇഞ്ചു മേൽമണ്ണ് ഉണ്ടാകണമെങ്കിൽ 200 വർഷങ്ങൾ എടുക്കുമെന്ന് ഓർക്കുക. ഉല്പാദന ശേഷി നഷ്ടപ്പെട്ട്, പോഷക മൂല്യങ്ങളും, ജൈവാംശവും ഇല്ലാതായിരിക്കുന്നു. കൂടാതെ ഇപ്പോഴത്തെ രാസവളപ്രയോഗങ്ങൾ മണ്ണിലെ സൂക്ഷ്മജീവികളെ ഇല്ലാതാക്കി മണ്ണിനെ ദുർബലമാക്കിയിരിക്കുന്നു. ജൈവാംശം നഷ്ടപ്പെട്ട മണ്ണിന്റെ അന്ത്യം മരണമാണ്.

അടുത്ത ഒരു വൻപ്രശനം മണ്ണിടിച്ചിലും ഉരുൾപ്പൊട്ടലുമാണ്. മലകളും, താഴവരകളും നിറഞ്ഞതാണ് ഇവിടുത്തെ ഭൂമി. ഭൂമിയുടെ ചരിവിനെ പരിപാലിക്കണം. വനം കൊള്ളയും, ചന്ദനക്കടത്തും, കഞ്ചാവ് കൃഷിയും നിർബാധം നടക്കുന്നുണ്ട് എന്നാണല്ലോ കേൾക്കുന്നത്. നഗരവൽക്കരണത്താൽ ജലമലിനീകരണം, ഖരമാലിന്യങ്ങളുടെ കൂമ്പാരങ്ങൾ, ചീഞ്ഞുനാറുന്ന കാനകൾ എന്നിവകൊണ്ട് ഹൈറേഞ്ച് നരകമായി തീർന്നു കഴിഞ്ഞു. നൂറ് ശതമാനം വനമായിരുന്ന ഹൈറേഞ്ചിലെ പകുതിയിൽ കൂടുതൽ വനഭൂമിയും നശിപ്പിക്കപ്പെട്ടു കഴിഞ്ഞു. ഉല്പാദനശേഷി നഷ്ടപ്പെട്ട് മണ്ണ്, മണ്ണിടിച്ചിലും, ഉരുൾപൊട്ടലും തുടർകഥയായ ഹൈറേഞ്ചും അവിടെ ഇപ്പോഴും അവസാനിക്കാത്ത വനം കൊള്ള...................

വനങ്ങൾ നശിപ്പിക്കപ്പെട്ടതോടെ, സങ്കീർണ്ണമായ പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടായിക്കഴിഞ്ഞിരിക്കുന്നു.ഇവിടുത്തെ ഭൂമിയിൽ കൂടുതലും നാണ്യവിളകളാണ്. അതിനാൽ ഭക്ഷ്യവസ്തുക്കളുടെ ഉൽപ്പാദനം ഇല്ലെന്ന് തന്നെ പറയാം.

നാണ്യവിളകളുടെ കാര്യവും ഇപ്പോൾ നഷ്ടത്തിലാണ്. ഇതോടെ വനം കയ്യേററം അതിരൂക്ഷമായികൊണ്ടിരിക്കുന്നു. മൂന്നാർ പോലയുള്ള ടൂറിസ്റ്റുകളെ ആകർഷിക്കുന്ന പ്രദേശങ്ങൾ, ഏതാണ്ട് മുഴുവനായും തന്നെ വ്യാജപട്ടയങ്ങൾ ചമച്ചു വനകൊള്ളക്കാർ കരസ്ഥമാക്കി കഴിഞ്ഞതായി വാർത്തകൾ വരുന്നു. മിക്ക രാഷ്ട്രീയപാർട്ടികളും ഈ നഗ്നമായ വനംകൊള്ളയിൽ പങ്കാളികളുമാണെന്നാണ് കേൾക്കുന്നത്. ഇങ്ങനെ ഒരു വനം കൊള്ള ലോകത്ത് മറ്റൊരിടത്തും കാണാൻ കഴിയുകയില്ല.

ആദ്യം തടിക്ക് വേണ്ടി തുടങ്ങിയ വനം കൊള്ള പിന്നെ ജലവൈദ്യുത പദ്ധതികൾക്ക് വേണ്ടിയുള്ള വനം കൈയ്യേറ്റമായി. പിന്നെ, കൃഷിക്ക് വേണ്ടിയെന്ന പേര് പറഞ്ഞ് വന്നു മറ്റ് ചില കൊള്ളക്കാർ ഇങ്ങനെ എത്രയധികം കൊള്ളക്കാരാണ് ഇവിടം നശിപ്പിച്ചത്. ഇടുക്കി പദ്ധതികാരണം 6000 ഹെക്ടർ വനമാണ് വെട്ടി തെളിച്ചതെങ്കിൽ ആ പദ്ധതിക്ക് വേണ്ടി തുറന്ന റോഡുകൾക്കാകട്ടെ 20000 ഹെക്ടർ വനമാണ് കൈയ്യേറി നശിപ്പിക്കപ്പെട്ടത്. ഒൻപതിൽപ്പരം ജലവൈദ്യുത പദ്ധതികളുണ്ട് ഇവിടെ. ഹൈറേഞ്ചിലെ വനങ്ങൾ നഷ്ടപ്പെട്ടത് എങ്ങനെയെന്ന് മനസ്സിലായിരിക്കുമല്ലോ?

### ഹൈറേഞ്ചിലെ നദികൾ

നമ്മുടെ കേരളത്തിൽ പ്രധാനമായും 44 നദികളാണ് ഉള്ളത് ഇതിൽ കിഴക്കോട്ട് ഒഴുകുന്ന മൂന്ന് നദികളാണ് മലയോരപ്രദേശത്ത് കൂടി ഒഴുകുന്നവ. ഇതിൽ കബനി നദി വയനാട് ജില്ലയിൽ കൂടി ഒഴുകുന്നു. ഭവാനി നദി പാലക്കാട് ജില്ലയിലെ, അട്ടപ്പാടി താഴവരയിൽ കൂടിയാണ് ഒഴുകുന്നത്. പാമ്പാർ നദി ഇടുക്കി ജില്ലയിൽ കൂടി കേരളത്തിനു പുറത്തേക്ക് ഒഴുകുന്നു. കേരളത്തിലെ ഏറ്റവും നീളംകൂടിയ നദി പെരിയാറാണ്.

നമ്മുടെ കേരളത്തിൽ, തെക്ക് പടിഞ്ഞാറൻ കാലവർഷത്തിലും, വടക്ക് കിഴക്കൻ തുലാവർഷക്കാലത്തുമാണ് കൂടുതൽ മഴ ലഭിക്കുന്നത്. 60 ശതമാനം മഴ കാലവർഷക്കാലത്തു ലഭിക്കുന്നു. 20ശതമാനം തുലാവർഷക്കാലത്ത് കിട്ടുന്നു. ബാക്കിയുള്ള 20 ശതമാനം മറ്റ് മാസങ്ങളിലും.

### ശബരിമല

ശബരിമല തീർത്ഥാടനത്തിന്റെ കാര്യം ഇത്തരുണത്തിൽ സ്മരിക്കാതെ വയ്യ. ശബരിമലയിലെത്തുന്ന സാധാരണ തീർത്ഥാടകർ വിരിവച്ചതും അടുപ്പുകൾ കൂട്ടിയിരുന്നതുമായ ക്ഷേത്രപരിസരം, കോൺക്രീറ്റ് മാളികകൾ പണിത് വാടകയ്ക്ക് കൊടുക്കാൻ തുടങ്ങിയതോടെയാണ് ശബരിമലയിലെ പ്രശ്നങ്ങളുടെ തുടക്കം. സാധാരണക്കാർ ക്ഷേത്രസമുച്ചയത്തിന് പുറത്ത് വിരിവക്കാൻ തുടങ്ങി. ജലദൗർലഭ്യത്താൽ കുപ്പിയിലടച്ച വെള്ളവുമായി വന്ന തീർത്ഥാടകരാകട്ടെ, വലിച്ചെറിഞ്ഞ പ്ലാസ്റ്റിക്ക് കുപ്പികളും പ്ലാസ്റ്റിക്ക് കൂടുകളും പരിസരമാകെ, വനത്തിൽ പോലും ചിതറിക്കിടക്കുന്നു. അവ ഭക്ഷിച്ച് വന്യജീവികൾ ചത്തുവീഴുന്നു. തീർത്ഥാടകരുടെ ഇടയിൽ എന്ത് ചെയ്യണം. എന്ത് ചെയ്യരുത് എന്ന ഒരു അവബോധം ഉണ്ടാക്കണം. കച്ചവടവും നഗരവൽക്കരണവും ഒഴിവാക്കി ശാന്തമായ തീർത്ഥാടനമാണ് ലഭ്യമാക്കേണ്ടത്. തീർത്ഥാടനം ഉല്ലാസയാത്രയല്ല എന്ന കാര്യം ആദ്യം ശ്രദ്ധിക്കേണ്ടത് അധികാരികളാണ്. വർഷങ്ങൾക്ക് മുമ്പ് ശരണമന്ത്രവും ഉരുവിട്ട് കാട്ടുവഴികൾ താണ്ടിവന്ന തീർത്ഥയാത്ര ഇന്ന് തികച്ചും മാറിയിരിക്കുന്നു. കരിമലയും, നീലിമലയും കയറി സന്നിധാനത്തിലെത്താൻ തീർത്ഥാടകന് ബലം നൽകിയതാകട്ടെ, വ്രതശുദ്ധിയും അവന്റെ ആന്തരികശുദ്ധിയുമാണ്. മാലിന്യമുക്തിയും ശാന്തിയും നിറഞ്ഞ ശബരിമലയാണ് തീർത്ഥാടകന്റെ ലക്ഷ്യം. കാടിന്റെ നിലയും വിശുദ്ധിയും, ശാന്തതയും കാത്തുസൂക്ഷിക്കാൻ സർക്കാരും ദേവസ്വം ബോർഡും ബാദ്ധ്യസ്ഥരാണ്.

ഇന്നാകട്ടെ മണ്ണ്, വെള്ളം, വായു എന്നിവയുടെ മലിനീകരണം എത്രമാത്രം അസഹ്യമായ തോതിലാണ് വളർന്നു പന്തലിച്ചതെന്ന് മനസ്സിലാക്കേണ്ടതാണ്. അജൈവ മാലിന്യങ്ങൾ, വിസർജ്ജന വസ്തുക്കൾ, വാഹനങ്ങൾ പുറന്തള്ളുന്ന വിഷപ്പുക എന്നിവയെല്ലാം കൂടി ശബരിമലക്കാടുകളെ നഗരതുല്യമാക്കുകയാണ്, നഗരവത്കരണം മുഴുവനായും ഒഴിവാക്കണം. ശുദ്ധവായു വെള്ളം എന്നിവ ലഭിക്കാനുള്ള നടപടികൾ വേണം.

*****

# കൃഷ്ണ തസ്മൈ നമസ്തേ

**സി. നാരായണൻ**

"ശ്രീമത് നാരായണീയം" ഏതു വീക്ഷണ കോണിൽ കൂടി നോക്കിയാലും മഹത്തരമായ ഒരു കൃതിയാണെന്ന കാര്യത്തിൽ സംശയമില്ല. അതിലുപയോഗിക്കാത്ത അലങ്കാരങ്ങളോ, സംസ്കൃതവൃത്തമോ ഇല്ലെന്നു തന്നെ പറയാം. ഓരോ സന്ദർഭത്തിനനുസരിച്ചുള്ള വൃത്തത്തിന്റെയും പദങ്ങളുടേയും നിർണ്ണയം അതി വിശേഷമെന്നു തന്നെ പറയണം. കാളിയന്റെ ഫണങ്ങളിൽ കൃഷ്ണന്റെ കാലുകൾ നൃത്തം ചെയ്യുമ്പോൾ, ഭട്ടതിരിപ്പാട് അതു വർണ്ണിക്കുന്ന വാക്കുകളും കിങ്ങിണികളുടെ ശബ്ദമുണ്ടാക്കി നൃത്തം ചെയ്യുന്നതായി വായിക്കുന്നയാൾക്ക് അനുഭവപ്പെടും. അതുപോലെ ഭാഗവതത്തിൽ ഗോപീകാഗീതത്തിനുപയോഗിച്ച സുന്ദരമായ "സമ്മതാ"വൃത്തം, ഭട്ടതിരിപ്പാട് നാരായണീയത്തിൽ രാസലീലാവർണ്ണത്തിനുപയോഗിച്ചപ്പോൾ അത് കുറെ കൂടി ഉചിതമായെന്നു അനുവാചകനു തോന്നിപ്പോകും.

ശ്രീമത് നാരായണീയമെഴുതിയ സാഹചര്യവും അതിലെ ഇതിവൃത്തവും കേരളത്തിൽ ആർക്കും പറഞ്ഞുകൊടുക്കേണ്ട കാര്യമില്ല.

ഭട്ടതിരിപ്പാടിനു വേദങ്ങളിൽ ഉള്ള അഗാധ ജ്ഞാനം പലയിടത്തും വ്യക്തമാകുന്നുണ്ട്. പ്രത്യേകിച്ച് തൊണ്ണൂറെട്ടാം ദശകം, വേദാന്തം സംഗ്രഹിച്ചതാണ്. കൃഷ്ണനെ നിർഗ്ഗുണ ബ്രഹ്മമായുള്ള വർണ്ണനയാണത്. കൃഷ്ണന്റെ സത്തും ചിത്തും ആനന്ദവുമായുള്ള സാക്ഷാൽ സ്വരൂപമാണ് ഈ ദശകത്തിൽ വിവരിച്ചിരിക്കുന്നത്. ഇതിലെ ഓരോ ശ്ലോകവും അവസാനിക്കുന്നത് കൃഷ്ണനെ നമസ്ക്കരിച്ചുകൊണ്ടാണെന്നുള്ളത് കൃഷ്ണഭക്തരെ വളരെ സന്തോഷിപ്പിക്കുന്നു.

ഇതിലെ ആദ്യത്തെ ശ്ലോകത്തിന്റെ അന്തരാർത്ഥമെന്തെന്ന് പരിശോധിക്കാനുള്ള ഒരു ഉദ്യമമാണ് ഞാനിവിടെ നടത്തുന്നത്. ശ്ലോകം ഇങ്ങനെയാണ്.

"യസ്മിൻ ഏതത് വിഭാതം
യദ ഇദമഭവത്
യേന ചേദം യ ഏതത്
യോസ്മാദുത്തീർണരൂപഃ
ഖലു സകലാമിദം ഭാസിതം യസ്യ ഭാസാ
യോ വാചാ ദൂരദൂരേ പുനരപി മനസാം
യസ്യ ദേവാ മുനീന്ദ്രാഃ നോ വിദ്യു
തദ്രൂപം കിമു പുനരപരേ
കൃഷ്ണ തസ്മൈ
നമസ്തേ"

### വാച്യാർത്ഥം

ഈ ജഗത്ത് ഏതൊരു ഭഗവാനിൽ വിളങ്ങുന്നുവോ എവങ്കനിൽ നിന്നുണ്ടായി, എവനിൽ വിലയം പ്രാപിക്കുന്നുവോ, ഏതൊരുവൻ ഈപ്രപഞ്ചത്തിൽ നിന്ന് വേറിട്ടു നിൽക്കുന്നുവോ, ആരുടെ തേജസ്സുകൊണ്ട് എല്ലാം പ്രകാശിക്കുന്നുവോ ആരാണ് വാക്കിനും മനസ്സിനും പിടി തരാത്തത്, ദേവകൾക്കും മുനിവര്യന്മാരുപോലും ആരുടെ സ്വരൂപം ശരിക്കറിയുന്നില്ലയോ ആ ദേവനെ മറ്റു സാധാരണക്കാർ പിന്നെയെങ്ങനെ അറിയാനാണ്. അങ്ങനെയുള്ള ശ്രീകൃഷ്ണനെ ഞാൻ നമസ്ക്കരിക്കുന്നു.

### വ്യംഗ്യാർത്ഥം

ലോകം നമുക്കു അറിയുവാൻ കഴിയുന്ന വസ്തുക്കളെ കൊണ്ടു നിറഞ്ഞതാണ്. അവയിൽ പഞ്ചഭൂതങ്ങളെ കൊണ്ടുണ്ടാക്കിയ ഖരദ്രവങ്ങളായ ഇന്ദ്രിയ വിഷയങ്ങൾ, പിന്നെ മനസ്സിൽ ഉടലെടുക്കുന്ന സന്തോഷം ദുഖം ഭയം എന്നീ വികാരങ്ങൾ വിശപ്പ്, ദാഹം തുടങ്ങിയ ശരീര ക്ലേശങ്ങൾ എന്നിങ്ങനെ എണ്ണിയാൽ തീരാത്ത നിരവധി തരത്തിലും ഭാവത്തിലുമുള്ള വസ്തുക്കൾ ഉൾപ്പെടും.

സൗകര്യത്തിനു വേണ്ടി നമുക്കിതിനെ "പ്രപഞ്ച" മെന്നു വിളിക്കാം. നമുക്ക് ഈ പ്രപഞ്ചത്തിന്റെ സ്വരൂപം അറിയേണ്ടതുണ്ട്. അതിനു വേണ്ടി അതിലെ ഏതെങ്കിലും ഒരു വസ്തുവിനെയെടുത്ത് പരിശോധിക്കാം.

"ഏകേന മൃത് പിണ്ഡേന സർവം മൃൺമയം വിജ്ഞാന" (ഒരു മൺകട്ടയെയറിഞ്ഞാൽ മണ്ണിന്റെ എല്ലാ വകഭേദങ്ങളും അറിഞ്ഞതായി കണക്കാക്കാം). മാകുമെന്നാണല്ലോ നമ്മുടെ ശ്രുതി പോലും പറയുന്നത്. അതുകൊണ്ട് നമുക്ക് ഇതിലെ "മൺകുടം" എന്ന ഒരു വസ്തുവിനെ പരിശോധനക്കു വിധേയമാക്കാം.

ഞാൻ ഇപ്പോൾ ലക്ഷണമൊത്ത ഒരു മൺകുടത്തിന്റെ മുന്നിൽ ഇരിക്കയാണ്. എന്റെയടുത്തു ബാലനായ എന്റെ മകൻ പന്തുകളിക്കുന്നുണ്ട്. പെട്ടന്ന് അവൻ എറിഞ്ഞ ഒരു പന്ത് മൺകുടത്തിന്റെ പള്ളക്കു തന്നെ കൊണ്ടു. അത് നിലത്തു വീണുടഞ്ഞു. മകൻ ശിക്ഷ പേടിച്ച് ഉടൻ സ്ഥലം വിട്ടു.

എന്റെ ലക്ഷ്യം മൺകുടത്തിന്റെ സത്യമറിയലായതിനാൽ ഞാൻ അവിടെത്തന്നെയിരുന്ന് അതിനെക്കുറിച്ചു ചിന്തിക്കാൻ തുടങ്ങി.

മൺകുടം ഉണ്ടായിരുന്നു എന്നു വച്ചാൽ മൺകുടത്തിന്റെ ഉള്ളത് എന്ന അവസ്ഥ (ഉണ്മ) യെ ഞാൻ അറിഞ്ഞിരുന്നു എന്നാണ് അർത്ഥം. അതായത് അറിവും ഉണ്മയും വേറിട്ടു നിൽക്കുന്നില്ല. രണ്ടും ഒന്നു തന്നെയാണ്. അങ്ങനെയാണെങ്കിൽ മൺകുടം ഉടഞ്ഞപ്പോൾ അറിവ് ഉടഞ്ഞു എന്നു പറയാൻ പറ്റുമോ? പറ്റില്ല കാരണം, അറിവു എന്ന സത്ത ഉടഞ്ഞാൽ അടുത്തുള്ള കസേരയുടെ അറിവും ഉടഞ്ഞതായി കാണണം. അങ്ങനെ കാണുന്നില്ല. ഇനി ഉണ്മയാണോ ഉടഞ്ഞത് എന്നു ചോദിച്ചാൽ ഉണ്മയും ഉടഞ്ഞിട്ടില്ല. കാരണം ഉണ്മ ഉടഞ്ഞിട്ടുണ്ടെങ്കിൽ മുമ്പു പറഞ്ഞ കസേരയുടെ ഉണ്മയും ഉടഞ്ഞിട്ടുണ്ടാവണം അല്ല മൺകുടത്തിന്റെ ഉണ്മ മാത്രമാണ് ഉടഞ്ഞിട്ടുള്ളത് എന്നു വാദിച്ചാൽ അതു തീരെ ശരിയല്ല. മൺകുടത്തിനു അതിന്റെതു മാത്രമായ ഒരു ഉണ്മയുണ്ടെന്നു വാദിച്ചാൽ പല പ്രശ്നങ്ങളുമുണ്ട്. കുടത്തിന്റെ മാത്രം ഉണ്മയെന്നു പറഞ്ഞാൽ ഉണ്മയും കുടവും തമ്മിൽ അഭേദ്യമായ, തമ്മിൽ വേർതിരിക്കാൻ പറ്റാത്ത ബന്ധമുണ്ടാവേണ്ടതുണ്ട്. അങ്ങനെ വരുമ്പോൾ കുടം ഉണ്ടാവുന്നതിനു മുമ്പ് അതിന്റെ സത്ത ഇല്ലായ്മയാണെന്നു വരും. അപ്പോൾ ഇല്ലായ്മയിൽ നിന്ന് ഉണ്മയുണ്ടായിയെന്ന സാംഖ്യനോ വൈശേഷികനോ, താർക്കികനോ, വിശിഷ്ടാദ്വൈതിക്കോ എന്നു വേണ്ട ആർക്കും സ്വീകാര്യമല്ലാത്ത തികച്ചും മൂഢമായ വാദം അംഗീകരിക്കേണ്ടി വരും.

"കഥം അസത സത് ജായേത?" (ഇല്ലാത്തതിൽ നിന്ന് ഉള്ളത് എങ്ങനെയാണ് ഉണ്ടാവുക) എന്ന് ഛാന്ദോഗ്യം ഉണ്ടാവില്ല എന്നർത്ഥത്തിൽ ചോദിക്കുന്നുണ്ട്. വേറെയൊരു തരത്തിൽ ചിന്തിക്കയാണെങ്കിൽ കുടം ഉണ്ടാവുന്നതിനു മുമ്പ് അതിന്റെ "അഭാവം" ഉണ്ടായിരുന്നുവല്ലോ എന്നാൽ ഉണ്മക്ക് "അഭാവം" എന്ന ഒരവസ്ഥയേയില്ല. അതേ പോലെ അഭാവത്തിനു "ഉണ്മ" എന്ന അവസ്ഥ ഒരിക്കലും കൈവരില്ല.

"നാസതോ വിദ്യതേഭാവ

നാഭാവോ വിദ്യതേഃ സത എന്നു ഭഗവാൻ തന്നെ ഗീതയിൽ പറയുന്നുണ്ട്.

ഇക്കാരണങ്ങൾ കൊണ്ടും കുടത്തിന് ഉണ്മ ഒരിക്കലും ഉണ്ടായിരുന്നില്ല. പിന്നെ കുടം ഉടഞ്ഞപ്പോൾ ഉണ്മയും കുടത്തിന്റെ തുണ്ടങ്ങളായി രൂപാന്തരം പ്രാപിക്കുന്നുവെങ്കിൽ അത് ഒരിക്കലും ഉണ്മയേ ആയിരുന്നില്ല. കാരണം ഉണ്മയുടെ നിർവചനം തന്നെ ഒരിക്കലും ഇല്ലാത്തതാവാത്തതും മാറ്റം വരാത്തതുമായ ഒരു സത്തയെന്നാണ്. ഏതു നിമിഷവും ഇല്ലായ്മയാവാൻ സാദ്ധ്യതയുള്ള ഒരു തത്ത്വം.

എങ്ങനെ ഉണ്മയാവും? ഉള്ളത് എങ്ങനെ ഇല്ലാത്തത് എന്നായിത്തീരും? മാത്രമല്ല കുടത്തിന്റെ ഉണ്മയും കസേരയുടെ ഉണ്മയും തമ്മിലുള്ള വ്യത്യാസമെങ്ങനെ നിർവചിക്കും?. ഇതിനേക്കാൾ പ്രധാനമായ ഒരു ചോദ്യം കൂടെ ഉദിക്കുന്നുണ്ട്. ഇപ്പറഞ്ഞ ഉണ്മയും അറിവും ഇരുന്നത് എവിടെയാണ്.? കുടത്തിലായിരുന്നോ? ആയിരുന്നെങ്കിൽ മൺകുടത്തിന് "അറിവ്" എന്ന ഗുണവും സ്വയം സൃഷ്ടിതമാവാനുള്ള കഴിവും ഉണ്ടാവണം. അതില്ല എന്ന് തികച്ചും നിശ്ചിതമായ സംഗതിയാണ്. അപ്പോൾ ആ രണ്ടു ഗുണങ്ങളുടേയും ഇരിപ്പിടം ദ്രഷ്ടാവായ എന്നിലാണ്. അവിടെ ഒന്നും ഉടയുകയോ രൂപാന്തരം പ്രാപിക്കുകയോ ചെയ്തിട്ടില്ല എന്നുറപ്പാണ്.

ഈ വൈരുദ്ധ്യങ്ങളിൽ നിന്ന് രക്ഷ പെടാൻ യുക്തിസഹമായ ഒരു വഴിയേ ഉള്ളൂ. കുടം ഉടഞ്ഞപ്പോൾ ഉണ്മ എന്ന സത്തക്കോ, അറിവ് എന്ന സത്തക്കോ ഇല്ലായ്മയോ, മാറ്റമോ സംഭവിച്ചിട്ടില്ല. നാശം സംഭവിച്ചിട്ടുള്ളത് കുടം എന്ന രൂപത്തിന് മാത്രമാണ്. രൂപം ഇല്ലാതായിട്ടുണ്ടെന്നു പറയാം. പക്ഷെ കുടം ഉടഞ്ഞതിനു ശേഷവും ദ്രാഷ്ടാവായ എന്റെയുള്ളിൽ ഉണ്മയും

അറിവും അഖണ്ഡമായും അനുസ്യൂതമായും തുടരുന്നു. അപ്പോൾ ഈ രൂപം എന്നു പറയുന്നത് ശരിക്കും ഇല്ലാത്തതായിരുന്നു. അത് എന്റെ ബുദ്ധിയിൽ മാത്രം പിറന്ന് അവിടെത്തന്നെ അസ്തമിച്ചു. കൂടുതൽ ചിന്തിക്കുമ്പോൾ ഈ ബുദ്ധിക്കും ഉദയാസ്തമയങ്ങൾ ഉണ്ടാകുന്നുണ്ട് എന്നു പറയേണ്ടിവരും. അതിനു മാറ്റങ്ങൾ സംഭവിക്കുന്നുണ്ട്. മാറ്റങ്ങൾ സംഭവിക്കുന്ന എന്തും പരിമിതവും നശ്വരവുമാണ്. ബുദ്ധിയെന്നത് വൃത്തി (ചിന്താ) സ്വരൂപമാണ്. ജഡമായ അതിൽ വൃത്തികൾ നിരന്തരം ഉണ്ടായും നശിച്ചും നിലകൊള്ളുന്നു. എന്നാൽ ശുദ്ധമായ ഉണ്മയും അറിവും ഏറ്റക്കുറച്ചിലോ ഒരിക്കലും ഉത്പത്തിയോ നാശമോ ഇല്ലാതെ സ്ഥിരമായി നിൽക്കുന്നു. നിത്യസത്യമായ ആ ഉണ്മയാണ് ബുദ്ധിക്കും ബുദ്ധിയിൽ ജനിച്ചുമരിക്കുന്ന പ്രപഞ്ചത്തിനും അധിഷ്ഠാനം. സൃഷ്ടിക്കു മുമ്പ് ഉണ്മ മാത്രമേ ഉണ്ടായിരുന്നുള്ളൂ "എന്ന അർത്ഥത്തിൽ" "സദേവ സോമ്യ ഇദമഗ്ര ആസീത്" എന്ന് ഉപനിഷദ് പറയുന്നു. സത്യവും. അപ്പോൾ പ്രപഞ്ചമെന്നു പറയുന്നത് മൂന്നു കാലത്തും ഉണ്ടായിട്ടില്ലാത്ത വെറും ഭ്രമമാണെന്നു തെളിഞ്ഞു. പക്ഷേ മന്ദാന്ധകാരത്തിൽ ഒരു കയറിനെ കണ്ട് അതൊരു പാമ്പാണെന്നു ഭ്രമിക്കുമ്പോൾ ആ ഭ്രമത്തിനു കയറെന്ന ഭ്രമമല്ലാത്ത ഒന്ന് അധിഷ്ഠാനമായുണ്ട്. കയറെന്നു വിളിക്കുന്ന ഉള്ള വസ്തുവിന്മേലാണ് ഇല്ലാത്ത പാമ്പ് ആരോപിക്കപ്പെട്ടത്. കയറില്ലെങ്കിൽ പാമ്പെന്നുള്ള ഭ്രമവുമില്ല. അങ്ങനെ പ്രപഞ്ചമെന്ന ഭ്രമത്തിന്നധിഷ്ഠാനമായി ഒരു സത്യമുണ്ടാവണം. നാം ആദ്യം പറഞ്ഞ മൺകുടത്തിന്റെ കാര്യത്തിൽ കുടം എന്ന മിഥ്യാവസ്തു മണ്ണെന്ന മിഥ്യയല്ലാത്ത ഒരു വസ്തുവിന്മേലാണ് അരോപിക്കപ്പെട്ടിട്ടുള്ളത്. അങ്ങനെ ചിന്തിക്കുമ്പോൾ സത്യത്തിൽ ഇല്ലാത്തതാണെങ്കിലും ഉണ്ടെന്നു തോന്നിക്കുന്നതായ ഈ പ്രപഞ്ചമെന്ന ഭ്രമവും നാശമില്ലാത്തതായ ഒരു തത്ത്വത്തിലാണ് അധ്യാസം ചെയ്തിട്ടുള്ളത്. ആ തത്ത്വത്തെയാണ് വേദാന്തം ബ്രഹ്മമെന്നും, ഭട്ടതിരിപ്പാട് ഇവിടെ കൃഷ്ണനെന്നും പറയുന്നത്. അതുകൊണ്ട് ഈ ജഡവും അനിത്യവുമായ ഈ പ്രപഞ്ചം ആരിൽ പ്രകടമാകുന്നുവോ എന്നർത്ഥത്തിൽ

"യസ്മിൻ ഏതത് വിഭാതം" എന്നു പറഞ്ഞിരിക്കുന്നു

''യതഇദമഭവത്'' ആരിൽനിന്ന് ഇതെല്ലാം ഉണ്ടായി. സൃഷ്ടി അപൗരുഷേയമാണ്. അതായത് നമുക്കു, നമ്മുടെ തന്നെ കാരണമായ സൃഷ്ടിയെ പഠനത്തിനു വിഷയമാക്കാൻ പറ്റില്ല. അതിനു പരമപ്രമാണമായ വേദത്തെ ആശ്രയിക്കയേ നിവൃത്തിയുള്ളൂ. ബ്രഹ്മത്തിൽ നിന്നാണ് ജഗത്ത് ഉണ്ടായതെന്നും അതിന്റെ ക്രമവും തൈത്തിരീയോപനിഷത്തിൽ ഇങ്ങനെ പറയുന്നു.

"തസ്മാത് വാ ഏതസ്മാദാത്മന ആകാശ സംഭൂതഃ ആകാശാദ് വായുഃ വായോരഗ്നിഃ അദ്ഭ്യവൃഥിവീ, പൃഥിവ്യാ ഔഷദയഃ ഔഷധീഭ്യോന്നം അന്നാത് പുരുഷഃ"എന്നിങ്ങനെ ഏറ്റവും സൂക്ഷ്മമായ ആകാശം മുതൽ ഏറ്റവും സ്ഥൂലമായ ശരീരം വരെ ഉണ്ടായതിന്റെ ക്രമം പറയുന്നു.

"യേന ചേദം യഃ ഏതത് (ലീയതേ)" സൃഷ്ടിയുടെ ആരംഭത്തിൽ ബ്രഹ്മത്തിൽ നിന്നു എല്ലാം ഉണ്ടാവുകയും പിന്നെ തന്റെ ഇച്ഛക്കനുസരിച്ച് ബ്രഹ്മം സൃഷ്ടിയെ ഉള്ളിലേക്ക് വലിക്കുകയും ചെയ്യുന്നു. അതായത് സൃഷ്ടി ബ്രഹ്മത്തിൽ തന്നെ ലയിക്കുന്നു. അത് ഒരു സ്വർണ്ണവള ഉരുക്കുമ്പോൾ അത് സ്വർണ്ണം എന്ന ലോഹത്തിൽ വിലയം കൊള്ളുന്നതു പോലെയാണ്. മുണ്ഡകോപനിഷത് ബ്രഹ്മത്തിന്റെ സ്വാതന്ത്ര്യം കാണിക്കാൻ അതിനെ ഒരു എട്ടുകാലിയോടുപമിക്കുന്നു. ഒരു എട്ടുകാലിവലയുടെ ഉപാദാനകാരണവും നിമിത്തകാരണവും എട്ടുകാലി തന്നെയാണ്. അതുപോലെ ജഗത്തിന്റെ ഉപാദാനകാരണവും നിമിത്തകാരണവും ബ്രഹ്മം തന്നെ.

"യതോർണനാഭി സൃജതേ ഗൃഹ്ണതേ ച"
തഥാക്ഷരാത് സംഭവീതീഹി വിശ്വം

എട്ടുകാലി, തന്റെ വല സൃഷ്ടിക്കുകയും പിൻവലിക്കയും ചെയ്യുന്ന പോലെ അക്ഷരബ്രഹ്മത്തിൽ നിന്ന് പ്രപഞ്ചം ഉണ്ടാവുന്നു.

"യോസ്മാത് ഉത്തീർണരൂപഃ"

പ്രപഞ്ചത്തിന്റെ ഉപാദാനകാരണമായിരിക്കുമ്പോളും ബ്രഹ്മത്തിനു പ്രപഞ്ചവുമായി ഒരു ബന്ധവുമില്ല. മരീചികയിലെ വെള്ളം മരുഭൂമിയെ നനക്കുന്നില്ല. ഗീതയിൽ ഭഗവാൻ പറയുന്നു.

''മയാ തതമിദം സർവം ജഗദവ്യക്ത മൂർത്തിനാ.
മൽസ്ഥാനി സർവ ഭൂതാനി
ന ചാഹം തേഷ്വവസ്ഥിത
നചമൽസ്ഥാനി ഭൂതാനി"

ഒരു "പ്രതീതി"യിൽ സർവഥാ വ്യാപിക്കയും എന്നാൽ അതിനോടു സംഗമില്ലാതെ ഇരിക്കുന്നത് അതിന്റെ ഉപാദാനകാരണമാണെന്ന്, കയറിൽ തെറ്റായി ആരോപിച്ച പാമ്പിന്റെ ഉദാഹരണത്തിൽ നിന്നു മനസ്സിലാക്കാം. സങ്കല്പിക്കപ്പെട്ട പാമ്പിന്റെ ഓരോ കോശത്തിലും

കയറ് സന്നിദ്ധമാണ്. എന്നാൽ ആ കയറ് പാമ്പുമായി ബന്ധപ്പെടുന്നുമില്ല. കാരണം, പാമ്പ് കാണുന്നയാളുടെ മനസ്സിൽ മാത്രമേയുള്ളൂ.

അതുപോലെ സത്താമാത്രമായ ബ്രഹ്മം ജഗത് എന്ന ഭ്രാന്തിക്ക് അധിഷ്ഠാനമായി വർത്തിക്കുന്നുണ്ടെങ്കിലും ജഗത് ബ്രഹ്മത്തെ സ്പർശിക്കുന്നു പോലുമില്ല.

"ഇദം ജഗത് സകലം യസ്യ ഭാസാ ഭാസിതം"

നാമറിയുന്ന ലോകത്തിൽ അറിവ് എന്നോ, ചൈതന്യമെന്നോ, ചിത്തെന്നോ വിളിക്കാവുന്ന ബോധം ബ്രഹ്മം മാത്രമാണ്.

"തമേവ ഭാന്തം അനുഭാതി സർവ്വം

തസ്യ ഭാസാ സർവമിദം

വിഭാതി" (കഠോപനിഷദ്)

ശരിക്കും പ്രകാശിക്കുന്നത് ബ്രഹ്മം മാത്രമാണ്

ബാക്കിയെല്ലാം പ്രതിഫലിക്കുന്നു

ഈ "അനുഭാതി (പ്രതിബിംബിക്കുന്നു)

എന്തെന്നാണെന്നു നോക്കാം.

മനസ്സ്, ബുദ്ധി, അഹങ്കാരം ചിത്തം എന്നിവയടങ്ങുന്ന അന്തകരണത്തിൽ ആത്മചൈതന്യത്തിന്റെ പ്രതിഫലനമുണ്ട്. അതിനെയാണ് "ചിദാഭാസൻ" എന്നു വിളിക്കുന്നത്. ആ ചിദാഭാസനാണ് ജഗത്തിലെ "ഞാൻ" എന്നതുൾപ്പെടയുള്ള എല്ലാ വസ്തുക്കളുടെയും ജ്ഞാനം നമുക്കുണ്ടാക്കിത്തരുന്നത്. അങ്ങനെ എല്ലാ അറിവിനും അടിസ്ഥാനമായിരിക്കുന്നത് കൃഷ്ണൻ എന്ന ബ്രഹ്മമാണ്. അന്തഃകരണത്തിൽ പ്രതിഫലിക്കുന്ന സാക്ഷാൽ ചൈതന്യം. എന്നാൽ പ്രതിഫലനമായ ചിദാഭാസനെ നാം "മൂലചൈതന്യ"മായി തെറ്റിദ്ധരിക്കുന്നു. ആ ആഭാസചൈതന്യത്തിന്റെ താത്ക്കാലികതയും പരിമിതികളും സത്യത്തിന്റെയാണെന്നു നാം തെറ്റിദ്ധരിക്കുകയും ചെയ്യുന്നു. ഞാൻ പ്രതിഫലനമല്ല, ഒരു പ്രതിബന്ധവുമില്ലാതെ സ്വയം വിളങ്ങുന്ന "മൂലചൈതന്യ"മാണ് എന്റെ സ്വരൂപം എന്നറിയുമ്പോൾ ഞാൻ ബന്ധമുക്തനാവുന്നു.

"യഃ വാചാം പുനഃ മനസാം അപി ദൂരദൂരേ"

എന്നിങ്ങനെ കൃഷ്ണന്റെ അനന്തതയെ ചൂണ്ടി കാണിക്കുന്നു. ജാതി, ഗുണ ക്രിയ, സംബന്ധം എന്നീ വിശേഷതകളുള്ളവയെ മാത്രമേ ഭാഷകൊണ്ടു വ്യവഹരിക്കാൻ സാധിക്കൂ. ബ്രഹ്മം ഇപ്പറഞ്ഞ നാലിനും ബാഹ്യമായതാണ്.

ബ്രഹ്മത്തെ മനസ്സിന്റെ വിഷയമാക്കാൻ സാദ്ധ്യമല്ല.

"യം മനസാ ന മനുതേ

യേന മനോ മതം" (കേനോപനിഷത്)

മനസ്സുകൊണ്ടു ചിന്തിക്കാൻ കഴിയാത്തതും ഏതിന്റെ അനുഗ്രഹത്താലാണോ മനസ്സിനു സ്വന്തം പ്രവൃത്തിയിലേർപ്പെടാൻ സാധിക്കുന്നത് അതാണ് ബ്രഹ്മം.

ബ്രഹ്മം എല്ലായ്പ്പോളും സാക്ഷിയാണ്. അതിനെ ഒരിക്കലും വിഷയമാക്കാൻ സാധിക്കയില്ല.

ഇങ്ങനെ "യസ്മിൻ ഏതത് വിഭാതം" എന്നതുകൊണ്ട് "സത് ചിത് ആനന്ദമാ"യ കൃഷ്ണന്റെ (ബ്രഹ്മത്തിന്റെ) സത് എന്ന ഉണ്മയായ ഭാവവും

"ഭാസിതം യത്യ ഭാസാ" എന്നിങ്ങനെ കൃഷ്ണന്റെ ചിത്ത് അംശവും അനന്തമായത് അവശ്യം ആനന്ദമാവണമെന്ന് തത്ത്വം അനുസരിച്ച് "യോ വാചാം ദൂര ദൂരേ പുനരപി മനസാ" എന്ന പ്രയോഗം കൊണ്ട് കൃഷ്ണന്റെ ആനന്ദമയമായ സ്വരൂപവും തെളിയിച്ചു.

"ദേവാഃ മുനീന്ദ്രാഃ യസ്യ തത്ത്വരൂപം ന വിദ്യുഃ

പുന അപരേ കിമു"

ഇങ്ങനെയുള്ള കൃഷ്ണതത്ത്വത്തെ ദേവകളും മുനികളും പോലും പൂർണ്ണമായി അറിയുന്നില്ല. പിന്നെ സാധാരണ ലൗകികരുടെ കാര്യം പറയാനുണ്ടോ

ബ്രഹ്മത്തെ അറിയാൻ അവിദ്യയുടെ ഒരു കണികപോലുമില്ലാത്ത മനസ്സാലേ സാധിക്കൂ.

"ധ്യാനാവസ്ഥിതതദ് ഗതേന മനസാ

പശ്യന്തി യം യോഗിനോ

യസ്യാന്തം ന വിദു സുരാസുരഗണാ

ദേവായ തസ്മൈ നമഃ"

എന്നാണ് ഭാഗവതം പറയുന്നത്.

നിരന്തരം ധ്യാനം കൊണ്ട് ഏകാഗ്രമായ മനസ്സാൽ മാത്രമേ കൃഷ്ണനെ അറിയാൻ കഴിയൂ.

"ഹേ കൃഷ്ണ തസ്മൈ

തേ നമഃ"

അങ്ങനെയുള്ള ജഗത് എന്ന പ്രതിഭാസത്തിന്റെ ഉത്ഭവത്തിനും സ്ഥിതിക്കും സംഹാരത്തിനും ഒരേയൊരു കാരണമായ 'ഹേ കൃഷ്ണ, നിന്തിരുവടിയെ ഞാൻ നമസ്ക്കരിക്കുന്നു'.

*****

# കേൾവിക്കുറവും ഇയർഫോണും

ഡോ. പാർവ്വതി. എസ്.

**മൊ**ബൈൽ ഉപയോഗത്തിനോടൊപ്പം ഇയർഫോണിന്റെ ഉപയോഗവും കൂടി കൂടി വരികയാണ്. ഇയർഫോൺ ചെവിയിൽ തിരുകി മണിക്കൂറുകൾ ചെലവഴിക്കുന്നവർ നമുക്ക് ചുറ്റും ധാരാളമുണ്ട്. എന്നാൽ ഇത് കേൾവിക്കുറവിലേക്കുള്ള ചവിട്ടുപടിയാണെന്ന് അവരറിയുന്നില്ല. സ്മാർട്ട് ഫോണുകളിലെ ഇയർഫോൺ ഉൾപ്പെടെയുള്ള ശബ്ദോപകരണങ്ങളുടെ സുരക്ഷിതമല്ലാത്ത ഉപയോഗം കൗമാരക്കാരിലും യുവജനങ്ങളിലും കേൾവിത്തകരാറിനുള്ള (Noise induced hearing loss) സാധ്യത വർധിപ്പിക്കുന്നുവെന്ന് ലോകാരോഗ്യ സംഘടനയുടെ പഠന റിപ്പോർട്ടിൽ പറയുന്നു. 80-85 ഡെസിബെല്ലാണ് സുരക്ഷിതമായ ശബ്ദത്തിന്റെ തോത്. ഇതിന് മുകളിലുള്ള ശബ്ദം ദിവസവും എട്ടു മണിക്കൂറോ നൂറ് ഡെസിബെല്ലിന മുകളിലുള്ള ശബ്ദം ദിവസം തുടർച്ചയായി 15 മിനിറ്റോ കേൾക്കുന്നത് കേൾവിത്തകരാറിന് ഇടയാക്കുമെന്നും ലോകാരോഗ്യ സംഘടന പറയുന്നു.

ചെവിയിൽ പതിക്കുന്ന ശബ്ദം ഇയർകനാൽ വഴി ഇയർ ഡ്രമ്മിലേക്കാണ് എത്തുന്നത്. ഇയർ ഡ്രം ശബ്ദത്തെ കമ്പനങ്ങളായി മാററുന്നു. ഈ കമ്പനങ്ങൾ മധ്യകർണത്തിലുള്ള മാലിയസ്, ഇൻകസ്, സ്റ്റേപ്പീസ് എന്നീ ചെറിയ മൂന്ന് അസ്ഥികളിലൂടെ കടന്ന് കോക്ലിയയിലേക്ക് എത്തുന്നു. ഇവിടെ വെച്ച് ഈ കമ്പനങ്ങളെ സെൻസറി കോശങ്ങൾ ഇലക്ട്രിക്കൽ നെർവ് സിഗ്നലുകളാക്കി മാറ്റുന്നു. ഒഡിറ്ററി നെർവ് ഇവയെ മസ്തിഷ്കത്തിലേക്ക് അയക്കുന്നു. ഇത് മസ്തിഷ്കം തിരിച്ചറിയുമ്പോഴാണ് അത് ശബ്ദമായി നാം കേൾക്കുന്നത്. ഇയർ ഫോൺ ഉപയോഗിക്കുമ്പോൾ വലിയ തോതിലുള്ള ശബ്ദശക്തിയോടെ നേരിട്ടാണ് ഇയർ ഡ്രമ്മിലേക്കെത്തുന്നത്. അങ്ങനെ അവ ശക്തിയേറിയ കമ്പനങ്ങളായി ആന്തരകർണത്തിലെത്തുന്നു. ഇത് സെൻസറി കോശങ്ങൾക്ക് നാശമുണ്ടാക്കുന്നു. ഇത് ആവർത്തിക്കപ്പെടുമ്പോൾ സെൻസറി കോശങ്ങൾ നശിക്കാൻ തുടങ്ങുന്നു. 30-40 ശതമാനത്തോളം നാശമുണ്ടാകുമ്പോഴേ കേൾവിക്കുറവ് തിരിച്ചറിയാനാവൂ. ഒരാൾ ജനിക്കുമ്പോൾ തന്നെ ഏകദേശം 16000 ഓളം സെൻസറി കോശങ്ങൾ ഉണ്ടായിരിക്കും. അവ ഒരിക്കൽ നശിച്ചാൽ വീണ്ടും ഉണ്ടാകില്ല.

അമിത ശബ്ദം മൂലമുണ്ടാകുന്ന കേൾവിക്കുറവ് പെട്ടെന്ന് തിരിച്ചറിയാൻ ബുദ്ധിമുട്ടാണ്.

* സ്ഥിരമായ ഇയർഫോൺ ഉപയോഗിക്കുന്നവരിൽ സംസാരിക്കുമ്പോൾ അക്ഷരങ്ങൾക്ക് വ്യക്തതക്കുറവ് ഉണ്ടാകുന്നു.
* ചെവിയിൽ ശബ്ദമുള്ളതുപോലെ കേൾക്കുന്നു. അതായത് വണ്ട് മൂളുന്നതുപോലെയോ, മണിമുഴങ്ങുന്നതു പോലെയോ ആകാം.
* ഇയർഫോണിന്റെ ഉപയോഗം കഴിഞ്ഞ് ചെവിയിൽ നിന്ന് മാററുമ്പോൾ കുറച്ചു നേരത്തേക്ക് ഒന്നും കേൾക്കാനാകാത്ത അവസ്ഥയുണ്ടാകുന്നു.
* കുട്ടിയോട് മാതാപിതാക്കൾ ചോദിക്കുമ്പോൾ സാധാരണയിൽ കവിഞ്ഞ ശബ്ദത്തിൽ മറുപടി നൽകുന്നു.

*(ശേഷം പേജ് 50)*



# പാതഞ്ജലയോഗദർശനം

കൈതപ്രം വാസുദേവൻ നമ്പൂതിരി – 9447077203

അനിത്യാശുചി ദുഃഖാനാത്മസു നിത്യ
ശുചി സുഖാത്മഖ്യാതിരവിദ്യാ

**അ**വിദ്യയാണ് മറ്റു ക്ലേശങ്ങളുടെ ഉറവിടം എന്നു കഴിഞ്ഞ സൂത്രത്തിൽ പറഞ്ഞു. എന്നാൽ എന്താണ് അവിദ്യ എന്ന് പറഞ്ഞില്ല. അതാണ് ഈ സൂത്രത്തിൽ പറയുന്നത്. പതഞ്ജലി മുനിക്ക് കാര്യം പറയാൻ തന്റേതായ ഒരു ശൈലിയുണ്ട്. അദ്ദേഹത്തിന്റെ നിർവചനങ്ങളും സവിശേഷം തന്നെയാണ്. താല്പര്യം നോക്കിയാൽ മറ്റുള്ള നിർവചനങ്ങളുമായി ഒത്തുപോവുകയും ചെയ്യും.

വേദാന്തത്തിൽ അവിദ്യ ആവരണ ശക്തിയാണ് അതായത് യഥാർത്ഥ വസ്തുവിനെ മൂടിവെക്കലാണ്, കാണാതാക്കലാണ്. കയർ കാണാതാവുന്നത് അവിദ്യ. എന്നാൽ കയറിന്റെ മേലെ പാമ്പിനെ കാട്ടുന്നത് (അധ്യാസം) വിക്ഷേപശക്തിയാണ്. ഈ ലോകം മുഴുവൻ ഇത്തരം വിപരീത ജ്ഞാനം നിറഞ്ഞിരിക്കുന്നു എന്ന് ശ്രീശങ്കരൻ ബ്രഹ്മസൂത്രഭാഷ്യത്തിന്റെ തുടക്കത്തിൽ (അധ്യാസ ഭാഷ്യത്തിൽ) പറയുന്നുണ്ട്.

സംസ്കൃതത്തിൽ 'അ' ചേർത്തുണ്ടാക്കുന്ന പദങ്ങൾക്ക് വിപരീത അർഥം തന്നെ വരും. സിതം എന്നാൽ വെളുത്തത്. അസിതം എന്നാൽ വെളുത്തതല്ലാത്തത് എന്നു മാത്രമല്ല അർഥം. കറുത്തത് എന്നു തന്നെയാണ്. മിത്രമെന്നാൽ സ്നേഹിതൻ. അമിത്രമോ? ശത്രു തന്നെ. ഗോഷ്പദമെന്നാൽ പശുവിന്റെ കുളമ്പടി എന്നാണർഥം. അത്രയും ചെറിയ ഒരു സ്ഥലം അഗോഷ്പദമെന്നാൽ കുളമ്പടിയല്ലാത്ത സ്ഥലം എന്നല്ല അർഥം, മറിച്ച് വിശാലമായ സ്ഥലമെന്നാണ്. വിദ്യാ എന്നാൽ ജ്ഞാനം അവിദ്യാ എന്നാൽ ജ്ഞാനരഹിതമെന്നല്ല, തെറ്റായ (വിപരീതമായ) ജ്ഞാനമെന്നാണ് അർഥം.

മങ്ങിയ വെളിച്ചത്തിൽ കയർ പാമ്പായി തോന്നും. കയറിനെ കയറായി കാണുന്നത് വിദ്യയും പാമ്പായി കാണുന്നത് അവിദ്യയുമാണ്.

അനിത്യ അശുചി ദുഃഖ അനാത്മാ എന്നീത്തരം വസ്തുക്കളിൽ യഥാക്രമം നിത്യ ശുചി സുഖ ആത്മാ എന്നീത്തരം തെറ്റായ ഖ്യാതി അഥവാ വിപരീതജ്ഞാനം ഉണ്ടാവുന്നതാണ് അവിദ്യാ. ഇവിടെ നാല് ഉദാഹരണങ്ങൾ കൊടുത്തിരിക്കുന്നു. അനിത്യത്തെ നിത്യമായി കാണുക, അശുചിയെ ശുചിയെന്നെണ്ണുക, ദുഃഖത്തെ സുഖമാണെന്നു തെറ്റിദ്ധരിക്കുക, അനാത്മവസ്തുക്കളെ ആത്മാക്കളായി കണക്കാക്കുക.

വിനോബാ ഭാവേ തന്റെ ഗീതാ പ്രവചനത്തിൽ ഒരു സംഭവം പറയുന്നുണ്ട്. ഒരു കോളേജധ്യാപകൻ മർത്ത്യൻ എന്ന വാക്കിന്റെ അർഥം വിവരിക്കുകയാണ്. ഗാന്ധിജി മരിച്ചു. നെഹറുജി മരിച്ചു മനുഷ്യൻ മർത്ത്യനാണ്. ഞാൻ മരിക്കും. അതുകൊണ്ട് മനുഷ്യൻ മർത്ത്യനാണ് എന്ന് അധ്യാപകൻ പറഞ്ഞില്ല. നാം നിത്യരാണ് എന്നാണ് എല്ലാവരുടേയും ധാരണ. ഇക്കാണായതൊക്കെ അനിത്യമാണ്. പക്ഷെ നിത്യമാണെന്ന് നമുക്കു തോന്നുന്നു. ഇത് അവിദ്യയാണ്. സൂര്യൻ, നക്ഷത്രങ്ങൾ, ദേവന്മാർ എല്ലാം അനിത്യങ്ങൾ തന്നെ.

നമ്മുടെ ശരീരം ഏറ്റവും ശുചിയായതാണെന്നാണ് നമ്മുടെ ധാരണ. കവികൾ, സ്ത്രീ ശരീരത്തെ വർണിക്കുന്നത് വ്യാസൻ തന്റെ ഭാഷ്യത്തിൽ ഉദ്ധരിക്കുന്നുണ്ട്. പുതിയ ചന്ദ്രക്കല പോലെയാണ് ഈ സുന്ദരി. ഇവളുടെ അവയവങ്ങൾ തേൻ കൊണ്ടാണോ, അമൃതുകൊണ്ടാണോ നിർമ്മിക്കപ്പെട്ടിരിക്കുന്നത്. ഇവൾ ചന്ദ്രനിൽ നിന്നു പൊട്ടിമുളച്ചതാണോ? ഇവളുടെ കണ്ണുകൾ നീലത്താമരദളം പോലെ വിശാലമാണ്. അവളുടെ കടക്കണ്ണുകൾ മനുഷ്യരാശിയെ ആശ്വസിപ്പിക്കുന്നു എന്നൊക്ക കവികൾ വർണ്ണിക്കുന്നു. വാസ്തവത്തിൽ ശരീരം ശുചിയുള്ളതാണോ ഇതിന്റെ ഉൾഭാഗം മനസ്സിൽ കാണുക. വയറ്, ഇതിൽ നിന്നു പുറത്തു വരുന്ന മലം, മൂത്രം, ശുക്ലം, ദഹിക്കാത്ത ഭക്ഷ്യവസ്

തുക്കൾ, വിയർപ്പ് മുതലായവയൊക്കെ വൃത്തി കെട്ടവയാണ്. ശരീരം ഇടക്കിടെ ശുചിയാക്കിയില്ലെങ്കിൽ കൊള്ളില്ല. ഇങ്ങിനെ അശുചിയിൽ ശുചിത്വം ദർശിക്കുന്നത് അവിദ്യയാണ്.

ഈ ലോകം ദുഃഖപൂർണമാണെങ്കിലും സുഖമാണെന്നു മനുഷ്യൻ തെറ്റിദ്ധരിക്കുന്നു. ഏതു സുഖവും ദു:ഖത്തിലേക്ക് എത്തിച്ചേരും. സുഖാനുഭവങ്ങൾക്ക് ഏതു നിമിഷവും തടസ്സം വരാം. അതിൽ നിന്നുണ്ടാകുന്ന സംസ്കാരവും ദു:ഖം കൊണ്ടുവരും. ധനം, സുഖം തരുമെന്നു ചിന്തിക്കുന്നവരുണ്ട്. ഒരു സുഭാഷിതത്തിൽ പറയുന്നത്. ധനം സമ്പാദിക്കാൻ ദുഃഖമനുഭവിക്കണം. അങ്ങിനെ സമ്പാദിച്ച ധനം രക്ഷിക്കാനും ദു:ഖം അനുഭവിക്കണം. ചിലവഴിക്കുമ്പോഴും ദു:ഖം തന്നെ.

നമ്മുടെ ശരീരം, മനസ്സ്, ഇന്ദ്രിയങ്ങൾ, ബുദ്ധി, അഹംബോധം മുതലായവയൊന്നും ആത്മാവല്ല. ഇവ ആത്മാവിന്റെ ഉപകരണങ്ങൾ മാത്രമാണ്. എന്നാൽ ഇവയൊക്കെ ആത്മാവാണ്. ഇവ നശിച്ചാൽ ഞാൻ നശിച്ചു എന്നൊക്കെയുള്ള ധാരണ അവിദ്യയാണ്. വിപരീത ജ്ഞാനമാണ്.

ഈ നാലുതരം വിപരീത ജ്ഞാനങ്ങളാണ് അവിദ്യ. ഇതാണ് അസ്മിത, രാഗം, ദ്വേശം, അഭിനിവേശം എന്നീ മററു ക്ലേശങ്ങൾക്ക് വഴിവെക്കുന്നത്.

*****

ചൈത്രം

- മാനസിക സംഘർഷമനുഭവിക്കുന്നവർ
- ഏകാന്തതയനുഭവിക്കുന്നവർ
- ജീവിതംഅവസാനിപ്പിക്കണമെന്ന് തോന്നുന്നവർ
- നിങ്ങളുടെ വിഷമംപങ്കുവയ്ക്കാൻ ഫോണിൽ ബന്ധപ്പെടുക:

0484 2361161
ചൈത്രത്തിലെ സേവനം തികച്ചും സൗജന്യവും സ്വകാര്യവുമാണ്
ഉച്ചയ്ക്ക് 2 മണി മുതൽ 6 മണി വരെ

*(പേജ് 48 തുടർച്ച)*

* എന്തെങ്കിലും ചോദിക്കുമ്പോൾ കുട്ടി ശ്രദ്ധിക്കാതെയിരിക്കുന്നു.

* ശബ്ദം എത്ര കൂട്ടിയാലും പോരാ എന്നു തോന്നിച്ച് വീണ്ടും കൂട്ടാൻ ശ്രമിക്കുന്നു.

## ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

* ചെവിക്കുള്ളിലേക്ക് തിരുകി വയ്ക്കുന്ന തരത്തിലുള്ള ഇയർഫോണുകൾ ഉപയോഗിക്കരുത്. ചെവിയെ മുഴുവനായി മൂടുന്ന ഹെഡ്ഫോണുകളാണ് താരതമ്യേന സുരക്ഷിതം. പുറത്തുനിന്നുള്ള ശബ്ദത്തെ തടയുന്നുവെന്നതിനാൽ ഇവയ്ക്ക് ചെറിയ ശബ്ദം മാത്രം ഉപയോഗിച്ചാൽ മതിയാകും.

* ഗുണനിലവാരം കുറഞ്ഞ ഇയർഫോണുകൾ ഉപയോഗിക്കാതിരിക്കുക. സംരക്ഷിതമായി കേൾക്കാവുന്ന ശബ്ദത്തിന്റെ പരിധി 80 ഡെസിബെൽ എന്നു രേഖപ്പെടുത്തി അതിലും ഉയർന്ന ശബ്ദം പുറത്തു വരാറുണ്ട്.

* സ്വകാര്യമായ ചുറ്റുപാടിലാണെങ്കിൽ ദീർഘ സംഭാഷണങ്ങൾക്ക് ലൗഡ് സ്പീക്കറിനെ ആശ്രയിക്കാം.

* അനാവശ്യ ശബ്ദം തടയാൻ വിശ്രമവേളകളിലും മറ്റും ഇയർ പ്ലഗ് ഉപയോഗിക്കുക.

കേൾവിക്കുറവ് അനുഭവപ്പെട്ട് തുടങ്ങിയാൽ വിദഗ്ധ ഡോക്ടറെ കണ്ട് ചികിത്സ നേടണം. ഓഡിയോമെട്രിക് ടെസ്റ്റ് വഴി കേൾവിത്തകരാർ കണ്ടെത്താം. നേരത്തെ കണ്ടെത്തിയാൽ രോഗത്തെ പൂർണ്ണമായും തടയാൻ സാധിക്കും.

*****

# അധികാരത്തിന്റെ മുൾക്കിരീടം

ജി. മാധവൻ നായർ

ഭരണ ചക്രങ്ങൾ തിരിച്ചുകൊണ്ടിരിക്കുന്ന അധികാരകേന്ദ്രമായ ആ ബഹുനില സമുച്ചായത്തിന്റെ ഉയർന്ന ഉള്ളറകളിലൊന്നിൽ അയാൾ ഇരിക്കുകയായിരുന്നു. ഒരു വശത്തെ കർട്ടൻ അല്പം വകഞ്ഞുമാറ്റി വച്ചിട്ടുള്ളതിനാൽ ചില്ലു ജനാലയിലൂടെ പാഞ്ഞുപോകുന്ന സരളമായ ധവള മേഘങ്ങൾ കണ്ടു. എത്ര ശാന്തതയോടും സനിഗ്ദ്ധമായ ചടുതലയോടും കൂടിയാണവ നീലാകാശത്തിലൂടെ ഒഴുകിമറയുന്നത്. ഒരു പക്ഷെ ഭൂമിയിൽ ശാന്തിയും, സമാധാനവും ഉണ്ടാകുവാനായി ദൈവത്താൽ നിയോഗിക്കപ്പെട്ട മാലാഖമായാരിക്കുമോ ഇവർ? ധ്യാനനിമഗ്നനായിരിക്കുമ്പോഴും മനസ്സ് സ്വസ്ഥമാക്കുവാൻ കഴിയുന്നില്ല. അശാന്തിയുടെ പുകച്ചുരുളുകൾ എവിടെ നിന്നൊക്കെയോ ഉരുണ്ടു വന്ന് അവിടെമാകെ കലുഷിതമാക്കുന്നു. കൈയ്യിലിരിക്കുന്ന ഫയൽ ഒന്നു കൂടി തിരിച്ചും മറിച്ചും നോക്കിയ ശേഷം തൊട്ടു മുൻപിലിരിക്കുന്ന സ്റ്റെനോയോട് മേലുദ്യോഗസ്ഥൻ സ്വരം താഴ്ത്തി ദൃഢതയോടെ പറഞ്ഞു.

ഇനി ആ ഉദ്യോഗസ്ഥൻ സർവ്വീസിൽ തുടരാൻ പാടില്ല. അയാളെ സസ്പെന്റു ചെയ്യണം. അടിയന്തിരമായി, ഈ ഫയൽ നോട്ടോടുകൂടി മന്ത്രിക്കയക്കണം. നക്കൽ അടിച്ചുകൊണ്ടുവന്നോളൂ.

തന്റെ കീഴ്ജീവനക്കാരി, ഫയൽ, കുറച്ചു പുസ്തകവും, പെൻസിലുമൊക്കെയായി വാതില്ക്കലേക്ക് നടന്നു പോകുമ്പോൾ അയാൾ കണ്ണടയ്ക്കുവാൻ ശ്രമിച്ചു. പക്ഷേ തിരിഞ്ഞു നിന്നുള്ള അവളുടെ ചോദ്യത്തിനു മുൻപിൽ തന്റെ വാല്മീകം അടർന്നു വീണു.

സാറിനെ കാണുവാനായി ഒരാൾ കുറച്ചു നേരമായി പുറത്തിരുപ്പുണ്ട്. അകത്തേക്കു വിടണമോ?

മേലുദ്യോഗസ്ഥന്റെ മാനസീകാവസ്ഥ മോശമാണെന്ന് തിരിച്ചറിഞ്ഞിരുന്ന അവർ, അത് പറയേണ്ടിയിരുന്നോ എന്ന് ശങ്കിച്ചു. അത് കേട്ട് മുഖമല്പം ഉയർത്തി അയാളങ്ങോട്ടു നോക്കി. യൗവ്വനത്തിന്റെ അതിർവരമ്പുകടന്ന് അടുത്ത അവസ്ഥയിലേക്ക് മെല്ലെ പൊയ്ക്കണ്ടിരിക്കുന്ന സ്ത്രീ സൗന്ദര്യം. പഴയകാലത്ത് കവിത എഴുതിയിരുന്ന സമയത്തെ വർണ്ണന പെട്ടെന്നു മനസ്സിൽ വന്നു.

തേജോമയമായ പുഷ്ടിയുള്ള വടിവൊത്ത ശരീരവും അമർത്തിച്ചവുട്ടി താളാത്മകമായിട്ടുള്ള നടത്തം. പക്ഷേ വർഷങ്ങൾ ഏറെ കഴിഞ്ഞുപോയ ഈ സാഹചര്യത്തിൽ അതിനിവിടെ പ്രസക്തിയില്ല. മനസ്സ് പാകപ്പെടുത്തിക്കൊണ്ട് ഉറച്ച സ്വരത്തിൽ പറഞ്ഞു.

ഇപ്പോൾ എന്തായാലും വേണ്ട അല്പമൊന്ന് കഴിഞ്ഞോട്ടേ, ഞാൻ പറയാം.

മുറിയുടെ മധ്യഭാഗത്തു നിന്നു വാതിൽ വരെ അല്പം ദൂരമുണ്ട്. ആ മറുപടി കേട്ട ഉടൻ അരക്കെട്ട് മനപൂർവ്വം ഒന്നുകൂടി ചലിപ്പിച്ച് പാദങ്ങൾ നന്നായുറപ്പിച്ച്, ചലനത്തിനു വേഗത കുറച്ച് വാതിലിനടുത്തുചെന്ന് പകുതിഭാഗം മാത്രമുള്ളിടം തള്ളി തുറന്ന് അവർ പുറത്തേക്കിറങ്ങി. ആ അവസരത്തിൽ തുറക്കപ്പെട്ട വാതിലിന്റെ തുരുമ്പു പിടിച്ച വിജാഗിരിയുടെ ശബ്ദഘോഷം അയാളുടെ ഏകാഗ്രതയാകെ ഇളക്കി മറിച്ചു. കണ്ണടയെടുത്ത് കൈയ്യിൽ പിടിച്ചിട്ട്, കൂടിൽ വച്ചിരുന്ന തുണികൊണ്ട് ചില്ലുതുടച്ചിട്ട് തിരികെ വച്ചു. വീണ്ടും കണ്ണട വച്ച് ശേഷം പ്രാർത്ഥനയോടെ ഫയൽ കൂമ്പാരത്തിന്റെ മുകളിൽ നിന്നെടുത്ത് ഒന്നു മറിച്ചു നോക്കി. തൊട്ടു താഴെയുള്ള പരിചിതനായ ഉദ്യോഗസ്ഥൻരെ നോട്ടു വായിച്ചപ്പോൾ അയാൾ പെട്ടെന്ന് ഉത്സാഹഭരിതനായി.

അപ്പോൾ ശൃംഗലാ ഫോണിൽ നിന്ന് മണിനാദം മുഴങ്ങി. അല്പം മുൻപടുത്തിരുന്ന സഹായിയുടെ മധുരവാർത്തയാണ്.

സാർ മന്ത്രീടൊഫീസ്സിൽ നിന്ന് പി.എസ്സ്. വിളിക്കുന്നു.

ശരി കൊടുക്കൂ

അങ്ങേ തലയ്ക്കൽ മന്ത്രിയുടെ വ്യക്തി പരമായ കാര്യങ്ങൾക്ക് ചുമതലയുള്ള ഉദ്യോഗസ്ഥൻ ബഹുമാനത്തോടെ പറഞ്ഞു.

സർ മിനിസ്റ്റർക്കെന്തോ സംസാരിക്കാനുണ്ട്. ഞാനദ്ദേഹത്തിനു നൽകട്ടെ.

ശരി അദ്ദേഹം സംസാരിക്കട്ടെ.

ഏറ്റവും നല്ല രീതിയിൽ സംസാരിക്കുകയും പെരുമാറുകയും ചെയ്യുന്ന മന്ത്രിപുംഗവൻ ഉദ്യോഗസ്ഥന്മാരുടെ കൂട്ടത്തിൽ ഏറ്റവും മുകളിലത്തെ ശ്രേണിയിൽ നില്ക്കുന്നവരിലൊരാളായ അയാളെ സംബോധനചെയ്യുന്നത് തന്നെ അത്തരത്തിലാണ്.

അങ്ങ് തിരക്കിലാണോ? എനിക്ക് അത്യാവശ്യമായി ഒന്നു കാണണം. എപ്പോഴാണ് തരപ്പെടുക.

തിരക്കൊന്നുമില്ല, സർ ഞാനിപ്പോൾ തന്നെ അങ്ങോട്ടു വരാം.

ഏതുദ്യോഗസ്ഥനായാലും ഉന്നതസ്ഥാനീയനായാലും തീരുമാനത്തിന്റെ അവസാനവാക്ക് ജനാധിപത്യഭരണത്തിൽ മന്ത്രിക്കു തന്നെയാണെന്നുള്ള പൂർണ്ണ വിശ്വാസമുള്ളതിനാൽ, അപ്പോൾ തന്നെ അയാൾ ഇരിപ്പിടത്തിൽ നിന്നെ എഴുന്നേറ്റ് മുറിക്കു പുറത്തു കടന്നു. വെളിയിലുള്ള കുടുസ്സുമുറിയിൽ ഇരുന്ന സഹായിയോടു ഗമനോദ്ദേശം വെളിപ്പെടുത്തിയിട്ട് വിശാലമായ കവാടം കടന്ന് വരാന്തയിലേക്കിറങ്ങി തറയിൽ പച്ച പരവതാനി വിരിച്ചതിനു മേൽ കാല്പാദങ്ങൾ മെല്ലെ വച്ച് നടന്നു പോകുന്നതിനിടയിൽ കണ്ടു മുട്ടിയ ചിലർ അഭിവാദനം ചെയ്തു. തിരികെ പുഞ്ചിരിയോടെ, കൈ ഉയർത്തികാട്ടാനും മറന്നില്ല. തൊട്ടരികെ ചേർന്ന് നിൽക്കുന്ന മറ്റൊരു കെട്ടിടത്തിന്റെ സാമാന്യം ഉയരത്തിലുള്ള നിലയിലെ മുറിയിലായിരുന്നു മന്ത്രിയുടെ ആഫീസ്സ്. അവിടെ ചെല്ലുന്നതിന് ഇവിടെനിന്നുള്ള ലിഫ്റ്റ് സ്വയം പ്രവർത്തിപ്പിച്ച് മുകളിലത്തെ ഇടനാഴിയിലെത്തണം. അവിടെ ചെന്നു നോക്കുമ്പോൾ ജനസേവകന്റെ ആഫീസ്സിൽ ഔദ്യോഗിക കാര്യങ്ങൾ നടത്തികിട്ടാൻ വരുന്നവർക്കു വേണ്ടി ഒരുക്കിയിട്ടുള്ള പുറമേയുള്ള ഭാഗം മുഴുവൻ സന്ദർശകരെകൊണ്ടു നിറഞ്ഞിരിക്കുന്നു. അവരുടെ ഇടയിലൂടെ അയാൾ മന്ത്രിയുടെ മുറിക്കു പുറത്തുള്ള സഹായിയുടെ അറയിൽ കയറി അവിടെ ഇരുന്ന ആൾ ശിരസ് കുനിച്ച് അഭിവാദ്യം ചെയ്തുകൊണ്ട് ഉയർന്ന ഉദ്യോഗസ്ഥനെ ഉള്ളിലെ വിശാലമായ മുറിയിലേക്ക് ആനയിച്ചു. ആ സമയത്ത് അവിടെ മറ്റാരും ഉണ്ടായിരുന്നില്ല. നിറചിരിയോടെ കൈകൾ കൂപ്പിക്കൊണ്ട് ഉദ്യോഗസ്ഥനെ മന്ത്രി സ്വാഗതം ചെയ്തു. തിരിച്ചും ബഹുമാനസൂചകമായി തൊഴുതിട്ട് അദ്ദേഹം ചൂണ്ടി കാണിച്ച കസേരയിൽ ഉപവിഷ്ടനായി നീണ്ട മേശയുടെ മുകളിൽ ഫയലുകൾ നിരയായി അടുക്കിവച്ചിരുന്നു. അതിലൊന്നും സ്പർശിക്കാതെ ഇരിക്കുന്ന കസേരയുടെ ഒരു വശത്തുള്ള മേശവലിപ്പ് തുറന്ന് അതിൽ നിന്നൊരു ഫയൽ പുറത്തെടുത്തു. അങ്ങ് ഇതൊന്നു തുറന്ന് നോക്കിക്കോളൂ.

ജനനായകൻ നീട്ടിയ സാമാന്യം വലിയ ഫയൽ വാങ്ങിക്കൊണ്ട് കെട്ടിയിരുന്ന നാടകൾ അഴിച്ച് കടലാസ്സുകൾ വേഗത്തിലൊന്നു മറിച്ചു നോക്കി. അപ്പോഴാണ് തന്നെ സംബന്ധിച്ചുള്ളതാണീ കെട്ട് എന്നു മനസ്സിലാക്കി.

അഴിമതിയാരോപണങ്ങളാണ്. സി.എം. അന്വേഷിക്കുവാൻ ഉത്തരവിട്ടിരിക്കുന്നു. ഫയലങ്ങോട്ടയയ്ക്കട്ടെ പരിശോധിച്ചിട്ട് വേണ്ടതു ചെയ്യുക.

അപ്പുറത്തിരിക്കുന്ന വാർദ്ധക്യത്തിന്റെ പടിവാതില്ക്കൽ നില്ക്കുന്ന മന്ത്രിയുടെ വാക്കുകളിൽ സഹതാപമാണ് നിഴലിച്ചിരുന്നത്.

എതായാലും ഈ രേഖകൾ ഞാനൊന്നു നോക്കട്ടെ എന്നിട്ടെന്റെ വിശദീകരണം നൽകാം.

വികാരത്തിനൊട്ടും തന്നെ അടിമപ്പെടാതെ ഒരു ചെറുചിരിയോടെ അയാൾ ഫയലെടുത്തിട്ടു പറഞ്ഞു.

എനിക്കിനി പോകാമല്ലോ?

ശരി അങ്ങിനെയാകട്ടെ. എല്ലാ ആശംസകളും

വ്യവസ്ഥാപിതമാർഗ്ഗത്തിലൂടെ കടന്ന് വന്ന ജനസേവകൻ അങ്ങിനെ പറഞ്ഞപ്പോൾ അദ്ദേഹത്തെ വന്ദിച്ചു കൊണ്ട് അയാൾ മെല്ലെ മുറിക്കു പുറത്തേക്കിറങ്ങി. വാതിലിനു പുറത്തു നിന്നിരുന്ന മന്ത്രിയുടെ പി.എസ് വിധേയത്വം പ്രകടിപ്പിച്ച് വെളിയിലെ വരാന്ത വരെ വന്ന് യാത്രയാക്കി. മെല്ലെ നടന്നു പോകുമ്പോൾ അയാളുടെ അതേ സ്ഥാനമാനങ്ങൾ വഹിക്കുന്ന ഉയർന്ന സ്ത്രീഉദ്യോഗസ്ഥ വരുന്നുണ്ടായിരുന്നു.

അവരും ഭരണകർത്താവിനെ കാണാൻ പോകുന്നതായിരിക്കാം. പരസ്പരം അഭിവാദ്യം ചെയ്തുകൊണ്ട് വാക്കുകളൊന്നുമുരിയാടാതെ അവർ അങ്ങോട്ടും ഇങ്ങോട്ടും ഗമിച്ചു. സ്വന്തം തട്ടകത്തിലെത്തി കഴിഞ്ഞ് കസേരയിൽ അമരുമ്പോൾ അയാൾ ചിന്താധീനനായി അല്പനേരം കഴിച്ചുകൂട്ടി. എതിർപ്പുകൾ എന്നും ജീവിതത്തിന്റെ ഭാഗമാണ് നേരിട്ടേ പറ്റൂ. അതിനെ അതിജീവിക്കാതെ മുന്നോട്ടു പോകുവാൻ സാദ്ധ്യമാകില്ല. സത്യസന്ധതയും സുതാര്യതയും അതുപൊലെ തന്നെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുമ്പോൾ നിഷ്പക്ഷതയും അവലംബിച്ച അവസരങ്ങളിൽ പലപ്പോഴും അപകടങ്ങളിൽ ചെന്നു ചാടിയിട്ടുണ്ട്.

ഈ പിരിമുറുക്കം ഒന്നയയുവാൻ വിദൂരത്തുള്ള ഇളയ മകളെ ഒന്നു വിളിക്കാമെന്നു കരുതി സെല്ലെടുത്തു. ഇപ്പോൾ അവിടെ നേരം പുലരുന്നതെയുണ്ടാകുകയുള്ളൂ. ഒട്ടും താമസിക്കാതെ പെട്ടെന്നുതന്നെ അവൾ ഫോണെടുത്തു.

എന്താണച്ഛാ ഇത്ര രാവിലെ, എന്താണു കാര്യം.

യേയ് ഒന്നുമില്ല. ഒരു കൊനഷ്ട് പിടിച്ച ഫയലിൽ ഒട്ടകത്തെപോലെ തലയും പൂഴ്ത്തി അങ്ങിനെയിരിക്കുമ്പോൾ നിന്നെ ഒന്നു വിളിക്കാൻ തോന്നി. അത്ര തന്നെ. അല്ലാതെ മറ്റൊന്നുമില്ല. നിങ്ങൾക്കെല്ലാവർക്കും സുഖം തന്നെയല്ലേ?

ഞങ്ങൾക്കെല്ലാം ക്ഷേമംതന്നെ, അച്ഛന്റെ സ്വരത്തിൽ നിന്ന് നല്ല ടെൻഷൻ ഉണ്ടെന്നു തോന്നുന്നല്ലോ. കുറച്ചു ദിവസം അവധിയെടുത്ത് അമ്മയേയും കൂട്ടി ഇങ്ങോട്ടുവരിക. ഇവിടെ വരുമ്പോൾ എല്ലാം ശരിയാകും.

എന്തോ അവളുടെ അച്ഛനെ അലട്ടുന്നുണ്ടെന്ന് കുശാഗ്രബുദ്ധിയായ അവൾ മനസ്സിലാക്കിയിരിക്കുന്നു.

മോളേ പ്രത്യേകിച്ചൊന്നുമില്ല, എന്നാലും സർക്കാർ ജോലിയല്ലെ. അങ്ങിനെ ചിലതുണ്ടാകും. അതൊന്നും സാരമില്ല. മാർച്ച് കഴിഞ്ഞിട്ട് അവധിക്കു ശ്രമിക്കുന്നുണ്ട്. നിന്റെ പിള്ളേരൊക്കെ ഉണർന്നോ ഇനി, നീ തിരക്കിലായിരിക്കുമല്ലേ. സ്കൂളിൽ പോകുവാനുള്ള തയ്യാറെടുപ്പൊക്കെ തുടങ്ങണമല്ലോ ശരി ഞാൻ പിന്നെ വിളിക്കാം. ബൈ.

അയാൾ ഫോൺ താഴെവെച്ചിട്ട് കൈയ്യിൽ കൊണ്ടു വന്ന ഫയലെടുത്ത് ആദ്യം മുതൽ പേജുകൾ ഒന്ന് മറിച്ചു നോക്കി. തന്റെ പേരിൽ ഉന്നയിക്കപ്പെട്ട ആരോപണങ്ങൾ മുഴുവൻ അതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അയാളുടെ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഉത്തരവിൽ വകുപ്പുമന്ത്രി ഒപ്പു വച്ചിട്ടുണ്ട്. അഴിമതിയും സ്വജനപക്ഷപാദവും അരാജകത്വവും ഒരു ജീവിതചര്യയായി സ്വീകരിച്ചിട്ടുള്ള ഒരു കൂട്ടം ഉദ്യോഗസ്ഥർക്കെതിരെ മുഖം നോക്കാതെ നടപടിയെടുക്കുന്ന ഉദ്യോഗസ്ഥൻ എന്ന് സ്വയം വിശ്വസിക്കുന്ന അയാൾ ഒരു ഉപജാപകസംഘത്തിന്റെ പിടിയിലമരുവാൻ പോകുകയാണോ ശ്രദ്ധയോടെ വായിച്ചു പഠിക്കണമെങ്കിൽ വളരെ കൂടുതൽ സമയം വേണം. മേശയുടെ കാൽ ചുവട്ടിൽ വച്ചിരിക്കുന്ന ബ്രീഫ് കേസെടുത്ത് തുറന്ന് ഫയൽ വച്ചിട്ടു പെട്ടിയടച്ചു.

തുടർന്നു വീട്ടിൽ നിന്ന് രാവിലെ തയ്യാറാക്കികൊണ്ടുവന്ന ഉച്ചഭക്ഷണത്തിനുള്ള സ്റ്റീൽ ഡബ്ബയെടുത്ത് ആഫീസ് മുറിയുടെ ഒരു മൂലയ്ക്കിട്ടിരിക്കുന്ന ചെറുമേശയുടെ മുകളിൽ വച്ചിട്ട് മുറിയുടെ മറ്റൊരു മൂലക്കുള്ള കുടുസ്സായ ടോയ്ലെറ്റിൽ പ്രവേശിച്ച് കുറച്ചധികം സമയമായി കെട്ടിനിർത്തിയിരുന്ന ജലവിസർജ്ജ്യം പുറത്തേക്കൊഴുക്കി. സമാധാനത്തോടെ കൈയ്യും മുഖവും കഴുകി ഹാംഗറിലിട്ടിരുന്ന ടൗവ്വലെടുത്തു തുടച്ചു മേശയ്ക്കരികെയുള്ള കസേരയിലിരുന്നിട്ട് ഭക്ഷണപാത്രം തുറന്നു,. രണ്ടു ചപ്പാത്തി, കുറുമ, അല്പം ചോറ് അതിലൊഴിക്കുവാൻ പാകത്തിൽ അടച്ചുള്ള സ്റ്റീൽഡൗറയിൽ തൈര്, നാരങ്ങ അച്ചാറിന്റെ ഒരു കഷ്ണം. ഇത്രേയുള്ളൂ ഉച്ചഭക്ഷണം.

അധികസമയമെടുക്കാതെ തന്നെ കൊണ്ടു വന്നതെല്ലാം കഴിച്ച് ഒഴിഞ്ഞ പാത്രങ്ങളെടുത്തു വീണ്ടും ശുചിമുറിയിൽ കയറി. കൈകഴുകുന്നതിനോടൊപ്പം പാത്രവും ഗ്ലാസുമെല്ലാം കഴുകി വച്ചു. തിരികെ മേശയ്ക്കരികിലെത്തി. അവിടെ വച്ചിരുന്ന കരിങ്ങാലിവെള്ളം ഗ്ലാസിലൊഴിച്ചു കുടിച്ചു. മുഖം കസേരയുടെ പുറത്തിട്ടിരിക്കുന്ന പച്ച വരയുള്ള ടൗവലിൽ തുടച്ചിട്ട് വിശാലമായ മുറിക്കകത്തെ ഒഴിവുള്ള സ്ഥലത്തു കൂടി അങ്ങോട്ടും ഇങ്ങോട്ടും നടന്നു.

ഫോണിൽ മണിയടി കേട്ടിട്ടും നടപ്പു നിർത്തിയില്ല. അതവസാനിക്കാത്തതിനാൽ കുറച്ചു കഴിഞ്ഞപ്പോൾ, കൈയ്യിലെടുത്തു. സാധാരണ അപ്പുറത്തിരിക്കുന്ന സഹായി അവിടെ നാദമുയരുമ്പോൾ ഇങ്ങോട്ടു ഘടിപ്പിച്ചു തരാറാണ് പതിവ്. ഇപ്പോൾ അവരവിടെ ഇല്ലായിരിക്കാം. അല്ലെങ്കിൽ ഊണുകഴിച്ചുകൊണ്ടിരിക്കുകയാവാം. ഈ ഇടവേള സമയത്ത് മറ്റെവിടേയ്ക്കെങ്കിലും ഒരു സന്ദർശനത്തിപോകുന്ന സ്വഭാവവും അവർക്കുണ്ട്. അതനുവദനീയവുമാണ്. അങ്ങിനേയും സംഭവിക്കാം.

ഫോണിന്റെ അങ്ങേതലയ്ക്കൽ അയാളുടെ ഭാര്യയായിരുന്നു.

കുറച്ചു നേരമായല്ലോ ഞാൻ വിളിക്കുന്നു. എന്താണെടുക്കാത്തത് ഇവിടെ കുറച്ചു പോലീസ്സുകാർ വന്നു നില്പുണ്ട്. അവർക്കെന്തോ പരിശോധിക്കാനുണ്ടത്രെ. എനിക്കെന്തോ ഒരശുഭലക്ഷണം തോന്നുന്നു എന്താണ് സംഭവിച്ചിരിക്കുന്നത്.?

ഗദ്ഗദത്തോടെ അത് പറയുമ്പോൾ വാക്കുകൾ മുറിയുകയും ഒരു വിതുമ്പലുപോലെ അവസാനിക്കുകയും ചെയ്തു.

സ്തബ്ധനായിപ്പോയ അയാൾക്ക് പെട്ടെന്ന് മിണ്ടുവാൻ സാധിച്ചില്ല. എന്നാൽ ഭാര്യയെ ആശ്വസിപ്പിക്കുവാനായി വേഗത്തിൽ തന്നെ സമചിത്തത വീണ്ടെടുത്തു.

മോളെ സാരമില്ല. നീ ഭയപ്പെടേണ്ട കാര്യമൊന്നുമില്ല നമ്മുടെ സമയം കുറച്ചു മോശമാണ്. അവിടെ നില്ക്കുന്നവർ എന്തെങ്കിലും ചെയ്തോട്ടെ നമുക്ക് യാതൊന്നും ഒളിക്കാനില്ല. അവരെ അകത്ത് കയറ്റേണ്ട. കൂടുതൽ എന്തെങ്കിലുമുണ്ടെങ്കിൽ എന്നെ വിളിക്കാൻ പറയൂ.

എന്നാലും ഈ മുപ്പതുകൊല്ലത്തിനിടക്ക് നമുക്ക് ഇങ്ങിനെ ഒരനുഭവം വന്നല്ലോ. പ്രത്യേകിച്ച് അങ്ങേയറ്റം ദൈവവിശ്വാസികളായ നമ്മളെ ഇങ്ങനെ പരീക്ഷിക്കണമോ?

അപ്പുറത്തു നിന്നും വന്ന വാക്കുകളിൽ അതൊടെ ദൃഢതയും വ്യക്തതയും പ്രകടമായി. ഭർത്താവിൽ നിന്നും അവസോരിചിതമായി വന്നു ചേർന്ന പ്രതികരണം സ്വതവേ ദുർബ്ബലയായ അവർക്ക് ആത്മധൈര്യം പകർന്നു.

ഔദ്യോഗിക കാര്യങ്ങൾ നിന്നോടു ചോദിയ്ക്കേണ്ട ആവശ്യമില്ല അതിനു മറുപടി പറയേണ്ടയാൾ ഇവിടെയിരിക്കുകയാണ്. അതവർക്കറിയുകയും ചെയ്യും. അവർ പറയാതെ എന്നോടു ബന്ധപ്പെടണ്ട. നീ സമാധാനമായി പ്രശ്നങ്ങൾ നേരിടൂ. ഈശ്വരൻ നമ്മളെ കൈ വിടില്ല. ഞാൻ പിന്നീടു വിളിക്കാം.

ഫോൺ താഴെ വച്ചിട്ട് മനസ്സിന്റെ താളം തെറ്റാതിരിക്കാൻ വീണ്ടും നടപ്പാരംഭിച്ചു. അപ്പോൾ അകത്തേക്കു വരാമോ എന്നു ചോദിച്ചിട്ടു സ്റ്റെനോ വാതിൽക്കൽ പ്രത്യക്ഷപ്പെട്ടു.

വരൂ എന്താണു കാര്യം.

സർ, ഇവിടെ ഒരാൾ കാണാനിരിപ്പുണ്ട്. നേരത്തെ ഞാൻ സൂചിപ്പിച്ചതാണ്. ഇടനേരത്ത് അല്പം വിശ്രമിക്കുകയാണെന്നു പറഞ്ഞു നോക്കി. കാത്തു നില്ക്കാമെന്നു സമ്മതിച്ച് അവിടെ ഇരിക്കുകയാണ്. കുറച്ചു പ്രായമുള്ള ഒരു സ്ത്രീയാണ്. എന്താണു വേണ്ടത്? എന്തിനാണെന്നു ചോദിച്ചോ?

നേരിട്ടു കാണാനും ചിലത് മുഖദാവിൽ ഉണർത്തിക്കാനുമാണ് ആഗമനോദ്ദേശം എന്നു വെളിപ്പെടുത്തി. സഹായിയുടെ വാക്കുകളിൽ ഒരാകാംക്ഷ കണ്ടതിനാൽ മേലുദ്യോഗസ്ഥൻ കൂടുതലൊന്നും ചിന്തിച്ചില്ല. ശരി അവരെ കയറ്റി വിടൂ.

നേരെ കസേരയിൽ ചെന്നിരുന്ന് മേശപ്പുറത്ത് വച്ചിരുന്ന കണ്ണടയെടുത്ത് കൂടിൽ തിരഞ്ഞ് മസലിൻ തുണികൊണ്ട് വീണ്ടും തുടച്ചിട്ട് മെല്ലെ നയനങ്ങൾ മൂടി. മാനസികസമ്മർദ്ദം ഏറുമ്പോഴെല്ലാം ഇങ്ങിനെ ഒരു നടപടിക്രമം അയാൾ പാലിച്ചിരുന്നു. അപ്പൊഴേക്കും സന്ദർശക വന്നു കഴിഞ്ഞിരുന്നു.

അയാൾ അവരെ സൂക്ഷിച്ചു നോക്കി ആരാണെന്ന് ഒരു പിടി കിട്ടുന്നില്ല.

അങ്ങയ്ക്ക് എന്നെ മനസ്സിലായിട്ടുണ്ടാകില്ല. ഞാൻ പണ്ട് സാറിന്റെ ഒരു കീഴുദ്യോഗസ്ഥയായിരുന്നു. കാലം കുറെയായി. ഞാനിപ്പോൾ ജോലിയിൽ നിന്ന് വിരമിച്ച് വിശ്രമജീവിതത്തിലാണ്.

എവിടെയൊക്കെ ജോലി ചെയ്തിരിക്കുന്നു. ആരാണെന്ന് വ്യക്തത കൈവരുന്നില്ല. എന്നുള്ള യാഥാർത്ഥ്യം മനസ്സിലാക്കിയ അവർ പേരും, ജോലി ചെയ്തിരുന്ന സ്ഥലവും പറഞ്ഞു. അത് സ്മൃതിപഥത്തിൽ തെളിഞ്ഞതോടെ ഒരു ചെറുപുഞ്ചിരിയോടെ അവരോടിരിയ്ക്കുവാൻ പറഞ്ഞു.

അല്പം മടിച്ചിട്ടാണെങ്കിലും അനാരോഗ്യം കൂടി കണക്കാക്കി ഇരുന്നു കൊണ്ടവർ പറഞ്ഞു.

സാറിന്റെ കാര്യങ്ങളൊക്കെ ഞാനറിയുന്നുണ്ട്. പക്ഷേ പഴയ ഒരു സഹപ്രവർത്തക എന്ന നിലയ്ക്ക് ഞാൻ മാറി നില്ക്കാറേയുള്ളൂ. ഒരിക്കലും ഞാൻ ബന്ധപ്പെടാറില്ല. എന്താണവർ പറയുവാൻ പോകുന്നത് എന്ന് ആലോചിച്ച് മനസ്സല്പം അസ്വസ്ഥമായി. ഇപ്പോൾ ഈ വരവിന്റെ ഉദ്ദേശമെന്താണ് പറയൂ?.

അക്ഷമനായ അയാൾ പിടിപ്പത് ജോലി കിടക്കുന്നതിനാൽ എത്രയും വേഗം അവരെ ഒഴിവാക്കുവാൻ ശ്രമിച്ചു. ആ സ്വഭാവമാറ്റം അയാളുടെ മുഖത്ത് നിഴലിച്ചപ്പോൾ തന്നെ അവർ അത് ധരിച്ചുകൊണ്ടു അല്പം മടിയൊടെ പറഞ്ഞു.

സർ ഞാൻ പെട്ടെന്നു തന്നെ പൊയ്ക്കോളാം. ഒരു പ്രത്യേക കാര്യം പറയുവാനുണ്ട്. അങ്ങയുടെ ഇപ്പോഴത്തെ സമയം വളരെ മോശമാണ്. പണ്ട് എന്നെ ഏല്പിച്ചിരുന്ന ജാതക കുറിപ്പ് ഇപ്പോഴും എന്റെ കൈയിലുണ്ട്. ഞാനത് വച്ച് പരിശോധിച്ചിട്ടാണിത് പറയുന്നത്. ഞാനൊരു ജ്യോത്സ്യ കൂടിയാണെന്നത് അങ്ങ്മറിന്നിട്ടില്ലായിരിക്കുമല്ലോ. കീഴുദ്യോഗസ്ഥയായിരുന്നെങ്കിലും ഞാൻ പ്രവചിച്ച ചിലത് നടന്നിട്ടുള്ളത് എന്നോടു തന്നെ പറഞ്ഞിട്ടുണ്ടല്ലോ.

ശരിക്കും അവരെ ഒന്നുകൂടി പാളിനോക്കി. പറഞ്ഞതിൽ വസ്തവമുണ്ടെന്ന് ധരിച്ച അയാൾക്ക് എങ്ങിനെ പ്രതികരിക്കണമെന്ന് പിടികിട്ടിയില്ല. എന്നാലും വാക്കുകളിൽ ദൃഢത കൈവരുത്തിയിട്ടു മാർദ്ദവ സ്വരത്തിൽ ചോദിച്ചു.

എങ്ങിനെയാണ് എന്റെ വ്യക്തിപരമായ കാര്യങ്ങൾ മനസ്സിലാക്കിയത്. ഇപ്പോഴത്തെ സ്ഥിതി മോശമാണെന്ന് പറയാനാകുമോ? ശരി അങ്ങിനെയാണെങ്കിൽ ഞാനെന്താണു ചെയ്യേണ്ടത് എന്നു കൂടി പറയണം.

പണ്ടും ഞാൻ ചിലതൊക്കെ ജാതകവശാൽ പറഞ്ഞിരുന്നു. അതിൽ കുറച്ചൊക്കെ സംഭവിച്ചിട്ടുണ്ട്. അങ്ങേയ്ക്ക് അത് അറിവുള്ളതുമാണ്. ഇത് നക്ഷത്രചലനങ്ങൾ വച്ചുള്ള ശാസ്ത്രമായതിനാൽ തെറ്റ് സാധാരണ സംഭവിക്കാറില്ല. പ്രാർത്ഥന ഒരു പരിഹാരമാണെങ്കിലും അതെപ്പോഴും പൂർണ്ണമായി വിജയിക്കണമെന്നില്ല. മനുഷ്യരല്ലേ അല്പസ്വല്പം തന്ത്രപരമായി നീങ്ങുക കൂടി വേണം ചിലരുടെ സഹായം തേടേണ്ടിവരും. അതൊരു അഭിമാന പ്രശ്നമായി കാണരുത്. മുഴുവനായി തന്നെ മുതലെടുത്ത് മുന്നോട്ടു പോകണം. അവസാനം സത്യം ജയിക്കും. പക്ഷെ വളരെ അധികം ക്ലേശിക്കണം. സഹിക്കണം. സാറിന്റെ നല്ല മനസ്സ് കണ്ടറിഞ്ഞിട്ടുള്ള ഒരാളെന്ന നിലയ്ക്ക് ഞാനിവിടം വരെ വന്നതാണ്. ഞാൻ കുറെ അധികം സംസാരിച്ചു. സാറു ക്ഷമിക്കണം. എനിക്കിനി ഒന്നും പറയുവാനില്ല. സാറിനും കുടുംബത്തിനും ദൈവം എല്ലാ സൗഭാഗ്യങ്ങളും നൽകട്ടെ.

ഇത് പറഞ്ഞിട്ട് കൺപീലികൾ തുടച്ചു കൊണ്ട് തൊഴുകൈകളോടെ അവരിറങ്ങി പോയി. തിരിച്ച് ഒരു വാക്കുപോലും പറയാനാകാതെ അയാൾ തരിച്ചിരുന്നു. ആശ്ചര്യമെന്നു പറയാം. ആ സമയത്തു തന്നെ മേശപ്പുറത്തിരുന്ന മൊബൈലിൽ നാദധാരയുണർന്നു. തെളിഞ്ഞു വന്ന നമ്പർ അയാൾ പരിശോധിച്ചു. മൂത്തമകളാണ് സാധാരണ ഈ സമയത്ത് വിളിക്കാറില്ല. ഫോൺ മുഖത്തോടു ചേർത്ത് പിടിച്ചു അച്ഛാ തിരക്കിലാണോ

അവളുടെ സ്വരത്തിൽ ഒരു പരിഭ്രമമുണ്ടായിരുന്നു.

യേയ് അങ്ങിനെയൊന്നുമില്ല മോളേ, എന്താണീ സമയത്ത്? അമ്മ വിളിച്ചിരുന്നു. അവിടെ അച്ഛന് എന്തോ പ്രശ്നമുണ്ടെന്നറിഞ്ഞു. എന്താണ്?

മക്കളെല്ലാവരും ശ്രേഷ്ഠഭാഷയായ മലയാളം പഠിക്കുന്നതിൽ അച്ഛനമ്മമാർക്ക് നല്ല നിർബ്ബന്ധമുണ്ടായിരുന്നു. അതിനാൽ അവരെല്ലാം

മാതൃഭാഷയെ അമ്മയെപോലെ തന്നെ ബഹുമാനിച്ചു വീട്ടിലും ഫോണിലുമെല്ലാം മലയാളത്തിൽ മാത്രമേ സംസാരിക്കാറുള്ളൂ.

അത്രയ്ക്ക് ഗൗരവമായ പ്രശ്നങ്ങളൊന്നുമില്ല മോളേ. നമ്മളെല്ലാം വിശ്വസിക്കുന്ന ആ പ്രപഞ്ചശക്തി എപ്പോഴും എനിക്ക് ഏതു പ്രതിസന്ധി ഘട്ടത്തിലും തുണയായി കൂടെയുണ്ട്. പിന്നെ, ഞാനെന്തിനു ഭയക്കണം. ആ ഉത്തമ വിശ്വാസമുള്ളതുകൊണ്ട് ഇതിൽ നിന്നൊക്കൊ ഞാൻ കരകയറും. കുറച്ചു കടലാസ് പുലികൾ ഉണ്ടാക്കുന്ന പൊല്ലാപ്പുകളിൽ നിന്ന് ഞാൻ രക്ഷപ്പെട്ട് അഗ്നിശുദ്ധിവരുത്തി പുറത്തുവരും മോള് വിഷമിക്കുകയൊന്നും വേണ്ട ധൈര്യമായിരിക്കാം നിങ്ങളെല്ലാവരും അച്ഛന്റെ കൂടെ ഉണ്ടായാൽ മതി. പിതാവിന്റെ വാക്കുകൾ കേട്ട് മകൾക്കാശ്വസമായി.

അച്ഛന്റെ ആത്മധൈര്യം പ്രശംസനീയമാണ്. ഞങ്ങൾക്കെല്ലാവർക്കും അത് നന്നായറിയാം ഞാനനി കൂടുതൽ സംസാരിക്കുന്നില്ല. അച്ഛന്റെ ജോലി നടക്കട്ടെ ....ബൈ....

തിരിച്ച് മോൾക്ക് ബൈ പറഞ്ഞിട്ട് അയാൾ ഫോൺ സംസാരം നിർത്തി. ആ സമയത്ത് ആഫീസ്സിലെ ഔദ്യോഗിക ഫോണിൽ മണിയടിച്ചു. അതെടുത്തു നെക്കുമ്പോൾ അധികാര ശ്രേണിയിൽ തന്റെ മുകളിലുള്ള ഉദ്യോഗസ്ഥനാണ്. ജോലിയിൽ നിന്നു പിരിഞ്ഞുപോകുവാൻ അധികകാലമില്ലാത്ത, അന്തസ്സും, മാന്യതയും പുലർത്തുന്ന ഉന്നത കുലജാതൻ. പക്ഷേ ഒരിക്കലും പ്രശ്നങ്ങളിലേക്കിറങ്ങിച്ചെന്ന് ശരീരത്തിനും മനസ്സിനും പ്രാരബ്ധങ്ങൾ സൃഷ്ടിക്കുവാൻ ആഗ്രഹിക്കാത്ത എല്ലാവരുടേയും കണ്ണിലുണ്ണി.

പിടിപ്പതു പണിയൊന്നുമില്ല. ദാ ഞാനങ്ങോട്ടു വരികയാണ് സാർ.

ലാഘവത്തോടെ ഇത്രയും പറഞ്ഞിട്ട് അയാളെഴുന്നേറ്റ് മുറിയുടെ മുൻപിലുള്ള പാതിവാതിൽ തുറന്ന് പുറത്തിറങ്ങി. അവിടെ ക്യൂബിക്കിളിലിരുന്ന മാഡം അയാളെ കണ്ട് ഇരിപ്പിടത്തിൽ നിന്നുയർന്നു. അവരോട് കുറച്ച് നേരത്തേയ്ക്ക് താനുണ്ടാവില്ല എന്നു പറഞ്ഞു. അത് കേട്ട് നല്ല ചിരിയോടെ അനുസരണ ഭാവത്തിൽ മൊഴിഞ്ഞു

യെസ് സർ

കെട്ടിടത്തിന്റെ തറയിൽ പച്ചപരവതാനിയാൽ മൂടപ്പെട്ട പ്രതലത്തിലൂടെ അയാൾ ധൃതിയിൽ നടന്നു നീങ്ങി. മേലുദ്യോഗസ്ഥൻ തന്നെ കാണണമെന്ന് പറഞ്ഞതിനെപ്പറ്റി ചിന്തിച്ചുകൊണ്ട് മഥിത മനസ്സിൽ വെറുതെ ആശങ്ക പടർത്തി.

****

# അറിയിപ്പ് /കരയോഗാംഗങ്ങളുടെ ശ്രദ്ധയ്ക്ക്

**കരയോഗ നിയമാവലി 7(iii) പ്രകാരം എല്ലാ കരയോഗാംഗങ്ങളും ചാരിറ്റി ഫണ്ടിലേക്ക് പ്രതിവർഷം 120 രൂപ നൽകേണ്ടതാണ്. മുൻവർഷങ്ങളിൽ തുക അടക്കാത്തവർ കുടിശ്ശിക സഹിതം അടയ്ക്കേണ്ടതാണ് എന്ന് ഓർമ്മപ്പെടുത്തുന്നു. 2000 രൂപ ഒറ്റത്തവണയായി അടച്ചാൽ പ്രസ്തുത അംഗത്തിന് ആജീവനാന്തം തുക അടയ്ക്കേണ്ടതില്ല എന്ന് അറിയിക്കുന്നു. അതുപോലെ തന്നെ ഏതെങ്കിലും ഇനത്തിൽ കരയോഗത്തിലേക്ക് അടയ്ക്കേണ്ടതായ തുക കുടിശ്ശിക വരുത്തിയിട്ടുണ്ടെങ്കിൽ ആയതുകൂടി നല്കുവാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.**

***ജനറൽ സെക്രട്ടറി***

# പുരുഷാർത്ഥങ്ങൾ

**എം.ആർ.എസ്. മേനോൻ**

ധർമ്മത്തിന്റെ ചില പൊതുസ്വഭാവങ്ങളെപ്പറ്റി നാം കണ്ടു. ധർമ്മം രണ്ടു വിധം നിവൃത്തി ധർമ്മവും പ്രവൃത്തി ധർമ്മവും. മുക്തിക്ക് ഹേതുവായത് നിവൃത്തി ധർമ്മം. ജീവിതവുമായി ബന്ധപ്പെട്ടത് പ്രവൃത്തി ധർമ്മം. വാസ്തവത്തിൽ പ്രവർത്തി ധർമ്മമാണ് നിവൃത്തി ധർമ്മത്തിലേക്ക് നയിക്കുന്നത്. നിവൃത്തി ധർമ്മം തന്നെ സാമാന്യ ധർമ്മമെന്നും വിശേഷധർമ്മമെന്നും രണ്ടായി തിരിയുന്നു. മനുസ്മൃതി സാമാന്യ ധർമ്മത്തിന്റെ പത്ത് ലക്ഷണങ്ങളെപ്പറ്റി പറയുന്നത് ഇവയാണ്.

1. ധൃതി, 2. ക്ഷമാ, 3. ദമം, 4. അസ്തേയം, 5. ശൗചം, 6. ഇന്ദ്രിയനിഗ്രഹം, 7. ധീ, 8. വിദ്യ, 9. സത്യം, 10. അക്രോധം എന്നിവയാണ്.

1. **ധൃതി** എന്നാൽ ധൈര്യം ദൃഢത ഇതാണ് സാമാന്യ ധർമ്മത്തിന്റെ പ്രധാന ലക്ഷണം.
2. **ക്ഷമ.** തന്നെ ഉപദ്രവിച്ചവരോടു പോലും വിദ്വേഷം തോന്നാതിരിക്കലാണ് ക്ഷമ. അന്യായം കണ്ടിട്ടും സഹിച്ചിരിക്കുന്നത് ക്ഷമയല്ല. ക്ഷമ ഭീരുത്വമല്ല. സന്ദർഭത്തിനനുസരിച്ച് വേണം ക്ഷമ ഉപയോഗപ്പെടുത്തേണ്ടത്.
3. **ദമം.** മനസ്സിനെ നിയന്ത്രിക്കുന്നതാണ് ദമം. ദമം മനസ്സിനെ ദുർവ്വാസനകളിൽ നിന്ന് രക്ഷിക്കുന്നു.
4. **അസ്തേയം.** അന്യരുടെ സ്വത്തിനെ ആഗ്രഹിക്കാതിരിക്കലാണ് അസ്തേയം
5. **ശൌചം.** എല്ലാത്തരത്തിലുമുള്ള ശുദ്ധിയാണ് ശൌചം. ശരീര ശുദ്ധിയും മനശുദ്ധിയും കർമ്മ ശുദ്ധിയും വാക് ശുദ്ധിയും ശൌചത്തിന്റെ ഭാഗങ്ങൾ തന്നെ.
6. **ഇന്ദ്രിയ നിഗ്രഹം.** ഇന്ദ്രിയങ്ങളെ നിയന്ത്രിക്കലാണ് ഇന്ദ്രിയനിഗ്രഹം. ജ്ഞാനേന്ദ്രിയങ്ങളെയും കർമ്മേന്ദ്രിയങ്ങളെയും മനസ്സിനെയും നിയന്ത്രിക്കാതെ ധർമ്മാചരണം അസാധ്യമാണ്. ഫലേച്ഛ കൂടാതെ കർമ്മം അനുഷ്ഠിക്കാൻ ശീലിക്കണം.
7. **ധീ** എന്നാൽ ബുദ്ധിയെന്ന് അർത്ഥം. ധർമ്മാധർമ്മങ്ങളെ തിരിച്ചറിയാൻ ബുദ്ധി കൂടിയേ കഴിയൂ. ബുദ്ധിയെ സാത്വികം രാജസം താമസം എന്ന് തിരിക്കാം. ബുദ്ധി സാത്വികമായിരുന്നാലേ ധർമ്മാചരണത്തിന് സഹായകമാവൂ.
8. **വിദ്യ.** മനുഷ്യനിലെ ജ്ഞാനത്തെ പ്രകാശിപ്പിക്കുന്നതാണ് വിദ്യ. ആദ്ധ്യാത്മികമായ അറിവാണ് വിദ്യ. ജീവിതോപാധിയായ തൊഴിലിന് വേണ്ടിയുള്ള വിദ്യയല്ല ഇവിടെ ഉദ്ദേശിച്ചിരിക്കുന്നത്.
9. **സത്യം.** ലോകം നിലനിൽക്കുന്നത് സത്യനിഷ്ഠയിലാണ്. "സത്യമേവ ജയതേ" എന്നത് ഉപനിഷത്ത് വചനമാണ്. സത്യമാണ് ഈശ്വരൻ എന്നാണ് ഗാന്ധിജിയുടെ പ്രഖ്യാപനം. ഗാന്ധിജി തന്റെ ആത്മകഥക്ക് 'എന്റെ സത്യാന്വേഷണ പരീക്ഷകൾ' എന്നാണ് പേർ നൽകിയിരിക്കുന്നത്.
10. **അക്രോധം.** കോപം ഇല്ലായ്മയാണ് അക്രോധം. ക്രോധത്തിന്റെ അനന്തരഫലം ഹിംസയാണ്. ക്രോധം സർവ്വനാശത്തിലേക്ക് നയിക്കുന്നു എന്നാണ് ഗീത പഠിപ്പിക്കുന്നത്.

ധർമ്മാചരണം പല തലങ്ങളിൽ വ്യത്യസ്ഥമാകാം. 1. വ്യക്തി ധർമ്മം. മുൻപ് പറഞ്ഞ ലക്ഷണങ്ങൾ വ്യക്തി ധർമ്മത്തിൽപ്പെട്ടവയാണ്. 2. കുടുംബാംഗങ്ങളിൽ മാതാപിതാക്കൾ, ഭാര്യ, ഭർത്താവ്, പുത്രൻ, പുത്രി, സഹോദരി സഹോദരൻ എന്നിവരോട് പെരുമാറേണ്ട വിധമാണ് കുടുംബ ധർമ്മം. 4. മനുഷ്യൻ സമൂഹത്തിന്റെ ഭാഗമാണ്. സമൂഹത്തിന്റെ പുരോഗതിക്ക് വേണ്ടി പ്രവർത്തിക്കേണ്ടത് ഒരു വ്യക്തിയുടെ കടമയാണ്. വ്യക്തി ധർമ്മത്തിനും മീതെയാണ് സമൂഹ ധർമ്മം. 4. ഒരു വ്യക്തി ജീവിക്കുന്ന രാഷ്ട്രത്തോട് ആ വ്യക്തിക്ക് കടമയുണ്ട്. രാഷ്ട്രത്തിന്റെ നന്മക്ക് വേണ്ടി പ്രവർത്തിക്കുകയെന്നത് വ്യക്തി ധർമ്മത്തേക്കാളും കുടുംബ

ധർമ്മത്തേക്കാളും സമൂഹധർമ്മത്തേക്കാളും മീതെയാണ്.

**രാഷ്ട്രധർമ്മം.**

"വസുധൈവ കുടുംബകം" എന്നാണ് ഭാരതീയ സംസ്കൃതി നമ്മെ പഠിപ്പിച്ചത്. ലോകം ഒരൊറ്റ കുടുംബമായി കണ്ടു കൊണ്ട് 'ലോകാ: സമസ്താ: സുഖിനോ: ഭവന്തു :' എന്ന് പ്രാർത്ഥിക്കാനാണ് നമ്മുടെ പൂർവ്വികർ നമ്മെ പഠിപ്പിച്ചത്. വ്യക്തി കുടുംബം സമൂഹം രാഷ്ട്രം ലോകം എന്നിങ്ങനെ ഓരോ തലത്തിലും ധർമ്മാചരണം ഉണ്ട്. വ്യക്തിദർമ്മത്തിൽ ഓരോ വ്യക്തിക്കും അവനവന്റെ തലത്തിൽ ധർമ്മാചരണം ഉണ്ട്. തൊഴിൽ അനുസരിച്ചുള്ള ധർമ്മം, സമാജധർമ്മം, പുരുഷ ധർമ്മം സ്ത്രീ ധർമം, കുലധർമ്മം പിതൃധർമ്മം പുത്ര ധർമ്മം ഇങ്ങനെ ധർമ്മാചരണത്തിന്റെ മേഖല വളരെ വിപുലവും അതേ സമയം സൂക്ഷ്മവുമാണ്. പക്ഷെ ഇവയെല്ലാം രാഷ്ട്രധർമ്മത്തിന് അനുയോജ്യമായി പ്രവർത്തിക്കുമ്പോഴേ രാജ്യത്ത് സമാധാനം ഉണ്ടാവൂ. ജനങ്ങൾ ധർമ്മാചരണം പിന്തുടർന്നില്ലെങ്കിൽ രാജ്യത്തിന്റെ നാശമാവും ഫലം. ഒരു രാഷ്ട്രത്തിന്റെ നിലനിൽപ്പിന്റെ അടിസ്ഥാന ഘടകം ധർമ്മമാണ്. ധർമ്മബോധമില്ലാത്ത് പല രാജ്യങ്ങളിലും ജനജീവിതം എത്ര ദുസ്സഹമാണെന്ന് നാം ഇന്ന് മനസ്സിലാക്കുന്നുണ്ട്. ഭാരതത്തിൽ നാം നമ്മുടെ സംസ്കൃതിക്ക് മതം എന്ന വാക്കല്ല ധർമ്മം എന്നാണ് ഉപയോഗിച്ചു വന്നത്. മറ്റ് മതങ്ങൾ ഭാരതത്തിൽ എത്തിയപ്പോഴാണ് നാം ഹിന്ദു മതം എന്ന വാക്ക് ഉപയോഗിച്ച് തുടങ്ങിയത് തന്നെ. (തുടരും....)

*****


**THOTTEKKATT DIWAN'S MEMMORIAL HALL**

**ERNAKULAM!!! KARAYOGAM**

1. TDM HALL GANGA a/c
2. TDM HALL PERIYAR a/c (GROUND FLOOR)
3. TDM HALL KAVERY a/c
4. TDM HALL SOORYA a/c (DINING HALL)
5. TDM HALL YAMUNA a/c
6. TDM HALL NILA a/c (DINING HALL)
7. TDM HALL PAMBA (ROOF HALL)
8. TDM HALL NARMADA a/c (SEMINAR HALL)
9. TDM HALL GODAVARY a/c (CONFERENCE HALL)
10. TDM HALL SARASWATHY (FIRST FLOOR)
11. TDM HALL KRISHNA a/c (EXHIBITION HALL)

For Details Contact: 0484 2361160
Email: ekmkgm@gmail.com,
Web: www.ernakulamkarayogam.com


**9-ാം ചരമവാർഷികം**

**07.12.2021**



**എം.കെ. പണിക്കർ**

കല്ല്യാൺ, പ്ലോട്ട് നമ്പർ 44
കൃഷ്ണവിഹാർ, കോളനി,
പനമ്പിള്ളി നഗർ, കൊച്ചി - 682036

*സന്തപ്ത കുടുംബാംഗങ്ങൾ*

# ശബരിമല ശ്രീ ധർമ്മശാസ്താവ്

കല്പകം സോമരാജൻ 9895453072

പ്രകൃതിയോടൊത്ത് അതിജീവിക്കുന്ന വനവാസികളുടേതു മുതൽ അദ്വൈത വേദാന്തികളായ ഋഷീശ്വരന്മാരുടെ വരെ ആരാധനാ മൂർത്തിയാണ് ശ്രീ ശബരിമല ധർമ്മശാസ്താവ്, നമ്മുടെ സ്വന്തം അയ്യപ്പസ്വാമി. ആത്മീയതയുടെ ഏതു തട്ടിൽ നിൽക്കുന്നവർക്കും അവിടത്തെ തൃപ്പാദങ്ങൾ എന്നും അഭയസങ്കേതമാണ്. വ്രതാനുഷ്ഠാനത്തോടെ കാടും മലകളും താണ്ടി ശാരീരികമാനസീകക്ലേശങ്ങൾ സ്വാമി സഹായത്താൽ നിഷ്പ്രയാസം തരണം ചെയ്ത് പതിനെട്ടുപടികൾ കയറി സന്നിധാനത്തിലെത്തുന്ന ഭക്തന് ഭഗവാൻ പകർന്നുകൊടുക്കുന്ന ആദ്യ പാഠം ആത്മനിർവൃതിയുടെ പൂർണ്ണതയായ 'തത്വമസിയാണ്'. ശബരിമല തീർത്ഥാടനത്തിന്റെ ആകെ തുകയും ആ പരമവാക്യം തന്നെയാണ്. തത്-ത്വം-അസി അത്. ആ പരമ ചൈതന്യം നിന്റെയുള്ളിൽ നീയായിരിക്കുന്ന ആ ചൈതന്യം തന്നെ ആകുന്നു. ഭഗവാനും ഭക്തനും ഒന്നാകുന്ന വീക്ഷണദർശനം. ശബരിമല തീർത്ഥാടകർ എല്ലാവരും അയ്യപ്പൻമാരാണ്. അവർ ചെന്നണയുന്നതും അയ്യപ്പസന്നിധിയിലാണ്. സർവചരാചരങ്ങളുടേയും ഉത്ഭവലയസ്ഥാനമാണ് സന്നിധാനം. ഇങ്ങനെയൊരു ദൈവ സന്നിധാനം ലോകത്തെവിടെയും ഉള്ളതായി അറിയുന്നില്ല.

പശ്ചിമഘട്ടത്തിലെ പതിനെട്ടു മലനിരകൾക്കിടയിൽ ശബരിമല സ്ഥിതിചെയ്യുന്നു. ഈ മലയിലാണ് ശ്രീധർമ്മശാസ്ത്രാക്ഷേത്രം. ലോകത്തിലെ തന്നെ ഏററവും കൂടുതൽ ഭക്തർ സന്ദർശിക്കുന്ന ദേവ സന്നിധിയാണ് ഈ ധർമ്മശാസ്താക്ഷേത്രം എന്നു പറയപ്പെടുന്നു. ഹരിഹരപുത്രനാണ് ശ്രീ അയ്യപ്പൻ എന്ന് ആത്മീയാചാര്യൻമാർ ഉത്ഘോഷിക്കുന്നു.അയ്യപ്പമുദ്രയായ ചിൻമുദ്ര പെരുവിരലും ചൂണ്ടുവിരലും ചേർന്നതാണ്. ഇതിൽ പെരുവിരൽ ഞാനും ചൂണ്ടുവിരൽ നീയും എന്ന് വ്യാഖ്യാനം. ഞാൻ നീ തന്നെയാണ് എന്നതിനെയാണ് ഈ ചിന്മുദ്ര സൂചിപ്പിക്കുന്നത്. 'തത്വമസി' എന്ന ശ്രേഷ്ഠവാക്യവും ഇതു തന്നെ പറയുന്നു. 'തത്വമസി' ഛന്ദോഗ്യ ഉപനിഷത്തിൽ നിന്നെടുത്തിട്ടുള്ളതാണ്. അതുപോലെ ശബരിമലയിലെ ആഴി വേദങ്ങളിൽ പറഞ്ഞിട്ടുള്ള അഗ്നിഹോത്രമാണ് എന്ന് വിവക്ഷിക്കപ്പെടുന്നു. ശബരിമലയിലെ പതിനെട്ടുപടികൾ അവിടെയുള്ള പതിനെട്ടുമലകളെ സൂചിപ്പിക്കുന്നു എന്നു പറയപ്പെടുന്നു. ഇതിൽ നിന്നു വിഭിന്നമായി പല വ്യാഖ്യാനങ്ങളും ഉണ്ട്. അദ്യത്തെ അഞ്ചുപടികൾ അഞ്ചിന്ദ്രിയങ്ങളേയും എട്ടു പടികൾ എട്ടു രാഗങ്ങളെയും മൂന്നു പടികൾ മൂന്നു ഗുണങ്ങളേയും ഒരു പടി അവിദ്യയേയും അവസാനത്തെ പടി വിദ്യയേയും പ്രതിനിധാനം ചെയ്യുന്നു എന്ന് ഒരു വ്യാഖ്യാനം ഉണ്ട്. അതുപോലെ ഋഗ്വേദം, യജ്ജുർവേദം, സാമവേദം, അധർവവേദം എന്ന നാലു വേദങ്ങളും ശിക്ഷ, കല്പം, വ്യാകരണം നിരുക്തം ഛന്ദസ്സ് എന്നിവയേയും സാംഖ്യം വൈശേഷികം, ന്യായം, യോഗം, മീമാംസ, വേദാന്തം എന്നിവയേയും ആയുർവേദം, ധനുർവേദം എന്നീ ഉപവേദങ്ങളും ചേർന്നാൽ പതിനെട്ടാകും. ഇത് പതിനെട്ടുപടികളെ സൂചിപ്പിക്കുന്നു എന്ന് മറ്റൊരു വ്യാഖ്യനം.

ഇനി ഭഗവൽസന്നിധിയിലേക്ക്. ആദ്യകാലത്ത് ദ്രാവിഡരുടേയും പിന്നീട് സർവരുടേയും ആരാധനാമൂർത്തിയായി തീർന്ന ഭഗവൽ ശക്തിയാണ് ശ്രീ അയ്യപ്പൻ അഥവാ ധർമ്മശാസ്താവ്. പ്രധാനമായും ദക്ഷിണേൻഡ്യയിലാണ് ശ്രീ ധർമ്മശാസ്താവിനെ ആരാധിക്കപ്പെടുന്നത്. അയ്യ എന്ന പദം ആദിദ്രാവിഡർ അയ്യപ്പനെ അഭിസംബോധന ചെയ്യുവാനായി ഉപയോഗിച്ചിരുന്നു എന്ന് ഗവേഷകർ അഭിപ്രായപ്പെടുന്നു. അയ്യൻ എന്ന പാലിഭാഷയിലെ അയ്യ ശബ്ദത്തിന്റെ തത്ഭവമാണത്രേ. ശ്രേഷ്ഠൻ എന്നാണ് ഈ പദത്തിനർത്ഥം. സംസ്കൃതത്തിലെ ആര്യ എന്ന പദത്തിനു സമാനമായി പാലിഭാഷയിൽ ഉപയോഗിക്കുന്ന പദമാണ് അയ്യ എന്നത്. ഇതാണ് ദ്രാവിഡ രീതിയിൽ അയ്യനും കാലാന്തരത്തിൽ അയ്യപ്പ

നും ആയത് എന്ന് സിദ്ധാന്തികൾ അവകാശപ്പെടുന്നു.

മഹത്തായ ജീവിതത്ത്വങ്ങൾ മനുഷ്യരെ പഠിപ്പിക്കുന്നതിനായി മാനവനായി അവതരിച്ച് , അവതാരോദ്ദേശം സാധിച്ച് സർവസാക്ഷാത്കാരം നേടിയ പന്തള രാജകുമാരൻ ശ്രീ അയ്യപ്പൻ ശ്രീ ധർമ്മശാസ്താവിൽ വിലയം പ്രാപിക്കുന്നു എന്ന് അഭിജ്ഞമതം. അയ്യപ്പൻ എന്ന പേര് വിഷ്ണു എന്നർത്ഥം വരുന്ന അയ്യ എന്ന വാക്കും ശിവൻ എന്നർത്ഥം വരുന്ന അപ്പ എന്ന വാക്കും ഏകോപിച്ചുണ്ടായതാണ് എന്ന് ഐതിഹ്യം. ശൈവവൈഷ്ണവശക്തി സമ്മിളിതമായ ഈ ശക്തിസ്വരൂപത്തെ ആരാധിച്ചാൽ സർവ്വദുരിതങ്ങളിൽ നിന്നും മുക്തിയും മോക്ഷവും ലഭിക്കുമെന്നും വിശ്വാസം. പന്തളമന്നന് വനത്തിൽ നിന്ന് ലഭിക്കുന്ന കുഞ്ഞിനെ രാജാവ് കൈയ്യപ്പൻ എന്ന് ആഹ്ലാദത്തോടെ വിളിച്ചു ലാളിക്കുകയും ഈ വിളി കാലം പോകെ അയ്യപ്പാ എന്നായി മാറി എന്നും മറ്റൊരൈതിഹ്യം. തന്റെ അവതാരോദ്ദേശനിർവഹണത്തിനുശേഷം പന്തളരാജകുമാരൻ ശബരിമല ധർമ്മശാസ്താവിൽ വിലയം പ്രാപിച്ചു മോക്ഷ പ്രാപ്തനായി എന്ന ഒരു വിശ്വാസം വേറെയും കാണുന്നു. ശബരിമലക്ഷേത്രം ആദിവാസദ്രാവിഡഗോത്രങ്ങളുടെ ക്ഷേത്രമായിരുന്നു. അത് അയ്യപ്പസ്വാമിയുടെ ശാസ്താപ്രാപ്തിക്കു ശേഷം ഹൈന്ദവ ക്ഷേത്രമായി മാറി എന്നും പറയപ്പെടുന്നു. ശാസ്താവ് അഥവാ ചാത്തപ്പൻ ആദിവാസിഗോത്രക്കാരുടെ ആരാധനാമൂർത്തി ആയിരുന്നെന്നും അഭിപ്രായപ്പെടുന്നു. ജാതിമതഭേദമെന്യേ ആചാരാനുഷ്ഠാനങ്ങളോടെ എല്ലാവർക്കും പ്രവേശനം നൽകുന്ന ലോകത്തിലെ തന്നെ ഏക ക്ഷേത്രമാണ് ശ്രീ അയ്യപ്പസ്വാമിയുടേത്. ഇവിടെ പത്തു വയസ്സിനും അൻപതുവയസ്സിനും ഇടയിൽ പ്രായമുള്ള സ്ത്രീകൾ പ്രവേശിക്കരുത് എന്നാണ് സിദ്ധാന്തിരിച്ചിരിക്കുന്നത്.

മലയാളത്തിന്റെ രക്ഷക്കായി കിഴക്കൻ മലമുകളിൽ അഞ്ചിടത്തായി പരശുരാമൻ അഞ്ച് അയ്യപ്പന്മാരെ പ്രതിഷ്ഠിച്ചിരിക്കുന്നു എന്ന് പഴമക്കാർ പറയുന്നു. ശബരിമലയോളം തന്നെ പ്രാധാന്യവും ശ്രേഷ്ടതയുമെല്ലാം ഈ നാലു ക്ഷേത്രങ്ങൾക്കുമുണ്ട്. ഇത് പരക്കെ അംഗീകരിക്കപ്പെട്ടിരിക്കുന്ന സത്യസ്ഥിതിയാണ്. ശ്രീ അയ്യപ്പനെന്നാൽ ശബരിമലയും ശബരിമലയെന്നാൽ ശ്രീ അയ്യപ്പസ്വാമിയുമാണ് മലയാളികൾക്ക്. ലോകമെമ്പാടുമുള്ള അയ്യപ്പഭക്തൻമാർക്കും മറിച്ചൊരഭിപ്രായമില്ല. എന്നാൽ ശബരിമല അല്ലാതെയും പ്രാധാന്യത്തോടെ നിലകൊള്ളുന്ന മറ്റു നാലു ക്ഷേത്രങ്ങൾ കൂടി കേരളത്തിന്റെ കിഴക്കൻ മലയടിവാരം ചേർന്ന് നിലകൊള്ളുന്നു. ശ്രീ അയ്യപ്പസ്വാമിയുടെ ജീവിത ചക്രത്തിന്റെ വിവിധ ഭാവങ്ങളെ പ്രതിനിധാനം ചെയ്തുള്ള പ്രതിഷ്ഠകളാണ് ഇതെല്ലാം. ഈ ക്ഷേത്രനാമങ്ങളും നമുക്ക് സുപരിചിതങ്ങളാണ്. ഈ ക്ഷേത്രങ്ങളുടെ പ്രാധാന്യത്തെപ്പറ്റിചിന്തിക്കാം. കുളത്തുപ്പുഴ ശാസ്താക്ഷേത്രം, ആര്യങ്കാവ് ധർമ്മശാസ്താക്ഷേത്രം, അച്ചൻകോവിൽ ശാസ്താക്ഷേത്രം, പൊന്നമ്പലമേട് ശാസ്താക്ഷേത്രം എന്നിവയാണ് ഈ നാലു ക്ഷേത്രങ്ങൾ ശബരിമല ധർമ്മശാസ്താക്ഷേത്രവും ചേർന്ന് പഞ്ചശാസ്താക്ഷേത്രങ്ങൾ എന്നും ഇവ അറിയപ്പെടുന്നു. ഇതിൽ പെടാതെ ആറാട്ടുപുഴ ക്ഷേത്രം, ഇളംകുളം ധർമ്മശാസ്താക്ഷേത്രം, ഉമ്പർനാട് ശ്രീ ധർമ്മശാസ്താക്ഷേത്രം തുടങ്ങി അനേക ക്ഷേത്രങ്ങൾ വേറെയുമുണ്ട്.

ശ്രീ അയ്യപ്പസ്വാമിയുടെ വ്യത്യസ്ഥമായ സങ്കല്പമാണ് ഓരോ ക്ഷേത്രങ്ങളിലേയും പ്രതിഷ്ഠക്കാധാരമായി കാണുന്നത്. കുളത്തുപ്പുഴ ശാസ്ത്രക്ഷേത്രത്തിൽ ബാലകനായ അയ്യപ്പനേയാണ്. ആരാധിക്കുന്നത്. ആര്യങ്കാവിലാകട്ടെ യുവാവായ അയ്യപ്പസ്വാമിയാണ്. അച്ചൻ കോവിലിൽ കുടുംബസ്ഥനായ അയ്യപ്പസ്വാമിയാണ്. ആരാധനാമൂർത്തി നാലാമത്തെ പ്രതിഷ്ഠക്ക് പ്രത്യേക സങ്കല്പം കാണുന്നില്ല. അഞ്ചാമത്തേത് സന്യാസ സങ്കലപ്ത്തിലുള്ള സാക്ഷാൽ ശ്രീ ധർമ്മശാസ്താവ് തന്നെ.

**കുളത്തൂപ്പുഴ ശാസ്താക്ഷേത്രം** പരശുരാമനാൽ പ്രതിഷ്ഠിക്കപ്പെട്ട ഈ ക്ഷേത്രം കൊല്ലം ജില്ലയിൽ പുനലൂരിലാണ് സ്ഥിതിചെയ്യുന്നത്. ശാസ്താവിനെ ബാലകരൂപത്തിൽ പ്രതിഷ്ഠിച്ചാരാധിക്കുന്നു എന്ന പ്രത്യേകത ഈ ക്ഷേത്രത്തിനുണ്ട്. കുളത്തുപ്പുഴയിൽ കല്ലടയാറിന്റെ തീരത്താണ് ഈ ക്ഷേത്രം. ഈ ക്ഷേത്രപരിസരത്തിന്റെ മനോഹാരിത വർണ്ണനാതീതമാണ്. കല്ലടയാറിന്റെ ഉത്ഭവസ്ഥാനം കിലുകിലാ കിന്നാരം പറഞ്ഞ് കുലുങ്ങിചിരിച്ച് പാറക്കൂട്ടങ്ങൾക്കിടയിൽ നിന്നും ഒളിഞ്ഞും തെളിഞ്ഞും ഇറങ്ങി വരുന്ന കുഞ്ഞു നീർച്ചാലുകൾ. അവക്ക് ഒളിച്ചു കളിക്കാനോ എന്ന രീതിയിൽ അവിടവിടെ ഉയർന്നു നില്ക്കുന്ന ചെറു ചെറു പാറകൾ. ഈ പാറക്കു ചുറ്റും തളം കെട്ടുന്ന അച്ഛ സ്ഫടിക ജലചുറ്റുകൾ. വർണ്ണനാതീതമായ

മനോഹരമായ അനുഭവം. ഈ ജലസ്രോതസ്സുകൾ ഒന്നു ചേർന്ന് ചെറുനദി രൂപംകൊള്ളുന്നു. ഈ ക്ഷേത്രക്കടവിൽ നിർബാധം നീന്തി കളിക്കുന്ന മത്സ്യക്കൂട്ടങ്ങൾ. അവയെ നമുക്കു തൊട്ടുതലോടാം. വല്ല കടലയോ അരിയോ മറ്റൊ ഇട്ടു കൊടുത്താൽ അവ കൂട്ടത്തോടെ വന്ന് അതെല്ലാം കൊത്തിവിഴുങ്ങുന്നത് നല്ലൊരനുഭവകാഴ്ചയാണ്. ഈ മത്സ്യങ്ങളെ പിടിക്കുവാൻ പാടില്ല. ഇവയെ തിരുമക്കൾ എന്ന പേരിലാണ് അറിയപ്പെടുന്നത്. മീനൂട്ടാണ് അവിടത്തെ പ്രധാന വഴിപാട്.

## ആര്യങ്കാവ് ശ്രീധർമ്മശാസ്താക്ഷേത്രം

പഞ്ചയ്യപ്പക്ഷേത്രങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് ഈ ക്ഷേത്രം. കൊല്ലം തിരുമംഗലം ദേശീയ പാതക്കരികിൽ ആര്യങ്കാവ് ശ്രീധർമ്മശാസ്താക്ഷേത്രം സ്ഥിതിചെയ്യുന്നു. റോഡിന്റെ നിരപ്പിൽ നിന്നും ഏകദേശം മുപ്പത്തിയഞ്ച് അടിയോളം താഴ്ചയിൽ സ്ഥിതിചെയ്യുന്ന വിശേഷമായ നിർമ്മിതിയാണ് ക്ഷേത്രത്തിന്റേത്. കൗമാരക്കാരനായ ശാസ്താവിനെയാണ് ഈ ക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്നത് എന്ന് വിശ്വാസം. ഈ ക്ഷേത്രത്തിൽ അയ്യന്റെ കാവൽ ദൈവങ്ങളായ കറുപ്പസ്വാമിയുടേയും കറുപ്പായി അമ്മയുടേയും പ്രതിഷ്ഠയുണ്ട്. തമിഴ് ആചാരങ്ങളും മലയാള ആചാരങ്ങളും ഈ ക്ഷേത്രത്തിൽ പുലർത്തിപോരുന്നു. നാലമ്പലത്തിനകത്ത് മലയാള ആചാരപ്രകാരവും ഉത്സവത്തിന് തമിഴ് ആചാരപ്രകാരവും ചടങ്ങുകൾ പുലർത്തുന്നു. ഇവിടെ നാലമ്പലത്തിനകത്ത് പത്തിനും അമ്പതിനും ഇടയിൽ പ്രായമുള്ള സ്ത്രീകൾക്ക് പ്രവേശനം ഇല്ല.

**അച്ചൻ കോവിൽ ക്ഷേത്രം** പരശുരാമപ്രതിഷ്ഠിതമായ പഞ്ചയ്യപ്പക്ഷേത്രങ്ങളിൽ പ്രാധാന്യമുള്ള ഒരു ക്ഷേത്രമാണ് അച്ചൻകോവിൽ ശ്രീ ധർമ്മശാസ്താക്ഷേത്രം. കൊല്ലം പത്തനാപുരത്ത് അച്ചൻകോവിലാറിന്റെ തീരത്താണ് ഈ ക്ഷേത്രം സ്ഥിതിചെയ്യുന്നത്. പത്നീസമേതനായ അയ്യപ്പസ്വാമിയാണ് ഇവിടത്തെ പ്രതിഷ്ഠ. പൂർണ്ണ, പുഷ്ക്കല എന്നീ പത്നിമാരോടൊപ്പം ഗ്രഹസ്താശ്രമം നയിക്കുന്ന ആളായിട്ടാണ് ഇവിടെ ശാസ്താവ് കുടി കൊള്ളുന്നത്. അച്ചൻ കോവിൽ ശാസ്താവ് വിഷഹാരിയാണ്. വിശ്വാസികൾക്ക് ഇത് വലിയ ആശ്വാസമാണ്. വിഷമേററു വരുന്നവർക്ക് എല്ലായ്പ്പോഴും ഇവിടെ ചികിത്സ ലഭ്യമാണ്. വിഷദംശനമേറ്റു വന്നാൽ എപ്പോഴായാലും കിഴക്കേ ഗോപുര നടയിലെ മണിയടിച്ച് സഹായം തേടാം. ഇവിടത്തെ ശാസ്താവിന്റെ തൃക്കൈകുമ്പിളിൽ സൂക്ഷിച്ചിരിക്കുന്ന ചന്ദനം തീർത്ഥത്തിൽ ചാലിച്ചാണ് ഔഷധം തയ്യാറാക്കുന്നത്. രാത്രിയിലെ അത്താഴ പൂജക്കുശേഷം ആവശ്യമുള്ള സന്ദർഭങ്ങളിൽ നട തുറക്കുന്ന ക്ഷേത്രങ്ങളിൽ ഒന്നാണിത്.

**പൊന്നമ്പലമേട് ക്ഷേത്രം-** ശബരിമലക്ഷേത്രത്തോടു ചേർന്ന് സ്ഥിതിചെയ്യുന്ന ശാസ്താ ക്ഷേത്രമാണിത്. സ്വർണ്ണ ക്ഷേത്രത്തിന്റെ മല എന്നാണ് ഈ വാക്ക് സൂചിപ്പിക്കുന്നത്. പ്രസിദ്ധമായ മകരവിളക്ക് തെളിയുന്നത് ഇവിടെയാണ്. മകരവിളക്ക് തെളിയുന്നതിനെ അടിസ്ഥാനമാക്കി അനേകം ഐതീഹ്യങ്ങളും ഊഹാപോഹങ്ങളും നിലവിലുണ്ടെങ്കിലും എല്ലാ മകരസംക്രമത്തിനും മുടങ്ങാതെ ഈ അത്ഭുതം അവിടെ സംഭവിച്ചുകൊണ്ടിരിക്കുന്നു.

## ശബരിമല ശ്രീധർമ്മ ശാസ്താക്ഷേത്രം

കേരളത്തിലെ എന്നല്ല ലോകത്തിലെ ഏറ്റവും പ്രശസ്തമായ അയ്യപ്പക്ഷേത്രമാണ് ശബരിമലശ്രീധർമ്മശാസ്താക്ഷേത്രം. പെരിയാർ കടുവ സംരക്ഷണ സങ്കേതത്തിനുള്ളിലാണ് ഈ മല. പതിനെട്ടു മലകൾക്കു നടുവിലായി ഈക്ഷേത്രം സ്ഥിതിചെയ്യുന്നു. തീർത്ഥാടനകാലത്ത് ലോകത്തിൽ തന്നെ ഏറ്റവും അധികം തീർത്ഥാടകർ എത്തിച്ചേരുന്ന പുണ്യസങ്കേതം. സമുദ്രനിരപ്പിൽ നിന്ന് ഏതാണ്ട് 1500 അടി ഉയരത്തിൽ സ്ഥിതിചെയ്യുന്ന പുണ്യസ്ഥാനം. ശബരിമലയെ കുറിച്ചും ശ്രീധർമ്മശാസ്താവിനെകുറിച്ചും ഇനിയും പറയുവാൻ ഏറെയുണ്ട്.

## ആറേശ്വരം ക്ഷേത്രം അല്ലെങ്കിൽ ചെറിയ ശബരിമല

സ്ത്രീകളുടെ ശബരിമല എന്നെല്ലാം ഈ ക്ഷേത്രം അറിയപ്പെടുന്നു. ഈ സ്ഥലത്തിനു തന്നെ ഈ പേരാണുള്ളത്. അയ്യപ്പസ്വാമിയെ കൂടാതെ ശിവൻ, പാർവ്വതി, ഗണപതി, സുബ്രഹ്മണ്യൻ, വിഷ്ണു എന്നിങ്ങനെ ആറുദേവതകളുടെ സാന്നിധ്യം ഇവിടെയുണ്ട്. ആയതിനാലാണ് ഇവിടം ആറേശ്വരം എന്ന പേരിൽ അറിയപ്പെടുന്നതും പ്രസിദ്ധമായതും പ്രധാനമൂർത്തിയായ ധർമ്മശാസ്താവിനോട് പ്രാർത്ഥിച്ചാൽ ശനിദോഷം ഉൾപ്പെടെ എല്ലാദോഷങ്ങൾക്കും പരിഹാരം ഉണ്ടാകും എന്നാണ് വിശ്വാസം.

*സ്വാമിയേ ശരണമയ്യപ്പ.*

****

1197 ധനു 1 - 30

ഓം

ഹരി ശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു

Tel : TDM -2361160,
Mob : 9447332125


# മാസഫലം

**2021 ഡിസംബർ 16 മുതൽ ജനുവരി 14 വരെ**

**ജ്യോതിഷാചാര്യൻ: അച്ചുതൻ നായർ**



മേടക്കൂർ (അശ്വതി ഭരണി, കാർത്തിക 1/4) ഈ കൂറുകാർക്ക് ഗുരു അനുകൂല ഭാവത്തിലും ശനി, സൂര്യൻ, കുജൻ പ്രതികൂലത്തിലും ആകയാൽ പുത്രസമ്പത്ത്, സ്ഥാനമാന സിദ്ധിയും സുഖാനുഭവങ്ങളും ഫലം. ദോഷങ്ങളായി വിരഹം, മാനസിക ക്ലേശങ്ങൾ, ജ്വരം, രക്തവാർച്ച, ധനനാശം, മാനനഷ്ടം മുതലായവയും ദോഷശാന്തിക്കായി ശിവൻ, ശാസ്താവ്, ഭദ്രകാളി ക്ഷേത്രങ്ങളിൽ എണ്ണ, മാല, പായസം, പുഷ്പാഞ്ജലി, ശിവന് ധാര ഇവ നടത്തുക.



ഇടവക്കൂർ (കാർത്തിക 3/4, രോഹിണി, മകീര്യം 1/2) ഈ കൂറുകാർക്ക് ശുക്രൻ അനുകൂലഭാവത്തിലും ഇതര ഗ്രഹങ്ങൾ ഭൂരിഭാഗവും പ്രതികൂലത്തിലും ആയതിനാൽ സമ്പത്തും, സുഖാനുഭവങ്ങള ഉണ്ടാകു മെങ്കിലും പുത്രക്ലേശം കർമ്മ തടസ്സങ്ങൾ, ദാമ്പത്യപ്രതികൂലങ്ങൾ മുതലായ ഫലം. ദോഷശാന്തിക്കായി ശിവക്ഷേത്രത്തിൽ എണ്ണ, മാല, പായസം, പുഷ്പാഞ്ജലി, ധാര, നവഗ്രഹപൂജ ഇവ നടത്തുകയും ചെയ്യുക.



മിഥുനക്കൂർ (മകീര്യം 1/2, തിരുവാതിര, പുണർതം 3/4) ഈ കൂറുകാർക്ക് വ്യാഴവും കുജനും അനുകൂലഭാവത്തിലും ശനി, രാഹു, പ്രതികൂല ഭാവത്തിലും ആകയാൽ സൗഭാഗ്യസിദ്ധിയും, ശത്രുക്കളുമായി സന്ധിയുണ്ടാവുകയും രോഗശാന്തിയും, വിജയവും, ധനലാഭം മുതലായ ഗുണാനുഭവങ്ങളും സന്താനക്ലേശം, സാമ്പത്തിക ക്ലേശങ്ങൾ പുതിയ രോഗക്ലേശങ്ങൾ മുതലായവയും ഉണ്ടാകാം. ദോഷശാന്തിക്കായി ശാസ്താക്ഷേത്രത്തിൽ അർച്ചന, കരിക്ക് അഭിഷേകം, അടനിവേദ്യം, മാല ഇവ നടത്തുകയും ചെയ്യുക.



കർക്കിടകക്കൂർ (പുണർതം 1/4 , പൂയ്യം, ആയില്യം) ഈ കൂറുകാർക്ക് ഗുരു, ശനി, കുജൻ ഈ ഗ്രഹങ്ങൾ പ്രതികൂല ഭാവത്തിലും സൂര്യനും, രാഹുവും അനുകൂല ഭാവത്തിലും ആകയാൽ ഭാഗ്യം, രോഗനാശം, ശത്രുനാശം, ജ്വരം, ഉചിതമല്ലാത്ത ചിന്തകൾ, സന്താനദുഃഖം, കലഹം മുതലായ ദോഷഫലങ്ങളും ഫലം. ദോഷ ശാന്തിക്കായി ഭദ്രകാളി, വിഷ്ണു, ഹനുമാൻ ഈ ക്ഷേത്രങ്ങളിൽ നിവേദ്യ സഹിതം വഴിപാടുകൾ നടത്തുകയും ചെയ്യുക.



ചിങ്ങക്കൂർ (മകം, പൂരം, ഉത്രം 1/4 ) ഈ കൂറുകാർക്ക് ശനിയും ഗുരുവും അനുകൂലഭാവത്തിലും കുജനും സൂര്യനും പ്രതികൂലഭാവത്തിലും അകയാൽ സ്ത്രീ സൗഖ്യം, സന്താനഗുണം സുഖങ്ങൾ വർദ്ധിക്കുകയും സ്ഥാന ഭ്രംശം ഉദരരോഗം, ബന്ധുക്കളെകൊണ്ട് ദുഃഖം മുതലായ ദോഷങ്ങളും ഫലം. ദോഷശാന്തിയ്ക്കായി ഭദ്രകാളി ശിവൻ എന്നിവരുടെ ക്ഷേത്രങ്ങളിൽ എണ്ണ, മാല, പായസം, അർച്ചന, ധാര മുതലായവ നടത്തുക.



കന്നിക്കൂർ (ഉത്രം 2/4, അത്തം, ചിത്തിര 1/2) ഈ കൂറുകാർക്ക് കുജൻ, ശുക്രൻ എന്നീ ഗ്രഹങ്ങൾ അനുകൂലരാശിയിലും ഗുരു, ശനി എന്നിവർ പ്രതികൂല രാശിയിലും അകയാൽ കാര്യജയം, സന്തോഷം അഭിവൃദ്ധി സന്താനലാഭം മുതലായ സദ്ഗുണങ്ങളും ബുദ്ധിക്ക് നാശവും ശത്രുക്കളെകൊണ്ടും അവരുടെ ബന്ധുക്കളെകൊണ്ടും പീഢയും രോഗങ്ങളും, ഭാര്യപുത്രകലഹം മുതലായ ദോഷഫലങ്ങളും ഫലം. ദോഷശാന്തിയ്ക്കായി വെങ്കിടാചലപതിക്ക് അർച്ചനാ അഭിഷേകം നിവേദ്യം മുതലായവ നടത്തുക.



തുലാക്കൂറ് (ചിത്തിര 1/2 , ചോതി, വിശാഖം 3/4) ഈ കൂറുകാർക്ക് സൂര്യനും ഗുരുവും, ബുധനും, ശുക്രനും ഗുരുവും അനുകൂല രാശിയിലും, ശനി, രാഹു, കുജൻ പ്രതികൂലരാശിയിലും ആകയാൽ ഗൃഹലാഭം, സന്തോഷം, സ്ഥാനപ്രാപ്തി, ധനലാഭം അലങ്കാരലാഭം മുതലായ സദ്ഗുണങ്ങളും ജീവിതപങ്കാളിക്ക് ക്ലേശങ്ങൾ, മൃത്യുഭയങ്ങൾ, ഭയം, വാക്ദോഷം അർത്ഥനാശം മുതലായ ദോഷങ്ങളും ഫലം. ദോഷശാന്തിക്കായി ശാസ്താവിനും, ഭദ്രകാളിക്കും, നാഗ പ്രധാനമായ സ്ഥലങ്ങളിലും നിവേദ്യസഹിതം വഴിപാട് നടത്തുക.



വൃശ്ചികക്കൂർ (വിശാഖം 1/4 അനിഴം, തൃക്കേട്ട) ഈ കൂറുകാർക്ക് ശുക്രനും, ശനിയും ഇഷ്ടസ്ഥാനത്തും ഇതരഗ്രഹങ്ങൾ അനിഷ്ഠസ്ഥാനത്തും ആകയാൽ ധനലാഭം, ഐശ്വര്യം, സ്ഥാനപ്രാപ്തി ഭൃത്യഗുണം മുതലായ സദ്ഗുണങ്ങളും മനക്ലേശം, സ്വജന വിരഹം ബന്ധുക്കൾ മൂലം ദുഖം നാൽക്കാലി ഭയം അഥവാ വാഹനാപകടം മുതലായ ദോഷങ്ങളും ഫലം. ദോഷശാന്തിയ്ക്കായി മൃത്യുഞ്ജയഹോമവും, നവഗ്രഹക്ഷേത്രത്തിൽ നവഗ്രഹപൂജയും നടത്തുകയും ചെയ്യുക.



ധനുക്കൂർ (മൂലം, പൂരാടം, ഉത്രാടം 1/4) ഈ കൂറുകാർക്ക് ശുക്രൻ ഇഷ്ടഭാവത്തിലും ഇതരഗ്രഹങ്ങൾ പ്രതികൂലഭാവത്തിലും ആകയാൽ ഐശ്വര്യം, ധനലാഭം മുതലായ സദ്ഗുണങ്ങളും ദ്രവ്യനാശം പ്രയാസം വിദവനാശം, കോപവർദ്ധന, രോഗം ദുഖം മുതലായ ദോഷങ്ങളും ഫലം. ദോഷങ്ങളുടെ ശാന്തിക്കായി ഗ്രഹശാന്തിഹോമവും ശിവക്ഷേത്രത്തിൽ ധാര, പിൻവിളക്ക്, വെള്ളനിവേദ്യം അർച്ചന ഇവ നടത്തുകയും ചെയ്യുക.



മകരക്കൂർ ഉത്രാടം 3/4 തിരുവോണം, അവിട്ടം 1/2) ഈ കൂറുകാർക്ക് ഗുരു, കുജൻ, ഇഷ്ടസ്ഥാനത്തും ശനി, സൂര്യൻ, ബുധൻ, അനിഷ്ഠസ്ഥാനത്തും ആകയാൽ ജ്വരരോഗം, ബന്ധുക്കളുമായി വിരോധം ദ്രവ്യനാശം, ശത്രുഭയം മുതലായ ദോഷഫലങ്ങളും കുടുംബസുഖവും വാക്ക് ഫലിക്കുകയും ദ്രവ്യം, ആരോഗ്യം, ഭൂമി ലാഭം മുതലായ സദ്ഫലങ്ങളും ഉണ്ടാകും. ദോഷഫലങ്ങളുടെ ശാന്തിയ്ക്കായി ശിവൻ, കൃഷ്ണൻ, ശാസ്താവ്, ഈ ക്ഷേത്രങ്ങളിൽ നിവേദ്യ സഹിതം വഴിപാടും ശിവന് ധാരയും നടത്തുകയും ചെയ്യുക.



കുംഭക്കൂർ (അവിട്ടം 1/2, ചതയം, പൂരൂരുട്ടാതി 3/4) ഈ കൂറുകാർക്ക് ശുക്രസൂര്യന്മാർ അനുകൂലത്തിലും ഗുരു ശനിമാർ പ്രതികൂലത്തിലും ആകയാൽ നിർഭയത്വം, രോഗനാശം കർമ്മസിദ്ധി സ്ഥാനബഹുമാനാദിവിഭവങ്ങളും ഫലം ദുഷ്പ്രവൃത്തി കർമ്മവിഘ്നം, അർത്ഥനാശം ദേശം വിട്ടുപോവുകയും ശത്രുക്കൾ വർദ്ധിക്കുകയും സാമ്പത്തിക നഷ്ടം മുതലായ ദോഷങ്ങളും ഫലം ദോഷശാന്തിയ്ക്കായി ശാസ്താവിനും വിഷ്ണുവിനും എണ്ണ, മാല, പായസം, പുഷ്പാഞ്ജലി ഇവ നടത്തുകയും ചെയ്യുക.



മീനക്കൂർ (പൂരൂരുട്ടാതി 1/4, ഉത്രട്ടാതി, രേവതി) ഈ കൂറുകാർക്ക് സൂര്യൻ, ശനി, ബുധൻ, ഇഷ്ടഭാവത്തിലും, വ്യാഴം, കുജൻ പ്രതികൂലഭാവത്തിലും ആകയാൽ കർമ്മസിദ്ധി, സൗഖ്യം, ധാരാളം സമ്പത്തുകളുടെ ആഗമനം, വലിയ കീർത്തി, ശത്രുക്കളുമായി സന്ധി മുതലായ സദ്ഗുണങ്ങളും ദുഖം ദ്രവ്യത്തിനുവേണ്ടി ബുദ്ധിമുട്ടുകയും, ജനവിരോധം അർത്ഥനാശം, അപചയം, ശരീരത്തിന് ബലക്കുറവ് ധാതുക്ഷയം, ഗതി മാന്ദ്യം മുതലായ ദോഷങ്ങളും ഫലം. ദോഷശാന്തിക്കായി വിഷ്ണുവിനും ഭദ്രകാളിക്കും എണ്ണ, മാല പായസം, പുഷ്പാജ്ഞലി ഇവ നടത്തുകയും വേണം.

*ശുഭമസ്തു*

*ശംഭോമഹാദേവ! എറണാകുളത്തപ്പൻ തുണ!*

# MANGALYAM MATRIMONIAL

## വരനെ ആവശ്യമുണ്ട്



Nair Girl,23/168cm,Uthratadhi, Fair, B.Tech in Food Technology from Niftem, ITC Ltd (ABD), Pref:Post Graduate/Professionals from Palaghat, Thrissur,Ernakulam and north Malabar Mob:7558864449, 9847469127

Email:vmunnikrishnan@gmail.com
Date of Birth:15-7-1998(12.45pm)
Sishta Dasa:Sani:7-9-30

| | | | | | |
|---|---|---|---|---|---|
| | | | | ര മ സ | |
| | ച ഗു | മ | | ര കു ശു | |
| ബു | ശി | ഗ്രഹനില & അംശകം | | ബു | |
| കു | | | | സ | ഗു മാ |
| ശി | | | ല | മാ | |
| | | ല | ച ശു | | |

Contact Address:
MR.UNNIKRISHNAN
DEVIEEGAM
MAHATMA NAGAR
TOG PASS ROAD
KALAMASSERY
ERNAKULAM - 683104

Nair Girl, 23/164cm, Rohini, White,B.Com,Bank Employee Pref: Graduation,Govt/Bank,Ph:0481-2556220, Mob:9447302766

Email:giri4268@gmail.com
Date of Birth: 28-4-1998(6.16pm)
Sishta Dasa:

| | | | |
|---|---|---|---|
| ബു ശു | ര മ കു | ച | |
| ഗു ശി | ഗ്രഹനില & അംശകം | | മാ |
| | | | സ |
| | | ല | |

Contact Address:
MR.GIRISH KUMAR S
KANJIRAKKAT
MEENADOM P O
KOTTAYAM - 686516

Nair Girl, 28/5'3",Avittam, Fair, M.S.Pharma,Service, Mob: 9047075094

Email:kumarsrk55@gmail.com
Date of Birth:3-8-1993(11.57pm)
Sishta Dasa:Kujan:2-5-9

| | | | | | |
|---|---|---|---|---|---|
| | | | ഗു ശി | ബു | |
| | | ല | ശി | ബു ശു | |
| | ച മ മാ | ഗ്രഹനില & അംശകം | | ര | |
| കു | | | | | ല |
| ര ശു | | സ | | കു ഗു | |
| | | മ സ | ച മാ | | |

Contact Address:
MR.RAMKUMAR
ROHINI
ELANJERIL LANE
OFF K.P.VALLON ROAD
KADAVANTHRA
COCHIN - 682020

## എറണാകുളം കരയോഗം - ചാരിറ്റി പ്രവർത്തനങ്ങൾക്ക്
## 2021 നവംബർ മാസം സംഭാവന നൽകിയവർ

| | | |
|---|---|---|
| 1. | ഡോ. എൻ. അജിത് കുമാർ, ബി, ഇന്ദ്രപ്രസ്ഥ അപ്പാർട്ട്മെന്റ്, ടി.ഡി. റോഡ്, കൊച്ചി - 35 | 50,000/- |
| 2. | ശ്രീ. ബിജു കുമാർ, 50/536 ബി, സൗപർണ്ണിക, മണിമല റോഡ്, ഇടപ്പള്ളി | 12,570/- |
| 3. | ശ്രീമതി. സി.പി. പത്മാവതി അനന്തരാമൻ, പിത്രുസ്മരണ, ശ്രീകണ്ഠത്ത് റോഡ്, കൊച്ചി-16 | 10,000/- |
| 4. | ശ്രീമതി. സുധ.കെ., നവരക്കാട്ട്, പെരുമ്പിള്ളി പി.ഒ. മുളന്തുരുത്തി, എറണാകുളം | 5,000/- |
| 5. | ശ്രീ. ശ്രീകുമാർ. കെ., സോപാനം, KNRA -82 പോസ്റ്റോഫീസ് റോഡ്, മരട്. പി.ഒ. | 5,000/- |
| 6. | ശ്രീ. എൻ.ടി. കാർത്തികേയൻ, തുളസി, പോണോത്ത് റോഡ്, കലൂർ - 17 | 5,000/- |
| 7. | ശ്രീ. കൃഷ്ണകുമാർ. എം., കൃഷ്ണവിഹാർ, MERRA-89, സ്രാമ്പിക്കൽ ടെമ്പിൾ റോഡ്, ഇടപ്പള്ളി, കൊച്ചി - 24 | 5,000/- |
| 8. | പ്രജ്ഞ നായർ, പ്രഫുൽ 28/2833-D, വികാസ് നഗർ, കടവന്ത്ര, കൊച്ചി-20 | 5,000/- |
| 9. | ശ്രീ ശ്രീവല്ലഭൻ നായർ. എം, പ്രഫുൽ, VNRA-72, വികാസ് നഗർ, കടവന്ത്ര, ചിലവന്നൂർ, കൊച്ചി - 20 | 5,000/- |


# MANGALYAM MATRIMONIAL

# വരനെ ആവശ്യമുണ്ട്



Nair Girl, 24/164cm, Anizham , PG. MSc Statistics, Bank Officer, Pref: Bank Officers, Govt. Employees. Mob: 8089645973


Email:jayveegopal666@gmail.com
Date of Birth:22.05.1997(9.21am)
Sishta Dasa:




Contact Address:
Mr. VENUGOPAL. J
NANDANAM, ORCHID PARK
NETHAJI NAGAR
KADAVANTHRA. P.O.,
KOCHI - - 682020

Nair Girl,31/157cm, Pooram, B.Tech, Banking Professional,Pref: PG/ Professionals Mob:9496364279


Email:vishnusunilkumar@gmail.com
Date of Birth:28-6-1990 (9.57am)
Sishta Dasa:Venus:6-4-18




Contact Address:
SMT.SUMAJA DEVI
KOWDIAR
THIRUVANANTHAPURAM -
PIN 695003

Nair Girl, 23/5'1",Pooram,Very Fair, B.Tech (Electronics),Sr.Engineer in MNC London,UK,Pref: BDS/MBBS/ PG Engineers, Willing to Relocate to UK(London) upto 28 years, Mob: 9757321414, 9869223242


Email:bcnair67@gmail.com
Date of Birth:17-10-1998(1.10am)
Sishta Dasa:Sukra:10-0-25




Contact Address:
MR.K.N.CHANDRAN NAIR
SOUPARNIKA
KODIKKATTU HOUSE
MATOOR
KALADY
ERNAKULAM - 683574

Nair Girl,27/167cm, Uthrattathi, White- Fair, MBBS, Pursuing MD (OPTHAL), KEM, Mumbai - MD(OPTHAL), Pref: Medical MD Doctors,Mob:9447307799, 9446400860

Email:vasanthvellayath@gmail.com
Date of Birth:13-11-1994(4pm)
Sishta Dasa:Sani :18-8-17.24




Contact Address:
MR.V.VASANTHAKUMAR
6/518/2, 1ST LANE
ROYAL AVENUE
CHEMBUKKAVU
THRISSUR
KERALA - 680020

**മാംഗല്യത്തിൽ രജിസ്റ്റർ ചെയ്യൂ**

**ഉത്തമ പങ്കാളിയെ കണ്ടെത്തൂ.**

For matrimony registration on KarayogamMangalyam visit

https://karayogammangalyam.com/free/a1

**കൂടുതൽ വിവരങ്ങൾക്ക്:-**

**Ph: 9447171160**

## നാരായണീയ ദിനാഘോഷം

*2021 ഡിസംബർ 13-ാം തീയതി (വൃശ്ചികം 28) നാരായണീയദിനത്തിൽ ശ്രീമതി ഇന്ദിരാഭായിയുടെ നേതൃത്വത്തിൽ ടി.ഡി.എം. ഹാളിൽ രാവിലെ 7 മണി മുതൽ സമ്പൂർണ്ണനാരായണീയ പാരായണം നടത്തുന്നു. എല്ലാവർക്കും സ്വാഗതം*

ജനറൽ സെക്രട്ടറി


# MANGALYAM MATRIMONIAL

# വധുവിനെ ആവശ്യമുണ്ട്



Nair Boy, 32/167cm, Avittom, Wheatish, MBA (Finance), MPA, Associate Auditor,MNC,Sydney,Pref: Professionally qualified with good family background,Ph:0484-4055049, Mob: 9446596351


Email:karmachandranr@gmail.com
Date of Birth:27-5-1989(10.50am)
Sishta Dasa:Kujan:3-5-25




Contact Address:
MR.KARMACHANDRAN
MANGALYA, PSRA 48,
PONNETH SOUTH ROAD
KADAVANTHRA P.O
KOCHI -682020

Nair Boy, 28/172cm,Bharani, B.Tech Mechanical Engineering, Data Privacy and Protection Compliance, Impelsys India Pvt Ltd, Mob:9446089381, 9496753797


Email:harkrishhari@gmail.com
Date of Birth:7-12-1992(7.11am)
Sishta Dasa:Venus:16-9-5




Contact Address:
SMT.LATHA C
MANNAZHATH HOUSE,
K.K PADMANABHAN ROAD
AYYAPPANKAVU
ERNAKULAM - 682018

Nair Boy, 27/170cm,Punartham - 3/4 (Mithunam) - 2 Dosham,B.Com,Done CA Articleship,Accounts Executive at Aerofils Filters Manufacturing LLC, UAE,Pref: Well educated with a job, Loving, caring, Mob:9567131740, 9074152145


Email:vineeth.irumpanam@gmail.com
Date of Birth:30-12-1993(3.20am)
Sishta Dasa:Guru:5-9-4




Contact Address:
MR.N.P.VENUGOPALAN
JAYA BHAVAN
ARACKAL HOUSE
IRUMPANAM P O
ERNAKULAM - 682309

Nair Boy,29/5ft 7inch, Uthradam, BDS,MDS in Oral and Maxillofacial Surgery, Assistant Professor (Bharathiyar Vidyapeeth-Dental College, Pune) ,Own Clinic in Pune (Dr Nair's Dentalcare and Implant Center, Mob:9822033099


Email:rianblinus@gmail.com
Date of Birth:7-9-1992
Sishta Dasa:




Contact Address:
MR.SUNILKUMAR NAIR
302, GULMOHAR APARTMENTS,
MADHUBAN COLONY
NAV SAHYADRI
KARVE NAGAR
PUNE 411052

Nair Boy, 29/185cm, Vishakham 1/4 (Vrischikam),B.Com, SAP Certified Professional, MariApps Marine Solutions P Ltd, Pref: Age 25-28 years, Educated /Employed, homely girl, Mob:9497759144


Email:praseetham247@gmail.com
Date of Birth:12-6-1992(6.45am)
Sishta Dasa:




Contact Address:
MR.BALAKRISHNAN K NAIR
PRASEETHAM
29/247-B, OEN ROAD,
TRIPUNITHURA
ERNAKULAM

Nair Boy, 30/173cm,Chathayam, Fair,MBA,Logistics Co-ordinator, Dubai,UAE,Pref: Graduation, Mob:9447523643

Email:vishnugopinath789@gmail.com
Date of Birth:20/10/1991(2.05am)
Sishta Dasa:




Contact Address:
MR.K V GOPINATH
KANAMPURATH HOUSE
A K G ROAD
NEAR FIRE STATION
THRIPUNITHURA
ERNAKULAM- 682301


# MANGALYAM MATRIMONIAL

# വധുവിനെ ആവശ്യമുണ്ട്



Nair Boy, 32/158cm, Moolam, Fair, B.SC Electronics & Communication, Govt , LD Clerk, Pref: Employed Girls, Mob:9843648478, 8547530743


Email:srkaimal58@gmail.com
Date of Birth:17-7-1989(3.45am)
Sishta Dasa:




Contact Address:
MR.SOMARAJA KAIMAL
POTTANMALACKEL HOUSE
ADIMALY P.O
IDUKKI - 685561

Nair Boy, 28/177cm, Aswathy, BA, LLB (Hons), PGDM,Welingkar, Mumbai, HR Manager, Infosys, Pref: Graduate/PG/Professionals, willing to settle outside Kerala, Mob:9833047603, 9969494294


Email:aharshan@gmail.com
Date of Birth:29-10-1993(9.35pm)
Sishta Dasa:




Contact Address:
MR.ABHIJIT HARSHAN
12A DHAVALGIRI
ANUSHAKTINAGAR P. O
MUMBAI - 400094

Nair Boy, 33/165cm, Moolam, B.Sc Computer Science, Bank Employee, Sudhajathakam, Divorcee, Mob: 8156938319


Email:hari4377@gmail.com
Date of Birth:9-4-1988(1.14am)
Sishta Dasa:




Contact Address:
SMT.REMADEVI
KURIACKAL
PUTHENPARAMPIL
THALAVADY
ALAPPUZHA 689572

Nair Boy, 31/5ft10 inch, Bharani, B.Tech, MBA, Manager, Tech Mahindra, Divorcee, Mob:9446042505

Email:kochumolraji@yahoo.com
Date of Birth:3-11-1990(7.52am)
Sishta Dasa:Sukra:11-1-15




Contact Address:
MR.HARIDAS.C
NANDANAM
LANE .NO.23A
JANATHA ROAD
VYTTILA
ERNAKULAM - 682019

## പ്രബന്ധമത്സരം

ശ്രീ നീലകണ്ഠ തീർത്ഥപാദസ്വാമികളുടെ സമാധി ശതാബ്ദി ആചരണത്തിന്റെ ഭാഗമായി, നീലകണ്ഠ തീർത്ഥപാദ ആശ്രമം (Sri Neelakanta Theerthapada Ashram, Punnakulam, K.S. Puram. P.O., Karunagappally, Kollam, Kerala - 690544) സ്വാമികൾ രചിച്ചിട്ടുള്ള കൃതികളെ ആസ്പദമാക്കി പ്രബന്ധമത്സരം നടത്തുന്നു. സംസ്കൃത കൃതികൾക്കും മലയാള കൃതികൾക്കും പ്രത്യേകമായാണ് അവാർഡ് നല്കുന്നത്. ആശ്രമ വെബ്സൈറ്റിൽ (https://sntspt.org/download) പി.ഡി.എഫ്. രൂപത്തിൽ ലഭ്യമാകുന്ന ഏതെങ്കിലും പുസ്തകത്തെ ആസ്പദമാക്കിയായിരിക്കണം പ്രബന്ധം. മലയാളം, ഇംഗ്ലീഷ്, സംസ്കൃതം ഇതിൽ ഏതെങ്കിലും ഒരു ഭാ,യിൽ വേണം പ്രബന്ധം എഴുതി അയക്കേണ്ടത്. കൂടുതൽ വിവരങ്ങൾക്ക് 8329366427-ൽ ബന്ധപ്പെടുക.













എറണാകുളം കരയോഗം കഥകളി ക്ലബ്ബും മുദ്ര അസോസിയേഷൻ ഫോർ ആർട്ട് ആൻറ് കൾച്ചറും ചേർന്ന് സംയുക്തമായി 17.11.2021ൽ നളചരിതം 2–ാം ദിവസം കഥകളി നടത്തപ്പെട്ടു. ഇതോടനുബന്ധിച്ച് ബിനുരാജ് കലാപീഠം സംവിധാനം ചെയ്ത ഡോ. സദനം കൃഷ്ണൻകുട്ടിയെ കുറിച്ചുള്ള കൃഷ്ണായനം ഡോക്കുമെൻററി പ്രദർശനവും, അതിന്റെ പിന്നിൽ പ്രവർത്തിച്ചവർക്ക് അനുമോദനവും മെമന്റോയും വിതരണം ചെയ്യുകയുണ്ടായി. എറണാകുളം കരയോഗം പ്രസിഡണ്ട് എ. മുരളീധരന്റെ അദ്ധ്യക്ഷതയിൽ നടന്ന ചടങ്ങിൽ ഹൈബി ഈഡൻ എം.പി., വി. കലാധരൻ, കരയോഗം ജനറൽ സെക്രട്ടറി പി. രാമചന്ദ്രൻ (വേണു), ശശികല ദേവീദാസ് (കൺവീനർ കഥകളി ക്ലബ്ബ്) എന്നിവർ പങ്കെടുത്തു.





എറണാകുളം കരയോഗത്തിന്റെ സഹകരണത്തോടെ ശ്രീ സത്യസായി ഓർഫനേജ് ട്രസ്റ്റ് അട്ടപ്പാടിയിലെ കാവണ്ടിക്കൽ, നക്കുപതി, പനപ്പള്ളി എന്നീ ആദിവാസി ഊരുകളിലെ 10 യുവതി യുവാക്കളുടെ വിവാഹം ടി.ഡി.എം. ഹാളിൽ വച്ച് നടത്തി. ചടങ്ങ് ബഹു. കേരളഹൈക്കോടതി ജഡ്ജി വി.ജി.. അരുൺ ഉദ്ഘാടനം ചെയ്തു. കരയോഗം ജനറൽ സെക്രട്ടറി പി. രാമചന്ദ്രൻ (വേണു)ന്റെ അധ്യക്ഷതയിൽ നടന്ന ചടങ്ങിൽ ശ്രീ ഹൈബി ഈഡൻ എം.പി., എം. അനിൽകുമാർ കൊച്ചി മേയർ, ടി.ജെ. വിനോദ് എം. എൽ.എ., എ. മുരളീധരൻ കരയോഗം പ്രസിഡന്റ്, കെ.എൻ. ആനന്ദകുമാർ സത്യാസായി ഓർഫനേജ് ട്രസ്റ്റ് കേരള, കേണൽ കെ.ബി. ജലേഷ് (റിട്ടയേർഡ്) പ്രസിഡന്റ് സത്യസായി ട്രസ്റ്റ് എറണാകുളം, ശ്രീമതി ജയശ്രീ സായിട്രസ്റ്റ് എറണാകുളം എന്നിവർ സന്നിഹിതരായിരുന്നു.

**DATE OF PUBLICATION: 10-12-2021**

**RNI NO. KERMAL/2008/23515**
**REGISTERED NEWSPAPER**
**M6-57945/2007**

**REGISTERED KL/EKM/514/2021-23**
**LICENSE NO. KL/CR/EKM/WPP-15/2021-23**
**LICENSED TO POST WITHOUT PREPAYMENT**

Volume No. 13 | December 2021 | Issue No. 12





Radheyam
Guest House

Thekke Nada, Karakkat Road, Guruvayoor - 680 101
Email: radheyamguesthouse@gmail.com
Tel: +91 487 2504700, +91 8547871161, 9446365116

*Administrative Office:*
**ERNAKULAM KARAYOGAM**
T.D.M Hall Complex, D.H. Road, Kochi 682016, Kerala
Ph: 0484 2361160, +91 9447171160, Email: ekmkgm@gmail.com








## ബീം

**2021 ഡിസംബർ മാസപരിപാടി**

## സംഗീത സായാഹ്നം



**അവതരണം**

പ്രൊഫ. ഡോ. ടി. ഉണ്ണികൃഷ്ണൻ 21.12.2021 ചൊവ്വാഴ്ച വൈകുന്നേരം 6.15ന് ടി.ഡി.എം. ഗംഗ ഹാൾ.

**കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് പ്രവേശനം**





**ഹോം ഡലിവറി ആവശ്യമുള്ളവർ ആയുഷ്യം മെഡിക്കൽസുമായി ബന്ധപ്പെടുക**

**ഫോൺ - 9446488833**


*If undeliverd please return to:*
Karayoga Souhridam
T.D.M Hall Complex, D.H. Road,
Kochi 682016, Kerala

*ONLINE ISSUE*

The Views expressed in this journal are those of the authors and need not necessarily reflect the policies and views of Ernakulam Karayogam

Printed by M. Sreevallabhan nair Published by M. Sreevallabhan Nair on behalf of Ernakulam Karayogam, TDM Hall complex, Durbar Hall Road, Kochi-682016, Ph : 0484 -2361160, E mail : ekmkgm@gmail.com, Website : www.ernakulamkarayogam.com and Printed at Sterling Print House (P) Ltd., Door.No.49/1849, AIMS Ponekkara P.O, Kochi-682041, Ph: 0484-2802522, 2800406 for Murali Industries, Babu Cottage, Alappat extn.Road, Behind Ravipuram Temple, Kochi-682016 and Published at Ernakulam Karayogam, TDM Hall Complex, Durbar Hall Road, Kochi-682016. Editor: M. Sreevallabhan Nair- Mob: 9947736071.